



മലയാളരാ
ആഴ്ചപ്പതി

THE MALAYALA RAJYAM

ILLUSTRATED WEEKLY



സിനിമാപംക്തി

പി. കെ. ആത്രേ

★

ഇന്ത്യയിൽ നിർമ്മിച്ചിട്ടുള്ള ചലച്ചിത്രങ്ങളിൽവെച്ച് ഏറ്റവും വിശിഷ്ടമെന്ന ബഹുമതിനേടിയതും ഇന്ത്യൻ പ്രസിഡൻറ് ഡോ: രാജേന്ദ്രപ്രസാദിൽനിന്ന് സ്വർണ്ണമെഡൽ ലഭിച്ചതുമായ മറാത്തി ചലച്ചിത്രമാണ് "ശ്യാംചി ആയി". "ശ്യാംചി ആയി" യുടെ നിർമ്മാതാവും സംവിധായകനുമാണ് പി. കെ. ആത്രേ. ആത്രേയെപ്പോലെ മാനുഷികമൂല്യങ്ങളെ മാനിച്ചുകൊണ്ട് ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നവർ ഇന്ത്യയിൽ അംഗുലീപരിമിതമാണ്. കൺകെട്ടർപ്പിക്കുന്ന രംഗസജ്ജീകരണങ്ങളോ "സ്റ്റാർവാല്യൂ" ഉള്ള പ്രശസ്തതാരങ്ങളോ സെക്സ് അപ്പീൽസമ്പ്രദായങ്ങളോ അല്ല ഒരു ചിത്രത്തിൻറെ ഔന്നത്യത്തിന് കാരണമെന്നും പ്രത്യുത യഥാർത്ഥമായ ജീവിതരംഗങ്ങളും ദൈനംദിനസംഭവങ്ങളും സാമൂഹ്യത്തിക-സാമൂഹികമായ പ്രശ്നങ്ങളും ഉൾക്കൊള്ളുന്ന കഥകളും വേണ്ടുവോളം സാങ്കേതികപരിജ്ഞാനവും കലാബോധവും ഭാവനാശക്തിയുമുള്ള വിദഗ്ദ്ധന്മാരുടെ സംവിധാനത്തിൻകീഴിൽ രൂപംപ്രാപിക്കുമ്പോഴാണ് ഏതൊരുചിത്രവും വിജയിക്കുന്നതെന്ന നഗ്നയാഥാർത്ഥ്യത്തെയാണ് "ശ്യാംചി ആയി" വിളംബരം ചെയ്യുന്നത്. സാധാരണക്കാരുടെ ദൈനംദിനജീവിതസംഭവങ്ങളും പ്രശ്നങ്ങളും ഈ ചിത്രത്തിൽ കലാഭംഗിയോടെ കോർത്തിണക്കിയിട്ടുണ്ട്. പ്രസ്തുതചിത്രം ദർശിച്ചാൽ ഒരു ജീവിതം കണ്ട പ്രതീതിയായിരിക്കും പ്രേക്ഷകരിൽ ഉളവാകുന്നത്. സാധാരണ ചിത്രങ്ങളിൽ കാണാറുള്ള കാപടകതകളും വാഗ്പ്രയോഗകളും നൃത്തത്തിൻറെപേരിലുള്ള നഗ്നതാപ്രദർശനവും, സാഹസരംഗങ്ങളും, ഹാസ്യത്തിൻറെ പേരിലുള്ള പേക്കൂത്തുകളും ഈ ചിത്രത്തിലില്ല. പക്ഷേ ഭാരതീയരുടെ കലാപരമായ കഴിവിനേയും ബോധത്തേയും, ലോകസമക്ഷം ഉയർത്തിക്കാണിക്കുന്നതിന് കെൽപ്പുള്ള ഒരു ചിത്രമാണ് 'ശ്യാംചി ആയി.' ജീവിതത്തിൻറെ ചൂടും വികാരത്തിൻറെ ചലനവും ചിന്തയുടെ ഗഹനതയും നിങ്ങൾക്കതിൽ ദർശിക്കാം. "ശ്യാംചി ആയി"യുടെ വിജയത്തിനുള്ള മുഖ്യകാരണക്കാരൻ പി. കെ. ആത്രേയല്ലാതെ മറ്റാരുമല്ല.

അദ്ധ്യാപകൻ, രാഷ്ട്രീയപ്രവർത്തകൻ, പത്രാധിപർ, പ്രാസംഗികൻ, ചലച്ചിത്രനിർമ്മാതാവ്, സംവിധായകൻ എന്നിനിലകളിലെല്ലാം പ്രശസ്തി നേടിയിട്ടുള്ള ഒരു പ്രമുഖവ്യക്തിയാണ് പി. കെ. ആത്രേ. ലണ്ടൻസ്കൂൾ ഓഫ് സിറിയിൽനിന്നും ഉന്നതമായ ബിരുദങ്ങൾ നേടിയതിനുശേഷം അദ്ദേഹം കുറേക്കാലം ലണ്ടനിലേയും പാരീസിലേയും കോളേജുകളിൽ പ്രൊഫസറായി ഉദ്യോഗംവഹിച്ചിട്ടുണ്ട്. അതിനുശേഷം ഇന്ത്യയിൽ മടങ്ങിയെത്തിയപ്പോൾ പൂനായിലെ കോളേജിൽ പ്രിൻസിപ്പാളായി നിയമിതനായി. കലാപ്രേമിയായ ആത്രേയ്ക്ക് പ്രിൻസിപ്പാൾ ഉദ്യോഗവും അഭികാമ്യമായിതോന്നിയില്ല. ഒരുപക്ഷേ കോളേജിലെ പ്രിൻസിപ്പാളായി തുടർന്നിരുന്നുവെങ്കിൽ കലാലോകത്തു ഇന്നുലഭിച്ചിരിക്കുന്ന സ്ഥാനം അദ്ദേഹത്തിന് സ്വപ്നത്തിൽപോലും ദർശിക്കുവാൻ സാധിക്കുമായിരുന്നില്ല. ഉദ്യോഗം ഉപേക്ഷിച്ചു അദ്ദേഹം കലാലോകത്തു സ്വതന്ത്രമായ പ്രവർത്തനവും ആരംഭിച്ചു. 1935-മുതൽ ആത്രേ നോവലുകളും, കഥകളും, ലേഖനങ്ങളും, നാടകങ്ങളും രചിക്കുവാൻ ആരംഭിച്ചു. അദ്ദേഹം എഴുതിയ "ധർമ്മവീർ" "ബ്രാന്ദി-കീ-ബോട്ടിൽ" "ബ്രഹ്മചാരി" "ഛർ-കീ-റാണി" തുടങ്ങിയ പ്രസിദ്ധകഥകളെ ആസ്പദമാക്കി ഹിന്ദിയിലും മറാത്തിയിലും സുന്ദരമായ ചലച്ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

ആത്രേയുടെ നാടകങ്ങൾക്ക് ഭാരതത്തിൽ മാത്രമല്ല ഭാരതത്തിനു വെളിയിലും പ്രചാരം സിദ്ധിച്ചിട്ടുണ്ട്. "വിവാഹബന്ധം" എന്ന അദ്ദേഹത്തിൻറെ നാടകം ഇംഗ്ലീഷിലേക്കു വിവർത്തനംചെയ്തിട്ടുമുണ്ട്. ലണ്ടനിൽ ആ നാടകം പലപ്പോഴും അഭിനയിച്ചിട്ടുമുണ്ട്. "കൽ-കാ-സൻസാർ" എന്ന മറ്റൊരു നാടകം സ്പാനിഷ് ഭാഷയിലേക്ക് വിവർത്തനംചെയ്തിട്ടുണ്ട്. ആത്രേ നിഷ്പക്ഷനായ ഒരു പത്രപ്രവർത്തകൻകൂടിയാണ്. അദ്ദേഹം ഇപ്പോൾ "നവയുഗ്" എന്നൊരു മറാത്തി വാരിക നടത്തിക്കൊണ്ടിരിക്കുന്നു. മഹാരാഷ്ട്രത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു വാരികയാണ് "നവയുഗ്"

ആത്രേ പ്രാരംഭകാലത്തു് ഒരു മികച്ച കോൺഗ്രസ്സുപ്രവർത്തകനായിരുന്നു. കോൺഗ്രസ് സംഘടനയുടെ നയങ്ങളിലുള്ള അഭിപ്രായഭിന്നത മൂലം ആത്രേ കോൺഗ്രസ്സിൽനിന്നു് രാജികൊടുത്തിട്ടു് സോഷ്യലിസ്റ്റ് പാർട്ടിയിൽ ഒരംഗമായിച്ചേർന്നു. 1952-ൽ നടന്ന പൊതുതിരഞ്ഞെടുപ്പുകാലത്തു് ആത്രേ ബോംബെയിലും മഹാരാഷ്ട്രത്തിലും സോഷ്യലിസ്റ്റ് പാർട്ടിക്കുവേണ്ടി അഹോരാത്രം പ്രവർത്തിച്ചുകൊണ്ടിരുന്നു. ആത്രേ ഇപ്പോൾ മഹാരാഷ്ട്ര സ്റ്റേറ്റിലെ പ്രജാസോഷ്യലിസ്റ്റ് പാർട്ടി എക്സിക്യൂട്ടീവിലെ ഒരംഗമാണ്. കലയിലും രാഷ്ട്രീയത്തിലും ഒന്നുപോലെ ആത്രേ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

1939-ൽ ആത്രേ ബോംബെയിൽ ആത്രേ പിക്ചേഴ്സ് എന്നൊരു ചലച്ചിത്രനിർമ്മാണക്കമ്പനി ആരംഭിച്ചു. "ഛർ നോൺ കീ-ദുനിയ" "രാജ്-റാണി" "വസന്തസേന" "തസ് വീർ" തുടങ്ങിയ ചിത്രങ്ങൾ ഹിന്ദിയിലും മറാത്തിഭാഷയിലും അദ്ദേഹം നിർമ്മിച്ചു. "ദിൽ-കീ-ബാത്" എന്ന ചിത്രത്തിൻറെ സംവിധാനത്തോടുകൂടിയാണ് ആത്രേയുടെ പ്രശസ്തി വർദ്ധിച്ചതു്. "മേലോ-കീ-മെയ്സി" ആത്രേ സംവിധാനംചെയ്ത മറ്റൊരു മഹത്തായ ചിത്രമാണ്. "മഹാത്മാ ഫോലി" എന്ന ചിത്രത്തിൻറെ നിർമ്മാണവും അദ്ദേഹം അടുത്തകാലത്തു് പൂർത്തിയാക്കിയിട്ടുണ്ട്. "ഭ്രഷ്ടൻ" എന്ന ചിത്രത്തിൻറെ നിർമ്മാണത്തിലാണ് ആത്രേയുടെ ശ്രദ്ധ ഇപ്പോൾ കേന്ദ്രീകരിച്ചിരിക്കുന്നതു്. വിനോബാഭാവെയുടെ തത്വസംഹിതകളും ആദർശങ്ങളും പ്രചരിപ്പിക്കുന്നതിനുവേണ്ടിയാണ് ആത്രേ "ഭ്രഷ്ടൻ" നിർമ്മിക്കുന്നതു്. ബോസ്സ് ആവീസ് ഫോർമുലാ അനുസരിച്ചു ചിത്രങ്ങൾ നിർമ്മിക്കുന്നതിനെ നിരുത്സാഹിപ്പിക്കണമെന്നാണ് ആത്രേയുടെ അഭിപ്രായം. മനുഷ്യൻറെ മൃഗീയാഭിലാഷങ്ങളെ തട്ടിഉണർത്തുന്ന അമേരിക്കൻ ചിത്രങ്ങളെ അനുകരിച്ചു് ഇന്ത്യക്കാർ ചിത്രങ്ങൾ നിർമ്മിക്കരുതെന്നും അദ്ദേഹം പലപ്പോഴും ഉത്ബോധിപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെയും കർഷകരുടെയും ജീവിതങ്ങളാണ് അദ്ദേഹം തൂലികയിൽ പകർത്തിക്കൊണ്ടിരിക്കുന്നതു്. പുരോഗമനചിന്തകനും മനുഷ്യസ്നേഹിയുമായ ആത്രേയിൽനിന്ന് ഇന്ത്യൻ ചലച്ചിത്രവേദിക്ക് ഇനിയും അമൂല്യങ്ങളായ അനവധി സംഭാവനകൾ പ്രതീക്ഷിക്കാവുന്നതാണ്.

★

ചലച്ചിത്രനിരൂപണം

വിപ്രനാരായണ

★

ഭരണിപിക്ചേഴ്സ് നിർമ്മിച്ച ഭക്തിരസപ്രധാനമായ ഒരു പുരാണചിത്രമത്രെ വിപ്രനാരായണ. തന്മയത്വമേറിയ അഭിനയം, മനംകവരുന്ന രംഗസജ്ജീകരണങ്ങൾ, മധുരമൂറുന്ന ഗാനങ്ങൾ, ഉന്നതമായ സാങ്കേതികവശങ്ങൾ എന്നിവയാണ് വിപ്രനാരായണനെ വിജയിപ്പിച്ചിരിക്കുന്നതു്. ഭക്തിരസപ്രധാനമായ ഈ ചിത്രം ഭക്തജനങ്ങളെ പരമാവധി പ്രീണിപ്പിക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. സാധാരണക്കാരുടെ ലളിതമായ പ്രണയലീലകൾമുതൽ സംസ്കൃതിത്തിരകളുടെ നിഷ്കളങ്കവും നിഷ്കാമവുമായ പ്രേമംവരെയുള്ള ചിത്രവൈവിധ്യങ്ങളെ വിപ്രനാരായണനിൽ ചിത്രീകരിച്ചിട്ടുണ്ട്. തമിഴ്ചിത്രങ്ങളുടെ വൃത്തികേടുകളൊന്നും അശേഷം ബാധിച്ചിട്ടില്ലാത്ത കലാസുഭഗമായ ഒരു ഉന്നതചിത്രമാണ് വിപ്രനാരായണ. പുരാണചിത്രങ്ങളിലും നല്ല ചിത്രങ്ങളുണ്ട്. അതിനു് ഉദാഹരണമാണ് ഈ ചിത്രം.

കഥയുടെ പുരോഗമിതാണ്. പരമഭക്തനായ വിപ്രനാരായണൻ ബാല്യത്തിൽതന്നെ ലൗകികസുഖഭോഗങ്ങളെ വെറുത്തു് ഈശ്വരപൂജയിൽ കഴിഞ്ഞുകൂടുന്നു. ശ്രീരംഗത്തിൽ താമസിച്ചുവന്ന അദ്ദേഹം കാവേരി നദീതീരത്തിൽ ഒരു ആശ്രമം സ്ഥാപിച്ചിരുന്നു. സ്വന്തം പൂന്തോട്ടത്തിലുള്ള പുഷ്പങ്ങൾ ശേഖരിച്ചു് മാലകെട്ടി ശ്രീരംഗനാഥനെ അദ്ദേഹം പതിവായി ചാർത്തിയിരുന്നു. ശ്രീരംഗവാസികളെല്ലാം വിപ്രനാരായണൻറെ ഭക്തിയെ മുക്തകണ്ഠം പ്രശംസിച്ചിരുന്നു. തിരുക്കരം പന്തീരിലെ രംഗനായകി എന്ന ദാസിയുടെ ഇളയ മകളായ ദേവദേവി സംഗീതത്തിലും നൃത്തകലയിലും അസൂയാവഹമായ പ്രശസ്തി സമ്പാദിച്ചിരുന്നു. ഉറയൂർ രാജാവു് ദേവദേവിയെ ക്ഷണിച്ചുവരുത്തി നൃത്തകലാപ്രകടനം നടത്തി. നൃത്തം ദർശിച്ചു് സന്തുഷ്ടനായ രാജാവു് ദേവദേവിക്കു പാരിതോഷികങ്ങൾ നൽകി.

(ശേഷം 31-ാംപേജിൽ)

മുഖചിത്രം

★

"അതെനിക്കു കാണാം"

Photo by Lawrence Antony, Quilon.

മലയാളരാജ്യം

പുസ്തകം ൨൭ — ആഴ്ചപ്പതിപ്പ് — ലക്കം ൩൮൫

കൊല്ലം, ൧൩൰ മിഥുനം ൧൩൱-൹൦൱- തിങ്കളാഴ്ച

പശ്ചിമജർമ്മനിയുടെ സാമ്പത്തികമുന്നേറ്റം

പ്രൊഫസർ സി. നാരായണൻ.

I

രണ്ടാംലോകമഹായുദ്ധാനന്തരം പരമാധികാരം നശിച്ച് പരതന്ത്രയായിപ്പോയ ജർമ്മനിയുടെ പശ്ചിമഭാഗത്തിനു് ഇപ്പോൾ അധീശാധികാരം പുനരാരംഭതമായിരിക്കയാണെല്ലോ. ഈ അവസരത്തിൽ പശ്ചിമജർമ്മനിയിൽ കഴിഞ്ഞ ഒരുദശവത്സരക്കാലത്തു സാമ്പത്തികരംഗത്തിലുണ്ടായിട്ടുള്ള ഗതിവിശേഷങ്ങളെ ഒന്നു പുനരവലോകനംചെയ്യുന്നതു സന്ദർഭോചിതമായിരിക്കും. എന്നതന്നെയല്ല. എതിർപക്ഷിക്കാരുടെ ഇടതടവില്ലാത്ത ബോംബുവർഷംനിമിത്തംവ്യവസായവും കൃഷിയും നാശഗർത്തത്തിന്റെ അടിത്തട്ടിലോളമെത്തി, സമ്പദ്വ്യവസ്ഥ തകർന്തരിപ്പണമായ ഒരു രാഷ്ട്രത്തിൽ ഇത്രയും ചുരുങ്ങിയകാലംകൊണ്ടുവായിട്ടുള്ള സാമ്പത്തികാഭിവൃദ്ധി നമ്മേ അൽഭുതസ്തിമിതരാക്കുകതന്നെ ചെയ്യും.

യുദ്ധത്തിൽ തോൽവിപിണഞ്ഞപ്പോൾ ജർമ്മനിയുടെ സ്ഥിതി പരിതാപകരമായിരുന്നു. നഗരങ്ങളെല്ലാം ചുട്ട ഭസ്മമാക്കപ്പെട്ടിരുന്നു. ഇടിഞ്ഞുതകർന്നഭവനങ്ങൾ, കത്തിനശിച്ച വ്യവസായശാലകൾ, ഒഴിഞ്ഞുകിടന്ന പീടികകൾ, വിട്ടും കൂടിയുമില്ലാതെ വിശന്നുവലഞ്ഞു് അലഞ്ഞുതിരിയുന്ന ജനസമൂഹങ്ങൾ—ഇങ്ങിനെയുള്ളകാഴ്ചകളാണ് എവിടേയുംകണ്ടിരുന്നതു്. ഭക്ഷണക്ഷാമം, വസ്ത്രക്ഷാമം, പാർപ്പിടക്ഷാമം, മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾപോലുംനിവ്വഹിക്കാനാവാത്ത ഒരവസ്ഥ, സർവ്വത്ര ദുരിതസംപൂർണ്ണമായൊരു ജീവിതം.

നഗരങ്ങൾ വീണ്ടും ഉയരുന്നു.

എന്നാൽ ആ ക്രൂരരൂപം ഇന്നു് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. ആശ്ചര്യാവഹമായൊരു നവ്യജീവിതത്തിന്റെസുപ്രഭാതം ജർമ്മൻജനത കണ്തുറക്കുന്നതായിരിക്കുന്നു. യുദ്ധത്തിന്റെ മുറിവുകൾ ഉണങ്ങിക്കൊണ്ടുവരികയാണു്. പുനർനിർമ്മാണപ്രവൃത്തികൾ ജാഗ്രതയായി നടന്നുവരുന്നു. അംബരചുംബികളായ ഹർമ്യങ്ങൾ ഒന്നൊന്നായി പൊങ്ങിക്കഴിഞ്ഞു. ഗവർമ്മെന്റു മന്ദിരങ്ങൾ, ആഫീസുകൾ, പുതുക്കിപ്പണിതു. ഭവനനിർമ്മാണം പൂർവ്വാധികം ഭംഗിയായി നടന്നുവരുന്നു. ഷാപ്പുകളിൽ ഭക്ഷ്യപദാർത്ഥങ്ങളും മറ്റു സാമഗ്രികളും ധാരാളമായിനിരത്തിവച്ചുതുടങ്ങിയിരിക്കുന്നു. ഫാക്ടറികളിൽ യന്ത്രങ്ങൾതിരിഞ്ഞുതുടങ്ങിയിരിക്കുന്നു. രാജ്യത്തിൽ ഉടനീളം ഒരുത്സാഹത്തുള്ളിച്ച. പരിശ്രമം—വിശ്രമമില്ലാത്ത പരിശ്രമം—അതാണിന്നു് ജർമ്മനിയിൽ കാണുന്നതു്. "1945-ൽ ഞാൻ കണ്ട പശ്ചിമജർമ്മനിയും ഞാനിപ്പോൾ കണ്ടിട്ടുള്ള പശ്ചിമജർമ്മനിയും തമ്മിലുള്ള അന്തരം, തീർച്ചയായും, അൽഭുതാവഹമാണ്" എന്നത്രേ ഈയ്യിടെ ജർമ്മനി സന്ദർശിച്ച മടങ്ങിയ ഒരുമാന്യൻ പ്രസ്താവിച്ചതു്.

ഉല്പാദനവും വ്യാപാരവും വർദ്ധിക്കുന്നു

ജർമ്മനിയുടെ സാമ്പത്തികമുന്നേറ്റത്തിനു ഉത്തമസാക്ഷ്യംവഹിക്കുന്നതു ഉല്പാദനരംഗംതന്നെയാണു്. 1936-നെ അടിസ്ഥാനവർഷമായെടുത്തു കണക്കു ശരിയാക്കിയതിൽ 1953-ലെ ഉല്പാദനസൂചകം 154 ആയിട്ടാണ് കണ്ടതു്. ഭവനനിർമ്മാണത്തിന്റെ സൂചകം 146 ആയിരുന്നു. 1949-നു ശേഷം സുമാർ 15 ലക്ഷം ഭവനങ്ങൾ പണിതീർത്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വർഷംപ്രതി 4,70,000 പാർപ്പിടങ്ങളെന്നതോതിൽ നിർമ്മാണം നടന്നുവരുന്നുണ്ട്. (ഇതു ബ്രിട്ടനിലേയും ഫ്രാൻസിലേയും നിർമ്മാണത്തോതു കൂട്ടിച്ചേർത്താലുള്ളതിനേക്കാൾ കവിയുമെന്നാണ് ജർമ്മനിസന്ദർശിച്ച മി: ആൻഡ്രൂ വിസ്സൺ പ്രസ്താവിക്കുന്നതു്.)

പശ്ചിമജർമ്മനിയുടെ വിദേശവ്യാപാരവും ഗണ്യമായതോതിൽ വർദ്ധിച്ചിട്ടുണ്ട്. 1948-നുശേഷം പ്രസ്തുതവ്യാപാരം മൂന്നിരട്ടിയായി അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. തന്നിമിത്തം മുമ്പു വിദേശവ്യാപാരത്തിൽ അധമസ്ഥാനിലയിലിരുന്ന പശ്ചിമജർമ്മനി ഇപ്പോൾ ഉത്തമസ്ഥപദവിയിലേക്കു ഉയർന്നിരിക്കുന്നു. ദേശീയവരുമാനവും അനുക്രമം വർദ്ധിച്ചുവന്നിട്ടുണ്ട്. 1948-നും 1953-നും മദ്ധ്യേയായി ദേശീയവരുമാനം ഇരട്ടിച്ചുവെന്നതു് സാമ്പത്തികപുരോഗതിയുടെ വേഗതയ്ക്കു് നിദർശനമാണ്. എന്നുമാത്രമല്ല സമ്പദ്വ്യവസ്ഥയുടെ പുനഃസംവിധാനത്തോടുകൂടി ജർമ്മൻമാർക്കിടയിലുള്ള ഒരു സ്ഥിരത കൈവന്നിരിക്കുന്നു. അതു യൂറോപ്പിലെ ഒരു വിഷമനാണയമായിത്തന്നെ പരിണമിച്ചിട്ടുണ്ട്.

തൊഴിൽസ്ഥിതി ഭേദപ്പെട്ടുന്നു

തൊഴിലാളിവർഗ്ഗത്തിന്റെ ജീവിതസ്ഥിതിയിൽ സംഭവിച്ചിരിക്കുന്ന അന്തരവും ശ്രദ്ധാർഹമാണ്. അവരുടെ ക്രയശക്തി വർദ്ധിച്ചിരിക്കുന്നു. ഇന്നു് അവർക്കു കിട്ടുന്ന കൂലികൊണ്ടു് യുദ്ധത്തിനുമുമ്പു കിട്ടിയതിലും 17 ശതമാനം സാധനങ്ങൾ കൂടുതലായി അവർക്കു വാങ്ങുവാൻ സാധിക്കുന്നുണ്ട്. അവർക്കു പാർപ്പിടങ്ങൾ ഏർപ്പെടുത്തുന്നകാര്യത്തിൽ ഗവർമ്മെന്റിന്റെ സവിശേഷശ്രദ്ധ പതിഞ്ഞിട്ടുമുണ്ട്. വ്യവസായശാലകളിൽ കൂലിയുടെ സൂചകസംഖ്യ 1938-ന്റെ അടിസ്ഥാനത്തിൽ, 1952 ലേക്കു് 192 ആയി ഉയർന്നുകഴിഞ്ഞിരുന്നു. ജീവിതച്ചെലവിന്റെ സൂചകം 168 മാത്രമായിരുന്നു.

വ്യവസായാഭിവൃദ്ധിയോടുകൂടി തൊഴിലും ക്രമേണ വർദ്ധിച്ചുവരുന്നുണ്ട്. ഒരുകോടി അഭയാർത്ഥികളിൽ 40 ലക്ഷത്തിനു് തൊഴിൽ ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ജർമ്മൻ വ്യവസായസ്ഥാപനങ്ങളുടെ ആന്തരമായ ബലത്തിനു മതിയായ തെളിവാണിതു്. "തകർന്നിലംപതിച്ചതാണെങ്കിലും സിറാ'സർലണ്ടിലേയും ഡൻമാർക്കിലേയും കൂടിച്ചേർന്നുള്ള ജനസംഖ്യയെ—അഥവാ ആസ്ട്രേലിയാ വൻകരയിലെ ആകെ ജനസംഖ്യയെ—കവച്ചുവെക്കുന്ന ഒരു ജനസമൂഹത്തിനു പാർപ്പിടസൗകര്യവും, തൊഴിലും ഉപജീവനമാർഗ്ഗവും നൽകുവാൻ കഴിഞ്ഞു' (ജർമ്മനിയുടെ സമ്പദ്വ്യവസ്ഥയ്ക്കു്) സംഭ്രമമായിക്കഴിഞ്ഞിരിക്കുന്നു' എന്നു് ആൽഡ്രൂമിസ്സൺ അഭിപ്രായപ്പെടുന്നു. 1945-നും 1948-നും മദ്ധ്യേ ജർമ്മനി സന്ദർശിച്ചവർക്കു് ഇപ്പോൾ അവിടെ വീണ്ടും ചെല്ലുമ്പോൾ കാണുന്നതു ഒരു 'മായാവിദ്യ'യാണെന്നു തോന്നിപ്പോകുമെന്നാണ് അദ്ദേഹം പറയുന്നതു്. * W. N. ഈവക ഇതേ അഭിപ്രായംതന്നെ പ്രകടിപ്പിച്ചിരിക്കുന്നു.

ജർമ്മനി ഇത്രയും സാമ്പത്തികസമുദ്ധാരണം സാധിച്ചതു സഖ്യശക്തികൾവെച്ചുകെട്ടിയ നഷ്ടപരിഹാരഭാരം സഹിച്ചുകൊണ്ടും അവർ ചുമത്തിയ നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വഴങ്ങിനിന്നുകൊണ്ടുമാണെന്നുള്ള സംഗതിയോർക്കുമ്പോഴാണ് ജർമ്മനിയുടെ സാമ്പത്തികമുന്നേറ്റത്തിൽ നമുക്കുള്ള അൽഭുതം ദ്വിഗുണീഭവിക്കുന്നതു്. യുദ്ധനഷ്ടപരിഹാരമെന്നനിലയിൽ സുമാർ 52 കോടി ഡോളർ വിലവരുന്ന യന്ത്രോപകരണങ്ങളും കപ്പലുകളും മാത്രം ജർമ്മനി ജേതാക്കളായ സഖ്യകോയ്മകൾക്കു നൽകേണ്ടതായി വന്നിട്ടുണ്ട്. എന്നുമാത്രമല്ല ജർമ്മനിയുടെ വൈദേശികവ്യവസായികബലം ചുരുക്കി അതിനെ ഒരു മൂന്നാംകിട സൈനികശക്തിയാക്കുവാൻവേണ്ടി ധാരാളം വ്യവസായശാലകളും പൊളിച്ചുനീക്കുകയുംചെയ്തിരുന്നു. നീക്കംചെയ്ത യന്ത്രോപകരണങ്ങളിൽ മൂന്നിലൊരുഭാഗംമാത്രമേ ആയുധനിർമ്മാണത്തിനു് ഉപയോഗിച്ചതുണ്ടായിരുന്നുള്ളൂ. ജർമ്മനിയിൽ നിർത്തിയ സഖ്യസേനയുടെ ചെലവും ജർമ്മനി വഹിക്കേണ്ടതുണ്ടായിരുന്നു.

അമേരിക്കൻസഹായം

എന്നിട്ടും ജർമ്മനി വീണ്ടും ഉയിർത്തെഴുന്നേറ്റതു. ഇതെങ്ങിനെ സാധ്യമായി? അതിനു പല കാരണങ്ങളുമുണ്ട്. ആദ്യഘട്ടത്തിൽ ജർമ്മനിയെ രക്ഷയിപ്പിക്കുവാൻ നിശ്ചയിച്ച സഖ്യകോയ്മകൾക്കു് പിന്നീടു തങ്ങളുടെ

---

* Andre Visson: Report on Germany (Readers' Digest, April 1954.)

വായ്പകൾ

ആദ്യജാമ്യത്തിന്മേൽ രൂ: 1000/- വരെ കടമായി ലഭിക്കുന്നതാണ്. തവണകളായി മടക്കി അടയ്ക്കാം. അപേക്ഷ

P. B. No. 3219, Bombay-3.

നയം തെറ്റിപ്പോയെന്നു ബോദ്ധ്യപ്പെട്ടു. രോഗിയായ ഒരു ജർമ്മനിക്കുണ്ടാകുന്നതുപോലെ ഒരു ഭാരമായിത്തീരുമെന്ന് അവർ മനസ്സിലാക്കി. അതിനാൽ സ്വതന്ത്രകാലിൽ നിൽക്കുവാനുള്ള കെല്പ് ജർമ്മനിക്കു കൈവരുവാൻ സഹായിക്കണമെന്നവർക്കു തോന്നി. അങ്ങനെ ആഭ്യന്തരകാലത്തു വ്യവസായോല്പാദനത്തിന്മേൽ ചുമത്തിയ അനാവശ്യനിയന്ത്രണങ്ങളും അവർ നീക്കംചെയ്തു. യൂറോപ്പിന്റെ സാമ്പത്തികസംവിധാനത്തിനു അമേരിക്ക സമാരംഭിച്ച 'മാർഷൽസഹായ'പദ്ധതിപ്രകാരം ജർമ്മനിക്കു ഗണ്യമായ സഹായവും ലഭിച്ചു. 345 കോടി ഡോളർ അമേരിക്കയിൽനിന്നു ലഭിതനിവാരണാർത്ഥവും പുനഃസംവിധാനാർത്ഥവും ജർമ്മനിക്കു ലഭിച്ചിട്ടുണ്ട്.

കറൻസിപരിഷ്കാരം

എന്നാൽ ജർമ്മനിയുടെ സാമ്പത്തികരംഗത്തിന്റെ ചിത്രം ആകെ പുതുക്കിയതു 1948-ലെ 'കറൻസി'പരിഷ്കാരമായിരുന്നു. വിലയിടിഞ്ഞിടിഞ്ഞുവന്ന ജർമ്മൻ കറൻസിനോട്ടുകൾ പിൻവലിക്കുവാൻ അധികൃതർ തീരുമാനിച്ചു. 100 മാർക്കിന്റെ ഓരോ പഴയനോട്ടിനു 6½ മാർക്കിന്റെ പുതിയ നോട്ടുകൾമാത്രമേ കിട്ടുകയുള്ളുവെന്നു പ്രഖ്യാപിച്ചു. അതായതു പഴയ സമ്പാദ്യത്തിന്റെ 93½% കണ്ടു കുറച്ചു. കരിഞ്ചന്തകൊണ്ടും കൊള്ളലാഭംകൊണ്ടും പണം കൂട്ടിവെച്ചിരുന്നവർക്ക് അതു ഒരശനിപാതമായിരുന്നു. ആക്ഷേപത്തെ പ്രയത്നിക്കാതെ കഴിഞ്ഞുകൂടുക സാദ്ധ്യമല്ലെന്നുവന്നു. അങ്ങനെ ജർമ്മൻജനതയുടെ കഠിനാദ്ധ്വാനത്തിന്റെ നൂതനാദ്ധ്യായം തുറക്കപ്പെട്ടു. അതോടുകൂടി വ്യവസായോല്പാദനത്തിൽ അഭൂതപൂർവമായൊരഭിവൃദ്ധിയുളവായി. ഉപഭോക്തൃപദാർത്ഥങ്ങളും പീടികകളിൽ നിറഞ്ഞുതുടങ്ങി. വിലനിയന്ത്രണവും അതോടുകൂടി നീങ്ങി. 1949-ൽ അമേരിക്കയുടെ സഹായത്തോടുകൂടി സ്ഥാപിച്ച പുനരുദ്ധാരണകടംവാങ്ങൽ സ്ഥാപനത്തിൽനിന്നു വ്യവസായങ്ങൾക്കും വ്യാപാരികൾക്കും ആവശ്യംപോലെ പണംകടംകിട്ടി.—ബാങ്കുകളും നിർഭയമായി കഴിവിനനുസരിച്ചു കടം നൽകിത്തുടങ്ങി. ആദായനികുതി മൂന്നിലൊന്നായിക്കുറച്ചതിനാൽ വ്യവസായികൾക്കു കൂടുതൽ പ്രോത്സാഹനംലഭിച്ചു. കമ്പനിനികുതിയും സമ്പത്തുനികുതിയും വെട്ടിച്ചുരുക്കിയതും അവക്കു സഹായകമായി. ഇപ്പോൾ വർഷംപ്രതി 190 കോടി എന്ന തോതിൽ മൂലധനമിറക്കിവരുന്നുണ്ടു്. ഇങ്ങിനെയാണു് വ്യവസായങ്ങൾക്കും വീടും തലപൊക്കിയതും, കൂടുതൽകൂടുതൽ തൊഴിലാളികൾക്കു് അഹോവൃത്തിക്കുള്ള മാർഗ്ഗം ലഭിച്ചതും.

അനുകൂലതൊഴിൽസാഹചര്യങ്ങൾ

ജർമ്മൻകാരുടെ സ്വതേയുള്ള സാങ്കേതികവൈദഗ്ദ്ധ്യം ജർമ്മനിയുടെ വ്യവസായപുനർനിർമ്മാണത്തിനു് ഏറ്റവും കൂട്ടീട്ടുണ്ടു്. പശ്ചിമജർമ്മനിയിൽ ഉള്ള വിദഗ്ദ്ധതൊഴിലാളികൾ സോവിയറ്റ് മേഖലയിൽനിന്നുള്ള അഭയാർത്ഥിപ്രവാഹം കൂടുതൽ സാങ്കേതികവിദഗ്ദ്ധരെ അവിടെ എത്തിച്ചിട്ടുണ്ടു്. ജർമ്മൻതൊഴിലാളികൾക്കു നൽകിവന്നിട്ടുള്ള കൂലി മാർഷൽപ്ലാൻ രാഷ്ട്രങ്ങളെ അപേക്ഷിച്ചു് കുറവായിരുന്നുവെന്ന സംഗതിയും പ്രത്യേകം ഓർക്കേണ്ടതുണ്ടു്. ബ്രിട്ടനുമായുള്ള ഒരു താരതമ്യം താഴെ ചേർക്കുന്നു: *

(ഓരോമണിക്കൂറിനുള്ള കൂലി—ഷെൽസ്കണക്കിൽ)

	1948	1949	1950	1951	1952	1953
ജർമ്മൻവ്യവസായങ്ങളിൽ—	21	24	26	30	32	33
ബ്രിട്ടീഷ്വ്യവസായങ്ങളിൽ-31		32	33	37	40	41
വ്യത്യാസം—	10	8	7	7	8	8

ജർമ്മനിയിൽ ജീവിതച്ചിലവു് ഗണ്യമായി വദ്ധിച്ചിട്ടില്ലെന്നുള്ളതും മറ്റൊരു സഹായോപാധിയാണു്. അതുകൊണ്ടു് കൂലിവദ്ധനവിൻ ശ്രദ്ധംപിടിക്കാതെ തൊഴിലാളികൾ പ്രവൃത്തിയെടുത്തുകൊള്ളുമല്ലോ. ഇക്കാര്യത്തിലും ബ്രിട്ടനുമായുള്ള താരതമ്യം ഉപയോഗപ്രദമായിരിക്കും.

* The Eastern Economist – August 6, 1954.

സൂചകസംഖ്യ (അടിസ്ഥാനവർഷം 1950 = 100)

	1950	1951	1952	1853
ജർമ്മനി— ആകെ—	100	108	110	108
ഭക്ഷ്യേതരം—	100	109	114	112
ബ്രിട്ടൻ—ആകെ—	100	109	120	123
ഭക്ഷ്യം—	100	111	129	136

ജർമ്മൻ തൊഴിലാളികൾ കൂടുതൽ സമയം ജോലിചെയ്യുന്നുണ്ടെന്നുള്ളതാണു് മറ്റൊരു പ്രത്യേകത. ബ്രിട്ടനിൽ തൊഴിലാളികൾ ആഴ്ചയിൽ ശരാശരി 46 മണിക്കൂർ പ്രവൃത്തിയെടുക്കുമ്പോൾ ജർമ്മനിയിൽ തൊഴിലാളികൾ ശരാശരി 48 മണിക്കൂർ പ്രവൃത്തിചെയ്യുവരുന്നുണ്ടു്. രാജ്യം വിഷമസ്ഥിതിയിലെത്തീട്ടുള്ള ഒരടിയന്തിരഘട്ടത്തിൽ അവർ ഇപ്രകാരം അദ്ധ്വാനിക്കുവാൻ തയ്യാറായിരിക്കയാണു്. വാസ്തവത്തിൽ ജർമ്മൻജനതയുടെ പ്രയത്നശീലവും സ്ഥിരോത്സാഹവുമാണു് ജർമ്മൻ സമ്പദ്വ്യവസ്ഥയുടെ ജീവനഡിയെ ചലിപ്പിച്ചുകൊണ്ടിരിക്കുന്നതു്.

അവശേഷിച്ച പ്രവൃത്തികൾ

എന്നാൽ ജർമ്മനിയുടെ സാമ്പത്തികോദ്ധാരണം പൂർണ്ണമായെന്നു ഇതുംകൊണ്ടു വിവരിച്ചതിൽനിന്നു ധരിച്ചുപോകരുതു്. ഇപ്പോഴും പല നഗരങ്ങളും പുനർനിർമ്മാണം കാത്തിരിക്കയാണെന്നു

(ശേഷം 8-ാംപേജിൽ)

വിഷയവിവരം

പേജ്:

പശ്ചിമജർമ്മനിയുടെ സാമ്പത്തികമുന്നേറ്റം — പ്രൊഫസർ സി. നാരായണൻ 3

ബദരിആശ്രമത്തിലെ ജഗത്ഗുരു ശങ്കരാചാര്യബ്രഹ്മാനന്ദസരസ്വതി — വി. എൻ. എൻ. 5

ജന്തുലോകം — കല്ലുവിള എസ്. എം. നായർ, കാലടി, തിരുവനന്തപുരം 8

ഒരു തെലുങ്കുകവിത — ടി. വി. കൃഷ്ണൻ 9

പ്രയാഗ — ടി. ജി. അനന്തസുബ്രഹ്മണ്യം 9

നക്ഷത്രഫലം — 10

രണ്ടേണ്ണത്തിനെ കൊന്ന രാക്ഷസി (ചെറുകഥ) — വിതുര പി. കെ. കൃഷ്ണക്കോസ് 11

പാഠകം — പാഠകവിദ്വാൻ ചേപ്പാട്ടു കൃഷ്ണമേനോൻ 14

വേണുഗാനം (കവിത) — അനന്തനാരായണൻ 16

ചിത്രകാരനും കലാസംവിധായകനുമായ ശ്രീ. വി. ഡി. ഗോവിന്ദരാജ് 18

പേപിടിച്ച മനുഷ്യർ (ചെറുകഥ) — എച്ച്. എ. ഷുക്കത്താലി, കൊല്ലം 23

ശാസ്ത്രപംക്തി — കെ. ദാമോദരൻ ബി. ഏ. ബി. ഠി. 26

താൻസെൻ — വയലാർ രാമകൃഷ്ണൻ 29

ഗൃഹവിഹാരം —

കാർട്ടൂൺ —

ബാലപംക്തി —

ലോകവൃത്താന്തഗതി —

സിനിമാപംക്തി —

ചിത്രങ്ങൾ —

ബദരി ആശ്രമത്തിലെ ജഗത് ഗുരു ശങ്കരാചാര്യ ബ്രഹ്മാനന്ദസരസ്വതി

സമാധിയടഞ്ഞ ഗുരുദേവനെപ്പറ്റിയുള്ള സ്മരണകൾ

തിരു-കൊച്ചി സന്ദർശിച്ചുവരുന്ന ഹിമാലയത്തിലെ മഹർഷി ബാലബ്രഹ്മചാരിമഹേശ്യോഗിയുമായി ഒരഭിമുഖസംഭാഷണം

ആദ്ധ്യാത്മികസേവനാർത്ഥം ഹിമാലയത്തിൽനിന്നു തിരു-കൊച്ചിയിൽ എത്തിയിട്ടുള്ള മഹർഷി ബാലബ്രഹ്മചാരിമഹേശ്യോഗിയുമായി നടത്തിയ ഒരഭിമുഖസംഭാഷണത്തിന്റെ വിവരങ്ങളാണ്. ഈ ലേഖനത്തിലടങ്ങിയിരിക്കുന്നത്. അലഹബാദ് യൂണിവേഴ്സിറ്റിയിൽനിന്നു ബി. എസ്സ്സി. ബിരുദം നേടിയ ബാലബ്രഹ്മചാരി ഏതാണ്ട് 1940-ൽ ബദരിയാശ്രമത്തിലെ ജ്യോതിർമഠത്തിലുള്ള ജഗത്ഗുരു ശങ്കരാചാര്യരുടെ കീഴിൽ സന്യാസം സ്വീകരിച്ച് സച്ചിദാനന്ദംപ്രാപിച്ചിട്ടുള്ള ഒരു യോഗിവര്യനാണ്.

— വി. എൻ. എൻ. —

ഈശ്വരസാക്ഷാല്ക്കാരത്തിനുള്ള ഏറ്റവും ഫലപ്രദവും സുഗമവും ശാസ്ത്രീയവുമായ മാർഗ്ഗം ഉപദേശിക്കുകയാണ് മഹർഷി ബാലബ്രഹ്മചാരിയുടെ മഹാപ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യം.

തിരു-കൊച്ചിയിൽ തിരുവനന്തപുരം, നെയ്യാറിൻകര, വർക്കല, കൊല്ലം മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചശേഷം അദ്ദേഹം ഇപ്പോൾ കോട്ടയം സന്ദർശിച്ചുവരികയാണ്. മോക്ഷത്തിലേക്കുനയിക്കുന്ന സനാതനധർമ്മത്തിന്റെ തത്വങ്ങൾ പ്രചരിപ്പിക്കുകയാണ് അദ്ദേഹത്തിന്റെ ഉദ്ദേശം.

ഏതാണ്ട് 35 വയസ്സിൽ കൂടുതൽ പ്രായം തോന്നിക്കാത്ത ശരീരപ്രകൃതി, ശരാശരിയുയരം, ആകർഷണീയവും സ്നേഹസ്വാന്വയമായ പെരുമാറ്റം, വിനയം, തേജോമയമായ നയനങ്ങൾ, ശത്രുക്കളെമായി ലയിച്ചുകിടക്കുന്ന കേശം, സർവ്വ സംതൃപ്തിയും സ്നേഹവും വിളയാടുന്ന നോട്ടങ്ങൾ, സാത്വികമായ പ്രസന്നത, പ്രത്യംഗം ബ്രഹ്മചാരിയെന്നു വിളിച്ചുപറയുന്ന അംഗസൗഷ്ഠവം ഇത്രയും മഹേശ്യോഗിയുടെ ഒരു സാമാന്യവിവരണമായി പരിഗണിക്കാം. ആദ്ധ്യാത്മികകാര്യാദികളിൽ മാർഗ്ഗദർശനമാരായുന്ന ഏവർക്കും ജാതിമതഭേദമെന്യേ ഏതുസമയത്തും നിഷ്പ്രയാസമായ ഉപദേശം നൽകുവാനുള്ള സന്നദ്ധത ഈ യോഗിവര്യന്റെ ഒരു വിശേഷതയാണ്. പാലും പഴവർഗ്ഗങ്ങളുമാണ് ആഹാരം. ചിലയവസരങ്ങളിൽ അതുമില്ലെന്നതുതന്നെ പറയണം. ഈ സ്റ്റേറിലേയ്ക്കുള്ള സന്ദർശനത്തിനിടയിൽ അസംഖ്യമാളുകൾ ഇദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ബദര്യാശ്രമത്തിലെ സമാധിയടഞ്ഞ ജഗത്ഗുരു ശങ്കരാചാര്യ ശ്രീ ബ്രഹ്മാനന്ദസരസ്വതിയാണ് സ്വാമിജിയുടെ ഗുരു. അദ്ദേഹത്തിന്റെ സമാധിക്കുശേഷം അനന്തരഗാമിയായി അവരോധിക്കപ്പെട്ടിരിക്കുന്നതു ജഗത്ഗുരു ശങ്കരാചാര്യ സ്വാമി ശ്രീ ശാന്താനന്ദസരസ്വതിയാണ്. തന്റെ മഹാപ്രസ്ഥാനത്തിന്റെ പിന്നിലെ ശക്തി മുഴുവൻ തന്റെ ഗുരുദേവനാണെന്നു മഹേശ്യോഗി പ്രസ്താവിക്കുന്നു. ഗുരുവര്യനെപ്പറ്റി സ്വാമിജിയിൽനിന്നുഗിഞ്ഞ വിവരങ്ങൾ താഴെ ചേർക്കുന്നു:—

സനാതനധർമ്മത്തിന്റെ അക്ഷയജ്യോതിസ്സ് അനശ്വരമായി തിളക്കിക്കൊണ്ടിരിക്കുന്നതിനിടയിൽ 2500 സംവത്സരങ്ങൾക്കുമുമ്പു ഭഗവാൻ ആദിശങ്കരാചാര്യസ്വാമികൾ ബദരിആശ്രമത്തിൽ സ്ഥാപിച്ച ജ്യോതിർമഠത്തിൽ സ്വാമി ബ്രഹ്മാനന്ദസരസ്വതി ജഗത്ഗുരു ശങ്കരാചാര്യ 1941 മുതൽ 1952 വരെ മഠാധിപത്യം വഹിച്ചിരുന്നു. ബദരിആശ്രമം ജ്യോതിർമഠം വിദ്യയുടെയും സംസ്കാരത്തിന്റെയും മഹത്തായ ഉറവിടമാണ്. തോടാന്തകേസരി എന്ന മഹാതപസ്വികൾ പൂജിച്ചാരാധിച്ചുവന്ന യോഗിവര്യനാണ് സ്വാമി ബ്രഹ്മാനന്ദസരസ്വതി ആദിശങ്കരാചാര്യസ്വാമികൾ രാജ്യത്തിന്റെ നാലു കോണുകളിലായി നാലു മഠങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതു. വടക്ക് ബദരിആശ്രമത്തിലെ ജ്യോതിർമഠവും കിഴക്ക് ജഗന്നാഥപുരിയിലെ ഗോവർദ്ധനമഠവും പടിഞ്ഞാറ് ദ്വാരകമഠവും തെക്ക് ശൃംഗേരിമഠവുമാണവ. പരമ്പരാസിദ്ധമായി ഈ മഠങ്ങളുടെ ആചാര്യന്മാരെ ജഗത്ഗുരുശങ്കരാചാര്യന്മാരെന്നാണ് വിളിച്ചുവരുന്നതു. സനാതനധർമ്മത്തിന്റെ പരമാധികാരസ്ഥാനമലങ്കരിക്കുന്ന ഇവർ ഹൈന്ദവമതത്തിന്റെ അധിപതികൾകൂടിയായി കരുതപ്പെടുന്നു.

മഹത്തായ സിദ്ധികൾകൊണ്ട് ജഗത്ഗുരുസ്വാമി ബ്രഹ്മാനന്ദസരസ്വതി ഒരു അക്ഷയജ്യോതിസ്സായി വിളങ്ങുന്നു.

ഒൻപതുവയസ്സായ ഒരു ബാലനായിരുന്നപ്പോഴാണ് സ്വാമികൾ വീട്ടുവിട്ട് ഹിമാലയത്തിലേയ്ക്കു പുറപ്പെട്ടതു. ശരിയായ മാർഗ്ഗദർശനം അന്വേഷിച്ച് അദ്ദേഹം നാലുവർഷം അലഞ്ഞുതിരിഞ്ഞശേഷം ഹിമാലയപ്രദേശത്തെ ഉത്തരകാശിയോഗികളുടെ ആസ്ഥാനത്തിൽ യോഗിയും ജ്ഞാനിയുമായിരുന്ന ഒരു ബാലബ്രഹ്മചാരിയെ കണ്ടെത്തി. ആ യോഗിവര്യന്റെകൂടെ അദ്ദേഹം "സാധനാ"യിൽ ഏർപ്പെട്ടു. അതിൽ സിദ്ധിവരുത്തിയശേഷം അദ്ദേഹം ഒരു ജീവന്മുക്തനായി കഴിയാൻ മദ്ധ്യസ്ഥായിലെ വേദഗിരിവനഭൂമിയിലുള്ള ഗുഹകളിൽ ഇരിപ്പുറപ്പിച്ചു. വനാന്തരങ്ങളിൽ അനേകകാലമായുള്ള അദ്ദേഹത്തിന്റെ താമസത്തെപ്പറ്റിയുള്ള ചരിത്രങ്ങൾ നിരവധിയാണ്. ജനങ്ങൾക്ക് ആ വനാന്തരഭാഗത്തുചെന്ന് അദ്ദേഹത്തിന്റെ ദർശനം വാങ്ങുവാൻ പ്രയാസമായിരുന്നു. ആ അപൂർവ്വദർശനത്തിനായി പല സ്റ്റേറ്റ്മേധാവികളും മറ്റും പല പല അനുഷ്ഠാനങ്ങളും യജ്ഞങ്ങളും നടത്തി. വിസ്മയകരമായ കഥകളാണ് അദ്ദേഹത്തെപ്പറ്റി കേട്ടിരുന്നതു. 71-ാം മത്തെ വയസ്സിലാണ് അദ്ദേഹത്തെ തിരക്കിപ്പിടിച്ച് ബദരിആശ്രമത്തിലെ ജ്യോതിർമഠത്തിന്റെ ജഗത്ഗുരുശങ്കരാചാര്യനായി അവരോധിച്ചതു. 166 സംവത്സരങ്ങളായി ഒഴിഞ്ഞുകിടന്നിരുന്ന ജ്യോതിർമഠത്തിന്റെ അധിപസ്ഥാനം ഏറ്റെടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതിന് 20 വർഷം വേണ്ടിവന്നു. ഭീർഘകാലമായുള്ള ഒരു ആചാര്യന്റെ അഭാവത്തിൽ ജ്യോതിർമഠത്തിന്റെ ചൈതന്യം നിഷ്പ്രഭമായി ഭവിച്ചിരുന്നു. മഠം ഉദ്ധരിക്കുവാൻ ഒരു ദൈവീകശക്തിസമ്പന്നന്റെ ആവശ്യമുണ്ടായി. ആ സന്ദർഭത്തിലാണ് ഗുരുദേവസ്വാമി ബ്രഹ്മാനന്ദസരസ്വതി മഠാധിപത്യമേറ്റെടുത്തതു. അതോടെ അവിടെ ഒരു നവചൈതന്യം പ്രത്യക്ഷപ്പെട്ടു. അതു ബംഗാൾ, ബീഹാർ, ഡെൽഹി, പഞ്ചാബ് എന്നീ ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ ഒരു പുനരുത്ഥാനംതന്നെ സനാതനമതത്തിനുണ്ടാക്കി. ഗുരുദേവന്റെ പര്യടനത്തിൽ അദ്ദേഹം ബർമ്മയും ബാംബെയും ഉൾപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ ദിവ്യദർശനവും പ്രഭാഷണങ്ങളും സ്നേഹമസൃണമായ പെരുമാറ്റവും നിരവധി നിരീശ്വരവാദികളെ സനാതനമതത്തിലേയ്ക്കു പരിവർത്തനം ചെയ്തിട്ടുണ്ട്. 1950 ഡിസംബറിൽ കൽക്കട്ടയിൽവച്ചു നടന്ന ലോകതത്വജ്ഞാനികളുടെയും വേദാന്തികളുടേയും സമ്മേളനത്തിൽവച്ച് ഇന്ത്യാവൈസ്പ്രസിഡൻറ് ഡോ: രാധാകൃഷ്ണൻ നിർലോഭമായ പ്രശംസയാണ് ഗുരുദേവനിൽ ചൊരിഞ്ഞതു. ആ സമ്മേളനത്തിനു ഗുരുദേവൻ നൽകിയ സന്ദേശം പ്രശസ്തതത്വശാസ്ത്രജ്ഞന്മാർക്കുപോലും അന്നൊരു മഹാപ്രശ്നമായിരുന്നു. ജീവിതത്തിന്റെ ശരിയായതത്വശാസ്ത്രം പ്രചരിപ്പിക്കുന്നതുമൂലം ലോകസമാധാനം സ്ഥാപിക്കുവാൻ കഴിയുമെന്നു ഗുരുദേവൻ സമ്മേളനത്തിൽ ഉൽഘോഷിപ്പിച്ചു. സന്ദേശം കേട്ട് ആഹ്ലാദഭരിതരായി. ഇംഗ്ലീഷ് അക്ഷരമാലപോലും പഠിച്ചിട്ടില്ലാത്ത ഗുരുദേവൻ ഇംഗ്ലീഷ് ഭാഷയിൽതന്നെ തത്വശാസ്ത്രജ്ഞന്മാരുടെ



ബദരീആശ്രമത്തിലെ സമാധിയടഞ്ഞ ജഗത്ഗുരു ശങ്കരാചാര്യ ബ്രഹ്മാനന്ദസരസ്വതി.

ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകിയതാണ് മറ്റൊരു മഹാൽത്തം. തത്വശാസ്ത്രജ്ഞന്റെ ലക്ഷ്യം മോക്ഷത്തിനുള്ള പ്രായോഗികമാർഗ്ഗം ഉറപ്പാക്കുകയാണെന്ന് ആ സന്ദേശത്തിൽ പ്രഖ്യാപിച്ചു.

ഗുരുദേവന്റെ സന്ദേശംകൊണ്ട് സംതൃപ്തരായിതീർന്ന ചില ബ്രിട്ടീഷു അമേരിക്കൻ തത്വശാസ്ത്രജ്ഞന്മാർ യോഗത്തെയും വേദാന്തത്തെയും പറ്റിയുള്ള സംശയനിവൃത്തി വരുത്താൻ ഡാ: രാധാകൃഷ്ണനെന്നിച്ച് ഗുരുദേവനെ സന്ദർശിക്കുകയുണ്ടായി. വേദാന്തപ്രതിപാദ്യവിഷയം സ്വയം പ്രകാശിതമായ വിഷയമായതുകൊണ്ട് അതിന്റെ സംഗ്രഹണത്തിന് മാറ്റാരുടേയും സഹായമാവശ്യമായിരിക്കുന്നില്ലെന്നാണ് ഗുരുദേവ് തത്വസദസ്സിൽ പ്രസ്താവിച്ചതു്. അങ്ങനെയെങ്കിൽ ശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ള സംസ്കാരങ്ങൾക്കാരമാർഗ്ഗങ്ങൾ ഉപയോഗശൂന്യമാണോ എന്ന് ഒരു അമേരിക്കൻ തത്വശാസ്ത്രജ്ഞൻ ചോദിച്ചു. അതിന് ഗുരുദേവൻ ഇങ്ങനെ മറുപടിപറഞ്ഞു: —ശാസ്ത്രങ്ങളിൽ പറയുന്ന സമ്പ്രദായങ്ങൾ പരമാത്മാവിനെ വെളിപ്പെടുത്തുന്നില്ല. അവ മനസ്സിന്റെ അന്ധകാരത്തെ ഉച്ചാടനം ചെയ്യുന്നതേയുള്ളൂ. സൂര്യനെ വെളിപ്പെടുത്താതെതന്നെയുള്ള അരുണോദയം നിശാവേളയുടെ അന്ധകാരത്തെ നീക്കുന്നതുപോലെയും സൂര്യനുദിച്ചുയരുമ്പോൾ അതിന്റെ പ്രഭാപൂരം പ്രസരിക്കുന്നതുപോലെയുമാണതിന്റെ വ്യത്യാസം.


ഭക്തന്മാർക്കുള്ള സന്ദേശം

ഭക്തന്മാർക്കുള്ള സന്ദേശത്തിൽ ഗുരുദേവൻ ഉപദേശിച്ചതിപ്രകാരമാണ്. നിങ്ങളുടെ സമീപം ഈശ്വരനെ ദർശിക്കുക, ഈശ്വരന്റെ സാന്നിദ്ധ്യം അനുഭവിക്കുക, സർവ്വവ്യാപിയാതുകൊണ്ട് നിങ്ങളുടെ ഹൃദയത്തിലും ഈശ്വരന്റെ സാന്നിദ്ധ്യം ദർശിക്കുക. ക്ഷേത്രങ്ങളിലും ആരാധനാകേന്ദ്രങ്ങളിലുംമാത്രമേ നിങ്ങൾ ഈശ്വരനെ കാണുന്നുള്ളുവെങ്കിൽ ഈശ്വരൻ നിങ്ങൾക്കായി അവിടെ കാണും. നിങ്ങൾ സമീപത്തായി ദർശിക്കുകയാണെങ്കിൽ സമീപത്തുതന്നെ കാണും. നിങ്ങളിൽതന്നെ കാണും. അദ്ദേഹം നിങ്ങളിൽനിന്നും അപരിഛേദ്യനാണ്.

എല്ലാം തന്റെ 'ഇഷ്ടം' അനുസരിച്ചു കാണുകയാണ് ഒരു യഥാർത്ഭക്തൻ ചെയ്യുന്നതെന്നാണ് ഗുരുദേവൻ പറയുന്നതു്. ഒരു ശിവഭക്തൻ വിഷ്ണുക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾ അവിടെ ചതുർബ്ബാഹുവായ വിഷ്ണുവിനെയാണ് ദർശിച്ചു് ആനന്ദമടയുന്നതു്. വിഷ്ണുരൂപത്തിൽ ഇരുന്നരുളുന്ന ഭഗവാൻ ശിവനെ "വിഷ്ണവേ നമഃ" എന്ന അയാൾ വാഴ്ത്തുന്നു. ഗണപതിക്ഷേത്രത്തിൽ ചെല്ലുമ്പോഴും ആ ഭക്തന്റെ അനുഭവം ഇതുതന്നെ. യഥാർത്ഭക്തനെന്നിനേറ്റും വെറുപ്പില്ല. തന്റെ ഈശ്വരനോടുള്ള ഭക്തിയുടെ പ്രകാശത്തിൽ എല്ലാരൂപങ്ങളും നാമങ്ങളും അപ്രത്യക്ഷമാകുന്നു. ഈശ്വരന്റെ ഇച്ഛയും കല്പനയുമനുസരിച്ച് പ്രവർത്തിക്കണമെന്ന സന്ദേശമാണ് ഗുരുദേവൻ ഭക്തന്മാർക്ക് നൽകുന്നതു്. നിങ്ങളുടെ ദൈനംദിനകൃത്യവും രാവിലെ നിങ്ങളെ പൂവിട്ടുവണങ്ങുകയും, പകൽ മുഴുവൻ അനുസരണക്കേടുകാണിക്കുകയും ചെയ്താൽ നിങ്ങൾക്ക് അവനോടു വാത്സല്യംതോന്നുമോ? ക്ഷേത്രത്തിലോ ഭവനത്തിലോവച്ച് ഈശ്വരനെ നിങ്ങൾ ആരാധിക്കുകയും. എന്നാൽ ഈശ്വരകല്പനകളായ ശാസ്ത്രങ്ങൾക്ക് വിരുദ്ധമായി ജീവിതം നയിക്കുകയും ചെയ്യുകയാണെങ്കിൽ, നിങ്ങൾ തീർച്ചയാക്കിക്കൊള്ളുക, ഭഗവാൻ നിങ്ങളുടെ അർച്ചനകളിലും ആരാധനകളിലും സംതൃപ്തനകയില്ലെന്നു്. ഒരു യഥാർത്ഭക്തൻ ശാസ്ത്രങ്ങൾ അനുശാസിക്കുന്ന മാർഗ്ഗങ്ങളിലേ സഞ്ചരിക്കുകയുള്ളൂ.

ഗൃഹസ്ഥന്മാർക്കുള്ള സന്ദേശം പ്രായോഗികതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. സഭവനങ്ങളിൽ അധിവസിക്കുന്ന പുണ്യാത്മാക്കളായിത്തീരാനാണ് അവരോടു് ഗുരുദേവൻ അഭ്യർത്ഥിക്കുന്നതു്. ഭസ്മചന്ദനാദികളും രുദ്രാക്ഷമാലയും കാഷായവസ്ത്രവും ധരിക്കുന്നതിലല്ല പുണ്യം. അതു നിങ്ങളുടെ വൃത്തിയിലാണ് സ്ഥിതിചെയ്യുന്നതു്. വൃത്തികൊണ്ടു നിങ്ങൾക്കു പുണ്യാത്മാക്കളായിത്തീരാവുന്നതാണ്.

അന്യർ നിങ്ങളെ വഞ്ചിച്ചാലും നിങ്ങൾ അന്യരെ വഞ്ചിക്കരുതു്. "യദ് അന്യേഷാം നഹി തത്പരേഷാം" എന്ന തത്വം അനുസരിക്കുക. എന്റേതു് ഒരിക്കലും മറ്റൊരുവനേതാകയില്ല. അതിനാൽ നിങ്ങളുടേതല്ലാത്തതു്, നിങ്ങളുടെകൂടെ നിന്നു



ഋഷി ബാലബ്രഹ്മചാരിമഹേശ്യോഗി.



സോവിയറ്റ് നേതാക്കന്മാർ ബെൽഗ്രേഡ് സന്ദർശിച്ചപ്പോൾ മാർഷൽ ടിറ്റോ നൽകിയ ഒരു സ്വീകരണത്തിൽ സോവിയറ്റ് പ്രധാനമന്ത്രി മാർഷൽ ബുൾഗാനിൻ ഇന്ത്യയുടെ ടോസ്റ്റ് നിർദ്ദേശിക്കുന്നതു്. ബുൾഗാനിനഭിമുഖമായി നിൽക്കുന്നതു് ബെൽഗ്രേഡിലെ ഇന്ത്യൻസ്ഥാനാപതി ശ്രീ: രാജശേഖരയാലാണു്.

കം വിട്ടുന്നതിനിടവരുന്നു. ചക്ര
ത്തിനധിപനായിരുന്ന ദശരഥ
മഹാവിഷ്ണുവിനെ പുത്രനായി ലഭി
കയുണ്ടായെങ്കിലും അദ്ദേഹത
ന്റെപോലും ആശകളും
വൻ സഫലീകൃതമായില്ലല്ലോ. പ
ന്നെയാണോ സാധാരണമനുഷ്യനെ
കാര്യം? രാമനെ സിംഹാസനസ്ഥനാ
യി കാണണമെന്നായിരുന്നല്ലോ ല
രഥൻ ആഗ്രഹിച്ചതു്. അതു കാണ്മാ
തെ അദ്ദേഹം ഇഹലോകവാസം വെ
ടിഞ്ഞു. അതുകൊണ്ടു് ഇഹലോകത്തി
ലെ ആശകളും വർദ്ധിപ്പിക്കാതെ
ള്ളതുകൊണ്ടു് തുച്ഛിയും സന്തോഷ
വും അടഞ്ഞു ജീവിക്കുക.

അകൃതപരസന്താപം
അഗതചലമന്ദിരം
അക്ലേശേചമനുമാനം
യതപ്പും അഹി തദ്ബല്ല

ആരെയും ഉപദ്രവിക്കാതെ, ചലന
രെ സമീപിക്കാതെ, സ്വയം ക്ലേശ
ക്കാതെ സന്തോഷിക്കുന്ന അല്പമായതു
ധാരാളമാണെന്നുകരുതുക എന്നാണു
സന്തോഷത്തെസംബന്ധിച്ചു് ഗുരു
വൻ ഉപദേശിക്കുന്നതു്. ധനത്തിനു
വേണ്ടി അമിതപ്രയത്നം ചെയ്യുന്നവ
ന്റെ ജീവിതം ധനത്തിനുവേണ്ടിയ
ല്ലാതെ ധനം ജീവിതത്തിനുവേണ്ടി
യാകുന്നതല്ല, നിങ്ങളുടെ ആവശ്യ
ത്തിനും സൗഭാഗ്യത്തിനും ഉള്ള മാർ
ഗ്ഗമല്ലാതെ ധനം അതിന്റെ ലക്ഷ്യ
മാകരുതു്.

ഒരു തോട്ടക്കാരന്റെ സ്നേഹം സ
മ്പാദിച്ചാൽ തോട്ടത്തിലെ വിഭവ
ങ്ങളും നിങ്ങൾക്കു കിട്ടും. അതുപോ
ലെ സർവ്വലോകസ്രഷ്ടാവും നിയന്താ
വുമായ ജഗദീശ്വരനുമായി സ്നേഹ
ബന്ധത്തിലേർപ്പെട്ടാൽ പ്രകൃതിയുടെ
സകല അനുഗ്രഹങ്ങളും നിങ്ങളുടേ
താകും. ഗുരുദേവൻ ഉപദേശിക്കുന്ന
തു് നിങ്ങൾ ഈശ്വരനു് സ്വയം
അർപ്പിക്കുക എന്നാണു്. നിങ്ങളുടെ
ശരീരവും ധനവും അദ്ദേഹത്തിനു
ആവശ്യമില്ല; നിങ്ങളുടെ മനസ്സുകൊ
ണ്ടുള്ള സേവമതിയാകും മനസ്സു
ഈശ്വരനും, ശരീരവും ധനവും ലോ
കത്തിനും സമർപ്പിക്കുക. നിങ്ങളു
ടെ മനസ്സു് ആരും ആവശ്യപ്പെടാ
നില്ലല്ലോ. ശരീരമോ ധനമോ
ആണു് അന്യർ ആവശ്യപ്പെടുന്നതു്
മനസ്സു് ഈശ്വരനിൽ അർപ്പിക്കുക.
അങ്ങനെ ശരീരവും ധനവും ലോക
ത്തിനും മനസ്സു് ഈശ്വരനുമായി വി
ഭജിക്കുന്നപക്ഷം ഇഹലോകസൗഖ്യ
ങ്ങളും അനുഭവിക്കുന്നതിനും ഈശ്വര
സാക്ഷാൽക്കാരം പ്രാപിക്കുന്നതിനും
നിങ്ങൾക്കു സാധ്യമാകും.

ഒരു ഭരണകൂടത്തിന്റെ കർത്തവ്യ
ത്തെസംബന്ധിച്ചുള്ള ഗുരുദേവന്റെ
അഭിപ്രായം ശാസ്ത്രങ്ങൾ അനുസരി
ച്ചു് ഒരു നല്ല ജീവിതം നയിക്കുന്നതി
നു് വ്യക്തിയെ സഹായിക്കുകയായി
രിക്കണം ഭരണത്തിന്റെ നയം എ
ന്നാണു്. വ്യക്തിക്കും സമൂഹത്തിനും
സൗഭാഗ്യവും ശാന്തിയും നൽകുന്ന
മാർഗ്ഗമാണു് ശാസ്ത്രങ്ങളിൽ അനുശാ
സിച്ചിട്ടുള്ളതു്.

ക്കുകയില്ല. നിങ്ങൾക്കിഷ്ടമായാലും ഇല്ലെങ്കിലും അതു് കൈവിട്ടുപോകും. അതുകൊണ്ടു് നിങ്ങളെ വഞ്ചിച്ചു് വലതും നിങ്ങളുടെപക്കൽനിന്നു് അപഹരിക്കുകയാണെങ്കിൽ അതു നിങ്ങളിൽനിന്നു പോകേണ്ടതാണെന്നും, അന്യനുള്ളതാണെന്നും കരുതിക്കൊള്ളുക; വഞ്ചിക്കപ്പെട്ട എന്നുകരുതി ക്ലേശിക്കരുതു്. നിങ്ങളുടേതു് നിങ്ങൾക്കതന്നെയിരിക്കും. അതു് ആക്രമം കൊണ്ടുപോകാവതല്ലെന്നു നിശ്ചയം. അന്യരെ വഞ്ചിച്ചുണ്ടാക്കുന്ന മുതൽ നിങ്ങളുടെ ചാരെപോടുമുള്ളവർ അനുഭവിക്കും; പക്ഷേ നിങ്ങൾ ചെയ്ത പാപത്തിന്റെ ഫലം നിങ്ങൾതന്നെ അനുഭവിക്കുകയുംചെയ്യും. അതുകൊണ്ടു പാപഭാരം വർദ്ധിപ്പിച്ചു് ഭാവിയിലേയ്ക്കു് ക്ലേശവും അപമാനവും സമ്പാദിക്കാതിരിക്കുക.

ഗൃഹസ്ഥാശ്രമികളോടുള്ള ഉപദേശം

ആഗ്രഹങ്ങളെ അടക്കുക, എന്നാണു് ഗുരുദേവൻ ഗൃഹസ്ഥാശ്രമികളോടു് ഉപദേശിച്ചതു്. ആഗ്രഹങ്ങൾ വർദ്ധിക്കുകയാണെങ്കിൽ അവയെല്ലാം ജീവിതകാലത്തു സഫലമാകുകയില്ല. ചില ആശകൾ അവശേഷിപ്പിച്ചശേഷം നിങ്ങൾ ഇഹലോകവാസം വെടിയേണ്ടിവരുന്നു. അതുകൊണ്ടു് ആഗ്രഹങ്ങൾ വർദ്ധിപ്പിക്കാതെ

മത്സ്യങ്ങളുടെ ജീവിത വൈചിത്ര്യങ്ങൾ



— കല്ലുവിള S. M. നായർ, കാലടി, തിരുവനന്തപുരം —

പ്രകൃതിയിലുള്ള ജന്തുക്കളെപ്പറ്റി വളരെ പരിമിതമായ ഒരറിവുമാത്രമേ നമുക്കുള്ളൂ. അത്ഭുതകരങ്ങളായ അനവധി വൈചിത്ര്യങ്ങൾകൊണ്ടു നിറഞ്ഞതാണു പ്രകൃതി. നമ്മുടെ പരിസരങ്ങളിൽത്തന്നെ നിസ്സാരങ്ങളായി കരുതാവുന്ന എത്രയോ ജന്തുക്കളെ നാം കാണുന്നു; എന്നാൽ അവയെപ്പറ്റി സൂക്ഷ്മമായി നിരീക്ഷണം നടത്തുകയാണെങ്കിൽ രസകരങ്ങളായ പല ജീവിതവൈചിത്ര്യങ്ങളും നമുക്കു മനസ്സിലാക്കാൻ സാധിക്കും.

മത്സ്യങ്ങൾ കരയിൽ സഞ്ചരിക്കുമെന്നും വായുവിൽ പറക്കുമെന്നും മറ്റും പറഞ്ഞാൽ അതാരെങ്കിലും വിശ്വസിക്കുമോ? Anabas Scandens എന്ന മത്സ്യം കുളത്തിൽനിന്നും കരയ്ക്കുകയറി സമീപത്തുള്ള മരത്തിൽ കയറുന്നതായി Daldrof എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിട്ടുണ്ട്. മരത്തിലുള്ള പൂച്ചികളെ പിടിക്കുന്നതിനും ഇലകളിലുംമറ്റും കെട്ടിനില്ക്കുന്ന ശുദ്ധജലം കുടിക്കുന്നതിനുമായിരിക്കും അപ്രകാരം ചെയ്യുന്നതെന്നു വിശ്വസിക്കപ്പെടുന്നു.

പറക്കുന്ന മത്സ്യങ്ങളെപ്പറ്റി കേട്ടിട്ടുണ്ടോ? സമുദ്രത്തിൽ ജീവിക്കുന്ന ഒരുതരം മത്സ്യങ്ങളും ചിലപ്പോൾ പറക്കാറുണ്ട്. Exocetus എന്ന വർഗ്ഗത്തിൽപ്പെടുന്നവയാണ് ഈ "പറക്കുംമീനുകൾ.' അവയുടെ കൈകളുടെ സഹായത്തോടുകൂടിയാണ് പറന്നു വിസ്തരിക്കുവാൻ തീരുമാനിച്ചിട്ടുള്ളവയായി തീരുന്നു. മറ്റു വലിയ മത്സ്യങ്ങൾ ഇവയെ പിടിക്കുന്നതിനായി സമീപിക്കുമ്പോൾ ജീവരക്ഷയ്ക്കുവേണ്ടി ഇവ പെട്ടെന്നു വായുവിൽ പൊങ്ങി, പറന്നു, സുരക്ഷിതമായ സ്ഥാനത്തു ചെന്നുതന്നെ വീഴുന്നു. ഇവയുടെ ഒന്നുകാലടിയോളം നീളം കാണും. 3000 അടിയോളം ഉയരത്തിൽ പറക്കുവാൻ കഴിവുള്ള മത്സ്യങ്ങളുണ്ട്. ഒരു രസത്തിനുവേണ്ടിയും മത്സ്യങ്ങൾ ചിലപ്പോൾ പറക്കാറുണ്ട്. ഇവ കൂട്ടംകൂട്ടമായി പറക്കുന്നതു കാണാം.

രസകരമായ ജീവിതരീതികളുള്ള പല മത്സ്യങ്ങളുമുണ്ട്. യൂറോപ്പിലെ നദികളിൽ, വിശേഷസ്വഭാവമുള്ള ഒരുതരം മത്സ്യങ്ങളുണ്ട്. പ്രസ്തുവർഗ്ഗത്തിൽപ്പെട്ട മത്സ്യങ്ങൾ മുട്ടയിടുവാൻ ഏകദേശം 8—10 കൊല്ലം വേണം. പ്രായപൂർത്തിയായിക്കഴിഞ്ഞാൽ ഈ മത്സ്യങ്ങൾ കൂട്ടംകൂട്ടമായി നദീമുഖത്തുകൂടി കടലിൽ പ്രവേശിക്കുന്നു. അറേബ്യൻ കടലിൽക്കൂടി അതിവേഗത്തിൽ ഏകദേശം 4000 മൈൽ സഞ്ചരിച്ചു ബർമുഡാ (Bermude) ദ്വീപുകളുടെ സമീപത്തെത്തുന്നു. ഇവിടെവച്ചുതന്നെ പ്രജനം (Fertilisation) നടക്കുന്നു. മുട്ടയിട്ടതിനുശേഷം അമ്മത്സ്യങ്ങൾ അവിടെത്തന്നെ ചത്തൊടുങ്ങും. മുട്ടയിൽനിന്നും വിരിയുന്ന ലാർവാകൾ സമുദ്രതരംഗങ്ങളെ പഴയ നദീമുഖത്തെത്തുന്നു. ഇതിന് ഏതാണ്ടു രണ്ടു വർഷം വേണ്ടിവരും. നദിയിലെത്തുമ്പോഴേയ്ക്കും ചെറിയ മത്സ്യങ്ങളായി വളർന്നുകഴിഞ്ഞിരിക്കും. പ്രായപൂർത്തിയായിക്കഴിഞ്ഞാൽ അവയും മുട്ടയിടാനായി, "ഇങ്ങിനി വരാം തവണ്ടേ" എന്നുള്ള ആ യാത്ര ആരംഭിക്കും. ഇങ്ങനെ പരമ്പരാഗതമായ സ്വഭാവവിശേഷമുള്ള മത്സ്യങ്ങളുണ്ട്.

മുട്ടയിടാനായി, പക്ഷികളെപ്പോലെ കൂട്ടംകൂട്ടമായി പറന്നുപോകുന്ന ചില മത്സ്യങ്ങളുണ്ട്. യൂറോപ്യൻസമുദ്രത്തിലുള്ള Gasterosteus എന്ന മത്സ്യങ്ങളും ഈ ജാതിയിൽപ്പെട്ടവയാണ്. പ്രായപൂർത്തിയായ ആൺമത്സ്യം കുറുകിയും ജലസസ്യങ്ങളുംകൊണ്ടു ഒരു കൂടുണ്ടാക്കുന്നു. ഒരു പ്രവേശനദ്വാരം മാത്രമുള്ള ഒരു വീടിന്റെ രൂപമാണിതിന്.

മത്സ്യങ്ങൾ മരത്തിൽ കയറുമെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? Anabas Scandens എന്ന മത്സ്യം കുളത്തിൽനിന്നും കരയ്ക്കുകയറി സമീപത്തുള്ള മരത്തിൽ കയറുന്നതായി Daldrof എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചിട്ടുണ്ട്. മരത്തിലുള്ള പൂച്ചികളെ പിടിക്കുന്നതിനും ഇലകളിലുംമറ്റും കെട്ടിനില്ക്കുന്ന ശുദ്ധജലം കുടിക്കുന്നതിനുമായിരിക്കും അപ്രകാരം ചെയ്യുന്നതെന്നു വിശ്വസിക്കപ്പെടുന്നു.

പറക്കുന്ന മത്സ്യങ്ങളെപ്പറ്റി കേട്ടിട്ടുണ്ടോ? സമുദ്രത്തിൽ ജീവിക്കുന്ന ഒരുതരം മത്സ്യങ്ങളും ചിലപ്പോൾ പറക്കാറുണ്ട്. Exocetus എന്ന വർഗ്ഗത്തിൽപ്പെടുന്നവയാണ് ഈ "പറക്കുംമീനുകൾ.' അവയുടെ കൈകളുടെ സഹായത്തോടുകൂടിയാണ് പറന്നു വിസ്തരിക്കുവാൻ തീരുമാനിച്ചിട്ടുള്ളവയായി തീരുന്നു. മറ്റു വലിയ മത്സ്യങ്ങൾ ഇവയെ പിടിക്കുന്നതിനായി സമീപിക്കുമ്പോൾ ജീവരക്ഷയ്ക്കുവേണ്ടി ഇവ പെട്ടെന്നു വായുവിൽ പൊങ്ങി, പറന്നു, സുരക്ഷിതമായ സ്ഥാനത്തു ചെന്നുതന്നെ വീഴുന്നു. ഇവയുടെ ഒന്നുകാലടിയോളം നീളം കാണും. 3000 അടിയോളം ഉയരത്തിൽ പറക്കുവാൻ കഴിവുള്ള മത്സ്യങ്ങളുണ്ട്. ഒരു രസത്തിനുവേണ്ടിയും മത്സ്യങ്ങൾ ചിലപ്പോൾ പറക്കാറുണ്ട്. ഇവ കൂട്ടംകൂട്ടമായി പറക്കുന്നതു കാണാം.

രസകരമായ ജീവിതരീതികളുള്ള പല മത്സ്യങ്ങളുമുണ്ട്. യൂറോപ്പിലെ നദികളിൽ, വിശേഷസ്വഭാവമുള്ള ഒരുതരം മത്സ്യങ്ങളുണ്ട്. പ്രസ്തുവർഗ്ഗത്തിൽപ്പെട്ട മത്സ്യങ്ങൾ മുട്ടയിടുവാൻ ഏകദേശം 8—10 കൊല്ലം വേണം. പ്രായപൂർത്തിയായിക്കഴിഞ്ഞാൽ ഈ മത്സ്യങ്ങൾ കൂട്ടംകൂട്ടമായി നദീമുഖത്തുകൂടി കടലിൽ പ്രവേശിക്കുന്നു. അറേബ്യൻ കടലിൽക്കൂടി അതിവേഗത്തിൽ ഏകദേശം 4000 മൈൽ സഞ്ചരിച്ചു ബർമുഡാ (Bermude) ദ്വീപുകളുടെ സമീപത്തെത്തുന്നു. ഇവിടെവച്ചുതന്നെ പ്രജനം (Fertilisation) നടക്കുന്നു. മുട്ടയിട്ടതിനുശേഷം അമ്മത്സ്യങ്ങൾ അവിടെത്തന്നെ ചത്തൊടുങ്ങും. മുട്ടയിൽനിന്നും വിരിയുന്ന ലാർവാകൾ സമുദ്രതരംഗങ്ങളെ പഴയ നദീമുഖത്തെത്തുന്നു. ഇതിന് ഏതാണ്ടു രണ്ടു വർഷം വേണ്ടിവരും. നദിയിലെത്തുമ്പോഴേയ്ക്കും ചെറിയ മത്സ്യങ്ങളായി വളർന്നുകഴിഞ്ഞിരിക്കും. പ്രായപൂർത്തിയായിക്കഴിഞ്ഞാൽ അവയും മുട്ടയിടാനായി, "ഇങ്ങിനി വരാം തവണ്ടേ" എന്നുള്ള ആ യാത്ര ആരംഭിക്കും. ഇങ്ങനെ പരമ്പരാഗതമായ സ്വഭാവവിശേഷമുള്ള മത്സ്യങ്ങളുണ്ട്.

മുട്ടയിടാനായി, പക്ഷികളെപ്പോലെ കൂട്ടംകൂട്ടമായി പറന്നുപോകുന്ന ചില മത്സ്യങ്ങളുണ്ട്. യൂറോപ്യൻസമുദ്രത്തിലുള്ള Gasterosteus എന്ന മത്സ്യങ്ങളും ഈ ജാതിയിൽപ്പെട്ടവയാണ്. പ്രായപൂർത്തിയായ ആൺമത്സ്യം കുറുകിയും ജലസസ്യങ്ങളുംകൊണ്ടു ഒരു കൂടുണ്ടാക്കുന്നു. ഒരു പ്രവേശനദ്വാരം മാത്രമുള്ള ഒരു വീടിന്റെ രൂപമാണിതിന്.

(4-ാംപേജിൽനിന്നുതുടർച്ച)

ഈയിടെ ജർമ്മനിസന്ദർശിച്ച മി: ഈവർ പുണ്ടിക്കാണിക്കുന്നു. * ഹാംബർഗ്ഗ്, മ്യൂനിച്ച്, കൊളോൺ മുതലായവ അദ്ദേഹം ഉദാഹരണമായ്ത്തന്നെടുത്തുപറയുന്നു. ഹാംബർഗ്ഗിൽ യുദ്ധത്തിനുമുമ്പു 6 ലക്ഷം ഭവനങ്ങളുണ്ടായിരുന്ന യുദ്ധം ഇവയിൽ പകുതിയും ചുട്ടെരിച്ചു. ഇപ്പോൾ അതിൽ പകുതി ($1\frac{2}{1}$ ലക്ഷം) കേടുപാടുതീർത്തു നന്നാക്കപ്പെട്ടുകയോ പുനർനിർമ്മിക്കപ്പെട്ടുകയോ ചെയ്തിട്ടുണ്ട്. ഹാംബർഗ്ഗ് യുദ്ധപൂർവ്വസ്ഥിതിയിലെത്താൻ ഇനിയുമൊരു 10 വർഷം വേണ്ടിവരുമെന്നാണ് മി. ഈവറുടെ അഭിപ്രായം. അഭയാർത്ഥിപ്രവാഹം ഈ പ്രശ്നത്തെ കൂടുതൽ ഗുരുതരമാക്കിത്തീർക്കുന്നുണ്ട്. യുദ്ധത്തിനുശേഷം പൂർവ്വജർമ്മനിയിൽനിന്നു പുറത്താക്കപ്പെട്ട 10 ലക്ഷംപേർ അഭയാർത്ഥികളായി പശ്ചിമജർമ്മനിയിലെത്തീട്ടുണ്ട് ഇപ്പോഴും വർഷംപ്രതി 2 ലക്ഷം പേർ എന്ന തോതിൽ വന്നുകൊണ്ടിരിക്കുന്നുണ്ടത്രെ! ഇവർക്കെല്ലാം ഭക്ഷണവും വസ്ത്രവും നൽകേണ്ടതുമുണ്ടല്ലോ. വല്ല തൊഴിലും ഏർപ്പെടുത്തിക്കൊടുക്കുകയുംവേണം. കൃഷിപ്രദേശങ്ങൾ അധികവും പൂർവ്വജർമ്മനിയിലാണെന്നതാണ് മറ്റൊരു വിഷമം. തന്നിമിത്തം പശ്ചിമജർമ്മനിക്ക് ഭക്ഷ്യധാന്യങ്ങൾ പുറമെ നിന്നാക്കേണ്ടതിവശ്യമാണ്. വ്യവസായാഭിവൃദ്ധിതന്നെ സാമ്പത്തിക മല്ല. കൽക്കരി, ഉരുക്ക് എന്നീ വ്യവസായങ്ങളിൽ ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. തൊഴിലാളികളുടെ സ്ഥിതിയും ഭേദപ്പെടുത്തേണ്ടതുണ്ട്. കൃഷിനവീകരിക്കേണ്ടത്യാവശ്യമായിത്തീർന്നിട്ടുണ്ട്. വിദേശവ്യാപാരകാര്യത്തിൽ യുദ്ധപൂർവ്വനില ഇനിയും കൈവന്നിട്ടില്ല. 1937-ൽ ലോകത്തിലെ വൈദ്യുതിസംഘികോല്പന്നങ്ങളുടെ കയറ്റുമതിവ്യാപാരത്തിൽ 24 ശതമാനം ജർമ്മനിക്കുണ്ടായിരുന്നു; ഇപ്പോൾ 14 ശതമാനം മാത്രമാണുള്ളതു".

ജർമ്മനിയുടെ ഏകീകരണം സാധിക്കാതെ മേല്പറഞ്ഞ പ്രശ്നങ്ങളെല്ലാം പരിപൂർണ്ണമായി പരിഹരിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല. ഏതായാലും ജർമ്മൻകാർ ആരെയും കൈവെടിഞ്ഞിട്ടില്ല. രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിൽ അവർ കാണിക്കുന്ന സ്ഥിരോത്സാഹവും അവർചെയ്യുന്ന കഠിനാദ്ധ്വാനവും നമുക്കെന്നും പാഠമായിത്തീരേണ്ടതാണ്".

* West Germany Revisited - W. N. Ewen: The Illustrated Weekly of India May, 15, 1955.

ഗുരുദേവന്റെ ഉപദേശങ്ങളും ഈ ദിശയിൽ ആയിരുന്നു. പ്രായോഗികജീവിതത്തിന് സഹായകമായ അവ എത്രയും ലളിതമായ ഭാഷയിൽ അദ്ദേഹം പറഞ്ഞുകൊടുത്തുവന്നു. മതതത്ത്വങ്ങളെപ്പറ്റിയുള്ള ഗഹനമായ വാദപ്രതിവാദങ്ങളിൽ അദ്ദേഹം ഏർപ്പെടാറില്ലായിരുന്നു. നിത്യജീവിതത്തിനുപയോഗപ്രദമായ കാര്യങ്ങൾ സാധാരണമനുഷ്യനു ഗ്രഹിക്കാവുന്ന ഭാഷയിൽ ഉദാഹരണസഹിതം അദ്ദേഹം പറഞ്ഞുകൊടുക്കുകയാണ് ചെയ്യുവന്നതു". വിദ്വൽശിരോമണികളും സ്മൃതിസൂക്തികളോടുപമിക്കാവുന്നതുമായ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും സാമാന്യമനുഷ്യനു നിത്യജീവിതത്തിൽ മാർഗ്ഗനിർദ്ദേശം നൽകുന്ന ചെപ്പുപാഠങ്ങളായിരുന്നു. അവയെ അനുകരിച്ചു ലക്ഷ്യപ്രാപ്തിയിലെത്തുന്നതിനു അനായാസേന സാധിക്കുന്നതുമാണ്".

ശങ്കരാചാര്യരുടെ ഉന്നതപീഠത്തിൽ ഉപവിഷ്ടനായിരുന്ന ഗുരുദേവൻ ബുദ്ധനെപ്പോലെ പ്രായോഗികജീവിതതത്ത്വങ്ങളിൽക്കൂടി വിജ്ഞാനം വിതരണംചെയ്തുവന്നു. ഒരു വ്യത്യാസമേ കാണാൻകഴിഞ്ഞുള്ളൂ: ഗുരുദേവൻവേദങ്ങളെയും ശാസ്ത്രങ്ങളെയും ആണ് ആധാരമാക്കിയിരുന്നതു", കരുണകാണ്ഡം, ഉപാസനകാണ്ഡം, ധ്യാനകാണ്ഡം എന്നിവ മൂന്നിനേയും സംയോജിപ്പിച്ചുള്ള സനാതനധർമ്മത്തിന്റെ പുനഃപ്രതിഷ്ഠാപനമായിരുന്നു. സകലനന്മകളുടേയും ഇരിപ്പിടമായിരുന്ന ഗുരുദേവൻ. ജീവതപ്രതിഷ്ഠനിന്ന സനാതനമായ ബ്രഹ്മതത്ത്വംപ്രാപിച്ച ഒരു മഹാത്മാവായിരുന്നു അദ്ദേഹം. പൂർവ്വകാലത്തെ ഋഷീശ്വരന്മാരെപ്പറ്റിയും അവരുടെ അത്ഭുതകൃത്യങ്ങളെപ്പറ്റിയും നാം കേട്ടിട്ടുണ്ട്. അപൂർവ്വകാരുണ്യമുള്ള ഒരു യോഗി, ജ്ഞാനി, ജീവന്മുക്തൻ ആയിരുന്നു ഗുരുദേവൻ. ജനങ്ങൾക്കു മാർഗ്ഗദർശനംനൽകുന്നതിനായി അദ്ദേഹം ഒരു ആദർശജീവിതം നയിച്ചു. അദ്ദേഹത്തിന്റെ ജീവിതം ഉന്നതാദർശങ്ങളുടെ സാക്ഷാല്ക്കാരമായിരുന്നു—ശ്രീരാമന്റേതുപോലെ മനുഷ്യന്റെ ആദർശങ്ങൾ പ്രകടമാക്കുന്ന ഒരു ധന്യജീവിതം. അദ്ദേഹത്തിന്റെ ചിത്രം നിത്യമെന്നോണം ഉന്നതജീവിതത്തിനു പ്രോത്സാഹനംനൽകുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങളും ഉന്നതജീവിതത്തിനു മാർഗ്ഗദർശനംനൽകുന്നു.

ഒരു തെലുങ്കു കവിത

★

— ടി. വി. കുഞ്ഞികൃഷ്ണൻ —

ആന്ധ്രകവിതാപിതാമഹൻ എന്ന പേരിലറിയപ്പെടുന്ന അല്ലസാനി പെദ്ദനയുടെ 'മനുചരിതം' എന്ന കാവ്യത്തിലെ രണ്ടു ശ്ലോകത്തിന്റെ സ്വതന്ത്രതർജ്ജമയാണ് ചുവടെ കൊടുക്കുന്നത്.

മാർക്കണ്ഡേയപുരാണത്തിൽനിന്നെടുത്ത 'മനുചരിതത്തിലെ ഇതിവൃത്തം പതിനാലുമനുക്കളിൽ ഒരാളായ സുരോചിഷമനുവിന്റെ ജനനമാണ്.

ജന്മസിദ്ധമായിൽനിന്നുലഭിച്ച വരബലവുമായി പ്രവരനെന്ന ഒരു ബ്രാഹ്മണയുവാവ് ഹിമാലയത്തിലേക്കു പോകുന്നു. അവിടെ സഞ്ചരിക്കുമ്പോൾ വരത്തിന്റെ ശക്തി ക്ഷയിച്ചുപോവുകയും തിരിച്ചുവരാനുള്ള കഴിവ് പ്രവരന് നഷ്ടപ്പെടുകയും ചെയ്യുന്നു.

ഈ സന്ദർഭത്തിൽ വത്സ്രഥിനി എന്ന സുന്ദരിയായ ഒരു ഗന്ധർവ്വസ്ത്രീ അവനെ കാണുകയും അവനിൽ അനുരക്തയാവുകയും ചെയ്യുന്നു. എന്നാൽ ധർമ്മനിഷ്ഠനായ പ്രവരൻ അവളുടെ പ്രലോഭനങ്ങൾക്ക് വശംവദനാകാതെ അഗ്നിദേവന്റെ സഹായത്തോടുകൂടി തിരിച്ചുപോരുന്നു.

വത്സ്രഥിനിയിൽ അനുരക്തനാണെങ്കിലും അവളാൽ തൃജിക്കപ്പെട്ട ഒരു ഗന്ധർവ്വൻ ഈ വിവരമറിഞ്ഞു, സൂത്രത്തിൽ പ്രവരന്റെ വേഷംധരിച്ച് വത്സ്രഥിനിയെ വശീകരിക്കുന്നു. അവർക്ക് ജനിക്കുന്ന പുത്രനാണ് സ്വരോചിഷമനുവിന്റെ അച്ഛനായ സ്വരോചിഷൻ.

നാനൂറുകൊല്ലംമുമ്പ് ജീവിച്ച അല്ലസാനിപെദ്ദനയുടെ ഈ കൃതിയ്ക്ക് കാളിദാസന്റെ 'കുമാരസംഭവ'ത്തോട് ഒരു കാര്യത്തിൽ വലിയ സാമ്യമുണ്ട്. 'കുമാരസംഭവ'ത്തിൽ കുമാരനെക്കാളേറെ നമ്മെ ആകർഷിക്കുന്നത് ശിവനും പാർവ്വതിയുമാണല്ലോ. അതുപോലെ 'സ്വരോചിഷമനുസംഭവ'(മനുചരിതം)ത്തിൽ മനുവിനേക്കാളും ആകർഷകമായിരിക്കുന്നത് പ്രവരനും വത്സ്രഥിനിയുമാണ്.

പ്രവരനെ വത്സ്രഥിനി ആദ്യം കാണുന്ന ഭാഗമാണ് ഇവിടെ തർജ്ജമചെയ്തിരിക്കുന്നത്. 'പ്രഥമദർശനത്തിലെ പ്രണയം' തെലുങ്കിലും മലയാളത്തിലും എന്താണ്ടു ഒരുപോലെയാണ് നമ്മുടെ പഴയ കവികൾ ചിത്രീകരിച്ചിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും.

വിടർന്നുവളരുന്ന
നീലത്താമരക്കണ്കളും
ചെറുതെന്നിമുഖത്തിന്റെ
കാന്തിപുഞ്ജിമയെങ്ങും
കുണുങ്ങിവരുന്ന തനുവി-
ലപ്പെയ്തിടയ്ക്കൊരു
ഭ്രമരൻ സുകുമാരൻ
നളകുബേരതുല്യൻ
ഹൃദയത്തിങ്കലാരേ
കടന്നതുള്ളിടവേ
അവനിതൻ സമുന-
തമവിടം സന്ത്യസിച്ചു

നുള്ളത്. കുട്ടനാട്ടിലെങ്ങിനിന്നാൽ ആൺമത്സ്യം ഒരു പെൺമീനിനെ വിളിച്ചുകൊണ്ടുവന്ന താമസിക്കുന്നു. മുട്ടയിട്ടുകഴിഞ്ഞാൽ പെൺമത്സ്യം അവിടെനിന്നും കടന്നുകളയും. വീണ്ടും ആൺമത്സ്യം പുതിയ പുതിയ കുട്ടുകാരികളെ കൊണ്ടുവന്നു പാർപ്പിക്കും. അവസാനം ആ കൂട്ടിൽ കുറെയധികം മുട്ടകളും ഒരു പിതാവുംമാത്രം ശേഷിക്കും. മുട്ടകളെ സൂക്ഷിച്ചുകൊണ്ട് ആ പിതാവു് അവിടെ കഴിഞ്ഞുകൂടും. മുട്ടകൾ വിരിഞ്ഞുണ്ടാകുന്ന ചെറുമത്സ്യങ്ങൾ വലുതാകുന്നതുവരെ ആണിന്റെ പുറകേ സഞ്ചരിക്കും.

പെൺമത്സ്യങ്ങളാണ് സാധാരണയായി കൂട്ടുതൽ സ്വാതന്ത്ര്യമനുഭവിക്കുന്നതു്. മുട്ടസൂക്ഷിക്കുക, കുഞ്ഞുങ്ങളെ വളർത്തുക ഇവയൊക്കെ, മിക്കവാറും, ആണിന്റെ ജോലിയാണ്. ചില മത്സ്യങ്ങളുടെ പുറത്തു് ഒരു ചെറിയ കുഴികാണാം. അതിലാണ പെൺമത്സ്യം മുട്ട നിക്ഷേപിക്കുന്നതു്. മുട്ട വിരിയുന്നതുവരെ അതിനെ കൊണ്ടുനടക്കുന്നതു പാവപ്പെട്ട ആൺമത്സ്യമാണ്. തേഡ് (Arius) എന്ന ജാതിയിൽപ്പെട്ട ആൺമത്സ്യങ്ങളും അവയുടെ വായ്ക്കകത്താണ് മുട്ടകളും കൊണ്ടുനടക്കുന്നതു്. മുട്ടവിരിഞ്ഞു കുഞ്ഞുങ്ങളാകുന്നതുവരെ ഇവ ആഹാരം കഴിക്കുകയില്ല.

ഇങ്ങനെ മത്സ്യങ്ങളിൽത്തന്നെ പല അത്ഭുതകരങ്ങളായ വൈചിത്ര്യങ്ങളുമുണ്ട്. ആഴിയുടെ അന്തരാളത്തിലും അനന്തമായ അംബരമദ്ധ്യത്തിലും നടക്കുന്ന കാര്യങ്ങളെപ്പറ്റി നമുക്ക് അധികമൊന്നുമറിഞ്ഞുകൂടാ. ശാസ്ത്രത്തിന്റെ പുരോഗതിയോടുകൂടി നമുക്ക പ്രകൃതിയെപ്പറ്റി കുറച്ചൊക്കെ പഠിക്കാൻകഴിഞ്ഞിട്ടുണ്ട്. അദൃശ്യങ്ങളായ ഏകകോശകജീവികളേയും (One celled animals) സമുദ്രത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന വലുതും ചെറുതുമായ ജന്തുക്കളേയും പഠിച്ചു മനസ്സിലാക്കുക വളരെ രസകരമായ സംഗതിയാണ്. ജീവിതസമരങ്ങളും പ്രണയനാടകങ്ങളുമെല്ലാം അവിടെയും അഭിനയിക്കപ്പെടുന്നുണ്ട്. അവയിൽ ചിലതിനെപ്പറ്റി ഇനിയൊരവസരത്തിൽ പ്രസ്താവിക്കാം.

★

പ്രയാഗ

(ഒരു വിശദീകരണം)

★

ടി. എസ്. അനന്തസുബ്രഹ്മണ്യം

ഇടവം 31-ാംനു തന്നെ അഴീപ്പതിപ്പിൽ പ്രയാഗയെപ്പറ്റി ശ്രീ: പുത്തേഴത്തുരാമൻമേനവൻ എഴുതിയ ലേഖനം ഞാൻ ശ്രദ്ധാപൂർവ്വം വായിച്ചു. അതിൽ ഒന്നുരണ്ടു സ്ഥലങ്ങളിൽ അനുഭവത്തിനു വിരോധമായി ചില സംഗതികൾ കണ്ടതുകൊണ്ട് രണ്ടു വാചകം പറവാൻ പുറപ്പെട്ടതാണു.

ഞാൻ പത്നീസമേതനായി 1948 ഡിസംബർമാസത്തിലും 1954 ലെ കുംഭമേളാവസരത്തിലും കാശി, ഗയ, പ്രയാഗ എന്ന സ്ഥലങ്ങളിൽചെന്ന് സ്നാനകർമ്മങ്ങൾ ചെയ്തുവന്നു. 1954-ലെ മകരസംക്രന്തിക്കാണ് ഞങ്ങൾ ത്രിവേണിയിൽ സ്നാനംചെയ്തതു. അന്ന് യാതൊരുവിധ ദീനരങ്ങളും ഉണ്ടായിട്ടില്ല. നഗ്നസന്ന്യാസികളായ നാഗവർഗ്ഗക്കാരുടെ ഘോഷയാത്രയും അന്നുണ്ടായിരുന്നു. അത്യാഹിതം സംഭവിച്ചതു 1954 ലെ ഫെബ്രുവരിമാസത്തിൽ ശിവരാത്രിസമയത്തുണ്ടായ മേളമഹോത്സവകാലത്തായിരുന്നു അന്ന് എന്റെ ഒരു മകൾ മേളയിൽ കുടുംബമായി പോയിരുന്നു. ഈശ്വരാനുഗ്രഹംകൊണ്ട് അവൻ രക്ഷപ്പെട്ടുവെന്നു് അറിയുന്നതുവരെ മനസ്സിനു സമാധാനമുണ്ടായിരുന്നില്ല.

അക്ഷയവടവൃക്ഷം എന്നു പറയപ്പെടുന്ന ഒരു ആൽവൃക്ഷം അലഹബാദിലെ കോട്ടയ്ക്കുള്ളിൽ ഉള്ളതു ശരിയാണു്, പക്ഷേ, അവിടെ ആരും പിണ്ഡംവെച്ചുവരുന്നതു കണ്ടിട്ടില്ല. ത്രിവേണിസംഗമസ്ഥാനത്തു് മുണ്ഡനചെയ്തു്, സ്നാനത്തിനുമുമ്പുള്ള സങ്കല്പങ്ങളും മന്ത്രപൂർവ്വംചെയ്തു്, സ്നാനംചെയ്തു ഇയാൻമാരിൽ അടുത്തുള്ള കോട്ടയിൽ ഒന്നു പുറത്തിനടന്നു് അവരവരുടെ വസതികളിലേയ്ക്കു് മടങ്ങുന്നതാണു് കണ്ടതു്. അതിന്റെ ഉള്ളിൽ ശിവലിംഗത്തിനുപുറമേ പാഞ്ചോന്ധവന്മാരുടെ വിഗ്രഹങ്ങളുമുണ്ടു്. അവിടെയും ഭക്തന്മാർ പൂജാദികർമ്മം നടത്തിവരുന്നതു് കാണുകയുണ്ടായി.

ഭക്ഷണസാധനങ്ങളിൽ ഏതെങ്കിലും ഒന്നിനെ അവിടെവെച്ചു് ഉപേക്ഷിക്കുന്നതായി എന്റെ അനുഭവത്തിലും അന്വേഷണത്തിലും കണ്ടുകയുണ്ടായില്ല. തങ്ങൾക്കു പ്രിയപ്പെട്ട മൂന്നുസാധനം മേലാൽ കൂട്ടുകയില്ലെന്നു് പ്രതിജ്ഞചെയ്യുന്നുള്ളതു് ഗയയിലും ഇവ വടവൃക്ഷത്തിന്റെ കീഴിൽ പിണ്ഡംവെച്ചുശേഷമാണു് നടത്തിവരുന്നുള്ളതായിട്ടു്. ഒരു കായ്, ഒരു ഇല, ഒരു പഴം ഇങ്ങനെ മൂന്നു സാധനങ്ങൾ വർജ്ജിച്ചുതായി ഗയയിലെ വടവൃക്ഷച്ചുവട്ടിൽവെച്ചു് മന്ത്രപൂർവ്വം സങ്കല്പപ്രതിജ്ഞനടത്തണം എന്നാണു് പുരോണികമതം. അവനവനു് ഏതെതു് അധികം ഭക്ഷണത്തിനു് പ്രിയമുള്ളതാണോ അതു മൂന്നുകൂട്ടം മേലാൽകൂട്ടുകയില്ലെന്നു് സത്യംചെയ്യണം. തമിഴിൽ അറിക്കീര എന്നുപറയുന്ന ഒരുവക ചീര, ഇലഞ്ചവഴം, പൊടവലങ്ങ ഇവ മൂന്നുസാധനങ്ങളാണു് മേലാൽ ഭക്ഷണംചെയ്യുകയില്ലെന്നു് ഞങ്ങൾ പ്രതിജ്ഞചെയ്തതു്. അതിൽപിന്നെ ആ സാധനങ്ങൾകൂട്ടി ഉണ്ടുകഴിച്ചിട്ടുമില്ല. ഇതാതണർ മാങ്ങളിൽവെച്ചു് ശ്രാദ്ധക്രിയചെയ്യുമ്പോൾ കൂട്ടത്തിൽ പറയാറുള്ള ഒരു മന്ത്രവുമുണ്ടു്, "അക്ഷയവടം ഗയഗയാ" എന്നു്. അതിനാൽ ശ്രാദ്ധക്രിയ നടത്തേണ്ടതു് ഗയയിലാണെന്നു് വ്യക്തമാണല്ലോ. അതിനുവേണ്ടുന്ന സൗകര്യങ്ങളും ചെയ്തുതരുന്ന ചില ശാസ്ത്രിമാരും അവിടെ താമസമുണ്ടു്.


താരുണ്യംതുടിക്കുമാ-
ലോലമാമരക്കെട്ടും
ചുരുൾമുടിക്കെട്ടും
ചലിപ്പിച്ചുലസാംഗി
ചന്തമൊഴുന്നോരു
ചെറുവെറിലിക്കൊടി
യ്ക്കന്തികമണഞ്ഞള
ചോൻനിന്നതു കൃത്യാൽ
അസ്സാധുവൈദികനൊ
രസൈരമം വഴിയാകെ
ഭാസുരനേത്രോല്പല-
പാതത്താൽ വിതാനിച്ചു
ആദ്യമങ്കുരിച്ചതാ-
മാശങ്കയനക്ഷണം
മുഗ്ദ്ധയെപ്പലേവിധ-
ചിന്താചഞ്ചലയാക്കി
എങ്കിലുമവളുടെ-
യാശകളതിർവിട്ട
വെമ്പലോടാടിടാനും
പാടാനും മുതിർന്നിതു
രമ്യംഗിതന്റെ നീണ്ട-
വിടർന്ന കടക്കണ്ണിൽ
ബിംബിച്ചു സ്നേഹാർദ്ര
മുറ്റുക്കൊള്ളും മുകിൽജാലം
അരികിൽ ദിവ്യനാമ
ദ്വിജനെക്കാൺകെത്തദാ
തരുണീനയനങ്ങളും
ചന്ദ്രിക തൂകിനിന്നു.

★

നക്ഷത്രഫലം

തകഴി, കെ. രാമവാര്യർ

13-11-1130—19-11-1130.
27-6-1955—3-7-1955.



ആസ്ഥാനത്ത് നന്ദികൊണ്ടേശ്വരത്തു നാഗരാജാനകൊണ്ടയിൽ ബുദ്ധമൈത്രേയത്തിലെ ബുദ്ധമതാവശിഷ്ടങ്ങളിലുൾപ്പെട്ട ബുദ്ധവിഗ്രഹത്തിന്റെ പാദങ്ങൾ. സംരക്ഷണാർത്ഥം ഗവൺമെൻറ് ഇതു മറ്റൊരു സ്ഥലത്തേയ്ക്കു മാറ്റുന്നതാണ്.

ആശ്വതി—നിരാശകൊണ്ടു തെല്ലും ശ്വാസമുണ്ടാക്കുവാൻ കഴിയും. ഉന്നതവ്യക്തികളുടെ സഹായം ലഭിക്കും കുടുംബജനപീഡ ഹൃദയത്തെ മഥിച്ചുകൊണ്ടിരിക്കും. ചലനഭീതിക്കിടയാകും. പതനം നേരിട്ടും.

ഭരണി—അവശതകളെക്കുറിച്ചു ചിന്തിച്ചു ക്ലേശിക്കും. അഭ്യുദയത്തിനുവേണ്ടി പല സാഹസകൃത്യങ്ങളിലും ഏർപ്പെടും. മംഗളകർമ്മത്തിൽ പങ്കെടുക്കും. മിത്രങ്ങളുടെ കാര്യത്തിൽ ദുഷ്പ്രതിയും. സന്താനങ്ങളുടെ ഹിതം പാലിക്കും.

കാർത്തിക—പ്രതീക്ഷപോലെ കാര്യങ്ങൾ പുരോഗമിക്കും. അനർഹമായ വിഷയത്തിൽ വ്യാമോഹിക്കും. അപകടകരമായ ചില അനിഷ്ടതകളും വലയുംചെയ്യും ശ്രദ്ധേഷം കോപിക്കും.

രോഹണി—വിജയത്തിനും സംതൃപ്തിക്കും അവകാശമുണ്ട്. ഏതുരംഗത്തിലും പൂർവ്വാധികം ശോഭിക്കും. വിഭിന്നങ്ങളായ ചിന്തകളും മനഃപീഡയുളവാകും. പുതിയ സഹായികളെ കണ്ടെത്തും.

മകയിരം—മൽസ്വപ്രവർത്തനങ്ങളിൽ പങ്കെടുക്കും. രാഷ്ട്രീയകാര്യങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കുമെങ്കിലും യാതൊരു കാര്യത്തിലും ആത്മാർത്ഥതകാണുകയില്ല. പല പരാതികളും വലയംചെയ്യും. ധനം കടംവാങ്ങിയും സുഖമനുഭവിക്കും.

തിരുവാതിര—നീചാപമാനങ്ങളും ഭയവും ഭരണീയരുടെ അഭിപ്രായത്തിന് വഴങ്ങികൊടുക്കും. പ്രബല വ്യക്തികളും സഹായിക്കും. സംഭ്രമവും ഭീതിയും നീങ്ങും. സഹപ്രവർത്തകരംഗം സൂക്ഷിക്കണം.

പുണർതം—അഭിലഷിതകാര്യങ്ങളിൽ പൂർണ്ണത ലഭിക്കാത്തതിൽ അല്പം നിരാശയുണ്ടാകും. ഏതു കാര്യത്തിലും അത്യധ്വാനം വേണ്ടതായി വരും. തക്ക സംതൃപ്തി കാണുകയുമില്ല. കരുതലുകളും നഷ്ടപ്പെടും.

പൂയം—മൈത്രികൊണ്ട് ചെലവുകളും ചുരുക്കുവാൻകഴിയും. കോപം കൂടുതലുണ്ടാകും. സന്താനങ്ങളുടെ ദുരിതം വല്ലാതെ ക്ലേശിപ്പിക്കും. അധ്യക്ഷന്മാരിൽനിന്നും ചില സഹായങ്ങളും ലഭിക്കും. സംശയം കൂടിവരും.

ആയില്യം—പ്രശസ്തമായ സേവനങ്ങളും നടത്തി വിജയവും തൃപ്തിയും ആർജ്ജിക്കുവാൻ സംഗതിവരും. കമ്പനിപുഷ്ടിക്കുവേണ്ടി മാറ്റപ്പെട്ടിരുന്ന ഔദ്യോഗികകാര്യം നീക്കംചെയ്യും. പ്രേമനിമിത്തം കുഴപ്പം സൃഷ്ടിക്കും.

മകം—മാന്യമായനിലയ്ക്കു കോട്ടം തട്ടും. സർക്കാർകാര്യങ്ങളിൽ അതൃപ്തിയും നിരാശയും ജനിക്കും. ബുദ്ധിശൂന്യമായ പ്രവൃത്തി നഷ്ടത്തിനിടയാക്കും. വിദ്യാഭ്യാസവിഷയത്തിൽ നല്ലപോലെ ക്ലേശിക്കും.

പൂരം—ഗൃഹജനങ്ങൾക്ക് അതൃപ്തിയും സംശയവും വളർന്നുകൊണ്ടിരിക്കും. അയോഗ്യമായ നിലപാടിൽ ഭീതിയുണ്ടാകും. ചുമതലകൾ വർദ്ധിക്കും. വിനോദങ്ങൾക്കും കൂട്ടുകൂടുവേണ്ടി വ്യയംചെയ്യും.

ഉത്രം—ഭാവികാര്യപ്രവർത്തനത്തിൽ ജാഗരൂകനായിരിക്കും. അനർത്ഥങ്ങൾ പലതും സ്വയം വലിച്ചുവെച്ച് വിഷണ്ണനായിത്തീരും. വ്യയം ചിന്താതീതമായി പരിണമിക്കും. ശത്രുക്കൾ വർദ്ധിക്കും.

അത്തം—ഏതു കാര്യവും മറച്ചുവെച്ചു സംസാരിക്കും. ശരീരത്തിനും മനസ്സിനും ക്ഷീണം തട്ടും. ദുഃഖത്തിനും ദുഷ്ചിന്തിക്കും അവസരമുണ്ടാക്കുവാൻ ചിലർ മുതിരും. ഭാഗ്യകാലം അസ്തമിച്ചിട്ടില്ല. ശനിദോഷമുണ്ടാകും.

ചിത്തിര—ധനത്തിനു തെരുക്കം ഉണ്ടായിരുന്നാലും അഭിമാനത്തിനും ആശാനിവൃത്തിക്കുമായി ദ്രവ്യം ചെയ്യുപോകും. വാസ്തവനില എപ്പോഴും മറച്ചുവെച്ചു സംസാരിക്കും. പരസ്പരം പെരുമാറ്റത്തിൽ വിശ്വാസം കുറയും. വാതപിത്തം കോപിക്കും.

ചോതി—ഭരണീയജനങ്ങളുടെ ഹിതം പ്രതീക്ഷിക്കും. സാഹചര്യത്തിനു മാറ്റമുണ്ടാകും. ഭൂതകാലചെയ്തികളിൽ പശ്ചാത്താപമുണ്ടാകും. വ്യവസ്ഥാപിതകാര്യത്തിൽപോലും വിഷമിച്ചുകൊണ്ടിരിക്കും.

വിശാഖം—ഏതുപക്ഷത്തുനിന്നും നിവൃത്തിക്ക പ്രതിബന്ധമുണ്ടാകും. നീചമായ കാര്യങ്ങളിൽ മനസ്സു പ്രവർത്തിയും പതിയും. ഭാഗ്യഹീനമുഖമായ കാര്യങ്ങളും സമീപിച്ചുവരും. ദുഷ്കാലനിവൃത്തിക്കുവേണ്ടി മനസ്സു ചൂടുപിടിക്കും.

അനിഴം—വേണ്ടപ്പെട്ടവരെ പ്രീണിപ്പിക്കുവാൻവേണ്ടി ചില സാഹസകൃത്യങ്ങളിൽ ഏർപ്പെടും. ചതിവുകളും വക്രതയും ബോദ്ധ്യപ്പെടും. അർഹമായ അവകാശവാദം അധികൃതരുടെ അടുക്കൽ നടത്തും.

തൃക്കേട്ട—നയവൈകല്യംകൊണ്ടു നിവൃത്തിക്ക വിഘ്നം നേരിട്ടും. പരുഷമായ പെരുമാറ്റവും സംസാരവും നഷ്ടമുണ്ടാക്കും. കൂട്ടുകെട്ടുകൊണ്ട് വിളംബവും തകരാറും പിണയും.

മൂലം—സാമ്പത്തികമായ അവശത തുടച്ചുമായി വിഷമിപ്പിച്ചുകൊണ്ടിരിക്കും. ഉത്തമസുഹൃത്തുക്കളുടെ സഹായം ലഭിക്കും. കാര്യനിർവ്വഹണത്തിന് മൗനമവലംബിക്കും. പ്രവർത്തനരംഗത്തു അസ്വസ്ഥതയ്ക്കു ഹേതുക്കളും വന്നുചേരും. ചുമതലകൾ അന്യരിൽ ചുമത്തും.

പൂരാടം—വിഷമപ്രശ്നങ്ങളുടെ മദ്ധ്യേ ആത്മസുഹൃത്തുക്കൾവന്നു ക്ഷീണിപ്പിക്കും. തെറ്റിദ്ധാരണമൂലം അർഹമായ കാര്യത്തിന് കോട്ടം തട്ടും. സാമൂഹ്യവിഷയങ്ങളിൽ തലയിടും. നേതൃത്വംനടിച്ച് ശത്രുതസമ്പാദിക്കും. പരുക്ക് സംഭവിക്കും.

ഉത്രാടം—അപ്രതീക്ഷിതമായി വ്യയവും വിദ്വേഷവും സംഭവിക്കും. ദുർഘടകരമായ നിലയുണ്ടാകും. അകസ്മികമായ പരിവർത്തനവും ഉത്തമസുഹൃത്തുക്കളുടെ സഹായവും നിമിത്തം വലിയ കുഴപ്പമുണ്ടാകാതെ കഴിച്ചുകൂട്ടുവാൻകഴിയും.

തിരുവോണം—അകാരണമായി ചില അസൈരതകളും ഗൃഹജനങ്ങളുമായിട്ടുണ്ടാകും. വായുക്ഷോഭം ചുമ ഇവ പിടിപെടും. പ്രവർത്തനരംഗത്തു സ്വാതന്ത്ര്യം കുറയുന്നതായി കാണിക്കും. ചിലരുടെ ഇഷ്ടത്തിന് വഴങ്ങികൊടുക്കും.

അവിട്ടം—പുതിയ ചുമതലകൾ വന്നുചേരും. കരാറുകൾ സമയത്തിന് പാലിപ്പാൻകഴിയാതെ കുഴങ്ങും. ധനം തിരിച്ചുമറിച്ച് കാര്യം കാണുമെങ്കിലും അർഹമായവരുടെ പരിഭവത്തിന് പാത്രീഭൂതനാകും.

ചതയം—ഭാവികാര്യപ്രവർത്തനത്തിൽ സദാ ജാഗരൂകനായിരിക്കും. വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി അലഞ്ഞുതിരിയും. കരുതലുകൾക്ക് ഉടവും നിരാശയും വന്നുചേരും. ധനം ഏതുവിധേനയും വരും. സ്വജനവിരഹം വേർപാട് ഇവയും നേരിട്ടും.

പൂരുരുട്ടാതി—സാമ്പത്തികപ്രശ്നത്തിൽ പല വിമർശനത്തിനും ഇടനൽകും. ഭാഗ്യപുഷ്ടിയിൽ അസൂയാലുക്കൾ അമർഷംകൊള്ളും. പരിവർത്തനവും ലാഭവും അനുസരിച്ചു വേണ്ട വ്യതിയാനങ്ങളും പ്രവർത്തനരംഗത്തു വരുത്തുവാൻ വൈമനസ്യംകൊള്ളും. ശത്രുക്കൾ സ്വപക്ഷീയരിൽ തന്നെയുണ്ടാകും.

ഉത്തൃട്ടാതി—ചലനവും ഗൃഹജനവിരഹവും ഉണ്ടാകും. പ്രതീക്ഷയ്ക്കു വിരുദ്ധമായി കാര്യങ്ങൾ കലാശിക്കും. വ്യയം അധികരിക്കും. നാല്പുംലികളുടെ നഷ്ടം സംഭവിക്കും. മനസ്സുഖം കുറയും. ദിനചര്യ തെറ്റും.

രേവതി—ചില സാഹചര്യങ്ങൾ അനർത്ഥഹേതുകമായിത്തീരും. ഏതു കാര്യവും നിസ്സാരമെന്നു കരുതുകയാൽ നഷ്ടവും കാര്യവിളംബവും നേരിട്ടും. അപവാദവും വാശിയും കൂടിവരും.

—o—

ചെറുകഥ

രണ്ടണ്ണത്തിനെ കൊന്ന രാക്ഷസി

★

— വിതുര പി. കെ കുഞ്ഞാക്കോസ് —

വളിക്കുട്ടി ഒരു വാനംപാടിയെപ്പോലെ സ്വതന്ത്രയായിരുന്നു. അവളുടെ പിതാവു് വക്കീസ്മാപ്പിള വളരെയേറെ കഷ്ടതകളും ബുദ്ധിമുട്ടുകളും സഹിച്ചു് പട്ടിണിയോടു് സന്ധിയില്ലാത്ത സമരംനടത്തി മിച്ചപ്പെടുത്തിയ കാശുകൊണ്ടാണു് ഏലിയാമ്മ ബി. എൽ. പാസ്സായതു്.

ഏഴാംക്ലാസ്സിൽ തോറ്റു് തലകുത്തക്കച്ചേരിയുടെ വരാന്തയിൽകയറി ആധാരം എഴുത്തു തുടങ്ങിയ അപ്പൂപ്പനെ അവിടത്തെ ഓരോ മണൽത്തരിക്കും അറിയാവുന്നകാലത്തെ പരിചയമുണ്ടു്.

ഫ്രൈം ഒടിഞ്ഞ കണ്ണടയും പാഠഭാഗത്തിനു് 16008 സൂക്ഷിരങ്ങളും വീണുപഴയ കുടയും ഒന്നു് പുതിയതാക്കുവാൻ പ്രാരാബ്ധംകൊണ്ടു് പൊരുതിമുട്ടിയ വർക്കീസ്മാപ്പിളയ്ക്കു് ഇതേവരെ കഴിഞ്ഞിട്ടില്ല. എങ്ങനെ കഴിയാനാണു് പട്ടിപൊറുതുപോലെ 11 എണ്ണത്തിനെയാണു് മഹാമനസ്കയായ മറിയപെണ്ണിള പൊരുക്കുട്ടിയിരിക്കുന്നതു്. വല്ല സോവിയറ്റ്റഷ്യയിലൊ മറ്റൊ ആയിരുന്നെങ്കിൽ സ്റ്റാലിൻപ്രൈസ് കിട്ടുമായിരുന്നു. ഗതികേടിനു് 11-ം പെണ്ണുങ്ങൾ!

ഏലിക്കുട്ടിയാണു മൂത്തതു്. അവൾ ബി. എൽ. പാസ്സായി പ്രാക്ടീസ് തുടങ്ങിയിട്ടു് ഇപ്പോൾ രണ്ടു വർഷമായി. രണ്ടു കോടതികളിൽ ഒരുമിച്ചു പ്രാക്ടീസ് നടത്തുന്ന ഏകവനിതാഅഡ്വക്കേറ്റാണു് ഏലിക്കുട്ടി. പ്രാക്ടീസു തുടങ്ങിയതുമുതൽ അവളും അനുജത്തിമാർ മൂന്നുപേരുംകൂടി തിരുവനന്തപുരത്തു് താമസം ഉറപ്പിച്ചു. ഏലിയാമ്മ ഒരു അഭിഭാഷകയായിത്തീന്നതോടെ വക്കീസ്മാപ്പിളയ്ക്കു് ഒരു വമ്പിയ ചുമടു് ഇറക്കിയതുപോലെയായി. വാദ്ധ്യകൃത്തിന്റെ ജരാനരകളും സുഖക്കേടുകളും ആ വൃദ്ധനെ അലട്ടി.

ഏലിയാമ്മയ്ക്കു് പല നല്ല വിവാഹആലോചനകളും വന്നുകൊണ്ടിരുന്നെങ്കിലും അവൾ അതൊക്കെ നിഷേധിച്ചു. സ്വതന്ത്രമായ ജീവിതം അതാണു് അവൾ ഇഷ്ടപ്പെട്ടതു്.

ഏലിക്കുട്ടിക്കു് കേസിനു് വലിയ കുറവൊന്നും ഉണ്ടായിരുന്നില്ല. പേരെടുത്ത വലിയ വക്കീലന്മാരുടെ ആഫീസുകളും ബോർഡുകളും തരമാംപോലെയുണ്ടെങ്കിലും ഏലിക്കുട്ടിയുടെആഫീസ്സിൽ എത്തിക്കൊണ്ടിരുന്നതു്.

കിളിമാന്തൂർ ഏലിക്കുട്ടി
ബി എ. ബി. എൽ.

ആ വലിയ ബോർഡ് പലരുടെയും ശ്രദ്ധയെ ആകർഷിച്ചു.

ഏലിക്കുട്ടിക്കു് നല്ല വില്പനയാണു്. ചില വക്കീലന്മാർ അസൂയപ്പെട്ടു.

അവൾ ഒരു അസ്സൽ സുന്ദരിയും, ലൈലോക്യസുന്ദരിയും ഒന്നുമായിരുന്നില്ല. ഒരു ഇടത്തരക്കാരിപ്പെണ്ണു്. കറുത്ത ശരീരം, കടഞ്ഞെടുത്ത അവയവങ്ങളും, വീതിയുള്ള അരക്കെട്ടു്, ചുരുണ്ട തലമുടി, വിരിഞ്ഞ കണ്ണുകളും, പരന്ന മുഖം. ആകെക്കൂടി അഴകുള്ള ഒരു പെണ്ണു്. അത്രമാത്രമേ അവളെക്കുറിച്ചു പറയുവാനുള്ളൂ. സദാ വോയിൽസാരിയും ഹെയർനെറ്റും സപ്ലിപ്പറും ധരിച്ചു് ഒരു കാഷ്മീർ ബാഗും കൈത്തണ്ടിൽ തൂക്കി കുട ഒരുവശത്തേക്കു് ചരിച്ചുപിടിച്ചു് മന്ദം മന്ദം നടന്നുപോകുന്ന ഏലിക്കുട്ടിയെ ആരും ഒന്നു നോക്കാതിരിക്കുകയില്ല. അവളുടെ മുഖത്തു് സദാ എന്തോനിമ്ലിന്ന മുഖഭാവം ഒരു ചുംബനത്തിനുവേണ്ടി പ്രേക്ഷകരെ സവിനയം ക്ഷണിക്കുകയാണെന്നു തോന്നിപ്പോകും.

അവൾ തന്റെ കക്ഷികളോടല്പം അധികം ആദരവും സംസാരിക്കാറില്ല. പല വനിതാവക്കീലന്മാരും അവളുടെ ബാറിൽ ഉണ്ടായിരുന്നെങ്കിലും അവരിൽനിന്നൊക്കെ എന്തോ ഒരു പ്രാധാന്യം അവൾക്കു് എല്ലാവരും കല്പിച്ചിരുന്നു. ലളിതമായ വേഷം, ആകർഷണീയതയുള്ള മുഖം, ഒതുങ്ങിയ നടപ്പു്, വിനയപൂർണ്ണമായ സംഭാഷണം, സമർത്ഥയായ ഒരു അഭിഭാഷക എന്നീനിലകളിലാണു് അവൾ ബാറ്റുജനങ്ങളുടേയും സഹവക്കീലന്മാരുടേയും ബഹുമാനം ആർജ്ജിച്ചതു്. ഏലിക്കുട്ടിയുടെ കേസ്സുകൾ മിക്കവാറും തോല്പാറില്ലായിരുന്നതിനാൽ അവൾക്കു് പണവും കക്ഷികളുടെ പ്രീതിയും ധാരാളം ലഭിച്ചു.

പ്രശസ്തിക്കുവിധം വിവാഹകമ്പോളത്തിലെ വിലയും അവൾക്കു് വർദ്ധിച്ചുകൊണ്ടിരുന്നു. ചെറുപ്പക്കാരായ ചില വക്കീലന്മാരും ചില സിനിമാനടന്മാരും കാലത്തും വൈകുന്നേരവും അവളെ അകമ്പടി സേവിച്ചുതുടങ്ങി. സുന്ദരവിഡ്ഢികളെക്കൊണ്ടു് പൊരുതിമുട്ടിയപ്പോൾ ഒരു ദിവസം അവൾ ഒരു നീണ്ട കുപ്പായക്കാരനു് നാലു് ആട്ടു് കൊടുത്തു. അന്നുമുതൽ ആ തീക്കട്ടയോടു് ആരും നമ്മ്സല്യാപത്തിനു് പോകാറില്ല.

കുട്ടപ്പന്റെ ക്രിമനൽ കേസിൽ പ്രതിക്കുവേണ്ടി ഹാജരായി വാദിച്ചതു് ഏലിക്കുട്ടിയാണു്. ഗവർമെൻറ്പ്ലീഡറെ പരാജയപ്പെടുത്തി അവൾ തന്റെ പ്രതിക്കനുകൂലമായി കോടതിയിൽനിന്നു് വിധി സമ്പാദിച്ചു. അതൊരു പ്രമാദമായ കേസ്സായിരുന്നിട്ടും വക്കീലിന്റെ സാമർത്ഥ്യംകൊണ്ടാണു് പ്രതിയെ വെറുതെ വിട്ടതെന്നു് എല്ലാവരും സമ്മതിച്ചു. കാളക്കുട്ടൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന റൗഡിത്തലവനായ കുട്ടപ്പന്റെ പേരിലുള്ള ചാർജ്ജുകളും നിരവധിയായിരുന്നു.

ഏലിയാമ്മയോടുള്ള കൃതജ്ഞതയെ പുരസ്കരിച്ചു് അയാൾ കുടുക്കുടെ ചില കാഴ്ചകൾ അവളുടെ വീട്ടിൽ എത്തിക്കാറുണ്ടു്. ഗതികേടിനു് ഏലിക്കുട്ടി ഒരിക്കൽ അതു് വാങ്ങിപ്പോയതുകൊണ്ടു് പിന്നീടു് അതൊരു സാധാരണ പതിവായിത്തീർന്നു. കുട്ടപ്പനോടു് ഒരു പ്രത്യേക പ്രതിപത്തി അവൾക്കുതോന്നി.

വക്കീസ്മാപ്പിളയുടെ രോഗം കൂടുതൽ മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ ഏലിക്കുട്ടിയുടെ സ്വന്തം ചിലവിൽ അദ്ദേഹത്തെ ജനറൽ ആശുപത്രിയിൽ കൊണ്ടുവന്നു് ചികിത്സിച്ചു. പിതാവിന്റെ രക്ഷയ്ക്കുവേണ്ടി അവൾ പണം ലോഭംകൂടാതെ ചിലവാക്കി. കയ്യിൽ ഉണ്ടായിരുന്നതു് തീർന്നപ്പോൾ കിട്ടാവുന്നിടത്തോളം കടംവാങ്ങി ഒടുവിൽ ആഭരണങ്ങളും പണയംവച്ചു. എന്നിട്ടും വർക്കീസ്മാപ്പിളയുടെ രോഗത്തിനു് ശമനം കണ്ടില്ല. അവസാനം വാദ്ധ്യകൃത്തിന്റെ പരിണിതഫലം—മരണം—അതു് സംഭവിച്ചു.

* * *

കോളേജിൽ അനുജത്തിമാരുടെ പരീക്ഷാവാതുക്കൽവന്നുമുട്ടി ഫൈനൽ പരീക്ഷയാണു് എഴുതാനിരുന്നാൽ അതുവരെ പഠിച്ചതു് വെറുതെ ആകും. ഗ്രേസി ബി. എ.സി-ക്കും സാറാമ്മ ബി. ഏ-യ്ക്കും മോഡിഫൈറിനുമാണു്. മൂന്നുപേർക്കുകൂടി മുടങ്ങിപ്പോയ ഫീസും, അടയ്ക്കുന്നതിനും. അനുജത്തിമാർ പാസ്സായി ഉദ്യോഗത്തിൽ പ്രവേശിച്ചാൽ ഏലിക്കുട്ടിയുടെ പങ്കുനിലവും ഒഴിയും. പക്ഷേ എത്രനാൾ? ആ മഹാപ്രശ്നം അവളുടെ തലയ്ക്കുള്ളിൽ കിടന്നു പുകഞ്ഞു.

പ്രിൻസിപ്പാളിനോടു് ഒന്നപേക്ഷിച്ചാലോ—ഛെയ്: അതൊരു മഹാകുറച്ചിലാണു്. അവളുടെചിന്ത നാലുവഴിക്കുപാഞ്ഞു. അവൾ ഒന്നു് കണ്ണുമടച്ചാൽമതി പണം താനെ ഉണ്ടാകും. പക്ഷേ, അഭിമാനം? അവൾക്കു് ഒരു ഉൾക്കിടിലം ഉണ്ടായി.

317. ഇന്നു് ഹീയറിംഗിനുവച്ചിരിക്കയാണു്. ഗ്രമസ്സൻ ഓർമ്മിപ്പിച്ചു.

അവൾ മേശപ്പുറത്തുകിടന്ന കടലാസിൽ ശൂന്യമായി വരച്ചുകൊണ്ടു് ചോദിച്ചു. കുട്ടപ്പന്റെ കേസല്ലേ?

അതേ.

ഇന്നാണു് മാറ്റിവച്ചാലെന്താ. അതു കഴിഞ്ഞുകിട്ടിയതാണു്.

പ്രതി വന്നോ?

ഉവ്വു്.

എവിടെ ഇങ്ങു് വിളിക്കു.

കാളക്കുട്ടൻ ചിരിച്ചുകൊണ്ടു് അവളുടെ മുറിയിലേയ്ക്കു് കയറി ചെന്നു.

മി: കുട്ടപ്പൻ ഇന്നു് അവധിക്കു് അപേക്ഷിച്ചാലെന്താ എനിക്കു് തീരെ സുഖമില്ല.

തലപോകുന്നകാര്യം ഒന്നും അല്ലല്ലോ സുഖമില്ലെങ്കിൽ മാറിവച്ചേക്കണം.

പാച്ചുപിള്ളേ എല്ലാത്തിനും അവധിക്കു് അപേക്ഷ കൊടുക്കു. ഞാൻ പോവുകയാണു്. അവൾ ഗൗൺ എടുത്തു് കൈത്തണ്ടിലിട്ടു് കുടയും എടുത്തു് പുറത്തിറങ്ങി നടന്നു.

വക്കീലമ്മയ്ക്കു് എന്നുപറഞ്ഞു ജൂനിയർഗ്രമസ്ഥൻ പാച്ചുപിള്ളയോടു് ചോദിച്ചു.

എന്തോ. ചെറുപ്പക്കാരല്ലേ.

കുട്ടപ്പൻ പിന്നാലെക്കൂടി വിനയസ്വരത്തിൽ പറഞ്ഞു. സാറിനു് സുഖമില്ലെങ്കിൽ പോകുന്നവഴിക്കു് ആ ഡാക്ടർ ശരദാമ്മയെ ഒന്നു കാണണം. നല്ല ചികത്സയാണു്. നേരത്തെനോക്കിയാൽ കുഴപ്പമില്ല വല്ല കിടപ്പിലോ മറ്റോ ആയിപോയാൽ—

മിസ്റ്റർ കുട്ടപ്പൻ ഇവിടെ പലിശയ്ക്കു് പണം കൊടുക്കുന്നവർ ആരെങ്കിലും ഉണ്ടോ. എനിക്കു് കുറച്ചുരൂപ വേണം. വാങ്ങിത്തരാമോ?

എന്തിനാണെന്നു് ചോദിക്കാൻ അയാൾക്കു് ധൈര്യം ഉണ്ടായില്ല—നോക്കട്ടെ പലിശ വളരെ കൂടുതലാണു്.

എന്തായാലും വേണ്ടകില്ല എനിക്കൊരു 300 രൂ. വേണം.

ഞാൻ ശ്രമിക്കാം. കുട്ടപ്പൻ ഏറ്റു.


ഏലിക്കുട്ടിക്കു് സമാധാനമായി. കുട്ടപ്പൻ ഒരു നല്ല ബിസ്സിനസ്സുകാരനാണെന്നാണു് അവളെ ധരിപ്പിച്ചിട്ടുള്ളതു്. കുട്ടപ്പൻ ഏറ്റാൽ ആ കാര്യം നടക്കുമെന്നു് അവൾക്കൊരു തോന്നലുണ്ടായി.

ശരി ഇന്നതന്നെ ആലോചിച്ചു് പറയുമോ നാളത്തെ ആവശ്യമാണു്.

വൈകുന്നേരം ഞാൻ വീട്ടിൽവന്നു് വിവരം പറയാം.

ശരി വളരെ ഉപകാരം. അവൾ ഹൃദ്യമായി ഒന്നു മന്ദഹസിച്ചു.

കിട്ടിയ സന്ദർഭം പാഴാക്കരുതെന്നു് കുട്ടപ്പനു് ഉദ്ദേശം ഉണ്ടായിരുന്നെങ്കിലും 300 രൂപാ സമ്പാദിക്കുവാനുള്ള വൈക്ലബ്യംകൊണ്ടു് അയാൾ കുഴങ്ങി. കടംവാങ്ങിയാൽ തിരിച്ചുകൊടുക്കുക എന്ന പതിവു് കുട്ടപ്പന്റെ ജാതകത്തിലുണ്ടായിരുന്നില്ല. അവന്റെ വക്രബുദ്ധി നാലുവഴിക്കും പാഞ്ഞു. വട്ടിക്കാരിനാണി കുട്ടപ്പന്റെ പഴയ അടവുകാരിൽ ഒരുത്തിയാണു്. അവളുടെ പക്കൽ പൂത്ത പണംഉണ്ടെന്നു് അയാൾക്കറിയാം. പക്ഷെ അതു് വാങ്ങാനുള്ളമാർഗ്ഗം? അവൾ ഒരു കള്ളിപ്പൂച്ചയാണു്. ആകട്ടെ നോക്കാം അയാൾ ഉറച്ചു. പറ്റിയില്ലെങ്കിൽ മറ്റേ വഴിതന്നെ—വല്ല തമിഴനാരും കച്ചവടക്കാരുടേയും പാക്കറ്റ



നൈജീരിയയിലെ ഇന്ത്യാകമ്മിഷണർ രാജേശ്വരമേശ്വരറാവു ഇന്ത്യാപ്രധാനമന്ത്രിയിൽനിന്നുള്ള ഒരു സന്ദേശം അസാന്തേഹീൻ കൊട്ടാരത്തിൽവച്ച് ഓസി ആഗ്യേമൻ പ്രെമ്പേയ്സ്സു സമ്മാനിച്ചയവസരത്തിൽ പ്രെമ്പേ ഗ്രന്ഥം തുറക്കുന്നതു്.

രാഗവല്ലരി

★

ഗ്രന്ഥകർത്താ,

ഡാ: പി. എസ്. നായർ

ശോകപര്യവസായിയായ ഒരു പ്രണയകഥയത്രേ ഈ നോവൽ. നായകൻ സംസ്കാരസമ്പന്നനും യോഗ്യനുമാണു്. തന്നിൽ അനുരക്തനായ നായകനെ മനസാ വരിച്ചിട്ട നായിക ഒരു അയോഗ്യനെ പ്രേമിക്കുന്നു. ഈ വിപ്രതിപത്തിമൂലം നായിക അതിഭയങ്കരമായ ഒരു അവസാനത്തിൽ എത്തിച്ചേരുന്നു.

വില രൂ: 1 ണ 4.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സു്, കൊല്ലം.

ടിക്കുക. എന്തു ത്യാഗംസഹിച്ചും ഏലിക്കുട്ടിയുടെ സ്നേഹം സമ്പാദിക്കണം അവൾ ഒന്നു് മന്ദഹസിച്ചാൽ കൂട്ടപ്പനു് അതൊരു സായൂജ്യമാണു്. അവൻ നേരെ നാണിയുടെ വീട്ടിലേയ്ക്കു തന്നെ തിരിച്ചു.

* * *

പഴയ വാക്ദാനങ്ങളെ വീണ്ടും വീണ്ടും പുതുക്കി ആയിരത്തിഒന്നു് സത്യവും ചെയ്തു് നാണിയുടെ കാലുപിടിച്ചതിനുശേഷമാണു് അവൾ അകാൽപ്പെട്ടി ഒന്നു് തുറന്നതു്.

* * *

രാത്രി മണി എട്ടുകഴിഞ്ഞപ്പോഴേയ്ക്കും കൂട്ടപ്പൻ വിയർത്തൊലിച്ചു ഏലിക്കുട്ടിയുടെ വീട്ടിലെത്തി.

അവൾ വരാന്തയിൽത്തന്നെ തടിക്കു് കയ്യുംകൊടുത്തു് കൂട്ടപ്പന്റെ വരവും പ്രതീക്ഷിച്ചിരിക്കുന്നുണ്ടായിരുന്നു. കൂട്ടപ്പനെ കണ്ടപ്പോൾ അവളുടെ ഉള്ളൊന്നു് തണുത്തു. എന്താ സംഗതിച്ചോ? അവൾ ഉൽക്കണ്ഠയോടെ ചോദിച്ചു.

ഉവ്വു്. കൂട്ടപ്പൻ വിജയഭാവത്തിൽ പറഞ്ഞു.

പലിശ എന്താണു്.

ഒന്നും കൊടുക്കണ്ട.

പിന്നെ? സ്വന്തം പണം അല്ലല്ലോ?

അതേ. എനിക്കൊരാൾ ഒരു 5000 രൂപാ തരാനുണ്ടായിരുന്നു. വളരെ നിർബ്ബന്ധിച്ചതിനുശേഷമാണു് ഇതും കിട്ടിയതു്.

അവൾക്കു് സമാധാനമായി. ഞാൻ ഒരിക്കലും ഈ ഉപകാരം മറക്കില്ല.

ഏലിക്കുട്ടി നോട്ടെണ്ണി എണ്ണി മേശപ്പുറത്തുവച്ചു; ഇരിക്കണം.

അന്നു് ആദ്യമായിട്ടാണു് അവളിൽനിന്നും അങ്ങനെ ഒരു മര്യാദ കൂട്ടപ്പനു് ലഭിച്ചതു്.

അവൾ അകത്തുപോയി കുറച്ചു പലഹാരവും ഒരുകപ്പു് കാപ്പിയുമായി മടങ്ങിവന്നു കാപ്പി കൂട്ടപ്പന്റെ മുൻപിൽ മേശപ്പുറത്തുവച്ചു. കുറച്ചു കാപ്പി കഴിക്കണം.

അവൻ അവളെ പ്രത്യേകരീതിയിൽ ഒന്നു നോക്കി. ആ നോട്ടത്തിനു് ഒരർത്ഥമുണ്ടായിരുന്നു.

കൂട്ടപ്പൻ കാപ്പികുടിക്കുന്നതിനിടയിൽ ഏലിക്കുട്ടി ദൂരെമാറിനിന്നുകൊണ്ടു് അയാളെ സവിസ്മയം ഒന്നുവീക്ഷിച്ചു. നല്ല ആരോഗ്യമുള്ള ഒത്ത ശരീരം, വെളുത്തനിറം, ചുരുണ്ടതലമുടി, സൌന്ദര്യമുള്ള മുഖം, ഭംഗിയുള്ള മീശ. അവളുടെ ഹൃദയത്തിൽക്കൂടി ഒരു മിന്നൽപ്പിണർ പാഞ്ഞുപോയി. അവൾ പെട്ടെന്നു ദൃഷ്ടികളും പിൻവലിച്ചു.

അനുജത്തിമാരൊക്കെ എവിടെപ്പോയി.

അവർ സിനിമയ്ക്കുപോയിരിക്കയാണു്. അവർക്കു് ഇതുവല്ലതും അറിയണോ. ചുമട്ടുമുഴുവൻ ഞാനല്ലേചുമക്കേണ്ടതു്. അപ്പച്ചൻ ജീവിച്ചിരുന്നപ്പോൾ വിഷമങ്ങളൊന്നും ഞാൻ അറിഞ്ഞില്ല. ഇപ്പഴാണെങ്കിൽ—

പെട്ടെന്നു് ഇലക്ട്രിക്കുബൾബുകൾ അണഞ്ഞു. ഏലിക്കുട്ടി ഞെട്ടിപ്പോയി. ലൈൻതകരാറു് സിറ്റിയിൽ കൂടക്കൂടെ ഉണ്ടാകാറുണ്ടു്.

ഓ! ശല്യമായി, ഇനി തീപ്പെട്ടി അന്വേഷിക്കുന്നതു് എവിടെയാണു്.

കുറച്ചുകഴിഞ്ഞു് കറണ്ടുകിട്ടിക്കൊള്ളും. കൂട്ടപ്പൻ പറഞ്ഞു.


ഞാൻ തീപ്പെട്ടി എവിടെയാണെന്നൊക്കട്ടെ.

ഒട്ടുമിക്കവാ എൻറാകയ്യിലുണ്ടു്. അയാൾ തീപ്പെട്ടിയെടുത്തുകിലുക്കി അവളുടെനേർക്കുനീട്ടി.


കുറിരുട്ടു്. അവൾ തപ്പിത്തടഞ്ഞു് അയാളുടെ കനത്തകയ്യിൽ സ്പർശിച്ചു.

സന്ദർഭം അവൻ പാഴാക്കിയില്ല. ഒരു മിന്നൽവേഗത്തിൽ അവളുടെ മൃദുമേനി അവന്റെ ഇരുമ്പുമുഷ്കുകളിൽ ഒതുങ്ങി.

അവൾ പരൽമീൻപോലെ കിടന്നുപിടച്ചു. ആ കരവലയത്തെ ഭേദിക്കുവാൻ അവൾക്കുകഴിഞ്ഞില്ല. കൂട്ടപ്പൻ എന്നെ അപമാനിക്കരുതു്. അവൾ ദീനസ്വരത്തിൽ അപേക്ഷിച്ചു,



ലോകത്തിലെയ്ക്കും ഏറ്റവും വലിയ ചാക്കുതുണി നിർമ്മാണഫാക്ടറി. കീനിയായിലെ ഈ ഫാക്ടറിയിൽ 3 അടി വീതിയിൽ 8 മൈൽ നീളത്തിലുള്ള ചാക്കുതുണി പ്രതിദിനം നിർമ്മിച്ചുവരുന്നു. തറിയിൽ ചാക്കുതുണി നെയ്യുന്നതാണ് ചിത്രം.



പ്രസ്തുത ചാക്കുതുണി നിർമ്മാണത്തിന്റെ മറ്റൊരുഭാഗം.

ളുടെ ബോറിലെ പ്രായംകൂടിയ വക്കീലന്മാർതമ്മിൽ ചോദിച്ചു.

കഷ്ടം: അവളുടെ ജീവിതം പാഴായി! ചിലർ സഹതപിച്ചു

അവൾ ഇനി ആ ബോർഡ് ഒന്നു മാറി എഴുതിക്കുന്നതാ നല്ലതു്. ഒരു സരസൻ അഭിപ്രായപ്പെട്ടു.

അങ്ങിനെ പലരും പലതും പാഞ്ഞു. ചിലർ അവൾ കേൾക്കെ നഗ്നമായ ഭാഷയിൽ പരിഹസിച്ചു.

അവൾ ആരോടും മറുപടിപറഞ്ഞില്ല. എല്ലാം കേട്ടു! സഹിച്ചു; സഹിക്കാതെ ഗത്യന്തരമില്ലല്ലോ. അവളുടെ ഹൃദയം ഓരോനിമിഷവും വേദനപ്പെട്ടുകൊണ്ടിരുന്നു. ആദ്യമൊക്കെ കുട്ടപ്പനെ അവൾ സ്നേഹിച്ചെങ്കിലും അവന്റെ തനിനിറം പുറത്തുവന്നതോടെ അവൾ അവനെ കണക്കിലധികം വെറുത്തു. കുട്ടപ്പനെ അകറ്റുവാനുള്ള മാർഗ്ഗം അവൾ ആലോചിച്ചു. പക്ഷേ, ഒന്നും ഫലിച്ചില്ല.

കീടിച്ചു് ലഗാനില്ലാതെ കയറിവന്ന കുട്ടപ്പനോടു് അവൾ വെട്ടിത്തുറന്നുപറഞ്ഞു. ഇനി മേലാൽ കുടിച്ചുകൊണ്ടു് ഇവിടെ വരരുതു്.

പോഴിചാറാഴ്ചേ. നീ ആരാ, ഉഴുവശ്ശിയോ, തമ്പ്രാത്തമയോ?

അവൾ ഇടിവെട്ടേറ്റതുപോലെ നിന്നുപോയി! എന്തൊരപമാനം!

നിങ്ങൾ ഇത്രയും ഒരു മൃഗമാണെന്നു് ഞാൻ അറിഞ്ഞിരുന്നെങ്കിൽ—

ആ വാചകം മുഴുമിപ്പിക്കുന്നതിനു മുൻപു് അവൻ ഏലിക്കുട്ടിയുടെ കവിളിൽ ആഞ്ഞു് ഒരു അടികൊടുത്തു. ഛഃ! എത്രപഴഞ്ചനടിയാ! നനക്കു് എന്നെ എന്നെ അറിയാമോ? അവൻ ഒരു സാത്താനെപോലെ ആടുകയാണു്.

അവൾ നിശ്ചേഷ്ടയായി നിന്നുപോയി. തീരാത്ത അപമാനം. വിധിയെ തടയാൻ ആർക്കുകഴിയും.

"അവൾ വലിയ വക്കീലിനെപിടിച്ചില്ലേ? എന്നിട്ടു് ആ തൊമ്മിയെ അല്ലേ കിട്ടിയൊള്ളൂ" അടുത്തവീടുകളിലെ സ്ത്രീകൾ പരസ്പരംപറഞ്ഞു—"ഇവളൊക്കെ എന്തിനാ പഠിക്കുന്നതു്.

* * *

ഏലിക്കുട്ടിയുടെ കക്ഷികളിൽ പ്രമുഖനും ധനികനും സുന്ദരനുമായ ഒരു മദ്ധ്യവയസ്സനാണ് പാപ്പച്ചൻ. പ്രസിദ്ധനായ ഒരു വ്യവസായിയും ബിരുദധാരിയുമാണു്. വിഭാര്യനായ പാപ്പച്ചൻ ഏതെങ്കിലും തരത്തിൽ ഏലിക്കുട്ടിയെ വിവാഹംചെയ്താൽകൊള്ളാമെന്നു് അതിയായ താൽപര്യം ഉണ്ടായിരുന്നു. പക്ഷേ അതു് തുറന്നുപറയാൻ അയാൾക്കൊരുമടി.

ഏലിക്കുട്ടിയുടെ ഹൃദയം അവൾ അറിയാതെ അയാളിൽ ലയിച്ചു. പക്ഷേ അവളുടെ സ്വൈരജീവിതത്തിന്റെ മുൻപിൽ കിടക്കുന്ന ആ കൊച്ചുതടി—അനുഭവങ്ങൾ—അവളെ ഞെട്ടിപ്പിച്ചു.

പാപ്പച്ചൻ ഏലിക്കുട്ടിയുടെ വീട്ടിലെ ഒരു നിത്യസന്ദർശകനായിതീർന്നു. അവൾക്കും സഹോദരിമാർക്കും അയാളെ വളരെ താൽപര്യമാണു്.

ആ ഇടതടവില്ലാത്ത സന്ദർശനത്തിന്റെ രഹസ്യം കുട്ടപ്പനും കുശേ മനസ്സിലായി. ജീവനുള്ളതുവരെ അവളെ വേറൊരുത്തനു് വിട്ടുകൊടുക്കുല്ല. അവൻ ശപഥംചെയ്തു.

"ഉന്നലെ എവിടെയാണു് പാപ്പച്ചന്റെകൂടെ കറിനടന്നതു്". കുട്ടപ്പൻ ഗൗരവത്തിൽ ചോദിച്ചു

"ഏവിടെയായാലും നിങ്ങൾക്കെന്തറിയണം?"

"ഹസ്സറിയണമെന്നോ?"

"അതെ!"

"ഏലിയാമ്മേ—"

ഞാൻ നിങ്ങളുടെ ഭാര്യയല്ല. നിങ്ങളെ ഞാൻ വിവാഹംചെയ്തുകൊള്ളാമെന്നു് സമ്മതിച്ചിട്ടും ഇല്ലാ.

"വേറൊരുത്തനെ കിട്ടിയപ്പോഴാണു് ഈ ധിക്കാരം ഉണ്ടായതു്".

"നിങ്ങൾ തലമറന്നു് എണ്ണതേയ്ക്കുകയാണു്".

"നീ ഒരു വേശ്യയാണു്."

"ഛീ: ഇറങ്ങുപുറത്തു് ഞാൻ നിങ്ങളുടെ അടിമയല്ലെന്നു് ഓർമ്മിച്ചുകൊണ്ടേവേണം തോന്നിയതുപോലെ സംസാരിക്കുവാൻ" അവളുടെ ചുണ്ടുകൾ വിറച്ചു.

കുട്ടപ്പന്റെ കണ്ണുകൾ ചുവന്നു. അവൻ ഒരു പിശാചായി മാറുകയാണു്. അവൻ ഒന്നു് തികട്ടി. അവന്റെ കാലുകൾ ശരിക്കു് തറയിൽ നിൽക്കുന്നില്ല.

മദ്യത്തിന്റെ ദുർഗ്ഗന്ധം ഏലിക്കുട്ടിയുടെ നാസികതുളച്ചുകയറി. അവൾ അസഹ്യതയോടെ സാരിത്തുമ്പുകൊണ്ടു് മൂക്കു് പൊത്തിപിടിച്ചു. അവളുടെ അനുജത്തിമാർ പുറത്തു് ശബ്ദംകേട്ടുകൊണ്ടു് ഇറങ്ങിവന്നു.

കുട്ടപ്പൻ അവരുടെനേർക്കു് തിരിഞ്ഞു. "ചേട്ടത്തിയോടു് മര്യാതയ്ക്കു് ഇരിക്കാൻ പറയണം ഇല്ലെങ്കിൽ—കുട്ടപ്പനെന്നാകെ—" അവൻ പെട്ടന്നു് നിറുത്തി പുറത്തിറങ്ങി നടന്നു.

"ചേച്ചീ ചേച്ചി എന്തിനാ കരയുന്നതു് അയാൾ എന്തു് പറഞ്ഞു. അവൻ ഒരു ആഭാസനാണെന്നു് ഞാൻ അന്നേ പറഞ്ഞതാണു്". അന്നമ്മ കേട്ടില്ല ഇനി ഇപ്പോഴെവിടെ. സാറാമ്മ സഹോദരിയെ കുറ്റപ്പെടുത്തി.

ഏലിക്കുട്ടി ഒരു ശിശുവിനെപ്പോലെ പൊട്ടിക്കരഞ്ഞുകൊണ്ടു് മുറിയിൽ കയറി കതകടച്ചു.

* * * *

"ഭയങ്കരമായ കൊലപാതകം! അതിഭയങ്കരമായ കൊലപാതകം!! പാപ്പച്ചനെ കൊലപ്പെടുത്തി!!!

* പാഠകം

★

— പാഠകവിദ്വാൻ, പേപ്പാട്ട കൃഷ്ണക്കുറുപ്പ് —

പ്രാചീനകാലംമുതൽ ഭാരതഖണ്ഡത്തിൽ അത്യധികം പ്രചാരമുണ്ടായിരുന്ന ഒരു ലളിതകലയാണ് പുരാണകഥാപ്രസംഗം. ഭാഗവതാദിപുരാണേതിഹാസങ്ങളുടെ നിർമ്മാണംതന്നെ നൈമിശാരണ്യവാസികളായ ശൗനകാദിമഹർഷിമാരോട് സൂതൻ ഭഗവൽ കഥകൾ പറഞ്ഞുകേൾപ്പിക്കുന്ന രീതിയിലാണെന്നുള്ളതു അതിലേയ്ക്ക് ഉത്തമദൃഷ്ടാന്തമാണെല്ലോ. കേരളത്തിൽ ഈ പ്രസ്ഥാനം നടപ്പിലായതു കേരളപരിഷ്കർത്താവായ ശ്രീ പരശുരാമന്റെ കാലംമുതല്ലാണെന്നതു പണ്ഡിതമതം. അദ്ദേഹം ജനവാസവിഹീനമായിരുന്ന കേരളഭൂമി കണ്ടുപിടിച്ചു വാസയോഗ്യമാക്കിത്തീർക്കയും വിദേശങ്ങളിൽനിന്നും വിവിധസമുദായത്തിൽപ്പെട്ട ജനങ്ങളെ കുടിയേറിപാർപ്പിക്കുകയുംചെയ്തു. ആ കൂട്ടത്തിൽ ബ്രാഹ്മണകുലജാതരെക്കിലും വർണ്ണസങ്കരത്വംമൂലം ഉഭയകുലഭ്രഷ്ടരായി ഗണിക്കപ്പെട്ടുവന്ന ഒരുകൂട്ടം ആളുകളെ ശ്രീ പരശുരാമൻ അവരുടെ ജീവിതപുരോഗതിക്കുവേണ്ടി ദേവാലയങ്ങളിൽ ഭഗവൽ കഥാപ്രസംഗത്തിനായി നിയോഗിക്കയും ഗ്രാഹ്യർ, അഥവാ—ചാക്യാർ എന്ന ഒരു പ്രത്യേക സമുദായമാക്കിക്കല്പിക്കയുംചെയ്തതായി പറയുന്നു.

ചാക്യാർ എന്ന പദത്തെപ്പറ്റിയും അവരുടെ ഉത്ഭവത്തെപ്പറ്റിയും പല പണ്ഡിതന്മാരും പലതരത്തിലുള്ള അഭിപ്രായഭേദങ്ങളും പറഞ്ഞുകാണുന്നുണ്ട്. അവയെല്ലാംതന്നെ ഊഹാപോഹങ്ങളെന്നല്ലാതെ നിശ്ചിതമായ ഒരഭിപ്രായം ആരും പറഞ്ഞുകാണുന്നില്ല; എന്നാൽ ഏതുനിലയിലും പരിപാവനമായ ഭഗവൽ കഥാപ്രസംഗം കുലവൃത്തിയായി സ്വീകരിച്ചിട്ടുള്ളതിനാൽ അവർ 'ഗ്രാഹ്യർ'തന്നെയാണെന്നും ഈ പ്രവർത്തനം ശ്രീ പരശുരാമന്റെ കാലംമുതൽക്കാണ് കേരളക്കരയിൽ നടപ്പിലായിട്ടുള്ളതെന്നും നിർവിവാദമത്രെ.


ചാക്യാർ നടത്തുന്ന കഥാപ്രസംഗത്തിന് 'കൂത്തു' എന്നാണ് പറഞ്ഞുവരുന്നതു്. ഈ പദം 'കൂർത്തു്' എന്ന ധാതുവിൽനിന്നും ഉണ്ടായിട്ടുള്ള 'കൂർത്തനം' എന്ന സംസ്കൃതപദത്തിന്റെ തദ്ഭവമാണെന്നും. കൂർത്തനം എന്ന പദത്തിന് നൃത്തമെന്നും വിനോദമെന്നും അർത്ഥമുണ്ടെന്നും 'കൂത്തും കൂടിയാട്ടവും' എന്ന ഗ്രന്ഥത്തിൽ തൽകർത്താവു് പ്രതിപാദിച്ചുകാണുന്നു. അതിനാൽ വിനോദരസപ്രദവും നൃത്തസമ്മിശ്രിതവുമായ ഒരു ദൃശ്യകലയാണ് 'കൂത്തു്' എന്നനുമാനിക്കാം.

അഷ്ടബന്ധപ്രതിഷ്ഠനടത്തി കലശം കഴിച്ചിട്ടുള്ള ദേവാലയങ്ങളിൽ, ബ്രാഹ്മണസദസ്സിൽമാത്രമേ 'കൂത്തു'നടത്താവൂ എന്നാണു നിയമം. ചാക്യാർ കൂത്തു പറയുമ്പോൾ, നമ്പ്യാർ യഥാവസരം മിഴാവു് എന്ന വാദ്യവിശേഷം മുഴക്കണമെന്നും, നങ്ങിയാർ—അവരുടെ സ്ത്രീകൾ—അതിനൊത്തു കൂഴിത്താളം പിടിക്കണമെന്നും ഒരു ചടങ്ങുണ്ട്.

കൂത്തു പറയുന്നതിന് പുരാണേതിഹാസങ്ങളെ ആസ്പദമാക്കി പല പണ്ഡിതന്മാരും രചിച്ചിട്ടുള്ള പ്രബന്ധങ്ങളും ചമ്പുക്കളും സംസ്കൃതസാഹിത്യത്തിനു അസാമാന്യമായമേന്മയുണ്ടാക്കിയിട്ടുണ്ട്. അതിൽ പ്രബന്ധങ്ങൾ അധികവും നിർമ്മിച്ചിട്ടുള്ളതു പണ്ഡിതാഗ്രേസരനും പരമജ്ഞാനിയും ഭക്തോത്തമനുമായ മേല്പത്തൂർ ശ്രീനാരായണഭട്ടപാദരാണ്.

ചാക്യാർ കൂത്തുപറയുമ്പോൾ മിഴാവുകൊട്ടുന്നതു് നമ്പ്യാരാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. തദ്വാരാ ഈ പ്രവർത്തനത്തോടുള്ള നിരന്തരസാഹചര്യംമൂലം അവർക്കും അതിൽ അഭിരുചി ഉണ്ടാവുകയും വേഷവിധാനങ്ങളിലും മറ്റു ചടങ്ങുകളിലും പല വ്യത്യാസങ്ങളും കൊണ്ടുവരുത്തി പരശുരാമൻ കൂടാതെ ഏകനായി കഥാപ്രസംഗം നടത്തിത്തുടങ്ങുകയും ചെയ്തു. ഇപ്രകാരമാണ് പാഠകത്തിന്റെ ആവിർഭാവം പാഠകം എന്ന പദത്തിന് പാഠച്ചിൽ—അഥവാ—പ്രസംഗം എന്നോ അർത്ഥമുള്ളൂ. രാജഗ്രഹങ്ങളിലും മറ്റും മുഖസ്തുതി പറയാനായി നിയുക്തരായ കൂട്ടർ 'സ്തുതിപാഠകന്മാർ' എന്ന പേരിലാണല്ലോ അറിയപ്പെട്ടിരുന്നതു്.

കൂത്തിനു ഉപയോഗിച്ചുവന്ന പ്രബന്ധങ്ങളെ ഉപജീവിച്ചുതന്നെയാണ് പാഠകവും നടത്തിവരുന്നതു്. ഈ പ്രസ്ഥാനത്തെ ലക്ഷ്യമാക്കിമുള്ള നി



പോർട്ടബിൾ അറാമിക്ക് റിയാക്ടർ പരീക്ഷണത്തിനു വിധേയമാക്കുന്നു. ലോകസംഗ്രഹാർത്ഥം അറാമിക്ക ശക്തി വിനിയോഗിക്കുന്നതിനു നിർമ്മിച്ചിട്ടുള്ള നിരവധി റിസർച്ച് റിയാക്ടറുകളിൽ ഒന്നാണിതു്. റിയാക്ടർ ഒരു വലിയ ക്രെയിനിൽ തൂക്കിയിട്ടിരിക്കുന്നതു കാണാം.

പേപ്പൂർമ്പായി ഉച്ചത്തിൽ വിളിച്ചുകൊണ്ടു് തെരുവിൽകൂടി ഓടി. ആ മരണത്തിന്റെ വിളിപ്പേരിയിപ്പാണ് ഏലിക്കുട്ടിയെ തട്ടിഉണർത്തിയതു് അവൾ കതകു തുറന്നു് പുറത്തുവന്നു് റോഡിലേക്കു എത്തിനോക്കി. അവളുടെ വയറു നടുവായിൽ ഒരു കൂടിയ നെയ്പോലെ ഒടിഞ്ഞുമടങ്ങികിടക്കുന്നതായിരുന്നു. അവൾ ഉൽക്കണ്ഠയോടെ അതു് കയ്യിലെടുത്തു് തിരിച്ചും മറിച്ചും നോക്കി. നാലാംപുറത്തു് പാപ്പച്ചൻറെ കൊലയെ സംബന്ധിച്ചുള്ള സൂപ്പർ റൊണ്ടാകാ അക്ഷരത്തിൽ ചേർത്തിട്ടുണ്ടായിരുന്നു. അവൾ ശ്വാസംപിടിച്ചു് അതു് വായിച്ചു.

ഭയങ്കരമായ കൊലപാതകം

പ്രസിദ്ധ കാർ വ്യാപാരിയും ധനാഢ്യനും സുമുഖനും യുവാവുമായ കല്പൻകുളം പാപ്പച്ചനെ ഇന്നലെരാത്രി ഉദ്ദേശം പന്ത്രണ്ടരമണിക്ക് പ്രസിദ്ധ റൗഡിയായി കുപ്രസിദ്ധികാർജ്ജിച്ചിട്ടുള്ള കുട്ടൻ മൂർഖീയമായ തരത്തിൽ കുത്തി കൊലപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ വീട്ടുപടിക്കൽവച്ചാണ് സംഭവം നടന്നതു്. പ്രണയസംഘട്ടനമാണ് ഈ അത്യാഹിതത്തിനു് കാരണമെന്നു് പറയപ്പെടുന്നു. പ്രതിയെ ഉടൻതന്നെ പോലീസ് അറസ്റ്റുചെയ്തു് ലോക്കപ്പിലാക്കി.

ഏലിക്കുട്ടി വിഗതബോധയായിനിലംപതിച്ചു.

പാപ്പച്ചൻ കൊലക്കേസിന്റെ വിധി പ്രസ്താവിക്കുന്ന ദിനത്തിൽ വളരെ ഏറെ ആളുകൾ കോടതിവളപ്പിൽ തടിച്ചുകൂടി. മണി പന്ത്രണ്ടു് അടിച്ചുകഴിഞ്ഞപ്പോൾ ജഡ്ജി കടലാസ്സും വായിച്ചു് വിധി പ്രസ്താവിച്ചു: കുട്ടപ്പനെ തൂക്കികൊല്ലാൻ. ഏലിക്കുട്ടി നിറഞ്ഞ കണ്ണുകളുമായി കോടതിയിൽനിന്നും പുറത്തിറങ്ങി.

കോടതിവളപ്പിൽ തടിച്ചുകൂടിനിന്ന ജനങ്ങളുടെ ഇടയിൽനിന്നുകൊണ്ടു് ആരോ ഏലിക്കുട്ടി കേൾക്കെ വിളിച്ചുപറഞ്ഞു. "രണ്ടെണ്ണത്തിനെ കൊന്ന രാക്ഷസി" അതാപോകുന്നു. ആയിരമായിരം ദുഷ്ടകൾ അവളുടെമേൽ പതിഞ്ഞു. "ഇവൾക്കു് തൂങ്ങിച്ചത്തുകൂടേ?" കൂട്ടത്തിൽനിന്നുകൊണ്ടു് ഒരു വൃദ്ധൻ ചോദിക്കുന്നതു് അവൾ സ്പഷ്ടമായികേട്ടു. തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിനിടയിൽകൂടി കവർത്ത ഗദ്ഗദം കയ്യിൽ തൂങ്ങിയിട്ടുകൊണ്ടു് അവൾ ഒരു പ്രേതംകണക്കു് നടന്നു് മറഞ്ഞു.



* ആൾഇൻഡ്യാറേഡിയോ തിരുവനന്തപുരം നിലയത്തിൽനിന്നുള്ള അനൗപചാരികത്തോടുകൂടി.

മ്മിച്ചിട്ടുള്ള പ്രബന്ധങ്ങൾ; അർത്ഥപുഷ്ടി, അലങ്കാരം, ആശയശംഭീര്യം, പ്രയോഗചാതുര്യം ഇത്യാദിസാഹിത്യഗുണങ്ങൾ ഏറ്റവും പരിപൂർണ്ണമായിട്ടുള്ളതാണ്. കാലാന്തരത്തിൽ പണ്ഡിതനും ഫലിതപ്രിയനുമായ തോലകവിയാൽ വിരചിതമായ സൗസമണിപ്രവാളപദ്യങ്ങളും ഈ പ്രബന്ധത്തിന്റെ ഓജസ്സു വർദ്ധിപ്പിച്ചിട്ടുണ്ട്.

സാമാന്യജനങ്ങൾക്ക് ദുർഗ്രഹമായി പുരാണകഥകളിൽ അന്തർലീനമായിരിക്കുന്ന മതതത്ത്വങ്ങളേയും വ്യംഗ്യാർത്ഥങ്ങളേയും ഐഹികപാരത്രിക പുരോഗതിക്കു നിദാനമായ വിജ്ഞാനവിഷയങ്ങളേയും ലളിതമായ ഭാഷയിൽ ഫലിതരസപ്രധാനമായി വിശദീകരിച്ചു ജനസമുദായത്തിൽ ഈശ്വരഭക്തി, സന്മാർഗ്ഗനിഷ്ഠ, മതബോധം ഇത്യാദിമാനവസമുദായത്തിനു് ആവശ്യകമായ സൽഗുണങ്ങളെ ഉദ്ബോധകരുകയും നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ കലാവിദ്യയുടെ പരമലക്ഷ്യം. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വൈവിധ്യമുണ്ടെങ്കിലും മനുഷ്യജന്മത്തിന്റെ ലക്ഷ്യസ്ഥാനം സകലസമുദായത്തിനും ഒന്നുതന്നെയാണല്ലോ. അതിനാൽ ഉദ്ദേശ്യത്തിലേയ്ക്കുകൂടി നടത്തുന്ന ഈ പുരാണകഥാപ്രസംഗം — പാരമ്പര്യത്തെ ലക്ഷ്യമാക്കി പ്രകടിപ്പിക്കുന്ന ഈ ലളിതകല — ഹൈന്ദവജനതയുടെയെന്നല്ല ഇതരമതസ്ഥരിലും സാഹിത്യരസികന്മാരുമായ പലരുടേയും ബഹുമാനാദരങ്ങൾക്കും പ്രോത്സാഹനത്തിനും പാത്രമായിത്തീർന്നു. 'സന്തഃ പരീക്ഷ്യാന്യതരദ്ഭജന്തേ സന്തോഷം പരീക്ഷിച്ചുനോക്കി ഒന്നിനെ സ്വീകരിക്കുന്നു' എന്നാണല്ലോ കാളിദാസവചനം.

ലളിതമായ വേഷവിധാനം ചാക്യാർകൂത്തിനെക്കാൾ സരളവും സുഗ്രഹവുമായ പ്രസംഗശൈലി, കഥാഗതിക്കനുസരിച്ചും അവസരോചിതവുമായ ഫലിതപ്രയോഗം ദേവാലയങ്ങളിൽ മാത്രമല്ല തത്തുല്യമായ സ്ഥാപനങ്ങളിലും പരിശുദ്ധമായ ഏതു ഭവനങ്ങളിലും നടത്താമെന്നുള്ള നിശ്ചയം ഇവരെക്കൊണ്ടു പാകത്തിനെക്കുറിച്ചൊക്കാൾ പ്രചാരവും പ്രോത്സാഹനവും നാൾക്കുനാൾ വർദ്ധിച്ചുവന്നു. ക്രമേണ പിഷാരടി, വാര്യർ, ഇമ്പ്രണ്ടർ ഇത്യാദി ദേവാലയസാഹചര്യമുള്ള ചില ആളുകളും, അടുത്ത കാലത്തു് മദ്ധ്യതിരുവിതാംകൂറിൽ നായർ സമുദായത്തിൽപ്പെട്ട കലാപ്രേമികളായ ഏതാനും യുവാക്കന്മാരും ഇതിലേയ്ക്കു് ഉത്സുകരായി പ്രവർത്തനം ആരംഭിച്ചതോടുകൂടി പാഠകം കേരളക്കരയിൽ സർവ്വസാധാരണവും സർവാദരണീയവുമായ ഒരു കലാവിദ്യയായിത്തീർന്നു.

കഥാഗതിക്കനുസരിച്ചും സദസ്യരെ കഥാപാത്രങ്ങളായി സങ്കൽപ്പിച്ചും വ്യക്തിപരമായികളിയാക്കാനുള്ള സ്വാതന്ത്ര്യം പാകർക്കുണ്ട്. അതു് ഒരു നേരംപോക്കായി മാത്രം വിചാരിച്ചു് രസിക്കുകയോ സഹിക്കുകയോ അല്ലാതെ അതിൽ നീരസം ഭാവിക്കുകയോ എതിർത്തു് സംസാരിക്കുകയോ ചെയ്യാൻ പാടില്ലെന്നാണ് നിയമം. ഒരു പാകർ അത്രമാത്രം സ്വാതന്ത്ര്യമെടുക്കുകിലും കഥാഗതിയും സമുദായത്തിന്റെ താൽക്കാലികാവസ്ഥയും താരതമ്യവിവേചനംചെയ്തു സമുദായത്തിൽ പൊതുവെയുള്ള കുറവുകളും കുറ്റങ്ങളും ചൂണ്ടിക്കാണിച്ചു് അവയെ പരിഹരിക്കത്തക്കവിധം വിജ്ഞാനപ്രദമായ ഉപന്യാസത്തിനും സന്മാർഗ്ഗനിഷ്ഠയ്ക്കു വേണ്ടതായ പ്രോത്സാഹനം നൽകേണ്ടതുമതല ഒഴിച്ചുകൂടാൻപാടില്ലാത്തതാണ്. കൂടാതെ ഈ പ്രവർത്തനത്തിൽ അഭിവൃദ്ധിയും ബഹുജനപ്രീതിയും ഉണ്ടാകണമെങ്കിൽ ഈശ്വരഭക്തി, സദാചാരനിഷ്ഠ, സഭാവസംസ്കൃതി, മാധുര്യാദിഷാഡ്ഗുണ്യപരിപൂർണ്ണമായ വാഗ്വിലാസം ഇത്യാദി വിശിഷ്ടഗുണങ്ങളും ഒരു പാകനു് അത്യന്താപേക്ഷിതമാണ്. വക്തൃത്വം പണ്ഡിതനും വാഗ്മിയും ആയിരിക്കേണ്ടതുപോലെ ശ്രോതാക്കൾക്കും അഭ്യസ്തവിദ്യരും ഭക്തിവിശ്വാസമതികളും സഹൃദയന്മാരും ആയിരിക്കേണ്ടതും എത്രയും അത്യാവശ്യമാണ്. "അപി സർവ്വാദിനം ന ശ്രോഷ്യതേ വചനം ശ്രോതരി ബോധ വർജ്ജിതേ" എന്നാണല്ലൊ പ്രമാണം. പാഠകം പറയുന്ന സ്ഥലങ്ങളിൽ ഈശ്വരസാന്നിദ്ധ്യം ഉണ്ടായിരിക്കുമെന്നും പറയുന്നവർക്കും കേൾക്കുന്നവർക്കും പാപശാന്തിയും ഈശ്വരാനുഗ്രഹവും സിദ്ധിക്കുമെന്നുമാണ് വിശ്വാസം.

സാധാരണയായി പ്രബന്ധകഥനത്തിൽ സുലഭമായിട്ടുള്ള ഫലിതപ്രയോഗങ്ങൾ ശബ്ദനിഷ്ഠമെന്നും, അർത്ഥനിഷ്ഠമെന്നും രണ്ടുതരത്തിലുണ്ട്. മാതൃകയായി ഒന്നുരണ്ടു പ്രയോഗങ്ങൾമാത്രം കാണിക്കാം. സുഭദ്രാഹരണപ്രബന്ധത്തിൽ, ദ്വാരകാവാസിയായ ശകുനിൽനിന്നും ശ്രീകൃഷ്ണസോദരിയായ സുഭദ്രയുടെ സൗന്ദര്യാദിഗുണഗണങ്ങൾകേട്ടു് കാമവിവശനായിത്തീർന്ന അർജ്ജുനൻ സുഭദ്രാലബ്ധിക്കവേണ്ടി കപടസന്യാസം സ്വീകരിച്ചു ശ്രീകൃഷ്ണന്റെ ആനുകൂല്യത്തിനായി അദ്ദേഹത്തിനെ ധ്യാനിച്ചു് നാമജപം തുടങ്ങി. ശ്രീകൃഷ്ണൻ വാസുഭദ്രൻ എന്നും പറയുമുണ്ട്. അതിനാൽ 'വാ സുഭദ്ര' 'വാ സുഭദ്ര' എന്നാണ് ജപം തുടങ്ങിയതു്. ജപത്തിന്റെ വേഗത വർദ്ധിച്ചു് വാ സുഭദ്ര, വാ സുഭദ്ര, വാ സുഭദ്ര, വാ,— സുഭദ്ര വാ സുഭദ്ര വാ, എന്ന രൂപാന്തരം പ്രാപിച്ചതായി പറഞ്ഞു ഫലിപ്പിക്കുകയുണ്ടു്. ഇതു് ശബ്ദനിഷ്ഠമായ ഫലിതത്തിനു ഒന്നാന്തരം ഉദാഹരണമാണ്. പിന്നീടു് കപടസന്യാസിയായ അർജ്ജുനൻ ശ്രീകൃഷ്ണന്റെ ആനുകൂല്യത്താൽ സുഭദ്രാഭർത്തൃത്വം സാധിച്ചശേഷം ഒരു വിജനസ്ഥലത്തു് സ്ഥിതിചെയ്യുമ്പോൾ യാദൃച്ഛികമായിക്കണ്ട ബലഭദ്രനോടു പറയുന്ന ഒരു പദ്യം:-

"ബലഭദ്രാവലോകേന
കൃതാർത്ഥാ ഭിക്ഷുതാധുനാ
കിം, വാസുഭദ്രാഗമനാ
നചിരാന്നോ ഭവിഷ്യസി"

എന്നാണ്. ഇതിനു് രസികന്മാരായ പല അന്വർത്ഥങ്ങളും ഉണ്ടു്. ബലഭദ്രനെക്കൊണ്ടു് എന്നെ സന്ദർശിപ്പിക്കുന്നതിനു് ഇത്രയും പ്രയത്നിച്ചതിനാൽ എന്നിക്കു ശ്രീകൃഷ്ണനെയും കാണാൻ സംഗതിയുണ്ടാകുമോ എന്നു് സംശയമാണെന്നും ഒരർത്ഥം. ചിലർ അല്പം കൂടി കടന്നു് ബലഭദ്രൻ (ബലഭദ്രൻ) ഭദ്രാവലോകനം കൊണ്ടു് (സുഭദ്രയെക്കണ്ടതുകൊണ്ടു്) കൃതാർത്ഥനായിത്തന്നെ എന്നെ സന്ദർശനം ഫലത്തിലാക്കുന്നതിനു്. സുഭദ്ര ഇതുവഴിക്കുണ്ടോ എന്നു് ഒന്നുകൂടി കാണാൻ സാധിക്കുമോ; എങ്കിൽ എനിക്കു സുഭദ്രാപ്രാപ്തി ഭവിക്കുമോ; ഇങ്ങനെ ഭദ്രനെക്കുറിച്ചു എനിക്കുണ്ടായിട്ടുള്ള മഹിമയ്ക്കു് ഒരു മനമുണ്ടാകുമോ; ഇങ്ങനെ രസികതയുള്ള പലഅന്വർത്ഥങ്ങളും പ്രസ്തുതപദ്യത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഈ വചനചാതുര്യമുള്ള ഒരു പാകർ ഇപ്രകാരമുള്ള അന്വർത്ഥങ്ങളും വിശദീകരിച്ചു കുറച്ചു പൂർവ്വം കഥാകഥനം നടത്തിയാലുള്ള ആസ്വാദ്യത അനുഭവൈകവേദ്യമായിരിക്കും.

സർവ്വപ്രകാരേണയും സാഹിത്യമയും സാംസ്കാരികമായും, പരിഷ്കരണവും വിജ്ഞാനവിനോദസംഗമവുമായി ഈ ലളിതകലയുടെ പ്രചരണം ഇപ്പോൾ ഒന്നിനൊന്നു് പ്രായമായി വരികയാണ്. അതിനുള്ള കാരണങ്ങൾ, ഭൗതികപരിഷ്കരണത്തിൽ കുതിച്ചുയരുന്ന ഇന്നത്തെ ലോകത്തിനു് പുരാണങ്ങളേയോ പുരാണികകഥകളേയോ സ്വീകരിക്കുന്നതിനുള്ള വൈമുഖ്യം, സംസ്കൃതഭാഷയുടെ പ്രചരണക്കുറവു് രാഷ്ട്രീയരംഗത്തും സാഹിത്യലോകത്തിലും വന്നുകൂടിയിട്ടുള്ള കോളിളക്കങ്ങളും പരിവർത്തനങ്ങളും ഇങ്ങനെ പലതാണു്.

ഇതു് പൂർവ്വസ്ഥിതിയിൽ അഭിവൃദ്ധിയെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾകൂടി നിർദ്ദേശിച്ചുകൊള്ളുന്നതു് ഭാരതത്തിന്റെ സാംസ്കാരിക



പ്രസിഡൻറ് ഐസൻഹോവർ വൈറ്റ്ഹൗസിലുള്ള തന്റെ ആഫീസിൽവച്ചു് സെക്രട്ടറി ഡള്ളസ്സിനെ റേഡിയോ ആൻഡ് ടെലിവിഷൻ സദസ്സിനു് പരിചയപ്പെടുത്തുന്നതാണു് ചിത്രം.



വിൻഡ്സർകാസിലിൽവച്ചു് എലിസബത്തു് രാജ്ഞി യുംഗ് ആസ്ട്രേലിയൻലീഗിന്റെ ഒരു സംഘത്തെ ഈയിടെ പരിശോധിച്ചു.

വേണുഗാനം



– അനന്തനാരായണൻ –

1

അന്നൊരു കുന്നിൽനിന്നു
പൊന്നോടക്കുഴലിന്റെ
സാന്ദ്രമോഹനനാദം
തെന്നലിൽ വന്നിടവേ,
മാമരച്ചോട്ടിൽ പ്രേമ-
മാധുരിതൻ ലഹരിയാൽ
മാനസം കുളിർപ്പിക്കുമെൻ-
ചിന്ത വഴുതിപ്പോയ്.
ഭൂതകാലത്തിൽത്താവീ-
മാനസം ത്വരിതപ-
ഗീതകം പ്രവഹിച്ച
യേതിവയ്ക്കരക്കണ്ടം.
ബുദ്ധനും വർദ്ധമാന-
വീരനും, ശ്രീശങ്കര-
സിദ്ധനും, കാമചന്ദ്ര-
ഗന്ധിയും, രവീന്ദ്രനും,
സത്യത്തൻ, സമത്വത്തിൻ
സ്നേഹത്തിന്നഹിംസയിൻ,
സാന്ത്വികഗാനം പാടി
വന്നിൽനിന്നരുളുന്നു.
നീളുവാനിരുകയ്
നീങ്ങിലാലസ്യച്ചീട്ടും
നീലിമയാലും വിന്ധ്യ-
പർവ്വതപ്രാന്തങ്ങളിൽ,
മാലേയസാനുക്കളിൽ,
സഹ്യാദ്രിതടങ്ങളിൽ,
തേനെഴും ഹിമവാന്റെ
കന്ദരമുഖങ്ങളിൽ,
എങ്ങുമായതീവ്രർ തൻ-
മംഗലപ്രഭങ്ങളും
ഗാനഗാനങ്ങളും കേട്ട-
മച്ചിത്തവിഹംഗമം.

2

ആർഷഭാരതത്തിന്റെ-
യന്തരാത്മാവിൻഗീത-
ഘോഷണം സംജാതമായ്
യമുനാപുളിനത്തിൽ.
മൂകനിമ്നങ്ങളായി-
ക്കാണ്മതും ചുഴികളാൽ
ലോകത്തിന്നനീതിക-
ളാവോളം സമീക്ഷിച്ചും,
കൊച്ചുകല്ലോലങ്ങളാം
രസനാജാലങ്ങളാൽ
നിച്ചലും പ്രേമത്തിന്റെ
സന്ദേശം പ്രവചിച്ചും,
മന്ദമായ്, ഗംഭീരമായ്,
നെടുവീർപ്പിട്ടുംകൊണ്ടേ-
സന്തികേയിഴഞ്ഞുപോയ്
മഗ്ധയാം കളിന്ദജ.
മധുരാപുരദ്വാരമെത്തി
ഞാൻ, കേൾക്കായപ്പോൾ
മധുരാസ്വാദുസ്തോത്രം
യന്ത്രഭാഷിണിമൂലം:
"ഹേകൃഷ്ണാ, ഗോപീജന
വല്ലഭാ, ദയാനിധേ,
ഹേമഹനീയാത്മാ, ഗീതാ
വാദകാ, ജഗൽപ്രഭോ..."

3

മായികകാലങ്ങളന്ത-
രാഘാതൽ തഴമ്പിച്ച്
മാറിടമെന്നാകിലും
മാധവനാമം കോൾക്കെ
പോർമുല ചുരക്കുവേ,
യാനനം ചുവക്കുവേ,
കോൾമയിർക്കൊണ്ടുനിൽപ്പൂ-
മധുരാപുരമിന്നും
ജയ്ജയരാകും കോട്ട-
ക്കൊത്തളം കടന്നാകിൽ
പ്രോജ്വലമായിക്കാണാം
'ഭാരതകാനഥക്ഷേത്രം'
നീലവിഹായസ്സിന്റെ
നിശ്ചലസ്പന്ദംപോലെ,
ശ്രീലയം പ്രകൃതിതൻ-
ചിന്നിയ കേശംപോലെ,
ഭൂമിതൻ വക്ഷസ്സിലെ
മഞ്ചുതികഹാരംപോലെ,
കാമദൻ കൃഷ്ണന്തന്റെ
കാരുണ്യാമൃതംപോലെ,
യമുനാനദിയപ്പോ
മന്ദമന്ദം ചൊല്ലി-
ത്തുളസീമാലമെല്ലെ-
ക്കൊത്തുകോർത്തണയുന്നു.

4

കോവിലിൻനടയ്ക്കൽനീ-
ങ്ങുകയാം നാമന്തരം,
കോണിൽനിന്നുദാസീനൻ
ഞാൻകാൺമൂടിവാസപ്പും:
മദവിഹ്വലമായി
മുന്നാട്ടു പായുമക്കാള-
രഥത്തിന്നുരുതരഞ്ഞ
റിസ്തുതി ശബ്ദത്തിങ്കൽ.
തിരിഞ്ഞുകാറിൽപ്പൊങ്ങീ-
യായിരം കരിയില
പാറിനും മാഞ്ഞുപോയ
കാലത്തിന്നിതുപോലെ,
തിമർത്തു യമുനയി-
ലൊമ്പാടുംതരംഗങ്ങളും,
കവർത്തു ഭിന്ദ്മണ്ഡലം,
വെള്ളിടിവെട്ടീവാനിൽ,
ചാരത്തു പാറുന്നെത്തീ-
യാനിലിക്കല, നീല:
നീരജളാഭമാം
പട്ടുടയാടുത്തവൻ,
മാരിവിൽ മുടിയിലും
മഞ്ഞപ്പട്ടരയിലും
വാരൊളിച്ചക്രം നീല-
മേഘമുഖവൻകൂടെ.
ചെന്തളിർമേനിയാളും
രാമകൃഷ്ണന്മാരപ്പോൾ
മന്ദമായ്നടന്നെത്തീ
മധുരാരദ്വാരം,
കുലുങ്ങീ ധരാതലം,



ലക്നോസ്വദേശിയായ മിസ്സ് ജാനകിഅമ്മാൾ അമേരിക്കയിലെ പ്രശസ്തമായ ബോഷിസെന്നും ടെന്നെസ്സീയിലെ ഓക്ക്റിഡ്ജ് ഗവേഷണശാലയത്തിൽ സ്ഥാപിച്ചിരിക്കുന്ന 'സിമ്മിംഗ്പൂൾ' റിയാക്ടറിന്റെ പ്രവർത്തനം കാണുന്നു. ആറ്റംശക്തിയുടെ സമാധാനപരമായ പ്രയോഗം കണ്ടുപഠിക്കുന്നതിനു 21 രാജ്യങ്ങളിൽനിന്നെത്തിയിട്ടുള്ള 30 വിദ്യാർത്ഥികളിലുൾപ്പെട്ടവരാണിവർ. അറ്റോമിക്ക് ശക്തിയുടെ വികസനത്തിനു നിർമ്മിക്കപ്പെട്ട ആദ്യത്തെ റിയാക്ടർ ഇതാണ്; ഗവേഷണങ്ങൾക്കായുമാണിതു്. ജലത്തിൽ 20 അടി താഴെയാണു റിയാക്ടർ നടക്കുന്നതു്. അപ്പോൾ കൂടെ മുഴുവൻ അഗ്നിമയമായിത്തോന്നും. പ്രവർത്തനം നടത്തുന്നവരെ റേഡിയേഷന്റെ ആപത്തിൽനിന്നു രക്ഷിക്കുന്നതു കൂടത്തിലെ ജലമാണത്രേ.

ത്തു മുഴുവൻ സംസ്കൃതഭാഷാ ഭണ്ഡാഗാരത്തിലാണല്ലോ പാശ്ചാത്യരികളെ-ന്നു മിഥ്യാഭിമാനം നടിക്കുന്ന നമ്മുടെ ആധുനികം സംസ്കൃതഭാഷയോടു കാണിക്കുന്ന നയം ഒട്ടും ആശാസ്യമല്ലെന്നു ഹൃദയവേദനയോടുകൂടി പറയാതിരിപ്പാൻ സാധ്യമല്ല. ഭാരതത്തിന്റെ പ്രത്യേക ഭാഷയായ സംസ്കൃതത്തോടും അതിലന്തർഭവിച്ചിട്ടുള്ള സംസ്കാരസമ്പത്തിനോടും ബഹുമാനമുള്ള നമ്മുടെ ഭരണകർത്താക്കൾ സംസ്കൃതവിദ്യാഭ്യാസത്തിനു് ക്രിയാത്മകപ്രോത്സാഹനം നൽകുകയും സാഹിത്യപ്രധാനങ്ങൾകൂടിയായ സംസ്കൃത പ്രബന്ധങ്ങൾക്കു് പാഠ്യപുസ്തകങ്ങളിൽ ഗണ്യമായ സ്ഥാനം അനുവദിക്കുകയും ചെയ്യണം. ദേശീയ കലാപരിപാടികളുടെ കൂട്ടത്തിൽ പുരാണകഥാപ്രയോക്താക്കൾക്കു് തുടർച്ചയായി കഥ പ്രക്ഷേപണംചെയ്യത്തക്കവിധം ഡിപ്പാർട്ടുമെന്റിൽനിന്നും കൂടുതൽ നിഷ്കർഷിക്കണം. ഗ്രാമീണജനതയ്ക്കും വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമാക്കത്തക്കവണ്ണം ദേവാലയങ്ങളും, വിദ്യാലയങ്ങളും, ഗ്രന്ഥശാലകളും മുതലായ പൊതുസ്ഥാപനങ്ങളിൽ യഥാവസരം ഈ കലാവിദ്യ പ്രചുടിപ്പിക്കുന്നതിനു് അധികാരസ്ഥാനങ്ങളിൽനിന്നും നിശ്ചിതമായ സഹായധനം നൽകി തൽപ്രവർത്തകരെ പ്രോത്സാഹിപ്പിക്കണം.

മേൽ പ്രസ്താവിച്ച കാര്യങ്ങളെ അധ്യാനപൂർവ്വം ചിന്തിച്ചു്, കേരളത്തിനുതന്നെയല്ല ഭാരതത്തിനു് ആകമാനം അഭിമാനിക്കത്തക്ക നിലയിൽ സാംസ്കാരികസൗഭഗം പരത്തിയ കവിതയെ മുഴുവൻ ആദരിച്ചുകൊണ്ടു് സമർത്ഥമായ പുരാണകഥകളുടെ പ്രചരണത്തിൽ കാലോചിതമായ എല്ലാ ആനുകൂല്യങ്ങളും കൈവരുത്തുവെന്നും; സ്വതന്ത്രഭാരതത്തെ നമ്മിലൊന്നമുടെ ഗവർമെൻറ് വേണ്ടതു ചെയ്യുമെന്നു് വിശ്വസിച്ചുകൊള്ളട്ടെ!

'ലോകാസ്സമസ്താഃ സുഖിനോഭവന്തു!'

★

ക്രൗഞ്ചകുഞ്ജരശ്രേഷ്ഠൻ
കൂതിച്ചുകുത്തീ ലോല-
നീലവാരിജത്തിനെ,
ഉലഞ്ഞു കിഞ്ജല്കം,
മൊട്ടിളകീ നീലോൽപ്പലം,
അടർന്നു ഭൃംഗീന്ദ്രന്റെ
ഭൃന്തങ്ങളരക്ഷണാൽ.
രോഷ്ടൃക്ഷിതമല്ല
വീരന്മാർ, മദോൽക്കട-
ഭീഷണാങ്കുരമാണോ,-
രന്നേരമുത്തപ്പോഠം
തെന്നിപ്പായ് കിശോരന്മാർ
പിഞ്ഛമുഷ്ടികം രണ്ടു-
കുന്നിനെപ്പൊടിയാക്കി-
ക്കലത്തീ ചുഴലിയിൽ.
മേടമേൽ വാളിളക്കീ-
വിഭ്രാന്തവീരപാലൻ
മേഘവൈദ്യുതജ്യോതി-
സ്സായവൻ കരം കീറീ...
ഉയർന്ന ശംഖം മന്നി-
നാദവുമൻപാർപ്പത്തിൽ
ഉറഞ്ഞുടൻ മുങ്ങീ-
കണ്ണുകൾ തേജസ്സിനാൽ.

5

ആമന്ദഹാരക്ഷോഭം
പിന്നീടുനടന്ന ഞാ-
നാകസ്മികം—കണ്ടു
സുന്ദരവൃന്ദാവനം.
കാമുകസാന്നിദ്ധ്യത്തി-
ലേറീടുമന്തരാൽ
കാമിനി സുസ്മേരയായ്-
ച്ചേർന്നാശ്ലേഷിക്കുമ്പോൾ
ഗോപബാലന്റെ പാദ-
പാംസുക്കളണിഞ്ഞോരു-
പ്പാവനഭൂപാർത്തിൽ
യമുനയൊഴുക്കുപോയ്
ഓളങ്ങളിളക്കുവോ-
യിങ്ങിളി വക്ഷസ്സുകൾ
പേലൊട്ടുകുണുങ്ങിയും-
വാഹിനി ചിരിക്കുന്നു
സ്വച്ഛവെൺമണൽമെത്ത-
നീർത്തിയ തീരംവരെ
പച്ചപ്പുൽവിരിപ്പുകം
മെച്ചമായ് ശോഭിക്കുന്നു
വർണ്ണവൈചിത്ര്യം പൂണ്ട-
വന്യസുമങ്ങൾ പൈതൽ
കിണ്ണങ്ങളെന്നിക്കിതം-
കാഴ്ചയായ് വെച്ചീടുന്നു
വിജയശ്രീസമൂഢ-
നാണ്ടവങ്കോകം, കാട്ടിൽ
വിചിത്രിസ്യായാടോടി-
മായുന്നു മുയൽകം,
പൊങ്ങിടും പൊന്തപാടി-
പ്പീലികം വിടർത്തിനി-
ന്നങ്ങിങ്ങായ് മദോന്മത്തമാ-
യാടുന്നു മയൂരങ്ങൾ,
പൂത്തിച്ച വള്ളിക്കുടിൽ-
പൂകിയ കുളിർത്തെന്നൽ
നിഷ്പക്ഷപാതം സർവ്-
ഭിക്ഷിലുമുലാത്തുന്നു.
നിസ്തുലപ്രേമത്തെന്നതാ-
നാമമനോഹരാംഗ-
സൗന്ദര്യം നുകരുവാൻ
വെമ്പിയെൻ നയനങ്ങൾ.

6

അന്നേരം ജഗത്തിന്റെ
രാഗപുഷ്പമാം ഹൃത്തിൻ
സ്പന്ദനങ്ങളിൽ വേലി-
യേറുമുന്മേഷങ്ങൾക്കെണ്ണം,
കല്പിനെ ദ്രവിപ്പിച്ചും,
മുള്ളിനെ മൊട്ടാക്കിയും,
കല്പേലമടിച്ചേറി-
വേണസംഗീതം മേന്മേൽ.
നിലച്ചുവാനിൻ ചിന്ത,
നിന്നിമേഷമായ് സൂര്യ-
നൊളിച്ചുനടന്നീ, വെള്ളി-
മേഘങ്ങൾ ചലിക്കാതായ്
പതുങ്ങീയിളംതെന്നൽ,
കൊച്ചിലകളിൽപ്പുല്ല-
മൊതുങ്ങിചാപല്യങ്ങൾ,
നിമ്നഗനിശ്ചലയായ്,
ഗാനമാധുരി മേന്മേ-
ലാസ്വദിച്ചുയരോട്ടി-
ലീനചിത്തകം നിശ്ചേ-
ഷ്ടരാക്കളെന്തുകൃത്യം
അക്ഷയപ്രേമത്തിന്റെ-
നാശബ്ദവിശേഷത്താൽ
പക്ഷിപന്നഗ മർത്ത്യ-
ജാലവും നിശ്ചേഷ്ടമായ്.
സ്വാതന്ത്ര്യം പരാചര-
ജീവനാളങ്ങൾനിന്നാ-
നാദമാം നെയ്യിൽക്കത്തീ-
നിത്യശോഭങ്ങളായ്.
വിശ്വവേദിയിലെന്നും
നടകം നടത്തിടും
വിശ്വസൂത്രധാരൻ
രംഗങ്ങളാലോചിക്കെ,
ലോകൈകകർത്തൃപാദ-
മൈത്രജ്ഞലികൻതന്റെ-
മോഹനാംഗുലീദളം
വേണുവിൽ ചലിപ്പിക്കെ
വഹ്നിശൈലങ്ങൾമാറി-
ജ്ഞാനവീചീതരംഗങ്ങളായ്,
വന്യജന്തുക്കൾ മാറി-
ക്കാമധേനുക്കളായി,
കൽപ്പാന്തവാഹങ്ങളാം
നീലനീരാളങ്ങളായ്;
കൊൽപ്പെഴും മിന്നൽപിണർ
പൈങ്കാലിൻപ്രവാഹമായ്,
സന്താപമകറ്റീൽ
പൊയ്കകൾപൊങ്ങിനീളെ
സംതൃപ്തിയോളംനല്ലീ-
ക്ഷുത്തിന്റെ മാടത്തിലും.
വിശ്വൈകവിമോഹന-
ഗായകൻ ഘനശ്യാമൻ
ശാശ്വതപ്രേമശ്രുതി
വേണുവിൽ വിളിച്ചോതി.

7

ആഘോഷമാനാമൃത-
മാസ്വദിച്ചാനന്ദിക്കെ-
യംഗത്തിൻ കരിനിഴൽ-
കണ്ടെത്താൻ പുരാഭ്രുവിൽ
വീഴുംകാലത്തിന്റെ
തേരുകൾ പ്രഭാവന-
വീഥിയിൽത്തട്ടിത്തട-
ത്തിടറിത്തെറിച്ചുപോയ്.
മാരകായുങ്ങളാൽ
ഭീതമാം ലോകത്തിന്റെ
നീറിടും കരൾക്കൊമ്പു-
രോദിച്ചൊരാവേളയിൽ
ശാന്തിതൻവൈജയന്തി-
യേന്തിയ മഹാത്മാവാം
ഗാന്ധിയെക്കണ്ടേലോകം
നിർവൃതിയടഞ്ഞുവീണ്ടും.
സത്യത്തിൻ, സമത്വത്തിൻ,
സ്നേഹത്തി,ന്നഹിംസയിൻ
നിസ്തുലപ്രഭാതാരം
വീണ്ടുമാത്തലതുപ്പി.
പ്രേമത്തിൻമുരളിയിൽ
ദിവ്യവൈഷ്ണവഗാന-
സ്തോത്രങ്ങൾമുഴങ്ങുന്ന
ഭാരതനഭസ്സുകൾ!

★

കൈപ്പറ്റി

നമ്മുടെ സാഹിത്യകാരന്മാർ—

(രണ്ടാംഭാഗം) ഗ്രന്ഥകർത്താ
വെള്ളിപ്പറമ്പു കുഞ്ഞുകൃഷ്ണൻ പേജ്
151 വില രൂ. 1 പ്രസാധകർ
നാഷണൽബുക്സ്റ്റാൾ, കോട്ടയം

ലീലാതിലകം—

(മണിപ്രവാളലക്ഷണം) ഗ്രന്ഥ
കർത്താ. ഇളംകുളം പി. എൻ. കു
ഞ്ഞൻപിള്ള. പ്രസാധകർ നാഷ
ണൽബുക്സ്റ്റാൾ, കോട്ടയം
പേജ് 396 വില രൂ. 4

തമസ്സും ജ്യോതിസ്സും—

ഗ്രന്ഥകർത്താ, ഒ.എൻ.വി.കുറുപ്പ്
പേജ് 67 വില രൂ. 1

വാസന്തി—

ഗ്രന്ഥകർത്താ, കൊച്ചുത്രേസ്യ
സത്യവ്രതൻ ഇടയന്മേട
പേജ് 22 വില 10 ന

ഭീഷ്മർ—(ഒന്നാംഭാഗം)

ഗ്രന്ഥകർത്താ, കടമ്മനാട്ടു പ
മാധവൻപിള്ള ചെമ്മക്കാട്ട്
പേജ് 14 വില 4 ന

രാഗാങ്കുരം—(ആഖ്യായിക)


ഗ്രന്ഥകർത്താ, കടമ്മനാട്ടു പ
മാധവൻപിള്ള ചെമ്മക്കാട്ട്
വില 10 ന

ദൃതലക്ഷണം—(ശില്പിഭാഗം)

സമാഹരകൻ, പയ്യന്നൂർ എൻ.കേ
വ്യാഘാരി പേജ് 14 വില രൂ.

Six St. Thomas of South India - by T. K. Joseph B. A., L. T., Chenganno Page 122, Price Rs 2—8—

★



പ്രാചീനകാലത്തെയും ആധുനികകാലത്തെയും സന്ധ്യാരീതി. ഏഡനിലെ ഫൊർമാക്കുർവിമാനസേനാസ്റ്റേഷനിൽ പഴയ സന്ധ്യാരൂപാധിയും പുതിയ സന്ധ്യാരൂപാധിയും സന്ധിക്കുന്നതാണു ചിത്രം. ബ്രിട്ടീഷ് ബാബർകമാൻഡിലെ കാൽബാറാ ടെയിനിംഗിനു് ഏഡനിലെത്തിയത്തോളെടുത്ത ചിത്രം.

ചിത്രകാരനും കലാസംവിധായകനുമായ ശ്രീ വി. ഡി. ഗോവിന്ദരാജ്



തെന്നിന്ത്യൻചിത്രകാരന്മാരിൽ ഏറ്റവും മികച്ച ഒരു ചിത്രകാരനാണ് ശ്രീ: വി. ഡി. ഗോവിന്ദരാജ്. ലളിതകലാഅക്കാഡെമിയുടെ മെമ്പറും, ഇന്ത്യൻ ഫൈനാർട്സ് സൊസൈറ്റിയുടെ വാല്യുവറുംകൂടിയാണ് ശ്രീ. ഗോവിന്ദ്. സുപ്രസിദ്ധനടനായ ശ്രീ. രാമഗോപാലിന്റെ സ്റ്റേജ് മാനേജരായും വളരെക്കാലംമുമ്പു് ഇദ്ദേഹം നടത്തിയിരുന്നു. ഒരു ചിത്രകാരനെന്നതിനുപുറമേ ഇദ്ദേഹം ഒരു ഒന്നാംതരം കലാസംവിധായകനും (Art Director) കൂടിയാണ് എന്നതിന് ചില തമിഴ് ചലച്ചിത്രങ്ങളും ഉദാഹരണങ്ങളാണ്. ഒരു ഭാവനാസമ്പന്നനായ ചിത്രകാരനുമാത്രമേ ചലച്ചിത്രകഥ സംവിധാനംചെയ്യുവാൻ സാധിക്കൂ. ചലച്ചിത്രസംബന്ധമായ കലാസംവിധാനത്തിനുപുറമേ അദ്ദേഹത്തിന് കൂടുതൽ ചിത്രരചനയിലാണ് രസംതോന്നുന്നതു്, എന്നു് അദ്ദേഹംതന്നെ പറയാറുണ്ട്. ഇന്ത്യയ്ക്കും, ഇന്ത്യയ്ക്കുപുറമേയും ധാരാളം ചിത്രകലാപ്രദർശനങ്ങളും നടത്തുവാൻ ശ്രീ: ഗോവിന്ദിനു് കഴിഞ്ഞിട്ടുണ്ട്.



അദ്ദേഹം ബുദ്ധിവൈഭവമുള്ളവനും, ഉപകാരിയും, മനുഷ്യത്വമുള്ളവനുമാകുന്നു. ഇന്ത്യയിൽ പലസ്ഥലങ്ങളിലുംവച്ചു് നടത്തപ്പെട്ട ചിത്രകലാപ്രദർശനത്തിൽനിന്നും, ശ്രീ: ഗോവിന്ദ് തന്റെ ചിത്രങ്ങളും വിറ്റഴിയിയ പണത്തിൽ അധികഭാഗവും, ഇൻഡ്യൻ ക്ഷയരോഗനിവാരണ ഫണ്ടിലേയ്ക്കു് സംഭാവനചെയ്തിട്ടുണ്ട്. അനശ്വരതയില്ലാത്ത ഒരു അസ്ഥിരബുദ്ധിയേക്കാളും സ്നേഹിക്കുവാൻകൊള്ളാവുന്ന ഒരു വ്യക്തിയാണ് മനുഷ്യഹൃദയമുള്ള ഒരു കലാകാരൻ. വിനയം എന്നതു് മഹാസന്ന്യാസിമാരുടെ ലക്ഷണം മാത്രമല്ല, വലിയ കലാകാരന്മാരുടെയും ലക്ഷണം ഇതുതന്നെയാണ്. പ്രകൃതിരമണീയത ചിത്രീകരിക്കുന്നതിൽ ഇദ്ദേഹം അതിവിദഗ്ദ്ധനാണ്. ക്ലാസ്സാതെ പോസ്റ്റർവരയ്ക്കുന്നതിനും അദ്ദേഹത്തിനു് അസാമാന്യമായ കഴിവുണ്ടെന്നു് അദ്ദേഹം വരച്ച ചില പോസ്റ്റർ തെളിയിക്കുന്നു. ലളിതകലയെന്നും, വ്യാവസായികകലയെന്നും രണ്ടായി ചിത്രനിർമ്മാണത്തെ തരംതിരിയ്ക്കാം. അതിൽ ആദ്യത്തേതു് മനുഷ്യന്റെ സാന്മാത്മികബോധത്തിനും, രണ്ടാമത്തതു് മനുഷ്യന്റെ നിത്യോപയോഗവസ്തുക്കൾക്കും ഉപയോഗപ്പെടുത്താം. ഈ രണ്ടു വിഭാഗ ചിത്രനിർമ്മാണത്തിലും ഇദ്ദേഹം വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്.

സമതലഭൂമിയിൽ നിവസിക്കുന്നവർക്കു് പർവ്വതങ്ങളിലുള്ള അഭിലാഷമാണ് ചിത്രങ്ങളിൽ നാം പൊട്ടെന്നു് ദർശിക്കുന്നതു് ഭൂമിയുടെ ഉന്നതഭാഗങ്ങളിലേയ്ക്കു് ആത്മീയമായ ഒരു പ്രയാണയത്നവും, ശാശ്വതമായ ഒരു അഭിലാഷവും ഈ ചിത്രങ്ങളിലുണ്ട്. എന്നാൽ ഇൻഡ്യയിൽ ഉർല്ലഭമായ ഒരു ആത്മീയഭാവമാണ് ഇവിടെ നാം കാണുന്നതു്. ഇതു് പാശ്ചാത്യസന്ദർശനം രസിക്കുകയും, ഈ രസജ്ഞ വിമർശനം or critic മനസ്സിലാക്കുകയും ചെയ്യും. ഈ അതിവിസ്തൃതമായ രാജ്യത്തിലെ പർവതങ്ങളെ രൂപഭേദപ്പിക്കുന്നതുകൊണ്ടു് ഇൻഡ്യൻകാരൻ ഈ ചിത്രങ്ങളിഷ്ടപ്പെടും. ഹിമാലയവും, നീലഗിരിയും, കൊടൈക്കനാലും, നിഗ്ഗുബ്ബരയുടെയും, സ്വർഗ്ഗീയപ്രശാന്തതയുടെയും നിവാസപ്രദേശങ്ങളായ മറ്റു പർവതങ്ങളുമാണ് ചിത്രത്തിലുള്ളതു്. ഗോവിന്ദ് ഒരു പർവ്വതപ്രേമിയാണ്. സുപ്രസിദ്ധനായ 'ജോൺറാസ്കിൻ' പ്രസ്താവിച്ച കലാസത്യത്തെ പ്രകടിപ്പിക്കയാണ് ഇദ്ദേഹം ചെയ്തിട്ടുള്ളതു്. ''റാസ്കിൻ'' പറഞ്ഞിട്ടുണ്ട്—''പർവ്വതത്തിന്റെ പൊരുൾ ക്രിയയാണ്. സമപ്രദേശങ്ങളിടേതു് നിഷ്ക്രിയതവുമാണ്. ഇവയ്ക്കിടയിൽ വിവിധപ്രകാരത്തിലുള്ള ചലനവും നിശ്ചലതയും കാണേണ്ടതാണു്'' തന്റെ എതൃയും പ്രിയപ്പെട്ട പർവ്വതങ്ങളുടെ ഭാവം വെളിപ്പെടുത്തുകയും അത്യാവശ്യകരമാംവണ്ണം അതിസൂക്ഷ്മവ്യത്യാസങ്ങളുള്ള ദൃശ്യവസ്തുത്തിന്റെയും—പ്രധാനമായും നീലം, മഞ്ഞ, ചുവപ്പു എന്നിവയുടെ പ്രയാസമേറിയ രഞ്ജനവിദ്യ ഗോവിന്ദരാജ് അഭ്യസിച്ചുകഴിഞ്ഞു. ഇതിന്റെ ഫലമായി ഗോവിന്ദരാജിന്റെ ചിത്രങ്ങൾക്ക് ഒരു സംയോജനമാധുര്യം സിദ്ധിക്കുന്നുണ്ട്. കാമറോൺ, റോറിച്ച് മുതലായ സുപ്രസിദ്ധ ചിത്രകാരന്മാരെപ്പോലെ പർവ്വതങ്ങളുടെ സൗന്ദര്യാവിഷ്കരണത്തിനായി ജീവിതം സമർപ്പിച്ച മറ്റു പർവ്വതചിത്രകലാകാരന്മാരുടെ ചിത്രങ്ങളോടു് ഇദ്ദേഹത്തിന്റെ ചിത്രങ്ങൾക്ക് ഒരു സാദൃശ്യവും വന്നിട്ടുണ്ട്. സ്റ്റെക്ടത്തിനെയും, ഒപ്റ്റിക്കിനേയും സംബന്ധിച്ചു കൂടുതൽ ശാസ്ത്രീയപരിജ്ഞാനം സമ്പാദിക്കുകയും, റോറിച്ചുചെയ്യുന്നതുപോലെ വർണ്ണങ്ങളുടെ ഭൂമധ്യരേഖയും തിളക്കവും വ്യത്യസ്തിപ്പിക്കുന്നതിനുവേണ്ടിയും കേവലവർണ്ണങ്ങളും യഥാസ്ഥാനങ്ങളിൽ സംവിധാനംചെയ്യുന്നതിനുള്ള അനുഭവജ്ഞാനം കൂടെക്കൂടി സമ്പാദിക്കുകയും ചെയ്താൽ പ്രകൃതിരമണീയത ചിത്രീകരിക്കുന്ന ഇൻഡ്യയിലെ ഒരൊന്നാംകിട ചിത്രകാരനായിത്തീരുവാൻ ശ്രീ: ഗോവിന്ദരാജിനു് സാദ്ധ്യതയുണ്ട്.


(ചിത്രം 19-ാംപുറംനോക്കുക)




രണ്ടുകുമ്പുള്ള വാഴക്കല. എറണാകുളത്തു നെട്ടേപ്പുടംറോഡിൽ.




ശ്രീ: വി. ഡി. ഗോവിന്ദരാജ് വരച്ച എണ്ണച്ചായാചിത്രങ്ങൾ.










മുകളിൽ ഇടത്തു്— വരിയ പുഴ. വലത്തു്— കൊടൈക്കനാൽ ഹിൽസ്. നടക്കു് ഇടത്തു്— കൊടൈക്കനാൽ ഹിൽസ്. വലത്തു്—തെക്കേഇൻഡ്യയിലെ ഒരു ക്ഷേത്രം. താഴെ ഇടത്തു്—മലബാർ ഹിൽ.

Photo by Courtesy:
G. Padmanabha Pillai, Quilon.


താഴെ—

1. ബേലൂർമഠം, ദക്ഷിണേശ്വരം.
2. കൽക്കത്ത ദൽഹൗസിസ്ക്വയർ—പടിഞ്ഞാറുവശം—ഒരു വിഹഗവീക്ഷണം.

Photo by K. Ramachandran, Calcutta.














മുകളിൽ: ഇടതുനിന്നു വലത്തേക്ക് — എ
വീരേന്ദ്രസിംഗ് ബാലന്മാരെ അനുമോദിക്ക
ഡാക്ടർമാർ പരിശോധിക്കുന്നു — ജോ
നിരന്നിരിക്കുകയാണ്. നടുക്ക്: ഇടതു
ന്നുകൊണ്ടുപോകുന്നു — പ്ലാനിംഗ് മന്ത്രി
കത്തിലേയ്ക്കുള്ള തോട്ട കുഴിക്കുന്നതു പരി
കർ വരമ്പുജോലി ഉത്സാഹത്തോടുകൂടി
വ്യാപൃതരായിരിക്കുന്നു — മണൽനിറഞ്ഞ











ന്റ്. സി. സി. ഡയറക്ടർ ജനറൽ കണ്ണൻ
ന്നു — എ. സി. സി. യിലെ കുട്ടികളെ
ിക്കഴിഞ്ഞു ഇടനേരത്തെ ആഹാരത്തിനാ
നിന്നു — എ. സി. സി. കുട്ടികൾ മണ്ണുചുമ
ശ്രീ: ഗുൽസാരിലാൽനന്ദ അനാസാഗർ തടാ
രുധിക്കുന്നു. താഴെ: ഇടതുനിന്നു — കുട്ടി
ചെയ്യുന്നു — കഡാറകൾ ശ്രമദാനത്തിൽ
കോശിപ്പുഴയോരം.









അറിയിപ്പ്

★

ഫോട്ടോകൾ, ചിത്രങ്ങൾ മുതലായവ അയയ്ക്കുമ്പോൾ അവയെ സംബന്ധിച്ചുള്ള പൂർണ്ണമായ വിവരണം അവയുടെ പിൻവശത്തു വ്യക്തമായി എഴുതിയിരിക്കേണ്ടതാണു്.

പത്രാധിപർ






മുകളിൽ— പ്രധാനമന്ത്രി നെഹ്റുവും പുത്രി ഇന്ദിരയും പാർട്ടിയും പ്രാഗിലെത്തിയ അവസരത്തിൽ ചെക്കോസ്ലവാക് പ്രധാനമന്ത്രി വില്യം സിറോക്കി, നെഹ്റുവിനെ സ്വീകരിക്കുന്നു.

നടുക്കു്— ഖഡക്വാസ്ലയിലേയ്ക്കു മാറ്റപ്പെട്ട നഷണൽ ഡിഫൻസ് അക്കാഡമി സന്ദർശിച്ച അവസരത്തിൽ പ്രധാനമന്ത്രി സമ്മാനദാനം നിർവഹിക്കുകയുണ്ടായി.

താഴെ ഇടത്തു്— ന്യൂഡെൽഹിയിൽവച്ചു വിദേശകാര്യാലയംവകയായി യേമൻപ്രധാനമന്ത്രി സൈഫ് എൽ ഇസ്ലാം അൽഹസ്സനു നൽകിയ സത്ക്കാരത്തിൽ സംബന്ധിക്കുന്നതിനു ആഗതനായ മന്ത്രിതിലകനെ വിദേശകാര്യഡെപ്യൂട്ടിസെക്രട്ടറി അനിൽ കെ. ചന്ദയും പത്നിയുംകൂടി സ്വീകരിക്കുന്നു. വലത്തു്—യേമൻപ്രധാനമന്ത്രി ന്യൂഡെൽഹിയിലെ നാഷണൽ ഫിസിക്കൽ ലബോറട്ടറിയിലെ എലക്ട്രോണിക്സവിഭാഗത്തിൽ.





പേപിടിച്ച മനുഷ്യർ

★

— എച്ച്. എ. ഷൗക്കത്തലി, കൊല്ലം. —

കിലിതുള്ളുന്ന കരിമുകിൽ കടലിനുമീതെ കൂടപിടിക്കുന്ന കൽക്കടകമാസത്തിൽ കടൽ പൂച്ചിക്കാറില്ല. കടലിലെ ഈ ശതികേടിനൊത്തു് കരയിലെ ജീവചൈതന്യവും വാടിത്തളർന്നിരിക്കും.

കടൽക്കരയിലെ വിശാലമായ മണൽപ്പരപ്പിൽ വരിവരിയായി മുക്കുവക്കുടിലുകളുണ്ടു്. മഴനനഞ്ഞു വിറങ്ങലിച്ചുനില്ക്കുന്ന ചെറുക്കുടിലുകൾ കടൽക്കാറ്റിൽ ഓലവിതുത്തി നില്ക്കുന്നതുകണ്ടാൽ . അടക്കോഴി അരിശംകൊണ്ടിരിക്കുന്നതുപോലെ തോന്നും.

അതിനകത്തു് ജീവികൾ അന്യോന്യം പൂട്ടപകൻ്റെ വീർപ്പുമുട്ടി കഴിയുകയാണു്; അച്ഛനും അമ്മയും, മകനും മകളും, ഭർത്താവും ഭാര്യയും എന്നവേണ്ട ഇങ്ങേയറ്റം ആടും കോഴിയും പട്ടിയും പൂച്ചയും എല്ലാം.

മാക്കോസിൻ്റെ കുടിലിൽ അൽഫോൺസ പ്രസവിച്ചുകിടക്കുന്നു. കുടലിൽ 'വറു' വന്നിരിക്കുന്ന കരിപുരണ്ട കൽക്കടകത്തിൽ അവൾ പ്രസവിച്ചതു് മാക്കോസിനു് ഓർക്കാപ്പുറത്തൊരടിയായിരുന്നു.

കുടിൽ അക്കൊല്ലം മേഞ്ഞിട്ടില്ല. കാരണം 'തട്ടുമടിക്കാലം' മട്ടമറിയാൻണ്ടായതു്. 'ചെറുപുറം' പിരുപിരുത്തുകൊണ്ടും പൂരപ്പുറത്തുവീഴുന്ന ശനി പിടിച്ച മഴ കുടിലിനകത്തു് പ്രളയം തളംകെട്ടിക്കുകയാണു്. വെളിക്കു് അതുണ്ടാകുന്നില്ല. കുടിലിനു് പുറത്തുള്ള ഭ്രമിക്കു് വദ്ധിച്ച ദാഹമുള്ളതുപോലെ.

മൂന്നുനാലായി മാക്കോസും മൂത്തരണ്ടു കുട്ടികളും ശരിക്കൊന്നാഹാരം കഴിച്ചിട്ടു്. പ്രസവക്കാരിക്കാണെങ്കിൽ ദിവസം ഒരുതവണയെങ്കിലും വല്ലതും കിട്ടിയെങ്കിൽ ആയി. അതും പൂട കരുവാട്ടം പച്ചരിക്കഞ്ഞിയും.

അൽഫോൺസായുടെ മൂന്നാമത്തെ പ്രസവമായിരുന്നു അതു്. ആദ്യത്തെ രണ്ടും ബഹുജോറായി കഴിഞ്ഞതാണു്. അന്നൊക്കെ മാക്കോസിൻ്റെ കയ്യിൽ കാര്യണ്ടായിരുന്നു.

അവൾ മൂന്നാമതും ഗർഭം തികഞ്ഞിരുന്നപ്പോൾ മാക്കോസിനു പല പ്രതീക്ഷകളുമുണ്ടായിരുന്നു. മൂത്തതു രണ്ടും പെൺകുഞ്ഞുങ്ങൾ. മൂന്നാമതെങ്കിലും ഒരാൺകുഞ്ഞിനെ വേണം. വയസ്സുകാലത്തു കടലിൽ കൂടെവരാൻ ഒരാൾ കാണം. പങ്കായക്കോലിൽ വലയും ഞൊത്തിയിട്ടു് ഒരു തോളൊന്നുകൊടുക്കാൻ വേറെ ആളെ വിളിക്കേണ്ടിവരികയില്ല. വള്ളം കരയ്ക്കു പിടിച്ചുകയറിവയ്ക്കാൻ അവനുംകൂടെയുണ്ടാവും. വള്ളത്തിലെ വെള്ളം കോരിക്കളയും, അങ്ങനെ അങ്ങനെ.....കടലിനോടു് മല്ലിടുന്ന ജീവന്മരണസമരത്തിൽ ഒരു കൂട്ടാളിയെ കൂടെവേണം.

പക്ഷേ അതുണ്ടായില്ലെന്നുമാത്രം. ഇത്തവണയും അവൾ പ്രസവിച്ചതു് ഒരു പെൺകുഞ്ഞിനെത്തന്നെ.

എന്നാൽ മാക്കോസിനു് പരിഭവമൊന്നുണ്ടായില്ല. അവൻ കണ്ണീർ പൊഴിച്ചിട്ടുമില്ല. "മിശിഹത്തമ്പുരാൻ്റെ സംഭാവനയാണവൾ" എന്നാണു് മാക്കോസ്, കാലിട്ടടിച്ചുകരയുന്ന ആ ചോരക്കുഞ്ഞിനെ പേരുവാങ്ങിയ'പതിച്ചിയുടെ കയ്യിൽനിന്നു് ആദ്യമായി കണ്ടപ്പോൾ വിചാരിച്ചതു്.

അൽഫോൺസാ പ്രസവിച്ചിട്ടു് പത്തായി. മാക്കോസു് കടംകൊണ്ടതാണു് പേറുചെലവിൻ്റെ ഒന്നാംഘട്ടം കഴിച്ചതു്. കൈവശമുണ്ടായിരുന്ന കാശെല്ലാം തീർന്നു. കടലാണെങ്കിൽ കാകോളം പൂണ്ടുകിടക്കുകയാണു്. കടൽകുഴിയുന്ന കൽക്കടകത്തിലെ കൊത്ത വാവിൻ്റെ തുടക്കവും. എന്തായെയ്ക? കാര്യവേണം. വല വിട്ടാൽ മത്സ്യരാശിയിൽപ്പെട്ട ഏതെങ്കിലും കിട്ടേണ്ടേ? ചൂണ്ടയുമായി കടലിനോടു് മല്ലിടുക. അതും ഫലം നാസ്തിയായിരിക്കും. കൊളുമ്പിലേയ്ക്കു ചെമ്മീൻപരിപ്പും ഉപ്പുമീനും കയറ്റി അയയ്ക്കുന്ന സി കെ. എസ്. മുതലാളിക്കു് വള്ളം പണയപ്പെടുത്തി കുറെ കാര്യു് മേടിക്കാം. പലക്കും ബുദ്ധിമുട്ടിനു് സഹായിക്കുന്ന ഒരു മഹാമനസ്കനാണു് മുതലാളി. കടൽപ്പുറത്തു ജീവൻ വരണ്ടിരിക്കുമ്പോൾ അദ്ദേഹം പലപ്പോഴും അലിവിൻ്റെ ഇറവെള്ളം നൽകിയിട്ടുണ്ടു്. ഒടുവിൽ മാക്കോസു് അതുതന്നെ തീർച്ചപ്പെടുത്തി.

സമയം ഉച്ചകഴിഞ്ഞു; രണ്ടുമണിയായിക്കാണും. മാക്കോസു് കുടിലിനു പുറത്തിറങ്ങി കടലിലേയ്ക്കു നോക്കി. അണിയണിയായി പടക്കുതിരകൾ പാഞ്ഞുവരുന്നതുപോലെ കടലിളകി കരയിലേയ്ക്കു അടിച്ചുകയറുന്നു. ആ കാശേത്തു' മദയാനകളെപ്പോലെ കരിമേഘം മുരണ്ടു നീങ്ങുന്നു. നഭസിൻ്റെ ഒരു കൃഷ്ണവും വെളിക്കു കാണുന്നില്ല. ലോകം ഇരുളുടയാൻപോകുന്നതുപോലെ അന്തരീക്ഷം പകച്ചുനിൽക്കുകയാണു്. അടുത്തുള്ള കുടിലുകളിൽനിന്നൊന്നും പുക പൊങ്ങുന്നില്ല. മാക്കോസു് നടക്കാൻ ഭാവിച്ചു, നേരെ സി. കെ. എസ്സിൻ്റെ ബംഗ്ലാവിലേയ്ക്കു്. പെട്ടെന്നു മഴ ചീറിയടിച്ചു വീഴാനും തുടങ്ങി.

മഴ തോരട്ടെ എന്നു കരുതി മാക്കോസു് കുടിലിലേയ്ക്കു തിരിഞ്ഞു. പെട്ടെന്നു അവൻ്റെ ശ്രദ്ധ വാരിക്കിടക്കവച്ചിരിക്കുന്ന വള്ളത്തിൻ്റെ ഇടയ്ക്കു മഴനനഞ്ഞു വിറച്ചുവിറച്ചു ഇരിക്കുന്ന ഒരു പട്ടിക്കുട്ടിയുടെ മേലായി. അവ്യക്തമായ ചില ദീനസ്വരങ്ങളും അതു പുറപ്പെടുവിക്കുന്നു. മാക്കോസു് അടുത്തുചെന്നുപട്ടിക്കുട്ടിയെയെടുക്കാൻ ശ്രമിച്ചു. നല്ല ഒരാൺപട്ടി. കണ്ണുതുറന്നിട്ടേയുള്ളൂ. അടുത്ത പള്ളിവെളുപ്പിലെ കുറിക്കാട്ടിൽനിന്നും മഴ നനഞ്ഞപ്പോൾ ഉരുണ്ടുപിരണ്ടുവന്നതാണു്.

അന്നേക്കുമുമ്പുവരെ മാക്കോസു് അതിനെ കയ്യിലെടുത്തു. കൊത്ത വെൾവെറ്റിൽ പൊതിഞ്ഞ ഒരു ചലിക്കുന്ന മാംസക്കട്ട. അസാധാരണമായ ഒരു ആകർഷകത്വം അതിനുള്ളതുപോലെ അവനു തോന്നി.

കുടലിനകത്തു് പട്ടിയെയുംകൊണ്ടു കയറി; അൽഫോൺസായുടെ പായ്ക്കുടുത്തുവച്ചു. അതു ഉരുണ്ടുരുണ്ടു് അവളോടു പറഞ്ഞുചേർന്നുകിടന്നു.

അതിനെ കണ്ടപ്പോൾ അൽഫോൺസായ്ക്കു വിശകലനാതീതമായ ഒരനുഭൂതിയുണ്ടായി, ഒരുവശത്തു് അവളുടെ ചോരക്കുഞ്ഞു് പഴന്തുണിയിൽ പൊതിഞ്ഞുകിടക്കുന്നു, മറുവശത്തു പട്ടിക്കുഞ്ഞും. ഏട്ടയംഗമമായ ഒരു ലിവിൻ്റെ നിഴൽ അൽഫോൺസായുടെ ഉൾത്തടത്തിൽ നൃത്തംവച്ചു. മാതൃത്വത്തിൻ്റെ മഹാസ്ഥാപനം മാതാവില്ലാത്ത ആ പട്ടിക്കുട്ടിക്കും അഭയം നൽകാതിരിക്കുമോ?

അങ്ങനെ അവളുടെ ചൂടും പകർന്നുകൊണ്ടു തൻ്റെ ഓമനക്കുഞ്ഞിനെപ്പോലെ അതും വളരാൻ തുടങ്ങി.

മാക്കോസിനും ഒരാൺകുഞ്ഞുണ്ടായ സന്തോഷമാണു് ആ പട്ടിയെ കിട്ടിയതുമുതലുണ്ടായതു്

പട്ടി കുടിലിൽ വന്നതിനുശേഷം കുടിലിനു് ഒരു പുത്തൻ ജീവൻ വീണതുപോലെ. അന്നുമുതൽ കടൽപ്പറവും പുതിയ ചൈതന്യം വീണ്ടെടുത്തു. കടലിൽ ജീവൻ തളിരിടാൻ തുടങ്ങി. മഴമാറി തെളിഞ്ഞു. സി. കെ. എസ്സിനു് കൊടുക്കാനുണ്ടായിരുന്ന ത്രുപ ഇരുപത്തഞ്ചും ഒന്നൊരണ്ടു ദിവസത്തിനകം മാക്കോസിനു കൊടുത്തുതീർക്കാൻ സാധിച്ചു.

എല്ലാ കുടിലുകളിൽനിന്നും പുകപടലങ്ങൾ പുറത്തേയ്ക്കു വമിച്ചു. മത്സ്യം വറുക്കുന്നമണം കടൽക്കാറ്റിലലിഞ്ഞുചേർന്നു.

അൽഫോൺസാ പട്ടിക്കുഞ്ഞിനെ തടവിക്കൊണ്ടു് ഒരു ദിവസം പറഞ്ഞു.

"ഇതൊരു ഭാഗ്യമുള്ള നായ,,

"ശരിയാ,, മാക്കോസു് പിന്താങ്ങി.

അടുത്തപള്ളിയിലെ കുഞ്ഞനാരച്ചൻ്റെ പാമ്പു് കടിച്ചു് മരിച്ചുപോയമനുഷ്യസ്നേഹമുള്ള ഒരു ശ്വാനനെപ്പറ്റി അൽഫോൺസായ്ക്കറിയാം. അതിനെ പള്ളിവക സിമിത്തേരിയിൽ അച്ചൻ അടക്കിയിട്ടുണ്ടു്. ആ സ്നേഹമുള്ള പട്ടിയുടെ പേർ അവൾ ഈ പട്ടിയ്ക്കും നൽകി.

അങ്ങനെ എല്ലാവരും 'റോമി' എന്നു് പട്ടിയെ വിളിയ്ക്കാൻ തുടങ്ങി.

മണിക്കൂറുകൾ കൊഴിഞ്ഞു് ആ കുടിലിൽ രണ്ടുജീവികൾ വളർന്നുവരുന്നതു് കാണാൻ സാധിയ്ക്കും. ഒന്നു് 'റോമി മറോത്തു്' മാക്കോസിൻ്റെ മൂന്നാമത്തെ മകളായ 'ജൂലി'

ജൂലിയ്ക്കു് കൊടുക്കുന്ന ആഹാരത്തിൻ്റെ ഉച്ഛിഷ്ടത്തിൽ റോമിയും കഴിയും. കാച്ചിയ പാൽപ്പൊടി മുലക്കുപ്പിയിലൊഴിച്ചു ജൂലിയ്ക്കൊടുത്താൽ അവൾ കുടിക്കാറില്ല. കാരണം' അൽഫോൺസായുടെ ചൂരനപാൽക്കുടങ്ങളിൽ എപ്പോഴും അവൾക്കു വേണ്ടുവോളമുണ്ടു്. ജൂലികുടിക്കാത്ത കുപ്പിപ്പാൽ തറയിൽ ഒഴിച്ചു് കൊടുക്കുന്നതു് റോമി നക്കിക്കുടിയ്ക്കും.

അന്നൊരു ബുധനാഴ്ചയായിരുന്നു. മാക്കോസു് കടലിലാണു്. സമയം മധ്യാഹ്നം കഴിഞ്ഞിരിക്കുന്നു. മുലക്കച്ചയഴിച്ചു് ഒന്നു ജൂലിയുടെ വായിൽ തിരുകിക്കയറ്റിയിട്ടു് അൽഫോൺസാ ചരിഞ്ഞുകിടക്കുകയാണു്. അവൾ അങ്ങനെ കിടന്നു് കണ്ണടച്ചുപോയി. തറയിൽ തൊട്ടിരുന്ന മറേറ മുലക്കാമ്പിൽ നിന്നും പാൽ വാർന്നു് പൊയ്ക്കൊണ്ടിരുന്നു. അതു ഒഴുകി തളം കെട്ടികിടന്നതു റോമി നക്കി കുടിച്ചു കൊണ്ടിരിയ്ക്കുന്നതു കണ്ടുകൊണ്ടാണു് അൽഫോൺസാ ഉണർന്നതു്.

* * *

ജൂലിക്കു് വയസ്സു് രണ്ടായി. 'ജൂലി' നടന്നുകളിക്കും. റോമി അവളെ അനുഗമിക്കും. പള്ളിവെളുപ്പിലെ കുറിക്കാട്ടിൽ ചിത്രശലഭങ്ങൾ പൂക്കൾ തോറും പാറിപ്പറന്നു നടക്കുന്നതു കണ്ടുകൊണ്ടുനില്ക്കുക അവൾക്കു് ബഹുരസമാണു്. അടുത്തു് എപ്പോഴും പട്ടിയുമുണ്ടാവും.

ഒരിക്കൽ പൊളിഞ്ഞുപഴതു് വീണുകിടന്നിരുന്ന ഒരു ശവക്കല്ലറയിലേയ്ക്കു അവൾ വീഴാൻപോയപ്പോൾ പെട്ടെന്നു് ഫ്രോക്കിനൊരുപിടി. റോമി ഫ്രോക്കിൽ കടിച്ചുപിടിച്ചു അവളെ രക്ഷിച്ചു.

അയിടയ്ക്കു് കുടിലിൻ്റെ പരിസരത്തുനിന്നും ഒരു കോഴിക്കുഞ്ഞിനെ പരുന്തു് റാഞ്ചിക്കൊണ്ടുപോയി. പള്ളിമേടയിലുള്ള കുരിശിനുമുകളിൽ കൊണ്ടുവച്ചു. മരണത്തിൻ്റെ നിഴലിൽനിന്നും പിടച്ചുപിടച്ചു വഴുതിവീണ കോഴിക്കുഞ്ഞിനെ റോമി കൂപ്പിയെടുത്തു് കുടിലിൽക്കൊണ്ടുവന്നു.

ഒന്നു് രണ്ടാഴ്ചയായി മാക്കോസിൻ്റെ വലയിൽ മത്സ്യരാശിയിൽപെട്ട ഒന്നും കുടുങ്ങിയില്ല. കുടിൽ പട്ടിണിയായി. പ്രദോഷംമുതൽ പാതിരാവരെ വലയും വള്ളവും ചൂണ്ടലുമായി കടലിൽ മല്ലിട്ടിട്ടും യാതൊരു ഫലവുമുണ്ടായില്ല.

അപ്രകാരമുള്ള ഒരു ദിവസം അർദ്ധരാത്രി കുടിലിനുപുറത്തു് പട്ടി കൂവുകയാണു്. ഉഗ്രമായി ചീറിയലറുന്ന

കടലിന്റെ ശബ്ദത്തിനുമീതെ അതു് കൂടിലിൽ ചെന്നലച്ചു.

മാക്കോസ് ഉറങ്ങുകയായിരുന്നു. പട്ടിയുടെ കുരകേട്ടു കണ്ണുതുറന്നു. നല്ല തണ്പ്പു്. ഉടുത്തിരുന്നമുണ്ടു് വലിച്ചു പുതച്ചു് അവൻ പുരുണ്ടുകൂടി കിടന്നു.

മാക്കോസിനു് കിടക്കപ്പൊറുതി കൊടുക്കാതെ പട്ടി കുരയ്ക്കുകയാണു്. ഉഗ്രമായ കുര. വീണ്ടുംവീണ്ടും കുരതന്നെ. അങ്ങനെ ആവർത്തിച്ചാവർത്തിച്ചു് കുരച്ചു. പട്ടി കുരച്ചുകുരച്ചു മരിക്കുമെന്നുതോന്നി.

ഒടുവിൽ മാക്കോസ് കൂടിലിന്റെ കതകുതുറന്നു പുറത്തുവന്നപ്പോഴാണു് കാര്യം മനസ്സിലായതു്. കുരയ്ക്കു് മുട്ടയിടുവാൻ കയറിയ ഒരാമയെ കടിച്ചുവലിച്ചുകൊണ്ടുവന്നു കൂടിലിനു മുൻവശത്തു മലർത്തിയിട്ടിരിക്കുന്നു.

ഹായ്! മാക്കോസിനും കുടുംബത്തിനും കോളായി. അപ്പോൾത്തന്നെ ആമയെ പൊളിച്ചു മാംസം വാങ്ങെടുത്തു.

ആമസമ്പ്പ് അടുപ്പിൽനിന്നും വാങ്ങിയപ്പോൾ ആദ്യമായി ഒരു തവി രോമിക്കു് അൽഫോൺസാ തറയിൽ ഒഴിച്ചുകൊടുത്തു.

അതു് അവൻ നക്കിക്കുടിക്കുന്നതു് അവൾ നോക്കിയിരുന്നു. അപ്പോഴാണു് മുഖം മുറിഞ്ഞു് ചോര വാർന്നിരിക്കുന്നതിന്റെ പാടു് അവൾ കണ്ടതു്. ആമ പട്ടിയെ മാന്തിക്കീറിയിരിക്കുന്നു. തീച്ചൂരകൊണ്ടു് മാന്തേറുതുപോലെ അവൻ വേദനകൊണ്ടു് പുളഞ്ഞിരിക്കണം.

* * * *

തട്ടുമടിക്കാലം. മാക്കോസിന്റെ കൂടിലിന്റെ ഒരു വശത്തെ വാരിക്കുടിയിൽ വച്ചിരിക്കുന്ന വള്ളം മുഴുവൻ മീൻ ഉപ്പിട്ടുവച്ചിരിക്കുകയാണു്. രാത്രി മാക്കോസ് വള്ളവുംകൊണ്ടു് കുറെ അകലമാറി കടമ്മനിട്ടിൽ കിടക്കുകയായിരുന്നു. അവൻ ഒന്നു് മയങ്ങിയതേയുള്ളു. അപ്പോഴുണ്ടു് ഒരു ബഹളം, വലിയ കോലാഹലംതന്നെ.

പട്ടിയുടെ കുര, അമ്മോ! അമ്മോ എന്നു അതിനിടയ്ക്കു് മനുഷ്യശബ്ദവും തുടരെ കേൾക്കാം.

മാക്കോസ് പിടഞ്ഞെഴുന്നേറ്റു വള്ളത്തിനുസമീപംവന്നു. അപ്പോഴാണു് സംഗതിയുടെ പൊരുൾ മനസ്സിലായതു്. ആളുംമൂട്ടിൽ ഔസേപ്പു് വള്ളത്തിനടുത്തു് നില്പുണ്ടു. അവന്റെ രണ്ടാംമുണ്ടുനിറയെ വള്ളത്തിൽനിന്നും മീൻവാരി ഇട്ടിട്ടുണ്ടു്. പട്ടി ഔസേപ്പിനെ തടകലിൽ വച്ചിരിക്കുന്നു.

മാക്കോസ് ഔസേപ്പിന്റെപക്കൽ നിന്നും മീൻ തിരിയെ വാങ്ങി വള്ളത്തിലിട്ടു. അപ്പോഴുണ്ടു് അവന്റെ കുടവള്ളയിലെ മാംസം ഇളകിതുള്ളിക്കിടക്കുന്നു. പട്ടി കടിച്ചുപറിച്ചതാണു്. ചോര അണപൊട്ടിയതുപോലെ കാലിൽനിന്നൊഴുകുന്നുണ്ടു്. ഔസേപ്പിന്റെ രണ്ടു തല്ലുകൊടുത്തുകളയാമെന്നു വിചാരിച്ചതു് മാക്കോസ് അവന്റെ മുറിഞ്ഞ കാലിനോടുള്ള സഹതാപത്തിൽ പ്രവർത്തനരഹിതമാക്കി.

ശ്രീരാജ്യങ്ങളും, പുരസ്കാരങ്ങളും, ഗ്രന്ഥവകുങ്ങളും ഇൻഡ്യയിലെ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലേക്കും ഗണിച്ചു ചേർത്തിട്ടുള്ള സൂര്യഗ്രഹണം മുതലായി മുൻകൊല്ലങ്ങളെക്കാളും വളരെയധികം വിഷയങ്ങളും ചേർത്തു പരിഷ്കരിച്ചിട്ടുള്ളതും,

ശാസ്ത്രഭൂഷണൻ, ജ്യോതിർഗ്ഗണിതപണ്ഡിതർ, ശ്രീലാളൻ

പാണ്ടനാട്ടിൽ പി. ആർ. ഗോപാലവാര്യർ അവർകളാൽ

ഗണിക്കപ്പെട്ടതുമായ

1131-ാമാണ്ടത്തെ

ശ്രീരാമവിലാസം പ്രസ്സ് വക

6 ഫാറവും 4 ഫാറവും

★ പഞ്ചാംഗങ്ങൾ ★

കമനീയമായി അച്ചടിച്ചു തയാറായിരിക്കുന്നു.

കച്ചവടക്കാർക്കു് ആകർഷകമായ കമ്മീഷൻ!

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ് & ബുക്ക്ഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

രോമി വാത്സല്യമുള്ള ഒരു നായയിട്ടാണു് വളർത്തിവന്നതു്. അവന്റെ തരക്കാരായ മറ്റു ശ്വാനന്മാരുമായി അവൻ ശണ്ഠ പിടിക്കാറില്ല. സ്ഥലവാസികളായ ഒന്നുരണ്ടു പെൺകുട്ടികളുമായി രോമി സ്നേഹബന്ധം പുലർത്തുവാൻ തുടങ്ങി. സംഗതി ഒരു ദിവസം പുറത്തായി.

മാക്കോസല്ല ആദ്യം അറിഞ്ഞതു്; അൽഫോൺസായാണു് ഞെളിവുസമയം സംഗതി കണ്ടുപിടിച്ചതു്.

ഒരു ദിവസം കടൽത്താഴെ മൂവന്തിനേരത്തു് അൽഫോൺസാ 'വെളിക്കിരിക്കാൻ' പോയപ്പോൾ ഒരു സംഭവമുണ്ടായി. കുറെ അകലെ അഞ്ചാറു പട്ടികളും കശപിശ കൂട്ടുകയും കുരയ്ക്കുകയും ചെയ്യുന്നു. അതിനിടയിൽ ചില മൂളലുകളും അമർത്തിയ കുരയും. രോഷംപൂണ്ടതൊന്നായിൽനിന്നും വരുന്നമാതിരിയുള്ള പ്രതിഷേധത്തിന്റെ സ്വരങ്ങളും ഇടയ്ക്കിടയ്ക്കു കേൾക്കാം.

മൂവന്തിയുടെ അരണ്ട പ്രകാശത്തിൽ അവൾക്കതു കാണുവാൻ സാധിച്ചു. രോമിയും മറ്റൊരു പെൺപട്ടിയും ലൈംഗികമായ പ്രേരണയുടെ വസ്തുനിഷ്ഠമായ ഘടനയാൽ ഐക്യപ്പെട്ടുകിടക്കുന്നു. ശാസ്ത്രീയമായ മൂല്യങ്ങളെ മാനിക്കാത്ത ഒട്ടേറെ സാമർത്ഥമതികളായ ശാസനന്മാർ പ്രതിഷേധിക്കുകയാണു്.

അന്നു രാത്രി അവർ മാക്കോസിനോടും ഈ കാര്യം പറഞ്ഞു. അവനു് ആദ്യം അരിശം ഉണ്ടായി.

രോമിയുടെ ചെവിക്കു് പിടിച്ചു പൊക്കി തുടയ്ക്കു് അവൻ കൈപ്പത്തികൊണ്ടു രണ്ടടി. പട്ടി മോങ്ങിക്കൊണ്ടൊരോട്ടം. പിന്നീടാണു് മാക്കോസിനു് അതു വേണ്ടായിരുന്നു എന്നു തോന്നിയതു്.

പട്ടിയെ തല്ലിയതു് കണ്ടപ്പോൾ അൽഫോൺസാ ചിരിച്ചുകൊണ്ടു പറഞ്ഞു:

"നിങ്ങളെ വല്ലോരും തല്ലുന്നോ?".

ആ ചോദ്യത്തിനു് മാക്കോസിനു് സമാധാനമുണ്ടായിരുന്നില്ല. അവൻ അൽഫോൺസായെ ഒന്നു കണ്ണു ചുരുക്കിനോക്കി ചിരിച്ചു.

പിറ്റേദിവസം രാവിലെതന്നെ മാക്കോസു് എണീറ്റു കുളിച്ചു. പതിവിനെതിരായി കടൽത്താഴെയാണു് മാക്കോസ് കുളിക്കാൻ പോയതു്.

അൽഫോൺസാ പള്ളിക്കിണാറിലാണു് കുളിക്കുന്നതു്. അവളും അതിനായി പുറപ്പെട്ടു. കൂടിലിനകത്തു മൂന്നു കുട്ടികളും ഉറക്കമുണർന്നിട്ടില്ല.

നേരം പരപരാന്നു് വെളുക്കുന്നതേയുള്ളു. അവർ കൂടിലിന പുറത്തിറങ്ങി വാതിലടച്ചു കൊളുത്തിട്ടു. പെറയുടെ ഇടയിലൂടെ വീണ്ടും അകത്തേയ്ക്കു നോക്കി: മൂന്നുപേരും ഉറക്കംതന്നെ.

കയ്യിൽ സോപ്പും തോളിൽ കുളിച്ചു മാറി ഉടുക്കേണ്ട വസ്ത്രങ്ങളുമായി അവൾ ധിറുതിയിൽ കിണാറിനെ ലക്ഷ്യമാക്കി നടക്കുകയാണു്. പെട്ടെന്നു് പിറകിൽ പട്ടിയുടെ കുര. ഓടിക്കിതച്ചുകൊണ്ടു് രോമി അവളുടെ മുമ്പിൽകയറി മാർഗ്ഗംതടഞ്ഞുകൊണ്ടു് കുരയ്ക്കുകയാണു്. അവൾ അവനെ തള്ളിമാറ്റിക്കൊണ്ടു വീണ്ടും നടക്കുവാൻ ശ്രമിച്ചു. പക്ഷേ പട്ടി വിട്ടില്ല. അവൾ പെട്ടെന്നു് പട്ടിയുടെ പള്ളയ്ക്കൊരു ഞെരിക്കൊടുത്തു. വേദനാജനകമായ ഒരു ശബ്ദം; അതായതു് കരികല്ലിൽ പളുങ്കുപാത്രം വീണുതകരുന്നതുപോലെ. ഏതായിരുന്നാലും പട്ടി നിലവിളിച്ചുകൊണ്ടാണു് ഓടിയതു്. കിണാറിൻകരെച്ചെന്നു നാലുവശത്തും മണപ്പിച്ചുമണപ്പിച്ചു് കിണാറിനെച്ചുറ്റി ഉഗ്രമായി കുരച്ചു കിണാറിലെ തിട്ടക്കല്ലുകൾക്കിടയ്ക്കൂടി തുറിച്ചുനോക്കിക്കൊണ്ടാണു് കുരയ്ക്കുന്നതു്.

അൽഫോൺസാ നടന്നു കിണാറിനെ സമീപിക്കുന്നതിനുമുൻപു് കല്ലുകൾക്കിടയിൽനിന്നും ഒരു പാമ്പു് പിടി പുറത്തുചാടി പെട്ടെന്നു അടുത്ത കുറിക്കാട്ടിലേയ്ക്കു് ഇഴഞ്ഞുമാഞ്ഞു. രോമി പാമ്പിന്റെപിറകെ ഓടുകയും ചെയ്തു.

അൽഫോൺസാ ഇടിയേറ്റതുപോലെ അസ്പന്ദയായി നിന്നുപോയി. അവളുടെ ഹൃദയം അളിക്കത്തി. കണ്ണുകളിൽ ഇരുട്ടു് ചൂഴ്ന്നുകയറി. ചുണ്ടുകൾ വിറയ്ക്കുകയാണു്. ദേഹമാസകലം തരിച്ചുതുപോലെ യാതൊരു

രംഗവിക്ഷേപവുമില്ലാതെ അവളങ്ങനെ ശരധൈര്യയായി നില്ക്കുകയാണ്.

ഒട്ടനേരം പട്ടി പിന്നുപോയസ്ഥാനം ലക്ഷ്യമാക്കി കുരച്ചിട്ട് വീണ്ടും ഓടി അൽഫോൺസംയ്യുടുത്തുവന്നു. അവൻ വാലാട്ടിക്കൊണ്ട് അവളുടെ കാലിൽ മന്ദം മന്ദം മുഖംമുട്ടിച്ചു. എന്നിട്ട് ദേഹം കാലിൽ മെല്ലെയുരുമ്മിയിട്ട് നേരേ കുടിലിലേയ്ക്കോടി.

പട്ടിയുടെ വരവുംനോക്കി അൽഫോൺസം നിന്നു. അവരുടെ കണ്ണിൽ കണ്ണീർപൊടിഞ്ഞ അവർക്കുമാത്രമറിയുന്ന നയനങ്ങളുടെയല്ലാതെ ആ പട്ടിയെ നോക്കിക്കൊണ്ട് നിൽക്കുവാൻ സാധിച്ചില്ല.

ഈ സംഗതി മാർക്കോസ് കേട്ടപ്പോൾ പറഞ്ഞു.

'നിന്റെ പാലാ അവനെ വളർത്തിയതു്'.

'അതേ!' അൽഫോൺസാ ശരിവച്ചു. അവളുടെ തൊണ്ടയിൽ ഗദ്ഗദം വിങ്ങിപ്പൊട്ടിയാണ് ആ 'അതെ' പുറത്തുവന്നതു്.

* * *

ഭർത്താവിന്റെ പെരുന്നാൾ സമാഗതമായി. അൽഫോൺസാ എല്ലായാണ്ടിലും പെരുന്നാളിനുപോകും. പള്ളിയിലെറിഞ്ഞുജനത്തിരക്കും ബന്ധുക്കളുണ്ട്. അക്കൊല്ലവും പെരുന്നാളിനുപോകുവാൻ അവരും തീർച്ചപ്പെടുത്തി. അതുമല്ല ജൂലിയെ ഒന്നു തിരുമേനിയെക്കാണ്ട് തലതൊടീക്കണം. ഉടനടുത്തുള്ള തിരുനാളിനുമുമ്പ് അരമനയിൽ കൊണ്ടുപോയാൽ അതു സാധിക്കും.

പെരുന്നാളിടവസം ഉച്ചയൂണുമുമ്പുതന്നെ വീട്ടുവേലകളെല്ലാം അവർ പൂർത്തിയാക്കി. മാർക്കോസ് രാവിലെതന്നെ ഷോപ്പിംഗിനായി പോയിരിക്കുകയാണ്.

കുടിലിനുപുറത്തു കൂടികളും അൽഫോൺസായും ഉടുത്തൊരുങ്ങി ഇറങ്ങിയതിനുശേഷം കുടിലിന്റെ വാതിൽപൂട്ടി. നടക്കൽതുടങ്ങിയപ്പോഴേയ്ക്കും മാർക്കോസും റോമിയും വന്നുചേർന്നു. അവൻ ജൂലിയുടെ പുറകെ തുള്ളിച്ചാടി വാലാട്ടിക്കൊണ്ട് നടന്നു.

"പോടാ! വീട്ടിൽ, ഞങ്ങൾ വരുന്നേരെയും നോക്കിക്കോ" അൽഫോൺസാ പട്ടിയ്ക്ക് ആജ്ഞനൽകി.

അവൻ ചാടി പിൻകാലുകളിൽ നിന്നുകയാണ്. മുൻകാലുകളും രണ്ടും ജൂലിയുടെ തുമലിൽ തൊട്ടുകൊണ്ട്. അവൻ അപ്രകാരം നിന്നപ്പോൾ ജൂലിയേക്കാളും അവനും ഉയരമുള്ളതായിത്തോന്നി.

ജൂലി വെള്ളിപോലെ മിന്നുന്ന പുതുകിയതാണ് ആ കുഞ്ഞു സംഗതിയെ അനുനിമിഷം പട്ടുപുഴുവായമാണ് ധരിച്ചിരിക്കുന്നതു്: അവരും പട്ടിയെ അത്തൊന്നുതള്ളി, കാറുണ്ണാ, ഫ്രോക്കിൽ അഴുക്കുപുരളാതിരിക്കുവാൻ.

ഒരുപോലെ വളർന്നുവരുന്ന രണ്ടുജീവികൾ. പട്ടി പിൻകാലുകളിൽ നിന്നപ്പോൾ ജൂലിയേക്കാളും ഉയരമുണ്ട് അവനും.

അടുത്തലക്കം

ഭർത്താവിനുള്ളിയുംകടന്നാണ് അരമനയിൽ പോകേണ്ടതു്. പള്ളിക്കു മുൻവശത്തു് വലിയ ആഘോഷമാണ്. ഷോപ്പിംഗിനുള്ള പള്ളിയിൽനിന്നും പുറപ്പെടുവാനായി ഒരുങ്ങിക്കഴിഞ്ഞു.

കൊന്തക്കച്ചവടം അന്തോണി; വലുക്കാരൻ ഉമ്മർ എന്നുവേണ്ട ഇങ്ങനെയാരും കപ്പലണ്ടിക്കാരെ 'തകൃതിയായി' കച്ചവടം നടത്തുന്നു.

പല നാളുകൾകൊണ്ടു അൽഫോൺസാ വിചാരിക്കുന്നതാണ്; ഒരു കൊന്തവേണം. ഏതായിരുന്നാലും അതു് വാങ്ങണമെന്നു് അപ്പോളവും തീർച്ചപ്പെടുത്തി. അവിടെ അന്തോണിയുടെ കടയ്ക്കുനേരെ ചെന്നു.

ആദ്യമായി അവളുടെ ശ്രദ്ധയെ ആകർഷിച്ചതു് അന്തോണിയുടെ കടയിൽ ഒരുവശത്തുതൂങ്ങുന്ന ഒരു കൊച്ചു ബോർഡായിരുന്നു. അതിലെ ലിഖിതം ഇപ്രകാരമാണു്.

'ശവപ്പെട്ടി എപ്പോഴും തയാർ'.

ഏഴത്തിനു താഴെ ഒരു ശവപ്പെട്ടിയുടെ പടവും.

ബോർഡു് കണ്ടതിനുശേഷം അതു് കാണേണ്ടിയിരുന്നില്ല എന്നൊരു തോന്നൽ അവൾക്കുണ്ടായി. വളരെ ഉത്സാഹത്തോടെ ഉത്സവച്ചന്തകളിൽ പങ്കുകൊള്ളുമെന്നായി വന്നവരിൽ ആ ബോർഡു് കണ്ടിട്ടുള്ളവർക്കെല്ലാം അപ്രകാരം തോന്നിയിരിക്കണം. അർത്ഥാഭാഷണത്തിനുശേഷം അന്തോണിയുടെ കടയിൽ ആരുമടുത്തുചെന്നില്ല. അവർ അരമനയിലേയ്ക്കു നടന്നു.

എല്ലാവരും അരമനയിൽ എത്തിച്ചേർന്ന് തിരുമേനി കുളികഴിഞ്ഞു പുറത്തേയ്ക്കു വരുവാൻ തയ്യാറെടുക്കയാണ്. കാത്തുനിൽക്കുന്നതു് ഇനിയും അരമണിക്കൂറെങ്കിലും പിടിക്കും.

അൽഫോൺസാ അക്ഷമയോടെ കാത്തുനിൽക്കുകയാണ്. അരമണിക്കൂർ കഴിഞ്ഞിട്ടും തിരുമേനി പുറത്തുവന്നിട്ടില്ല. തിരുമേനിയുടെ വരവുംകാത്തു പുറത്തു നില്ക്കുന്നവരെല്ലാം അങ്ങിങ്ങു നില്ക്കുന്നുണ്ട്.

കുഞ്ഞുങ്ങളും മുതിർന്നവരും ബലൂണുകൾ കാറ്റിൽ പറത്തി അരമനവളപ്പിനുള്ളിൽനിന്നും കളിക്കുകയാണ്. പെട്ടെന്നു് ജൂലിമാത്രം ഗേറ്റിനുപുറത്തു ബലൂണുമായി ഓടിപ്പോയി. അവളുടെ കയ്യിലുള്ള ബലൂൺ കാറാടിച്ചുപറത്തിക്കളഞ്ഞു.

മുൻവശത്തുള്ള നടപ്പാതയിൽ അവൾ ബലൂൺ വീണ്ടും പറത്തിക്കളിച്ചു. കൂടെ പട്ടിയും ഓടിക്കളിച്ചുകൊണ്ടിരുന്നു. പെട്ടെന്നവനു ഒരു കാറു് ബലൂൺ ഉതിപ്പുറത്തി. അതു് ഉരുണ്ടുരുണ്ടു് സമീപത്തുള്ള കടൽതീരത്തെ പോയി. അവിടെയുള്ള ഒരു കരിങ്കൽവിടവിനുള്ളിലേക്കു് പതിച്ചു.

അവിടെ കടൽതീരം കരിങ്കല്ലുകൊണ്ടും നിബിഡമാണ്. കീഴ്ക്കാംതൂക്കായി അനേകം വിടവുകളുണ്ട്. പണ്ടു് 'ലന്തപ്പാക്കിയുമിക്കിരീസും' കോട്ടകൊത്തളങ്ങളിൽ പട്ടികിടച്ചുകൊണ്ടു് നിന്നുകയാണു്. നായ്പ്പല്ലുപോലുള്ള കൂർത്തകരിങ്കല്ലുകളിൽപോയി വീണു കുളിക്കിപ്പോയതിന്റെ അവശിഷ്ടങ്ങളാണ്.

കീഴ്ക്കാംതൂക്കായുള്ള വിടവുകളിലേയ്ക്കു് മനുഷ്യർപോലും എത്തിനോക്കുവാൻ ധൈര്യപ്പെടുകയില്ല. ആ ആഴമേറിയ വിടവുകളുടെ അകവശത്തെല്ലാം 'നായ്പ്പല്ലുകൾ' പോലുള്ള ഒരുതരം 'കോറൽപ്പാറകൾ' പിടിച്ചിരിക്കുകയാണ്. അങ്ങിങ്ങായി കടൽപായലുകളും പിടിച്ചിട്ടുണ്ട്. മുമ്പൻപന്നി അതിന്റെ മുള്ളുകൾ വിടർത്തിയിരിക്കുന്നതുപോലാണ് ഈ പായലുകൾ പിടിച്ചുനിൽക്കുന്നതു്.

കടൽ തേളുകളും വലിയ കറുത്ത ഞണ്ടുകളും ധാരാളമായി കാണാം. രാത്രികാലങ്ങളിൽ ഞണ്ടുകളെ വേട്ടയാടുവാൻ കടന്നും, കരിംപൂച്ചയും, അവിടങ്ങളിൽ വന്നു് പതിയിരിക്കും.

കാളിയും, ആനഴുതയും, പട്ടവാനും, ഗ്രൂക്കനും, ഒറ്റമുലച്ചിയും മറ്റും അവിടെ വാസമുറപ്പിച്ചിരുന്നാണ് നാട്ടുകാരുടെ വിശ്വാസം.

ഇത്തരത്തിലുള്ള ഈ കരിങ്കൽ വിടവുകളും അടുത്തുള്ള വിളക്കുമരത്തിന്റെ അടുത്തുവരെ കിടപ്പുണ്ട്.

അതിലൊരു വിടവിലേയ്ക്കു് ജൂലിയുടെ ബലൂൺ ഉരുണ്ടുപോയി പതിച്ചു. അവൾ ബലൂൺ നോക്കുന്നേരം വിടവിലേയ്ക്കു് എത്തിനോക്കിയതും ചവിട്ടിനിന്നിരുന്ന കല്ലു് വഴുതി അവളുമായി ആ മാനം ഒളിച്ചിരുപ്പുള്ള ഭീകരത്തിലേയ്ക്കു പതിച്ചു.

ആ റിബ്ബൺപെൺകുട്ടിയുടെ ചേതനയിൽനിന്നും വേദനയുടെ വീറോടുകൂടിയുള്ള ഒരമറൽ പുറത്തുകേട്ടു. ജൂലി വീഴുന്നതും അവൾ ഇടിച്ചു് ഇടിച്ചു് രണ്ടു് ഉരുളൻ കല്ലുകളിലിടയ്ക്കുവീണു് ചതഞ്ഞുപോകുന്നതുംനോക്കി മുകളിൽ പട്ടി കിതച്ചുകൊണ്ടു് നിന്നുകയാണ്. നായ്പ്പല്ലുപോലുള്ള കൂർത്തകരിങ്കല്ലുകളിൽപോയി വീണു

അതു കുട്ടിയുടെ ശരീരം പൊട്ടിത്തെറിച്ചു. നാലുവശത്തുമുള്ള കല്ലുകളിൽ ചോര തെറിച്ചുവീണ് കട്ടപിടിച്ചു. രക്തം, തുടിക്കുന്ന ജീവസ്സാൻപോകുന്ന ശരീരത്തിൽനിന്നും വാർന്നൊഴുകി. അലിവിൻവലയാഴി അലകളയച്ച് അപ്പോഴപ്പോൾ അതു കഴുകുന്നതുപോലെ തോന്നി.

കടലിന്റെ അലച്ചിലിനു ഉറുതുകൂടിയതുപോലെ തിരമാലകൾ അലറിക്കൊണ്ടടിച്ചു കയറുകയാണ്.

ഇതെല്ലാം കണ്ടുകൊണ്ടു ആനന്ദിയുള്ള ശ്രവനൻ മുകളിൽ നില്ക്കുകയാണ്. നിസ്സഹായനായി പട്ടി മുകളിൽ നിന്നുകൊണ്ട് കൂവുന്നു. വേദനിക്കുന്ന മനുഷ്യൻ ഞരങ്ങുന്നതുപോലെ അവനും ചില അസ്പഷ്ടശബ്ദങ്ങളും പുറപ്പെടുവിച്ചു.

കടൽ അപ്പോഴും അലറുകയാണ്. വെള്ളം ചെന്നു ചേരാത്ത കല്ലുകളിൽ പറിയിരിക്കുന്ന ചോര കൗതുകം വളർത്തിക്കൊണ്ടു കട്ടപിടിച്ചു. അല്പനേരത്തിനകം, അവിടെയുള്ള എല്ലാം കരിങ്കല്ലുകളും മുമ്പു മറച്ചുവച്ചിരുന്ന മണ്ണടിഞ്ഞ മനുഷ്യന്റെ ചോര കട്ടപിടിച്ചിരുന്നതായിരുന്നെന്നു തോന്നിപ്പോകും. കുറെ കഴിഞ്ഞ് പട്ടി ഒന്നു നീട്ടി ഓലിയിട്ടു; അതിനുശേഷം കൂവുന്നു. പക്ഷേ അതു കൂവുന്നില്ല ഒരു ഗദ്ഗദാത്മകതയുണ്ടായിരുന്നു. ശ്രവനൻ അവന്റെ സമസ്തശക്തികളും കൂവുന്നുവെന്നായി വിനിയോഗിച്ചു. മനുഷ്യനെപ്പോലെ അവനും ഒച്ചവയ്ക്കുന്നു. തൊണ്ടകീറുമാറുള്ള രോമിയുടെ കൂവലും കടലിന്റെ അലർച്ചയും ഭീതികരമായി കേൾക്കാം. അതു അങ്ങു ചക്രവാളത്തിൽ ചെന്നലച്ചു.

ഒന്നരണ്ടു മണിക്കൂർനേരം പട്ടി കരച്ചുകൊണ്ടു മുകളിൽ കഴിച്ചുകൂട്ടി. അതിനുശേഷം അവൻ ഓടി അമ്മനയിൽ വന്നു. അവിടെ അൽഫോൺസായും മൂത്ത കുട്ടികളുമുണ്ടായിരുന്നില്ല. ഭ്രാന്തെടുത്ത പട്ടിയെപ്പോലെ രോമി കിതച്ചുകൊണ്ടു കുടിലിനെ ലക്ഷ്യമാക്കി ഓടി.

ഭഗ്നാസനപ്പള്ളിയുടെ മുൻവശം എത്തിയപ്പോൾ പള്ളയ്ക്കു ഉയരത്തോടെ ഒരു കല്ലുവന്നു പതിച്ചു. ചീനഭരണി പൊട്ടിത്തകരുന്നതുപോലുള്ള ഒരു ശബ്ദംമാത്രം അവനിൽനിന്നും പൊങ്ങി. കല്ലെറിഞ്ഞതു ആലുംമൂട്ടിൽ ഔസേപ്പായിരുന്നു. അവൻ പള്ളിമതിലിനു പുറത്തുകയറിയിരിക്കുകയായിരുന്നു.

പട്ടി കുടിലിലെത്തിച്ചേർന്നു. കുടിലിന്റെ കതകടച്ചു കുറിയിട്ടിരിക്കുകയാണ്. മാർക്കോസും അൽഫോൺസായും മൂത്തകുട്ടികളും ജൂലിയെ തേടിപോയിരിക്കുന്നു.

രോമി കുടിലിനു മുൻവശത്തുനിന്നു ഒന്നരണ്ടു കൂവി. വീണ്ടും അവൻ ഓടി വിടവിനടുത്തുവന്നു.

നേരം ഏറെ ഇരുട്ടിക്കഴിഞ്ഞു. പട്ടി അവിടെത്തന്നെ നില്ക്കുകയാണ്. വിടവിനു മുകളിൽ അങ്ങോട്ടുമിങ്ങോട്ടും അതു എന്തൊക്കെയോ മണപ്പിച്ചുകൊണ്ടുനടന്നു. കുന്തകല്ലും

(ശേഷം 30-ാംപേജിൽ)

ഹേ, നാദരൂപിണി, നീ നിഖിലവും



— കെ ദാമോദരൻ ബി. എ; ബി. ടി —

ജലത്തിൽ ഓളങ്ങളും ഉണ്ടാകുന്നതുപോലെ വായുവിലുണ്ടാകുന്ന ഓളങ്ങളുടെ ഫലമാണ് ശബ്ദം. ശബ്ദമുണ്ടാകുന്നതെങ്കിൽ വായുവിൽ ചലനങ്ങൾ സൃഷ്ടിക്കാതെ സാദ്ധ്യമല്ല. പല സ്വഭാവത്തിലുള്ള ചലനങ്ങൾ പെരിയിനവന്തട്ടുമ്പോഴാണ് നാം പലമാതിരി ശബ്ദങ്ങൾ കേൾക്കുന്നതു്. ജലത്തിലേയും വായുവിലേയും ഇവിടുമുള്ള ചലനങ്ങൾക്കു തരംഗങ്ങൾ എന്നു പറയും. തരംഗത്തിനുള്ള ലക്ഷണമായ ഒരു മാറിമാറിനിന്നുള്ള ശബ്ദവും ഒരു വീണക്കമ്പിയുടെ സ്പന്ദനത്തിൽനിന്നുള്ള ശബ്ദവും തരംഗങ്ങളുടെ രീതിതന്നെ സഞ്ചരിക്കുന്നു എന്നവരികിലും റോഡിൽനിന്നുൽഭവിക്കുന്ന ചലനങ്ങൾക്കു ഒരു വ്യവസ്ഥയും രീതിയും ഇവിടത്തുകൊണ്ടു അവയുടെ ഫലവും വെറും ഒരു ശബ്ദകോലാഹലമാണ്. എന്നാൽ വീണക്കമ്പിയുടെ സ്പന്ദനംമൂലം വായുവിനു് ഒരു ക്രിയാരീതിയിലുള്ള ചലനമാണ് ഉണ്ടാകുന്നതു്. അവ ചെവിയിൽ തട്ടുമ്പോഴാണ് നാദം കേൾക്കുന്നതു്. വെറും ശബ്ദം അസഹ്യതയുണ്ടാക്കുന്നതും അനാരോഗ്യകരവുമാണ്. നേരേമറിച്ചു നാദം ആനന്ദപ്രദവും ആരോഗ്യകരവുമാണ്.

ജലത്തിലൂടെയും വായുവിലൂടെയും അലകൾ സഞ്ചരിക്കുന്നതല്ലാതെ ജലമോ വായുവോ സഞ്ചരിക്കുന്നില്ല. എന്നുള്ളതു് തരംഗചലനത്തിന്റെ ഒരു പ്രത്യേകതയാണ്. ജലത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു വസ്തുവോ ളങ്ങൾ കടന്നുപോകുമ്പോൾ പൊങ്ങുകയും താഴുകയും ചെയ്യുന്നതല്ലാതെ ഓളങ്ങളോടൊപ്പം സഞ്ചരിക്കുന്നില്ലെന്നു കാണാം. ജലത്തിന്റെ ഒരു ഉയർച്ചയും താഴ്ചയും ജലോപരിതലത്തിൽക്കൂടി നെടുകെ സഞ്ചരിക്കുന്നു എന്നേയുള്ളൂ. ഈ ഉപരിതലസഞ്ചാരത്തോടുകൂടിത്തന്നെ കീഴ്മേലും ആ തരംഗത്തിനു ഒരു സഞ്ചാരമുണ്ട്. ഓളങ്ങൾ കരയോടടുക്കുമ്പോൾ കീഴോട്ടുള്ള ചലനത്തിനു ഇടം കൊടുക്കുകയും താഴ്ന്ന ജലം അടിയിൽത്തട്ടി മുകളിലേക്കു തിരിച്ചു തിരയായി ഒടിഞ്ഞുവീഴുകയും ചെയ്യുന്നു. അതാണ് കടലിലും മറ്റും കാണുന്ന തിരയടി. എന്നാൽ വായുവിൽക്കൂടി ശബ്ദം കടന്നുപോകുമ്പോൾ വായുവിലെ പരമാണുക്കൾക്കു ശബ്ദംപോകുന്നവഴിക്ക് മുന്നോട്ടും പിന്നോട്ടും വിറയൽപോലെയുള്ള ഒരു ചലനംമാത്രമേയുള്ളൂ. ആ ചലനം അടുത്തടുത്തുള്ള പരമാണുക്കളിടയുടേയും ചലനത്തിനു കാരണമാകും. ഇങ്ങനെയുള്ള ചലനമാണ് വലിയ വെടിപൊട്ടൽ ഉണ്ടാകുമ്പോൾ നമുക്കനുഭവപ്പെടുന്ന തിരുമുള്ളുണ്ട്. ജലത്തിലെ തരംഗങ്ങളുടെ ഗതിക്കു തടസ്സമുണ്ടാകുമ്പോൾ തിരിച്ചടിക്കുന്നതുപോലെ വായുവിലെ തരംഗങ്ങളും തിരിച്ചടിക്കുമ്പോഴാണ് പ്രതിധ്വനിയുണ്ടാകുന്നതു്. മുറികളിലെ മുഴക്കത്തിനുള്ള കാരണവും അതുതന്നെ.

ജലത്തിൽ ചെറുതും വലുതുമായ തരംഗങ്ങൾ ഉണ്ടാകുന്നതുപോലെ വായുവിലും ഉണ്ടാകുന്നു. വീണക്കമ്പി കഠിനമായി നേർമ്മ കൂട്ടുന്തോറും വലിവു കൂട്ടുന്തോറും ചെറിയ തരംഗങ്ങൾ ഉണ്ടാകും. ഒരു വിസിൽ ഊതുമ്പോഴും അപ്രകാരംതന്നെ. ഒരു പെരുമ്പറയിൽനിന്നും നാദസഞ്ചാരത്തിന്റെ സ്രോതിയിൽനിന്നും വലിയ തരംഗങ്ങളുണ്ടാകുന്നു. ചെറുതെന്നോ വലുതെന്നോ ഉള്ള ഭേദംകൊണ്ടു ഈ ചലനങ്ങൾ വായുവിൽക്കൂടി ഒരു സെക്കൻഡിൽ ഒന്നുമുതൽ ഫർലാങ്ങോളം ദൂരം സഞ്ചരിക്കും. ഞരങ്ങിപ്പുരക്കുന്ന കടലിരപ്പും "ചെവിക്കല്ലു കിലുക്കുന്ന വിസിലടിയും ഒരേ വേഗത്തിൽ സഞ്ചരിക്കുന്നു എന്നുള്ളതു് ഒരു അത്ഭുതംതന്നെയാണ്. അങ്ങനെ സഞ്ചരിച്ചിരുന്നില്ലെങ്കിൽ പെണ്ണുടെയും കൈമണിയുടെയും ശബ്ദങ്ങൾ താളംതെറ്റി കേൾക്കുമായിരുന്നു. ഒരുപക്ഷെ കൈമണിശബ്ദം കൂടുതൽനേരം കേട്ടതിനുശേഷമെ കൊട്ടു കേൾക്കാൻ തുടങ്ങുമായിരുന്നുള്ളൂ. സപ്തസ്വരങ്ങൾ തമ്മിൽ കലരുകയും ദ്രുതഗതിയിൽ വീണക്കമ്പികളിൽക്കൂടി ഓടുന്ന വിരലുകൾ ഉണ്ടാക്കുന്ന നാദങ്ങൾ കൂഴഞ്ഞു മറിഞ്ഞു കക്കൂസ്സല്യമുളവാക്കുകയും അങ്ങനെ സംഗീതകലതന്നെ ഉണ്ടാകാതെ പോകുകയും ചെയ്യുമായിരുന്നു. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ കഥാകാലക്ഷേപം കാലക്ഷേപമാക്കിയിട്ടുള്ളവരും സംഗീതം കച്ചേരിക്കായ്മാക്കിയിട്ടുള്ളവരും ഉണ്ടാകുമായിരുന്നില്ല. ഏതുമാതിരി ശബ്ദങ്ങളും അവ പുറപ്പെടുന്ന ക്രമത്തിനു് കേൾക്കുമാറാക്കിയിരിക്കുന്നതു് നിയന്താവായ ദൈവത്തിനു നമ്മോടുള്ള മഹാനുഗ്രഹമാണ്.

വളരെ അതിശയകരമായ മറ്റൊരു വ്യവസ്ഥയും പ്രകൃതി ചെയ്തിട്ടുണ്ട്. അതു് അൻപതും അറുപതും സംഗീതോപകരണങ്ങൾ ഒന്നിച്ചു പ്രയോഗിക്കുന്ന സന്ദർഭങ്ങളിൽപോലും ഏതെങ്കിലും ഒന്നുമാത്രം ശ്രദ്ധിക്കാൻ സാധിക്കും എന്നുള്ളതാണ്. ഓരോ ഉപകരണത്തിൽനിന്നും എല്ലാ ഭാഗത്തേയ്ക്കും പുറപ്പെടുന്ന വായുചലനങ്ങളും വായുവിലെ പരമാണുക്കളെ എതുയോ പ്രകാരത്തിൽ എങ്ങോട്ടെല്ലാം ത്രസിപ്പിച്ചുകൊണ്ടിരുന്നിട്ടും അവ തമ്മിൽ കൂടിക്കഴഞ്ഞു് ശബ്ദങ്ങളുടെ വ്യക്തിത്വം നശിച്ചുപോകാതാക്കിയിരിക്കുകയാണ്. ആസ്വദിക്കുന്നതു ഏതു ഉപകരണം വേണമെങ്കിലും ശ്രവിക്കത്തക്കവണ്ണം പത്തുപതു സംഗതികളുടെ ധ്വനി നമ്മുടെ ചെവിയെ കണ്ണടച്ചരങ്ങളിൽ എത്തിക്കുവിധം വായുവിന്റെ ചലനവ്യവസ്ഥ ക്രമപ്പെടുത്തിയിരുന്നില്ലെങ്കിൽ, പല നാദങ്ങളും ഒന്നിച്ചുചേരുമ്പോൾ അവയുടെ മൊത്തം ഫലമായ ഒരു നിറം മാത്രമേ കാണാൻ സാധിക്കൂ എന്നതുപോലെ എല്ലാ ശബ്ദവുംകൂടിച്ചേർന്നുള്ള ഒരു ശബ്ദം മാത്രമേ കേൾക്കാൻ കഴിയുമായിരുന്നുള്ളൂ.

അങ്ങനെ ശബ്ദം സർവ്വത്രസാമാന്യസരിച്ചു പല വേഗത്തിൽ സഞ്ചരിക്കുകയും പല ശബ്ദങ്ങളുടെ മൊത്തം ഫലമായുള്ള ഒരു ശബ്ദം മാത്രം കേൾക്കാൻ ഇടവരികയും ചെയ്തിരുന്നെങ്കിൽ സംഗീതം അസാദ്ധ്യമായിതീരുമായിരുന്നു. തമ്മിൽ സംസാരിക്കാൻപോലും പറ്റാത്തവിധമാകാത്ത വായുവിന്റെ സ്ഥിതിസംഹിതയുടെ വളർത്തുമായിരുന്നില്ല. സംഗീതവും സംഹിതയും ഉദയം ചെയ്തിരുന്നില്ലെങ്കിൽ സ്തനന്ധയങ്ങളും അങ്കുരിക്കാതിരിക്കുന്ന സരസ്വതീദേവിയുടെ അവസ്ഥ ആലോചനാമൃതമായിരിക്കും.

വായു ഇല്ലെങ്കിൽ ശബ്ദം കേൾക്കുകയില്ല. ഒരു ശബ്ദവും വായുമണ്ഡലത്തിനപ്പുറത്തു പോകുകയോ അപ്പുറത്തുനിന്നു ഭൂമിയിൽ എത്തുകയും ചെയ്യുകയില്ല. ചന്ദ്രനിൽ വായു ഇല്ലാത്തതിനാൽ അതിലുള്ളതും എവറസ്റ്റിനോളം പൊക്കമുള്ളതുമായ ഡോർഫൽ കൊടുമുടി അടുത്തു മറിഞ്ഞുവീണു താഴ്വരയിൽ പതിച്ചാൽപോലും യാതൊരു ശബ്ദവും ഉണ്ടാകയില്ല. ചന്ദ്രനിൽ "ഭൂമി"യിൽ ഏറി ചില തരംഗചലനങ്ങൾമാത്രം കടന്നുപോകും.

എതു നിസ്സാരമായ ശബ്ദംപോലും കേൾക്കണമെങ്കിൽ ചെവിയിൽ അലയടികൾ എത്തുന്നു എന്നു തീർച്ചയാക്കാം. ജലത്തിലുള്ള അനന്തകോടി ജീവികളുടെ ഓരോ ചലനംമൂലവും മറ്റു ജലചലനങ്ങളാലും ജലത്തിനുള്ളിലും ഉപരിതലത്തിലും എപ്പോഴും കല്ലോലജാലങ്ങൾ ഉണ്ടായും ലയിച്ചും കൊണ്ടിരിക്കുന്നു. വായുവിലുണ്ടാകുന്ന ശബ്ദവീചികൾ ജലത്തിലും പ്രവേശിച്ചു അവിടെയും ശബ്ദവീചികൾ ഉണ്ടാക്കുന്നു എന്നുള്ളതു മുങ്ങിക്കിടക്കുന്ന ഒരാൾക്കു് കരയിലെ ശബ്ദം കേൾക്കാമെന്നുള്ളതുകൊണ്ടു് മനസ്സിലാക്കാം. വായുവിൽക്കൂടി സഞ്ചരിക്കുന്നതിന്റെ നാലിരട്ടി വേഗത്തിൽ ജലത്തിൽ കൂടി ശബ്ദം സഞ്ചരിക്കും. അങ്ങനെ ജലവും വായുവും തരംഗ

ചലനങ്ങളുടെ വിഹാരരംഗങ്ങളാണെന്നു കാണാം.

കല്ല്, തടി, ലോഹങ്ങൾ മുതലായ ഖരപദാർത്ഥങ്ങളിൽ തരംഗസഞ്ചാരത്തിനു വിധേയമാണ്. വായുവിലെ വേഗത്തിന്റെ പത്തിരട്ടി വേഗത്തിൽ ഇവയിൽക്കൂടി ശബ്ദം സഞ്ചരിക്കും. ഒരു തടിക്കഷണത്തിന്റെ ഒരറ്റത്തു് ഒരു വാച്ചു ചേർത്തുപിടിച്ചുകൊണ്ടു് മറ്റേ അറ്റത്തു ചെവിവച്ചാൽ വായുവിൽക്കൂടി കേൾക്കുന്നതിനേക്കാൾ സ്പഷ്ടമായി അതിന്റെ ശബ്ദം കേൾക്കാം. കിടങ്ങുകളിൽനിന്നു യുദ്ധം ചെയ്യുന്നവർക്കു് ശത്രുക്കളുടെ പീരങ്കിശബ്ദം പുറമേനിൽക്കുന്നവരേക്കാൾ വേഗത്തിലും സ്പഷ്ടമായും അനുഭവപ്പെടും. അകലെനിന്നും ശത്രുക്കൾ വരുന്നുണ്ടോ എന്നറിയുന്നതിനു് ഭ്രമിയിൽ ചെവിചേർത്തുവച്ചുകൊണ്ടു് കുതിരക്കുളമ്പുശബ്ദം ശ്രവിക്കുന്നതു തെക്കേ അമേരിക്കയിലെ ഇന്ത്യാക്കാരുടെ ഇടയിൽ ഒരു പതിവാണു്.

കൂരത്തിന്റെ ഒരുകിൽ ഉണ്ടാകുന്ന ഓളങ്ങൾ മറ്റു് അരുകുകളിലേയ്ക്കു് സഞ്ചരിക്കുന്നതുപോലെ ഖരസാധനങ്ങളിലും തരംഗങ്ങൾ സഞ്ചരിക്കുന്നുള്ളതു്. രസകരമായ ഒരുവിധത്തിൽ മനസ്സിലാക്കാം. ഒരു നാണയം മേശപ്പുറത്തു ബലമായി അമർത്തിപ്പിടിച്ചുകൊണ്ടു് മറ്റൊരു നാണയം അതിന്റെ ഒരുകിനു് തൊട്ടിരിക്കത്തക്കവണ്ണം വയ്ക്കുക. മുന്നാമതൊരു നാണയം ആഞ്ഞുതള്ളി പിരക്കി മുമ്പാശത്തെ വക്കിൽ കൊള്ളിക്കുക. തൊടുവിച്ചുവച്ചിരുന്ന നാണയം ഉരെ തെറിച്ചുമാറും. ഉപ്പിച്ചുപിടിച്ചിരുന്നതിനു് അൽപം സ്ഥാനഭ്രംശം വന്നിരിക്കയില്ല. നാണയം ചെന്നുതട്ടിയ സ്ഥലത്തു ഒരു ഞെരുക്കം ഉണ്ടായി, ആ ഞെരുക്കം നാണയത്തിന്റെ എതിർവക്കിൽ എത്തി ഒരു മുഴയായിത്തീർന്നു നാണയത്തെ തള്ളിമാറ്റിയതാണു്. ഈ ഞെരുക്കമോ മുഴയോ അമർത്തലോ ഉന്തലോ നാണയത്തിൽ ശേഷിക്കുന്നില്ല. അതിൽക്കൂടി തരംഗങ്ങൾ കടന്നുപോയി എന്നേയുള്ളൂ. കല്ലിലും മണ്ണിലും തടിയിലും തട്ടുകയും മുട്ടുകയും ചെയ്യുമ്പോഴെല്ലാം അവയിൽക്കൂടിയും വായുവിൽക്കൂടിയും തരംഗസഞ്ചാരം നടക്കുന്നു.

അന്തരീക്ഷത്തിൽനിന്നു വായു നീക്കിക്കളഞ്ഞാൽ ശേഷിക്കുന്നതും ഈതർ എന്നു പറയുന്നതുമായ ആകാശവും തരംഗപൂരിതമാണു്. ആകാശമാണു് പ്രകാശസഞ്ചാരവീഥി. പ്രകാശങ്ങൾ എപ്പോഴും തരംഗരൂപേണ സഞ്ചരിക്കുകയും ചെയ്യുന്നു. സൂര്യൻ ചന്ദ്രൻ മറ്റു ഗ്രഹങ്ങൾ നക്ഷത്രങ്ങൾ മുതലായവയിൽനിന്നു് പ്രകാശം ഭ്രമിയിൽ എത്തുന്നതു് ആകാശത്തിൽക്കൂടിയാണു്. അതിനു വായു ആവശ്യമില്ല.

ഒൻപതുകോടി മുപ്പതുലക്ഷത്തോളം മൈൽ ആകാശത്തുകൂടി അതിശീഘ്രം പാഞ്ഞുവന്നാണല്ലോ സൂര്യപ്രകാശം ഭ്രമിയിൽ പതിക്കുന്നതു്. അങ്ങനെ പ്രപഞ്ചത്തിലുള്ള കോടാനുകോടി ജ്യോതിർഗോളങ്ങളിൽനിന്നുള്ള പ്രകാശം എപ്പോഴും ആകാശത്തിൽ അനസ്യൂതമായി പ്രവഹിച്ചുകൊണ്ടിരിക്കുന്നു. എല്ലാമാതിരിശബ്ദങ്ങളും വായുവിൽ ഒരേവേഗത്തിൽ സഞ്ചരിക്കുന്നതുപോലെ എല്ലാനിറങ്ങളിലുമുള്ള പ്രകാശവും ഒരേവേഗത്തിൽ ആകാശസഞ്ചാരംചെയ്യുന്നു. സൂര്യനിൽനിന്നുതന്നെ പലനിറത്തിലുള്ള പ്രകാശകിരണങ്ങൾ പുറപ്പെടുന്നു. അവയിൽ മനുഷ്യദൃഷ്ടിക്കു കാണൻകഴിയുന്ന ഏഴു നിറങ്ങൾ ഉള്ളതുകൊണ്ടു സൂര്യനെ സപ്തശോഭൻ എന്നു പേരുണ്ടായി. ഈ ഏഴു നിറങ്ങൾ കൂടാതെ നമുക്കു കാണാൻ പാടില്ലാത്ത നിറങ്ങളോടുകൂടിയ അനവധി കിരണങ്ങളും സൂര്യനിൽനിന്നു പുറപ്പെടുന്നതുകൊണ്ടു് സഹസ്രകിരണൻ എന്ന പര്യായവും സൂര്യനുണ്ടായി. ദേഹപോഷണത്തിനു പ്രത്യേകമായി ഉതകുന്ന കിരണങ്ങൾ സൂര്യൻ പ്രസരിപ്പിക്കുന്നതുകൊണ്ടു് പോഷിപ്പിക്കുന്നവൻ എന്നർത്ഥമുള്ള പൂഷാവു് എന്ന പേരും സിദ്ധിച്ചു. ഈവിധത്തിലുള്ള എല്ലാകിരണങ്ങളും ചുറ്റും തരംഗരൂപത്തിലാണു സഞ്ചരിക്കുന്നതു്. അവയെല്ലാം ഒരു സെക്കൻഡുകൊണ്ടു് 186000 മൈൽ എന്ന ഉഗ്രാതിവേഗത്തിൽ പായുന്നുമുണ്ടു്.

സൂര്യപ്രകാശം നേരിട്ടുപതിക്കാത്ത മുറികളിലും പ്രകാശം ലഭിക്കുന്നതു പ്രകാശവീചികളും വായുവില്ലാത്ത പൊടിയിലും ജലകണങ്ങളിലും തട്ടിത്തട്ടി ചെന്നിട്ടാണു്. അതുകൊണ്ടു് അങ്ങനെയുള്ള മുറികളിൽപോലും പ്രകാശതരംഗങ്ങൾ ഇടവിടാതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്നു സ്പഷ്ടമാണല്ലോ.


നാം കാണുന്ന ഓരോ മണൽത്തരിയിൽനിന്നും പോലും കോടിക്കണക്കിനു പ്രകാശതരംഗങ്ങൾ ആകാശത്തുകൂടി സകലവശങ്ങളിലേക്കും സഞ്ചരിക്കുന്നു. അപ്രകാരം നമ്മുടെ കണ്ണുകളിൽ പതിക്കുമ്പോഴാണു് നാം ആ മണൽത്തരി കാണുന്നതു്. അതു് എത്രപേർക്കു കാണാൻ കഴിയുമോ അവരുടെ കണ്ണുകളിൽ എല്ലാം ആതരിയിൽനിന്നുള്ള പ്രകാശവീചികളും പതിക്കുന്നു എന്നു തീർച്ചയാക്കാം. പല നിറത്തിലുള്ള എത്രയോ വസ്തുക്കൾ നാം എങ്ങോട്ടു നോക്കിയാലും കാണുന്നു. ഈ എല്ലാ വസ്തുക്കളിൽനിന്നും എന്നല്ല അവയുടെ ഓരോ ബാഹ്യാംശങ്ങളിൽനിന്നുപോലും കോടിക്കണക്കിനു പ്രകാശവീചികൾ തെരുതെരെ പുറപ്പെട്ടു് എല്ലാവഴിക്കും എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണു നാം അതെല്ലാം കണ്ടുകൊണ്ടിരിക്കുന്നതു്. ഈ വസ്തുതാ ഓർക്കുമ്പോൾ നമ്മുടെ കൺമുൻപിൽ തരംഗചലനമല്ലാതെ മറ്റൊന്നുമില്ലെന്നു തീർച്ചയാക്കാം.

നാം സാധാരണകാണുന്ന പ്രകാശങ്ങളെ തടഞ്ഞുനിർത്തുന്നതിനു് ഒരു കട്ടിയുള്ള കടലാസിനു സാധിക്കും. എന്നാൽ എക്സ്-റേ എന്ന രശ്മി നമ്മുടെ മാംസം തുളച്ചു അപ്പുറം കടക്കുന്നു. അസ്ഥിയും ലോഹക്ഷണങ്ങളും അതിനെ തടയും. എന്നാൽ കോസ്മിക്-രശ്മി എന്ന ഒരുതരം രശ്മികൾ കൂരത്തിയും മുതലായ കട്ടിയുള്ള ലോഹങ്ങളിൽക്കൂടിപ്പോലും അനേകഗജം ദൂരം തുളച്ചിറങ്ങും. ഈമാതിരി രശ്മികളും അനന്തതയിൽ എവിടെയോനിന്നു് എപ്പോഴും ധാരാളം ഭ്രമിയിൽ പതിക്കുന്നു ഇവ ജന്തുശരീരത്തിൽ പതിച്ചു് ശരീരഘടനയ്ക്കു അപ്പാപ്പമായി മാറാംവരുത്തുന്നു. അങ്ങനെ പരിണാമസിദ്ധാന്തപ്രകാരമുള്ള ലോകവളർച്ചയുണ്ടാക്കിയതിനൊപ്പം കൂടാതെ മനുഷ്യനാക്കിയതിനേറെയും ഒരു പ്രധാനപങ്കു് ഈ കോസ്മിക് തരംഗങ്ങൾ വഹിച്ചിട്ടുണ്ടു്.



താമസിച്ചുണ്ടാകുന്ന ആർത്തവം

ഇന്ത്യാഗവർമ്മേണ്ടിന്റെ കേന്ദ്രഗവേഷണ ഔഷധാലയം CDL/688 നമ്പ്രകാരം രജിസ്റ്റ്രുചെയ്ത ദേവി പിൽസ്സ് എന്ന അത്ഭുതമായ വിശേഷൗഷധം നിമ്നപ്രായ ആർത്തവത്തെ, അതിനുള്ള കാരണം എന്തുതന്നെയായാലും, അതു എത്ര കാലപ്പഴക്കമുള്ളതായാലും, യാതൊരു ക്ലേശവും കൂടാതെ പുനരാരംഭിക്കുവാൻ സഹായിക്കുന്നു. നിരവധി സാക്ഷ്യപത്രങ്ങൾ ലഭിച്ച ഫാറവും അത്ഭുതകരമായ ഗാരണ്ടിയുള്ള മരുന്നു്. മാക്കറിൽ പ്രയോഗത്തിലുള്ള ഫലപ്രദമല്ലാത്ത വ്യാജമരുന്നുകൾ വാങ്ങി നിരാശരാവാതിരിക്കുക. സാധാരണ ആർത്തവ സുഖക്കേടുകൾക്കുള്ള മരുന്നിനു വില 8 ക. 8 ണ. മാസങ്ങളോളം പഴക്കമുള്ളതിനു് 10 ക. 8 ണ. വി. പി. ചാർജ്ജു് പുറമെ.



സന്താനനിയന്ത്രണം

266-ാം നമ്പ്രകാരം രജിസ്റ്റ്രുചെയ്ത സ്പെക്ക് പിൽസ് എന്ന അത്ഭുതവും ഗാരണ്ടിയുള്ളതുമായ ഗുളിക 12 ദിവസം സേവിച്ചാൽ 6 മൊല്ലേത്തേക്കു തുടച്ചയായി ഗർഭോരണമില്ലാതാവുന്നതും, സാധാരണപോലെ ആർത്തവമുണ്ടാകുന്നതുമാണു്. വ്യാജമായ മറ്റു മരുന്നുകൾ വാങ്ങി നിരാശരാവാതിരിക്കുക. ഞങ്ങളുടെ മരുന്നിന്റെ ഗുണത്തെ സംബന്ധിച്ചു അനേകം സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടുണ്ടു്. വില 12 ക. വി. പി. ചാർജ്ജു് പുറമെ

SEENU & Co., P. B 1638(4)MADRAS-1.

ബ്രാഞ്ചുകൾ: സിങ്കപ്പൂർ, കോലാലമ്പൂർ. ഏജന്റുമാർ: സിലോണിലും ബാങ്കോക്കിലും

ഏജന്റുമാരില്ലാത്ത സ്ഥലങ്ങളിൽ ഏജൻസിക്കായി അപേക്ഷിക്കുക

വിവിധമൂലവസ്തുക്കളുടെ പരമാണുക്കളിൽവച്ചു ഏറ്റവും ലഘുവായ ഘടനയുള്ളതു ഏറ്റവും ഭാരംകുറഞ്ഞ ഹൈഡ്രജൻ വാതകത്തിന്റെ പരമാണുവിനെത്തന്നെ. ഭ്രമിയെ ചുറ്റിച്ചുറ്റി സഞ്ചരിക്കുന്നതുപോലെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു ഇലക്ട്രിക്—വൈദ്യുത—ശക്തിയെ ചുറ്റി നിശ്ചിതവേഗത്തിൽ ചുറ്റിക്കൊണ്ടിരിക്കുന്ന ഒരു ഇലക്ട്രിക് ശക്തിയുടെ സമുച്ചയമാണു് ഹൈഡ്രജൻ പരമാണു. ഇവയെ മൂലപദാർത്ഥങ്ങൾ എന്നും മൂലകങ്ങൾ എന്നും പറയുന്നു. ഏതൊരു വസ്തുവെടുത്താലും അതൊരു മൂലകമാണെങ്കിൽ മൂലകങ്ങൾപോലെതന്നെ സ്വർണ്ണം, വെള്ളി, ഗന്ധകം, കരി ഇവ മൂലകങ്ങളിൽപെടുന്നു. അവയെ ഘടകങ്ങളാക്കി പിരിക്കുവാൻ സാധ്യമല്ല. പഞ്ചസാര മൂലകമല്ല. അതിൽ കരി, ആക്സിജൻ, ഹൈഡ്രജൻ എന്നീ മൂന്നു മൂലകങ്ങൾ അടങ്ങിയിരിക്കുന്നു. മൂലകങ്ങളുടെ അത്യന്തികമായ അംശങ്ങൾപോലെയാണു് കണാദമഹർഷിപരമാണു എന്നും പാശ്ചാത്യർ ആറ്റം എന്നും നാമകരണം ചെയ്തിരിക്കുന്നതു്. കണ്ണിൽവീണാൽ കരുകരുക്കാത്ത ഒരു പൊടിയിൽപോലും ലക്ഷക്കണക്കിനു പരമാണുക്കൾ ഉണ്ടു്. ഈ പരമാണുക്കളാണു് പ്രപഞ്ചസൃഷ്ടിയുടെ അടിസ്ഥാനക്കല്ലുകളെന്നും അവയെ വീണ്ടും ഭാഗിക്കുവാൻ സാധ്യമല്ലെന്നും ശാസ്ത്രജ്ഞന്മാർ അടുത്തകാലംവരെ വിശ്വസിച്ചിരുന്നു. ആറ്റം എന്ന പദത്തിന്റെ അർത്ഥം തന്നെ അവിഭാജ്യം എന്നാണു്. എന്നാൽ ഈ പരമാണുവിനും ഒരു ഘടനയുണ്ടെന്നും ആ ഘടകങ്ങളെ തമ്മിൽ വേർപെടുത്താമെന്നും കണ്ടുപിടിച്ചതോടുകൂടി പ്രപഞ്ചഘടനയെപ്പറ്റിയുണ്ടായിരുന്ന ആശയങ്ങൾക്കെല്ലാം ഒരു കോളിളക്കമുണ്ടായി. ആറ്റങ്ങളെ പൊട്ടിക്കാമെന്നും ആറ്റംഘടനയ്ക്കു വ്യത്യാസംവരുത്താമെന്നും ഉള്ള താണു് ആറ്റംബാംബിൽ ഉപയോഗിച്ചിരിക്കുന്ന തത്വം.

ഇനി നാം കാണുന്ന എല്ലാ പദാർത്ഥങ്ങളുംതന്നെ എന്താണെന്നു നോക്കാം. തൊണ്ണൂറിൽപരം അടിസ്ഥാനവസ്തുക്കൾകൊണ്ടാണു് സൃഷ്ടിമുഴുവൻ നിർവഹിച്ചിട്ടുള്ളതു്. ഇവയെ മൂലപദാർത്ഥങ്ങൾ എന്നും മൂലകങ്ങൾ എന്നും പറയുന്നു. ഏതൊരു വസ്തുവെടുത്താലും അതൊരു മൂലകമാണെങ്കിൽ മൂലകങ്ങൾപോലെതന്നെ സ്വർണ്ണം, വെള്ളി, ഗന്ധകം, കരി ഇവ മൂലകങ്ങളിൽപെടുന്നു. അവയെ ഘടകങ്ങളാക്കി പിരിക്കുവാൻ സാധ്യമല്ല. പഞ്ചസാര മൂലകമല്ല. അതിൽ കരി, ആക്സിജൻ, ഹൈഡ്രജൻ എന്നീ മൂന്നു മൂലകങ്ങൾ അടങ്ങിയിരിക്കുന്നു. മൂലകങ്ങളുടെ അത്യന്തികമായ അംശങ്ങൾപോലെയാണു് കണാദമഹർഷിപരമാണു എന്നും പാശ്ചാത്യർ ആറ്റം എന്നും നാമകരണം ചെയ്തിരിക്കുന്നതു്. കണ്ണിൽവീണാൽ കരുകരുക്കാത്ത ഒരു പൊടിയിൽപോലും ലക്ഷക്കണക്കിനു പരമാണുക്കൾ ഉണ്ടു്. ഈ പരമാണുക്കളാണു് പ്രപഞ്ചസൃഷ്ടിയുടെ അടിസ്ഥാനക്കല്ലുകളെന്നും അവയെ വീണ്ടും ഭാഗിക്കുവാൻ സാധ്യമല്ലെന്നും ശാസ്ത്രജ്ഞന്മാർ അടുത്തകാലംവരെ വിശ്വസിച്ചിരുന്നു. ആറ്റം എന്ന പദത്തിന്റെ അർത്ഥം തന്നെ അവിഭാജ്യം എന്നാണു്. എന്നാൽ ഈ പരമാണുവിനും ഒരു ഘടനയുണ്ടെന്നും ആ ഘടകങ്ങളെ തമ്മിൽ വേർപെടുത്താമെന്നും കണ്ടുപിടിച്ചതോടുകൂടി പ്രപഞ്ചഘടനയെപ്പറ്റിയുണ്ടായിരുന്ന ആശയങ്ങൾക്കെല്ലാം ഒരു കോളിളക്കമുണ്ടായി. ആറ്റങ്ങളെ പൊട്ടിക്കാമെന്നും ആറ്റംഘടനയ്ക്കു വ്യത്യാസംവരുത്താമെന്നും ഉള്ളതാണു് ആറ്റംബാംബിൽ ഉപയോഗിച്ചിരിക്കുന്ന തത്വം.

സെക്കൻഡിൽ 20000 മൈൽ വേഗത്തിൽ ഭ്രമണം ചെയ്യുന്ന മറ്റൊരു വൈദ്യുതശക്തിയാണ് ഹൈഡ്രജൻ പരമാണുവിന്റെ സ്വഭാവം. ഈ പറഞ്ഞ രണ്ടു വൈദ്യുതശക്തികളും തരംഗങ്ങൾതന്നെ. മനുഷ്യൻ എത്ര പുരോഗമിച്ചാലും എത്ര ശക്തിയേറിയ ഭൂതക്കണ്ണാടികൾ ഉണ്ടാക്കിയാലും ഒരു പരമാണുവിനെ കണ്ടെത്തുകയെന്ന വ്യാമോഹം വിട്ടിട്ട് ഫലമില്ല. അപ്രകാരമാണ് അതിനെയും അതിനെക്കാണാൻ നമ്മെ സഹായിക്കേണ്ട പ്രകാശത്തിന്റെയും സ്വഭാവം. പിന്നെയുണ്ടോ അതിലുള്ളതും അതിനേക്കാൾ അതിസൂക്ഷ്മമായതും സാധാരണ പഞ്ചേന്ദ്രിയങ്ങൾക്ക വിഷയമാകാത്തതും ഇതു അരൂപ്യവേഗത്തിൽ ഭ്രമണംചെയ്യുന്നതുമായ വൈദ്യുത തരംഗങ്ങളെ സൃഷ്ടിക്കുവാൻപോലും സാധിക്കുന്നു! ഇതുരണ്ടും വൈദ്യുതശക്തികൾതന്നെയെങ്കിലും മദ്ധ്യത്തിലേതു അധിശക്തിയും ഭ്രമണംചെയ്യുന്നതു ഊനശക്തിയുമാണ്. അവിനെ അധികപ്രഹരംകൊണ്ടു കീഴ്പ്പെടുത്തുകയാണ് ഇതിനെ സൂനഹിനനം കൊണ്ടു കീഴ്പ്പെടുത്തുക. അതു ധനമെങ്കിൽ ഇതു ഋണമാണ്. അതു പുരുഷനെങ്കിൽ ഇതു സ്ത്രീയാണ്. അതു കൃഷ്ണനെങ്കിൽ ഇതു കൃഷ്ണനെ ചുറ്റിനൃത്തംചെയ്യുന്ന രാധയാണ്. അങ്ങനെ ഒരേതരത്തിലുള്ളതും വിപരീതസ്വഭാവത്തോടുകൂടിയതുമായ രണ്ടുശക്തികൾതമ്മിൽ ആകർഷിച്ചുകൊണ്ട് രാധാകൃഷ്ണനൃത്തംചെയ്യുന്നതാണ് പ്രപഞ്ചത്തിന്റെ ഘടനയുടെ ഏറ്റവും ലഘുവായരൂപം. രണ്ടുശക്തികണികൾചേർന്ന ഒരു വസ്തുകണിക ഉണ്ടാകുന്നു. ശക്തിയാണ് വസ്തുവായിത്തീരുന്നതു്.

ഏതെങ്കിലും ഒരുജാതി വൈദ്യുതശക്തികൊണ്ടുമാത്രം പരമാണു സൃഷ്ടിക്കപ്പെട്ടിട്ടില്ല. രാധയോ കൃഷ്ണനോ തനിച്ചായാൽ പൂർണ്ണതയില്ലല്ലോ. അതുകൊണ്ടുതന്നെയല്ലേ രാധാകൃഷ്ണൻ ലക്ഷ്മീനാരായണൻ സീതാരാമൻ മുതലായ യുഗ്മനാമങ്ങൾ പൂർണ്ണതയെ ലക്ഷ്യമാക്കി നാം ഉപയോഗിക്കുന്നതു്; ദേവനും ദേവിക്കുംതമ്മിൽ ദൈവീകതത്ത്വത്തിൽ വ്യത്യാസമില്ലാത്തതുപോലെതന്നെയാണ്. പരമാണുവിലെവൈദ്യുതികശക്തിയിലും വൈദ്യുതിയിൽ അധിശക്തിയും ഊനശക്തിയും ഉണ്ടെങ്കിലും അവതമ്മിലുള്ള വ്യത്യാസം ഇതുവരെ ഒരു ശാസ്ത്രജ്ഞനും കണ്ടുപിടിച്ചിട്ടില്ല. എങ്കിലും ഒന്നുറപ്പായുണ്ട്. രണ്ടും ചേർന്നുകിടക്കുന്നതുകൊണ്ടുള്ള പൂർണ്ണതയുള്ള; പരമാണുക്കൾ ഉണ്ടാകുന്നതുകൊണ്ടുള്ള; പരമാണുക്കൾകൊണ്ടുള്ള പ്രപഞ്ചവും ഉണ്ടാകുകയുള്ളൂ. ഇതു് ചിന്താർഹമായ ഒരു പ്രകൃതിരഹസ്യമാണ്. സ്വഭാവത്തിൽ വൈപരീത്യമുണ്ടായിരുന്നിട്ടും എപ്പോഴും തമ്മിൽ ആകർഷിച്ചുകൊണ്ടിരിക്കുന്ന സ്ത്രീപുരുഷസദൃശമായ ഈ വൈദ്യുതതരംഗങ്ങളാണ് സൃഷ്ടിക്കുമുൻപുതന്നെ സൃഷ്ടിക്കപ്പെട്ടതു്. സൃഷ്ടിയുടെ പ്രാരംഭത്തിൽത്തന്നെ സ്ത്രീപുരുഷബന്ധം രൂഢമൂലമാക്കിയിരിക്കുകയാണ്. സവ്യശക്തന്റെ ശക്തിയുടെ പ്രാരംഭപ്രകടനവും അതുതന്നെയാണ്. അതുകൊണ്ടു് സൃഷ്ടിയും സ്ഥിതിയും സംഹാരവും കഴിഞ്ഞു് സവ്യശക്തികളും സൃഷ്ടാവിന്റെ അവസാനമായി അടങ്ങിയതുതന്നെ ഈ ബന്ധം അന്യനമായി നിലനിൽക്കുമെന്നുള്ളതു് അനുനിമിഷസത്യമാണ്.

ഹൈഡ്രജൻ പരമാണുവിനെക്കാൾ ഭാരമുള്ളവയാണ് മറ്റുപരമാണുക്കൾ. അവയിൽ കൂടുതൽ അധിശക്തികളും ഊനശക്തികളും നടനം ചെയ്തുകൊണ്ടിരിക്കുന്നു. അതു് ഒരു രാധികാരാധാപര്യന്തമായി സങ്കല്പിക്കാം. ഹീലിയം എന്ന വാതകത്തിന്റെ പരമാണുവിൽ രണ്ടും കൂടിയുള്ള സഡിയം എന്ന ലോഹത്തിന്റെ പതിനൊന്നും ചണ്ണാമ്പിലും അസ്ഥിയിലുമടങ്ങിയുള്ള കാൽഷ്യം എന്ന ലോഹത്തിന്റെതിൽ ഇരുപതും ഊനശക്തികൾ സൃഷ്ടയുടെപ്രാരംഭംമുതൽ അക്ഷീണനൃത്തം ചെയ്തുവരുന്നു. അവയുടെ ശക്തിക്ക സമാനമായ എതിർശക്തികൾ കേന്ദ്രത്തിൽ ഉണ്ടായിരിക്കും. എന്നാൽ റേഡിയം പരമാണുവിൽ ഇപ്രകാരമുള്ള ശക്തികളുടെ നിലയ്ക്കു തുല്യതയില്ല. അതുകൊണ്ടു് അതിൽനിന്നു കുറെ ശക്തികൾ വെളിയിൽ പോകും. അങ്ങനെ പോകുന്ന ഒരു ശക്തിയാണ് കവിംവാർപ്പിന് ഒരു പ്രതിവിധയായ എക്സ്രേ എന്ന രശ്മികൾ. ഈ വിഘടനത്തിന്റെ ഫലമായി അതിൽ ശേഷിക്കുന്ന ശക്തികളുടെ എണ്ണം കുറയുന്നതിലെ പരമാണുവിലുള്ള ശക്തികളുടെ എണ്ണത്തിനൊപ്പമായിത്തീരും. അതായതു് ഒരു റേഡിയം ആറായി വിഘടിച്ചു് ഒരു കുറയുന്നു ആറാമകും. ഈ വിധത്തിൽ ലോകത്തുള്ള റേഡിയം ക്രമേണ കുറയുന്നുമായി മാറിക്കൊണ്ടിരിക്കുകയാണ്.

റേഡിയംമുതലായ ചില ലോഹങ്ങളുടെ പരമാണുക്കൾമാത്രമേ സ്വയം വിഘടിക്കുകയുള്ളൂ. മറ്റുള്ളവയെ യന്ത്രശക്തികൊണ്ടു് വിഘടിപ്പിക്കാം. അപ്പോൾ അവയിൽ അടങ്ങിയിരിക്കുന്ന അപാരമായ ശക്തി മനുഷ്യോപയോഗത്തിനു് ലഭ്യമാകും. അതാണ് ആറ്റംശക്തി. ആറ്റം ബോംബുപൊട്ടുമ്പോൾ ഉത്ഭവിക്കുന്ന അപൂർവ്വമായ ശക്തിയും പ്രകാശവും പരമാണുക്കളിൽ അന്തർലീനമായിക്കിടക്കുന്ന ശക്തികളുടെ പ്രകടനമാണ്.

ആറാങ്ങൾ ഏതുപ്രകാരത്തിൽ വിഘടിച്ചാലും പ്രകാശംകിട്ടുന്നു എന്നു കാണാം.

ഈശാവാസ്യമിദംസർവ്വം
യത്കിഞ്ച ജഗത്യാം ജഗത്

എന്നും, ജ്യോതിഷാമപിതജ്ജ്യോതി എന്നും ഉണ്ടല്ലോ. ഏതു ചെറിയ വസ്തുവിൽപ്പോലും ഈശ്വരൻ വസിക്കുന്നു. അദ്ദേഹം പ്രകാശമുള്ള വസ്തുക്കൾക്കുമാത്രമല്ല പ്രകാശകാരണവുമാണ്. അതുകൊണ്ടു് ഏതുപദാർത്ഥത്തിന്റെ പരമാണുവിൽനിന്നായാലും സവ്യശക്തന്റെ ശക്തിയും പ്രകാശത്വവുൻറെ പ്രകാശവും കിട്ടുന്നതു് അതിശയമെന്നു മെങ്കിൽ പരമാണുക്കൾ വിഘടിച്ചു വൈദ്യുതശക്തികളാകാതെ സാദ്ധ്യമല്ല. അപ്പോൾ കണ്ണുംകെട്ടും മണ്ണും രുചിച്ചു സ്വസ്തിച്ചും അധിയൻ പ്രപഞ്ചത്തിൽ ഒന്നുമല്ലാതെ വരികയും അവസാനം എല്ലാം പരമമായ ബ്രഹ്മത്തിൽ അന്തർവിലയം കൊള്ളുകയും ചെയ്യും.

ഈ പരബ്രഹ്മത്തിനുള്ള പേരാണ് "ഓം എന്ന ബീജാക്ഷരം അഥവാ പ്രണവം. ഈ അക്ഷരം ബ്രഹ്മം തന്നെയെന്നും ഈ അക്ഷരംതന്നെയാണ് ഏറ്റവും പരമമായതെന്നും വേദങ്ങൾ ഉദ്ഘോഷിക്കുന്നു. പരബ്രഹ്മരൂപമായ ഈ ശബ്ദം നാം അന്തരീക്ഷത്തിലേക്കു അതിസൂക്ഷ്മമായി ഉച്ചരിച്ചു വിട്ടുന്നതും പ്രത്യക്ഷത്തിൽ അത്രം ഒന്നുമില്ലാത്തതും ഒരു വീണക്കമ്പിയിലെ നാദംപോലുള്ളതുമായ ഒരു നാദം മാത്രമാണല്ലോ. അതൊരു ഭീർഘമായ തരംഗപരമ്പരയാണ്. ആ തരംഗങ്ങൾ പരബ്രഹ്മത്തിന്റെ ലക്ഷണത്തെ സൂചിപ്പിക്കുന്നു എന്ന് തത്വചിന്തകന്മാർ സമ്മതിക്കുന്നു. പരബ്രഹ്മം നാദരൂപമാണെന്നും പ്രകൃതി നാദരൂപിണിയാണെന്നും അവർ പറയുന്നതു് ഇതുകൊണ്ടുതന്നെയാണ്. നാദത്തിന്റെരൂപം തരംഗരൂപമാണ്. നാദത്തിൽനിന്നു രൂപം പ്രാപിച്ചതാണ പ്രകൃതി എന്നു പറഞ്ഞാലും തരംഗത്തിൽനിന്നു രൂപം പ്രാപിച്ചു എന്നാണ് അർത്ഥം.

മുൻപു പ്രതിപാദിച്ചവിധത്തിലുള്ള സകലമാതിരി തരംഗങ്ങളും ചൂട്, വൈദ്യുതി മുതലായ സവ്യശക്തികളേയും പ്രകാശത്തേയും പ്രകാശരൂപനായ ഈശ്വരനേയും മായയേയും സവ്യപ്രപഞ്ചത്തേയും പ്രപഞ്ചം മുഴുവൻ നശിച്ചാലും ശേഷിക്കുന്ന ഈശ്വരചൈതന്യത്തേയും പ്രതിനിധീകരിക്കുന്നതിനോ ധ്യാനിക്കുന്നതിനോ സംബോധനചെയ്യുന്നതിനോ ഓം എന്ന ലഘുവായതരംഗചലനത്തേക്കാൾ ഋജുമായും ലളിതമായും സുഗമമായും മറ്റൊന്നുമുണ്ടാകുമോ?

കൂടാതെ നാദം ബ്രഹ്മംതന്നെയാണ്, അതിൽനിന്നാണ് സകലസൃഷ്ടിയും ഉണ്ടായതു് എന്നു് ഉപനിഷത്തുകൾ ഘോഷിക്കുന്നു. "ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു, അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു, സകലവും അവൻമുഖാന്തരം ഉളവായി" എന്ന ബൈബിളും പ്രസ്താവിക്കുന്നു. വചനം അല്ലെങ്കിൽ നാദം എന്നുപറയാവുന്നതും ഓംകാരംപോലെ അതിദീർഘമായ ചലനപരമ്പരകളാണ് സൃഷ്ടാവിൽനിന്നു ആദ്യമായി പുറപ്പെട്ടതു്. ശബ്ദം എന്ന അർത്ഥത്തിൽ നാദം എന്ന വാക്കിനു വായുമണ്ഡലത്തിനപ്പുറം സ്ഥാനമില്ലാത്തതുകൊണ്ടു് ഈ ചലനങ്ങൾ സൃഷ്ടിക്കടിസ്ഥാനമായ വൈദ്യുതതരംഗചലനങ്ങൾതന്നെയാണ്.

സൃഷ്ടിയുടെ ആരംഭത്തിൽ ഈശപ്രശീർത്തിൽക്കൂടി

"മനമലർവാവു ചൊരിഞ്ഞു
വാപിയിതേ-

ലണിയണിയായലവീശി-
ടുന്നവണ്ണം,''

വൈദ്യുതവീചികളുടെ ഒരു കൂലി
രോട്ടമുണ്ടായി. അവിൽ നിന്നുണ്ടായ
രോമാഞ്ചത്തെത്തുടർന്നുണ്ടായ ഗ്രോള
ങ്ങളും നക്ഷത്രങ്ങളും സൌരയൂഥങ്ങ
ളും മാറും. സൃഷ്ടിയുടെ അവസാന
ത്തിൽ ഈ തൊണ്ണൂറ്റകോടി ഈശ്വര
രീതിയിൽ തന്നെ ലയിക്കുകയും ചെ
യ്യുന്നു.

ഇങ്ങനെ ഉണ്ടായ അലകളിൽ ഒരു
പങ്ക് സെക്കൻഡിൽ 186000 മൈ
ൽവേഗത്തിൽ നെടുകെപായുന്നു.
അവയാണ് നിറങ്ങളും ഉള്ളതും ഇല്ലാ
ത്തതുമായ രശ്മികളും പുട്ട് വൈദ്യു
തികതലായ മാറ്റശക്തികളും. കുറെ
പങ്ക് നെടുകെ സഞ്ചരിക്കാതെ ഒന്നി
നെ ഒന്നും പലതിനെ പലതുമായി
സെക്കൻഡിൽ 20000-മൈൽ വേഗ
ത്തിൽ ചുറ്റി ആനന്ദനൃത്തം തുടങ്ങി.
ഓരോ നൃത്തസമിതിയും ഓരോ പരമാ
ണു ആയി വസ്തുപ്രപഞ്ചത്തിനു അടി
സ്ഥാനമായിതീർന്നു. സമിതിയിലെ
അംഗങ്ങളുടെ എണ്ണമനുസരിച്ച്
തൊണ്ണൂറിൽപരം വിവിധ ജാതി പര
മാണുക്കളും അത്രയും മൂലവസ്തുക്കളും
പ്രപഞ്ചരംഗത്തിനു അടിസ്ഥാനമാ
യി ഉണ്ടായി. ഈ മൂലവസ്തുക്കൾ
കൊണ്ടുള്ള ജാലവിദ്യകളാണ് സൃഷ്ടി
സ്ഥിതി സംഹാരങ്ങളായി നാം സാ
ധാരണ വ്യവഹരിക്കാറുള്ള മാറ്റങ്ങ
ളും മാറ്റു എല്ലാവിധ ഭാവവ്യത്യാസ
ങ്ങളും. മാറ്റപ്രകാരത്തിൽ പറ
ഞ്ഞാൽ സൃഷ്ടി മുഴുവൻ ശക്തിയായ
മായാദേവിയാൽ സംഘടിപ്പിക്കപ്പെട്ട
പരമാണുക്കൾകൊണ്ടുള്ള നാടകമാ
ണുമാണ്. പരമാണുക്കൾ മാറുകയും
കയറുകയും ചെയ്യുന്നതനുസരിച്ച്
വസ്തുക്കളിലും ജീവജാലങ്ങളിലും വ്യ
ത്യാസങ്ങളും ഉണ്ടാകുന്നു.

ശക്തികൾ സംഘടിച്ച് പദാർത്ഥ
മാകുന്നു പദാർത്ഥങ്ങൾ വിഘടിച്ച
ശക്തികളാകുകയും ചെയ്യുന്നുണ്ട്.

ഒരു മനുഷ്യനിലും, ഒരു പൂൽ
ക്കൊടിയുടെ അഗ്രത്തിലും ഒരു കൂള
മുള്ളുകളും വായുവിലും ലക്ഷോപ
ലക്ഷം പരമാണുക്കളും അതുപോ
സമിതികളും ഉണ്ടെന്നുള്ള വസ്തു ഒ
ക്കുമ്പോൾ അവയുടെ വൈചിത്ര്യത്തെ
പ്പറ്റി ആര് എന്തു പറയാനോ സ
കല്പിക്കാനോ സാധിക്കും! ഈ അനു
നന്തവ്യാപ്തിയുള്ള നടനസമിതികളുടെ
പരമാദ്ധ്യക്ഷനായി നടനകലാപ്രവീ
ണനും നടരാജനുമായ പരമശിവൻ
വാണരുളുന്നു എന്ന ആശയം എത്ര
അത്ഥഗർഭവും അത്യുന്നതവുമായിരി
ക്കുന്നു!

ആധുനികശാസ്ത്രപ്രകാരം ഒരു സൃ
ഷ്ടാതരംഗവ്യവസ്ഥിതി മാത്രമാണെ
ന്നു തീർച്ചയാക്കപ്പെട്ടിട്ടുള്ള ഈ മ
ഹാപ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു
ഇപ്രകാരമാണ്. മഹാപ്രളയകാല
ത്തു ഈ തരംഗങ്ങളും വസ്തുക്കളും എ
ന്നുള്ള അവയുടെ ഭാവം വെടിഞ്ഞു
സത്തയുള്ള വീചീരൂപം പ്രാപിച്ചു
തേജസ്സുകളായി അവയുടെ ഉൽപത്തി
സ്ഥാനമായ ഈശ്വരനിൽതന്നെ
പൂർണ്ണമായി ലയിക്കുന്നു.

മഹാപ്രളയത്തിനു പ്രാകൃതപ്രളയമെ
ന്നും പേരുണ്ട്. പ്രാകൃതപ്രളയത്തിൽ
സൃഷ്ടി മുഴുവൻ പ്രകൃതിയിൽ ലയിക്കു
ന്നു. വീണ്ടും പ്രകൃതിയിൽനിന്നതു
നെ സൃഷ്ടി നടക്കുകയും ചെയ്യുന്നു.
മായാവൈഭവിയായ ഈ പ്രകൃതിമാ
താവിനെ സ്തുതിച്ചുകൊണ്ടുള്ള ശ്രീനാ
രായണന്റെ ''ഹേ നടേശ്വരിണി
യഹോ നാടകം നിഖിലവും'' എന്ന
കവിതാഭാഗം ആരെയാണ് ചിന്താമ
ഗ്നാക്കാത്തത്?

★

താൻസെൻ

★

ഉന്നൂറാണ്ടിലെ ഗായകചക്രവർത്തി

★

— വയലാർ രാമകൃഷ്ണൻ —

മഹാനായ അക്ബർചക്ര
വർത്തി ആയിരുന്നു അന്നു ഭാരതം
വാണിരുന്നതു. ചരിത്രത്തിന്റെ
ഏടുകളിൽ സുവർണ്ണലിപികളാൽ എ
ഴുതപ്പെട്ട അദ്ദേഹത്തിന്റെ പരിഷ്കാ
രങ്ങളും ഏതൊരു ഭാരതീയനെയും
പുളകംകൊള്ളിക്കാൻ പര്യാപ്തമാണ്.
സുരക്ഷിതമായ അദ്ദേഹത്തിന്റെ
സൈന്യബലംകൊണ്ടോ, അല്ലെങ്കിൽ
വിസ്തീർണ്ണമായ ഭൂവിഭാഗത്തെ തന്റെ
ചൊൽകൊലിൻകീഴിൽ അടക്കിയതു
കൊണ്ടോ, അഥവാ വിധിനിഷ്ണ്ണ
കങ്ങളായ നിരവധി യുദ്ധങ്ങൾ ജയി
ച്ചതുകൊണ്ടോ തന്നെയല്ല, അദ്ദേഹ
ത്തെ മഹാന്മാരുടെ മഹാൻ എന്ന
നാം സംബോധനചെയ്യുന്നതു; പ്രത്യു
ത ലളിതകലകളോടുള്ളമമത, വിശേ
ഷിച്ചും സംഗീതം, സാഹിത്യം, ചിത്ര
മെഴുത്തു മുതലായ സുന്ദരകലകളോടു
ള്ള നിസ്സീമസ്നേഹംകൊണ്ടും തദ്വാരാ
അതിന്റെ വളർച്ചയ്ക്കു വേണ്ട പ്രോ
ത്സാഹനം കൊടുക്കാൻ തയാറായിരു
ന്നതുകൊണ്ടുമാണ്. തന്റെ വിശാ
ലമനസ്കത, ജീവകാരുണ്യം, സ്വതന്ത്ര
മായി ചിന്തിക്കാനുള്ള കഴിവു് മുത
ലായ സത്ഗുണങ്ങൾകൊണ്ട് അന്നു
വരെ ഭാരതത്തിനു് അലഭ്യവും അ
പ്രാപ്യവും ആയിരുന്ന സമാധാനപ
രമായ ഒരന്തരീക്ഷത്തിലേയ്ക്കു് സ
മൃദ്ധിയുടെ നൃത്തശാലയായിരുന്ന ഒരു
നവ്യവ്യവസ്ഥിതിയിലേയ്ക്കു്, മാറ്റ
പാടുള്ള അതിനിശിതമായ എതി
ർപ്പുകളെ വകവയ്ക്കാതെ, മതഭ്രാന്ത
ന്റെ പേക്കോലങ്ങൾകൊണ്ടു് നി
റഞ്ഞ ഇരുട്ടകയറിയ ഒരന്തരീക്ഷത്തി
ന്റെ ''കപ്പിക്കുഴലി''ലൂടെ, അദ്ദേ
ഹം ആർഷഭാരതത്തെപുനരുദ്ധരിച്ചു.
തന്റെ സ്ഥാനമുറപ്പിക്കുവാൻവേണ്ടി
പാടുപെട്ടുകൊണ്ടിരുന്നതിനിടയ്ക്കു്,
ചുറ്റും രാപകലില്ലാതെ കൃപാണങ്ങ
ളുടെ ''ഝൺ,ഝൺ'' ശബ്ദം മുഴങ്ങി
കൊണ്ടിരുന്നതിനിടയ്ക്കു്, സുപ്രസി
ദ്ധരായ കവികളുടെ കാവ്യഭംഗി നി
റഞ്ഞ കവിതകൾ കേൾക്കുന്നതിനും,
സാഹിത്യകാരന്മാരുടെ അമൂല്യങ്ങളാ
യ കൃതികൾ വായിച്ചു രസിക്കുവാനും
'മിലൻ താൻസെൻ നെടുവീർപ്പുള്ള
കോകിലങ്ങളുടെ കളകൂജനം കേൾ
ക്കുവാനും അദ്ദേഹത്തിനു് സമയമു
ണ്ടായിരുന്നു.

ഇന്നും നാം ആദരവോടുകൂടി സ്മരി
ക്കുന്ന ഈ ഗായകചക്രവർത്തി
അതേ—മിലൻ താൻസൻ, മകരന്ദ
പാണ്ഡ എന്നൊരു സൌരഭ്യവാ
നക്കാരന്റെ പുത്രനായിരുന്നു. താൻ
സെൻ ജനിച്ചതു് എന്നാണെന്നു്
കൃത്യമായി നമുക്കറിയുവാൻ പാടില്ല.
അപ്പോഴേകിലും അതിനെപ്പറ്റി പ്രസ്താ
വിക്കുന്ന ഒരു ഗ്രന്ഥം 'ശിവസിംഹസരോ
ജ'' മാത്രമാണ്. പക്ഷെ
അതും നമ്മെ വഴിതെറ്റിക്കുവാൻ
ശ്രമിക്കുന്നു. അതിൽ പറയുന്നതു്
അദ്ദേഹം ജനിച്ചതു് 1531 A. D.
യോടു് അടുത്തുവെന്നു്. പ
ക്ഷേ താൻസെന്റെ പിൽക്കാലചരി
ത്രം നോക്കുന്ന ഒരാൾക്കു് ഈ പ്ര
സ്താവന തെറ്റാണെന്നു മനസ്സിലാ
കും. അതുകൊണ്ടു് താൻസെന്റെ
ജനനം ഏകദേശം പത്തുവർഷത്തോ
ളം മുൻപായിരിക്കാനേ ഇടയുള്ളൂവെ
ന്നു നമുക്കു മനസ്സിലാക്കാം. ഇതു്
അദ്ദേഹത്തിന്റെ പിൽക്കാലചരിത്ര
ത്തിൽനിന്നു നമുക്കു് അനുമാനിക്കാവു
ന്നതാണ്.

താൻസെന്റെ ജീവചരിത്രം മിക്ക
വാറും അപൂർണ്ണവും അജ്ഞാതവുമാ
ണു്. വല്ലതുമുള്ളതു തെളിവുകിട്ടുന്ന
തുകൾ അതു് അന്നത്തെ രാജകീ
യചരിത്രകാരനായിരുന്ന അബ്ദുൽ
ഫാസലിന്റെ ''ശിവസിംഹസരോ
ജ''യിൽനിന്നുമാണ്. താൻസെൻ
ചെറുപ്പത്തിൽ ഒരു സൂഫികവിയും സ
ന്യാസിയുമായ വൃന്ദാവനത്തിലെ
ഹരിദാസസ്വാമിയുടെ ശിഷ്യനായി
രുന്നു. അദ്ദേഹത്തിന്റെ കാവ്യ
ങ്ങളും ഏറ്റവും സുന്ദരവും ഹൃദ്യവുമാ
യിരുന്നു. ജയദേവരുടെ കവിതക
ളോടുപോലും കിടപിടിക്കാൻതക്ക
കഴിവു് അവയ്ക്കുണ്ടായിരുന്നു. പക്ഷെ
സൂർദാസ്, തുളസിദാസ് മുതലായവ
രുടെ കൃതികളോളം അവ മെച്ചമായി
രുന്നില്ല. ഹരിദാസസ്വാമികളുടെ
അനേകം ശിഷ്യന്മാരിൽ ഒരാൾമാത്ര
മായിരുന്നു സെൻ. സംഗീതത്തി
ന്റെ പ്രഥമപാഠങ്ങൾ പഠിച്ചതും അ
ദ്ദേഹത്തിൽനിന്നുതന്നെയായിരുന്നു. പി
ന്നീടു് സെൻ ഗ്വാളിയറിലെ, ഷെ
യിക്ക് മുഹമ്മദ് എന്നൊരു സംഗീത
വിദ്വാനുമായി പരിചയപ്പെടുകയും
ക്രമേണ അദ്ദേഹത്തിന്റെ ശിഷ്യനാ
കുകയും ചെയ്തു. ശിഷ്യവത്സലനായ
ഷെയിക്ക് തന്റെ രസനാഗ്രം തൊട്ട
വനും അനുമതിനൽകിയതു തൻ
സെന്റെ പ്രശസ്തി ഉയർത്തുന്നതിനും പ
രായപ്പെടുന്നു.

രാജാക്കന്മാർ രക്ഷിതാക്കളായി

അചിരേണ സെന്നിന്റെ ഭാഗ്യന
ക്ഷത്രം തെളിഞ്ഞുതുടങ്ങി. ഒഷർഷാ
യുടെ പുത്രൻ ദാഹ്ൽഖാൻ അദ്ദേഹ
ത്തിന്റെ രക്ഷാകർത്തൃത്വം ഏറ്റെടു
ത്തു. ആ രാജാവിന്റെ പ്രോത്സാ
ഹനത്തിൻകീഴിൽ സെന്നിന്റെ
സൈസ്സിക്കവാസന വളർന്നു പന്ത
ലിച്ചു. ദാഹ്ൽഖാനെ അഭിസംബോ
ധനചെയ്തുകൊണ്ടു് സെൻ അനവധി
കീർത്തനങ്ങളും ഈ കാലത്തു് രചിച്ചി
ട്ടുണ്ടു്. ദാഹ്ൽഖാന്റെ മരണശേ
ഷം താൻസെൻ റീവായിലെ രാജാ
വായ രാംചന്ദ്രന്റെ രക്ഷാധികാര
ത്തിൻകീഴിലായി. രാംചന്ദ്ര് സംഗീ
തത്തിലും സാഹിത്യത്തിലും അത്യധിക
മായ അഭിരുചിയുള്ള ഒരു രാജാവാ
യിരുന്നു. ഇവിടെവച്ചും രാംചന്ദ്രനെ
സ്തുതിച്ചുകൊണ്ടു് അനവധി
''ദ്രുപദ ഗീതങ്ങൾ സെൻ നിർമ്മിച്ചു.

താൻസെന്റെ പ്രശസ്തി ക്രമേണ
നാടുനീളെ പരന്നു. അന്നു നാടുവാ
ണിരുന്ന മഹാനായ അക്ബറുടെ
ചെവിയിലും താൻസെന്റെ അപദാ
നങ്ങൾ എത്തി. സംഗീതകലയോടു
വളരെയേറെ പ്രതിപത്തിയുണ്ടായിരു
ന്ന ആ സാമ്രാട്ടായൻ പിന്നെ ഒട്ടും താ
മസിച്ചില്ല. താൻസെനെ ഉടൻ
കൊണ്ടുചെല്ലാൻ അദ്ദേഹം രാംചന്ദ്രനെ
അറിയിച്ചു. പാവം രാംചന്ദ്ര്!!
അദ്ദേഹത്തിനു് താൻസെനെ വിട്ടു
കൊടുക്കുവാൻ ഒട്ടും തൃപ്തിയില്ലായിരു
ന്നു. പക്ഷെ എന്തുചെയ്യാം. അജ
യ്യനായ അക്ബർ പാദുഷ, ഒരു
പക്ഷെ ക്ഷുഭിതനായേക്കാം. തന്റെ
രാജ്യം ആക്രമിച്ചു് തന്നെയും രാജകു
ടുംബത്തെയും വധിക്കാം.....അങ്ങി
നെ മനസ്സില്ലാമനസ്സോടെ രാംചന്ദ്രനു് താൻസെനെ പിരിയേണ്ടിവന്നു.
താൻസെൻ ഇപ്രകാരം അക്ബറുടെ
അരമനയിലെ വാദ്യവിളക്കായി
ശോഭിച്ചു. താൻസെന്റെ സംഗീത
മാധുരി പാടുന്നതിനെയും കേൾക്കുന്നതിനെയും പ്രീതനായ ആ സംഗീതഭാ
നൻ ഒരിക്കൽ രണ്ടുലക്ഷം മുദ്രപ്പണ
യുടെ ഒരു കിഴി സമ്മാനമായി കൊടു
ത്തു എന്നും ''എനിനി അക്ബറി,''
''ഇക്ബാൽനാമ'' എന്നീ രണ്ടു പേ
ഴ്സൻചരിത്രഗ്രന്ഥങ്ങളിൽ പറയ
പ്പെടുന്നു.

സ്വർഗ്ഗീയഗായകൻ

താൻസെൻ അന്നത്തെ ഏറ്റവും
വലിയ സംഗീതവിദ്വാൻ ആയിരു
ന്നു. അബ്ദുൽഫാസൽ പറയുന്നു
''അദ്ദേഹത്തെപ്പോലൊരു വിദ്വാനെ
ഈ കഴിഞ്ഞ ആയിരംവർഷമായി
ഭാരതം കണ്ടിരുന്നില്ല'' താൻസെ

ന്റെ സംഗീതമാധുരിയെപ്പറ്റി രസകരങ്ങളായ അനേകം കഥകളുണ്ട്. അദ്ദേഹം പാടുമ്പോൾ മൂന്നു പ്രത്യേക സ്വരങ്ങളും ഒരേസമയത്തു് പുറപ്പെടുന്നതായി തോന്നിയിരുന്നുപോലും! കേൾക്കുന്നവക്ക് മൂന്നുപേർ വെവ്വേറ പാടുന്നതായേ തോന്നുകയുള്ളു. ഒരു യാചകന്റെ വേഷം ധരിച്ചു് അക്ബർ ചിലപ്പോൾ താൻസെന്റെ വീട്ടിൽ പാട്ടുകേൾക്കുവാൻ വേണ്ടിമാത്രം പോകാറുണ്ടായിരുന്നത്രെ. പക്ഷെ താൻസെൻ പാടുമ്പോഴേയ്ക്കു തിരിച്ചറിഞ്ഞു് വേണ്ടവിധം ഉപചാരം കാണിക്കാറുമുണ്ടായിരുന്നു. പാടുമ്പോൾ പറയുകയാണു് "താൻ പാട്ടുകേൾക്കുവാൻവേണ്ടിമാത്രം ഡൽഹിവിട്ടു പോന്നതാണെന്നു്"!! താൻസെന്റെ ഒരൊറ്റ പാട്ടിനു് വിലയില്ലാ തന്റെ സാമ്രാജ്യം മുഴുവനും എന്നു്.

മുസ്ലിമായി മതംമാറുന്നു

താൻസെൻ ഒരു മുസ്ലിം ആയി മതം മാറിയതു് എന്തുകൊണ്ടാണെന്നും എപ്പോഴാണെന്നും വിശ്വസനീയമായ യാതൊരു തെളിവും കിട്ടിയിട്ടില്ല. എന്നാൽ ഗ്വാളിയറിലുള്ള അദ്ദേഹത്തിന്റെ ശവകുടീരം നിൽക്കുന്നതു് വിശ്രുത മഹമ്മദ് ഗൌഷിയുടെ ശവകുടീരത്തിനോടു വളരെ അടുത്തായിട്ടാണു്. അതുകൊണ്ടു് ഒരുപക്ഷെ മഹമ്മദ് ഗൌഷിയുടെ പ്രേരണകൊണ്ടായിരിക്കുമോ സെൻ ഇസ്ലാം ആയതെന്നു് നമുക്കു സംശയിക്കാവുന്നതാണു്. ചിലർ പറയുന്നു അക്ബർക്കു് ഇതിൽ പങ്കുണ്ടെന്നു്. പക്ഷെ അടിസ്ഥാനരഹിതമാണു് ഈ വാദഗതി എന്നു് നമുക്കു നിസ്സംശയം പറയാവുന്നതാണു്. എന്തുകൊണ്ടെന്നാൽ അക്ബറെപ്പോലുള്ള ഒരു വിശാലമനസ്കനും ഉത്പതിഷ്ണുവും ആയ ചക്രവർത്തി ഒരിക്കലും തന്റെ സുഹൃത്തുക്കളെ മതംമാറ്റത്തിനു് പ്രേരിപ്പിച്ചിരിക്കുകയില്ല. അക്ബറുടെ ആത്മസുഹൃത്തായ രാജാ ബീർബൽ ജീവാവസാനംവരെ ഒരു ഹിന്ദുവായിത്തന്നെ കഴിഞ്ഞുകൂടി. എന്നാൽ മറ്റു ചില ചരിത്രകാരന്മാർ പറയുന്നതു താൻസെൻ ഒരു ഇസ്ലാംയുവതിയുമായി പ്രണയബദ്ധനായിരുന്നെന്നും വിവാഹത്തിനു് മതം ഒരു തടസ്സമായതിനാലാണു് മതംമാറിയതെന്നും. പക്ഷേ ശരിയായ തെളിവൊന്നും ഈ സിദ്ധാന്തത്തിനില്ല.

താൻസെൻ ഒരു ഗായകൻ മാത്രമായിരുന്നില്ല, പ്രത്യുത ഒരു കവിയുംകൂടിയായിരുന്നു. തന്റെ രക്ഷിതാക്കളായ രാംചന്ദ്, ഖൌലാറ്ഖാൻ മുതലായ രാജാക്കന്മാരെക്കുറിച്ചു് അദ്ദേഹം വളരെയധികം ശ്ലോകങ്ങളും രചിച്ചിട്ടുണ്ടു്. രാധാകൃഷ്ണന്മാരെക്കുറിച്ചും കൃഷ്ണലീലയെപ്പറ്റിയും രസകരമായ ഒരു കാവ്യംതന്നെ അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. എന്നാലും സംഗീതത്തോടുള്ള അനൈസർഗ്ഗികമായൊരു പണ്ഡിത്യം അദ്ദേഹത്തിന്റെ കവിതാവാസനയെ അസ്പൃഷ്ടമാക്കിക്കളഞ്ഞു. താൻസെനെ ഒരു കവിയെന്നതിനേക്കാൾ ഒരു സംഗീതചക്രവർത്തി എന്ന നിലയിലാണു് നാം ആരാധിക്കുന്നതു്.

താൻസെൻ ക്രിസ്തുവിനുശേഷം 1589-ൽ ദിവംഗതനായി. മരിയ്ക്കുമ്പോൾ അദ്ദേഹത്തിനു് 70 വയസ്സുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭൌതികാവശിഷ്ടം ഗ്വാളിയറിലുള്ള മുഹമ്മദ് ഗൌഷിന്റെ ശവകുടീരത്തിനു തെക്കുവശം പടിഞ്ഞാറോട്ടുമാറി അടക്കംചെയ്യപ്പെട്ടു. അതിനുമുകളിൽ ഇരുപത്തിരണ്ടടി വിസ്തീർണ്ണമുള്ള ഒരു ശവകുടീരം നിർമ്മിക്കപ്പെട്ടു. അതിനു ഇരുപതോളം തൂണുകളും മദ്ധ്യത്തിൽ ഭീമാകൃതിയായ നാലു തൂണുകളും ഉണ്ടു്. ഭാരതത്തിന്റെ നാനാഭാഗത്തുനിന്നും സംഗീതജ്ഞന്മാർ ഇവിടെ സമ്മേളിച്ചു മൺമറഞ്ഞ ആ ഗാനകോകിലത്തെ ഇന്നും ബഹുമാനിക്കുന്നു. ഈ കെട്ടിടത്തിനു സമീപത്തായി, ഒരു വലിയ വാകൽപുളിമരം മുമ്പുണ്ടായിരുന്നു. അവിടെവന്നുകൂടുന്ന ആരാധകന്മാർ അതിന്റെ ഇല പറിച്ചു് ചവച്ചുതിന്നുക പതിവായിരുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് തങ്ങളുടെ സ്വരം താൻസെനോടുപോലെയാകുമെന്നുള്ള അന്ധവിശ്വാസത്താൽ പ്രേരിതരായി അവർ ദിവസേന ഈ പ്രവൃത്തി ചെയ്തുപോന്നു. കാലക്രമേണ ആ വൃക്ഷത്തിന്റെ ഇല മുഴുവൻ തീരുകയും തൻമൂലം അതു് ഉണങ്ങിപ്പോകുകയും ചെയ്തു. എന്നാലും പഴയ വൃക്ഷത്തിന്റെ വിത്തുവീണു കിളിർത്ത വേറൊരു പുളിമരം അതിന്റെ സ്ഥാനത്തു് ഇന്നും ഉണ്ടു്.

★

(25-ംപേജിൽനിന്നുതുടർച്ച)

മുള്ളും പുല്ലുമെല്ലാം അവൻ ശ്രോണിച്ചു; ചെവിവട്ടംപിടിച്ചുകൊണ്ടു് ചുറ്റുപാടുകളും ശ്രദ്ധിക്കുന്നുണ്ടു്. ഇടയ്ക്കിടയ്ക്കു് വിടവിനടുത്തുവന്നു് അതിരണ്ടു ഉരുളൻകല്ലുകൾക്കിടയ്ക്കോട്ടു നോക്കി. റോമി ഇണ്ടുമുകളിൽനിൽക്കുന്നകാരണം മാംസംതിന്നുന്ന ചെന്നായ്ക്കളും വിടവിൽ വരാൻ അറച്ചു നിൽക്കുകയാണു്.

റോമി ആകാശത്തിന്റെ അനന്തതയിലേയ്ക്കു കണ്ണോടിച്ചു. അങ്ങുമിങ്ങും തരുകൾ മിന്നുന്നുണ്ടു്. അങ്ങുവിദൂരതയിൽ ചക്രവാളത്തിലേയ്ക്കു നോക്കിക്കൊണ്ടവൻ ഓലിയിട്ടു. ആ ശബ്ദത്തിനു വേദനപുരണ്ട വിഷാദാത്മകമായ മനുഷ്യശബ്ദത്തിന്റെ നിഴലടിപ്പുള്ളതുപോലെ.

ജൂലിയെ മാക്കോസ് ആശ്രമത്തിരക്കിലെല്ലാമന്വേഷിച്ചു. അരമനയിലും, ആരുകടവിലും, കടൽത്തീരത്തും പള്ളിമുറ്റത്തും, പള്ളിക്കാട്ടിലും എല്ലാം അവൻ തെരഞ്ഞു. കടൽക്കരയിലുള്ള കരിങ്കൽവിടവുകളിലും സൂക്ഷിച്ചുപരിശോധിച്ചു. ആ വിടവിനടുത്തു മാക്കോസ് നടന്നുവരുന്നതു് പാട്ടി ദൂരെവച്ചുതന്നെ കണ്ടു.

അവർ കിതച്ചുകൊണ്ടോടി മാക്കോസിനടുത്തുചെന്നു. വാലാട്ടി അവനെ മണപ്പിച്ചുമണപ്പിച്ചു പുറകെ നടന്ന വീണ്ടും വിടവിന്റെ സമീപമെത്തി. മാക്കോസ് കയ്യിലിരുന്ന ചൂട്ടു തെളിച്ചു വിടവിലേയ്ക്കു കണ്ണോടിച്ചു. പക്ഷേ ആ രണ്ടു ഉരുളൻകല്ലുകൾക്കിടയ്ക്കോട്ടു് അവന്റെ കാഴ്ച ചെന്നപറ്റിയില്ല. കാരണം മൂട്ടിന്റെ വെളിച്ചം അവിടംവരെ എത്താത്തതുതന്നെ.

തകർന്ന ഹൃദയത്തോടെ മാക്കോസ് പിന്മടങ്ങി. അതുവരെ വാലാട്ടിക്കൊണ്ടു നിശ്ശബ്ദനായി അടുത്തുനിന്നിരുന്ന പാട്ടി ഉച്ചത്തിൽ കുരയ്ക്കാൻ തുടങ്ങി. തിരിഞ്ഞുപോകുന്ന മാക്കോസിന്റെ പിന്നാലെ റോമിയും കൂവുകൊണ്ടോടി. മാക്കോസ് ഉടുത്തിരുന്ന മുണ്ടിൽ കടിച്ചു് പിറകോട്ടുവലിച്ചു. മുമ്പെങ്ങും ആ ശാന്തൻ പുറപ്പെടുവിച്ചിട്ടില്ലാത്ത ചില ശബ്ദങ്ങളും അവൻ പുറപ്പെടുവിച്ചു. പക്ഷേ ആ മനുഷ്യനു് മൃഗത്തിന്റെ ഭാഷ വശമായിരുന്നില്ല. മനുഷ്യന്റെ ശബ്ദവും മണവും തിരിച്ചറിയാൻ മൃഗത്തിനു് സാധിക്കും, മറിച്ചു് സാധിക്കുകയില്ലായിരിക്കാം.

മാക്കോസു് കുടിലിൽ ചെന്നുചേർന്നു. തേങ്ങിത്തുടങ്ങുന്ന കരംകൊണ്ടുപോലും തന്റെ പിഞ്ചുമകനായ ജൂലിയെ കാത്തിരിയ്ക്കുന്ന അമ്മയോടു് ആ അച്ഛനു് പറയുവാൻ ധൈര്യമുണ്ടായിരുന്നില്ല.

ഏറെ താമസിക്കുന്നതിനുമുമ്പു് കുടിലിനുമുൻവശത്തു് പട്ടിയുടെ കുരകേട്ടു. അൽഫോൺസാ കുടിലിനു പുറത്തിറങ്ങി നോക്കി. റോമി ഓടി അവളുടെ സമീപത്തു് വന്നുനിന്നു കുരച്ചു. ഉടയാടയിൽ പട്ടികടിച്ചുവലിച്ചു. അവൾ വീണ്ടും കുടിലിൽ പ്രവേശിക്കുന്നതിനു് സമ്മതിക്കാതെ അവൻ ആഭാസശരീരനായി അവളുടെ നാലുവശത്തും മുറിനിന്നു് കുരച്ചു.

തിരിയടിച്ചു് കുടലിൽ കൊണ്ടുപോയതായിരിയ്ക്കുമെന്നു് "എന്നാണു് ഒടുവിൽ അങ്കർ ധരിച്ചുവച്ചിരിയ്ക്കുന്നതു്. അന്നു രാത്രി എല്ലാവള്ളവും കടലിലിറക്കി; വലാറീശി വെള്ളം അറിച്ചു. ജഡമെങ്കിലും കിട്ടട്ടേ എന്നുകരുതി. എന്നാൽ ആ അന്വേഷണവും വ്യർത്ഥമായിപ്പോയി.

അൽഫോൺസാ കുടിലിൽ കയറിയതിനുശേഷം പട്ടി വീണ്ടുമോടി ജൂലിയുടെ അന്ത്യവിശ്രമസ്ഥാനത്തു് ചെന്നുചേർന്നു. അന്നു് രാത്രിമുഴുവൻ അവൻ ആ മരണത്തിന്റെ മടിത്തട്ടിനുസമീപം കഴിച്ചുകൂട്ടി. പിറേറദിവസം പകൽസമയവും അതുതന്നെ ആവർത്തിച്ചു. ഇടയ്ക്കിടയ്ക്കു് ഭ്രാന്തെടുത്തവനെപ്പോലെ അവൻ കുരച്ചുകൊണ്ടോടും. നേരെ കുടിലിലേയ്ക്കു് അവിടെവന്നു നിന്നു ഉഗ്രമായികുരയ്ക്കും, ചില ദയനീയശബ്ദങ്ങൾ പുറപ്പെടുവിയ്ക്കും അതിനുശേഷം വീണ്ടും ഓടി കുട്ടാളിയുടെ ജഡത്തിനു് കൂട്ടായിവന്നുനില്ക്കും.

ഒന്നുരണ്ടു ദിവസം കൊണ്ടു മാക്കോസും കൂട്ടരും നാടുമുഴുവൻചുറ്റിത്തിരിഞ്ഞു് ജൂലിയെ അന്വേഷിച്ചുവെങ്കിലും വെറുമൊരു ഉത്തരമില്ലാത്ത ചോദ്യം മാത്രമായിത്തീർന്നു.

"കാതിലെ മിന്നും' ഇളിയിലെ വെള്ളിയും എടുത്തുകൊണ്ടു വല്ലകള്ളന്മാരും കൊന്നതായിരിയ്ക്കും."

ഒരുകൂട്ടർ പറഞ്ഞു.

"പിള്ളാരെ പിടിച്ചു കൊണ്ടുപോകുന്നവല്ലമന്ത്രവാദികളും തട്ടിക്കൊണ്ടുപോയതാണു്,, മറ്റൊരുകൂട്ടർ പറയാൻ തുടങ്ങി.

ഇതുപോലെ പല അഭ്യൂഹങ്ങളും സ്ഥലത്തുസംസാരവിഷയങ്ങളായി.

ഇതൊക്കെ കേട്ടും കൊണ്ടു് തൽഫോൺസായ്ക്കു കരയാനേ സാധിച്ചുള്ളൂ. അങ്ങനെ എപ്പോഴും അവൾക്കു കരച്ചിൽതന്നെ കരഞ്ഞുകരഞ്ഞു മനമുരുകി മരിക്കുമെന്നുവരെയായി.

ജൂലിയുടെ അന്ത്യവിശ്രമസ്ഥാനത്തു് റോമി ഒരു പേ പിടിച്ച പട്ടിയെപ്പോലെ കഴിഞ്ഞുകൂടുകയാണു് 'രാത്രിയും പകലും' പകലും രാത്രിയും? അങ്ങനെ പലരാത്രികളും പകലുകളും അവൻ അവിടെത്തന്നെ കഴിച്ചുകൂട്ടി. കണ്ണകല്ലിലും മുള്ളിലും മണപ്പിച്ചു മണപ്പിച്ചു് അവൻ അവിടെല്ലാം ചുറ്റി നടക്കും അതിനിടയിൽ മുകളിൽനിന്നു താഴെ ആ രണ്ടു ഉരുളൻ കല്ലുകൾക്കിടയ്ക്കോട്ടും നോക്കും.

എപ്പോഴും അവനു് അവിടെതന്നെ കഴിച്ചുകൂട്ടിയാൽ മതിയെന്നായി. അവിടെയവിടെയെങ്കിലും ഒരു ചെറിയ ചലനം കേട്ടാൽമതി അവൻ പിന്നെ കുരയ്ക്കുവാൻ തുടങ്ങുകയായി.

റോമിഇപ്പോൾ കുടിലിൽപ്പോകാറേ ഇല്ല. നിന്നും നടന്നും ക്ഷീണിച്ചാൽ അവിടെ എവിടെങ്കിലും ചുരുണ്ടുകൂടിക്കിടക്കും, ഇടയ്ക്കിടയ്ക്കു വിഷാദാത്മകമായ മോങ്ങലുകൾ അവനിൽനിന്നുയരാറുണ്ടു്.

എന്തെങ്കിലും പട്ടി ആഹരിച്ചിട്ടു് പത്തുപന്ത്രണ്ടുദിവസമായി. പട്ടിയുടെ പൊള്ളയുള്ളിലേയ്ക്കുവലിഞ്ഞുവരുന്നതു വയറിലെല്ലുകളെല്ലാം തെളിഞ്ഞു കൂനിക്കൂനിപ്രേതത്തിൽ പൊന്തിനിന്ന ഒരു അസ്ഥിപഞ്ജരംപോലെയായി. കുറേനാൾകൂടിച്ചെന്നാൽ പട്ടിയുടെ വെളുത്തരോമങ്ങളെല്ലാം ഏതുനിമിഷവും വെളിയിലേയ്ക്കു വരുമെന്നനിലയിൽ എത്തിയിരിക്കുകയാണു്. വെളിക്കു നീട്ടി നാവിട്ടിരിക്കുന്നതിൽനിന്നും വെള്ളംപോലുള്ള ഒരു ദ്രവകം ഇറ്റിറ്റുവീണുകൊണ്ടിരുന്നു.

റോമിക്കു് വളരെ പാടുപെട്ടാലൊരു മുയൽ പോലുമായി കുരയ്ക്കുവാൻ സാധിച്ചില്ല. എന്നനിലയിലെത്തി.

എന്നാലും അവൻ മുക്കുകളിൽനിന്നും ആ ഉരുളൻകല്ലുകളിലിടയ്ക്കോട്ടു നോക്കുമ്പോൾ എന്തെങ്കിലും പിറുപിറുക്കുന്നതുപോലെ ശബ്ദംപുറപ്പെടുവിക്കാതിരിക്കുകയില്ല.

പിൻകാലുകളിൽ ഇരുപ്പുറപ്പിച്ചു് മുൻകാലുകളും ബലമായി തറയിലൂന്നി അവൻ ആകാശത്തിന്റെ അനന്തതയിലേയ്ക്കു തലയുയർത്തി മോങ്ങാറുണ്ടു്. അവന്റെകൂടെ ജീവിതം ആരംഭിച്ച അവനുമുമ്പു് പിടച്ചുചത്ത ആ ജീവനുവേണ്ടി മോക്ഷം ആകാശങ്ങളിലിരിക്കുന്ന ദൈവത്തിനോടു് യാചിക്കയായിരിക്കാം.

കയാവാം അപ്രകാരം അവൻ മോങ്ങുന്നതിന്റെ ഉദ്ദേശം. പട്ടിക്കും ദൈവം കാണുമായിരിക്കാം.

മനുഷ്യരാരെങ്കിലും അതിനടുത്തുകൂടെ പോകുന്നതു കണ്ടാൽ അവൻ ഇഴഞ്ഞെങ്കിലും അവരുടെ അടുത്തു ചെല്ലും. അവരെ സമീപിച്ചു ചില ശബ്ദങ്ങാം പുറപ്പെടുവിച്ചു വസ്ത്രങ്ങളിൽ കടന്നുപിടിക്കും, അവർ ആ പറയൻപട്ടിയെ തൊഴിക്കും. പട്ടിക്ക് ഒരേ ഒരാഗ്രഹമേ ജീവിതത്തിലുള്ളുവെന്നതോന്നും, അതായതു് ആരെയെങ്കിലും കൂട്ടിക്കൊണ്ടുവന്നു് അവന്റെ കൂട്ടുകാരിയെ രക്ഷിക്കണം.

* * * *

പതിനേഴുദിവസങ്ങാം കഴിഞ്ഞു. റോമി അങ്ങനെ മരിച്ചുമരിച്ചു ജീവിച്ചുകൊണ്ടിരുന്നു.

ആ സ്ഥലത്തെ ചുറ്റി ഒരു പട്ടി എപ്പോഴും കാണാം. അതിലെ കടന്നുപോകുന്ന പലർക്കും ഒരു സംശയമുണ്ടായി. അതായതു്; 'തൊലി പൊട്ടിച്ചു് എല്ലുകാം പുറത്തേയ്ക്കുവരാൻ പോകുന്ന, ആ നായ്ക്കു് നീട്ടിയിട്ടും അത്തോട്ടമിങ്ങോട്ടും സദാ വിരളിപിടിച്ചോടുന്ന നായ്ക്കു് പേയം'.

'പേപ്പട്ടിയാണു്' എല്ലാവരും ഐകകണ്ഠ്യേന പറഞ്ഞു.

മാർക്കോസിന്റെ പട്ടിയാണെന്നറിയാവുന്നവർ അവനോടും സംഗതി ധരിപ്പിച്ചു.

"മാർക്കോസേ, നിന്റെ പട്ടിക്കു് പേയം."

'ശരിയായിരിക്കാം' മാർക്കോസ് വിചാരിച്ചു.

പത്തുപത്രണ്ടുദിവസമായി പട്ടി കൂടിലിനടുത്തു് വന്നിട്ടു്.

എല്ലാവരും ഒരു സംഗതി വീണ്ടും ഐകകണ്ഠ്യേന പറഞ്ഞു: "മാർക്കോസിന്റെ പട്ടിയെ തല്ലിക്കൊല്ലണം, അതിനു് പേയം."

"തല്ലിക്കൊല്ലണം" മാർക്കോസിനു് ആ വാർത്ത അസഹ്യമായിത്തോന്നി. അവന്റെ ജൂലിയെപ്പോലെ സ്നേഹിച്ചവളുത്തിയ ആ നായെ തല്ലിക്കൊല്ലണം. അതവനു് ചിന്തിക്കാൻപോലുംവയ്യാ.

അൽഫോൺസായുടെ ഉള്ളു് കത്തിപ്പോയി. അപ്രകാരമുള്ള ഒരു വാർത്തയാണു് അവളുടെ കുഞ്ഞുങ്ങളെപ്പോലെ സ്നേഹിച്ചവളുത്തിയ ആ പട്ടിയെ കൊല്ലണമെന്ന പറഞ്ഞതു്. ആ സന്തപ്തഹൃദയം സദാ നീറിക്കൊണ്ടിരുന്നു.

സ്നേഹിച്ചുപോയ ഒരു മനുഷ്യജീവി കുണ്ടിൽ പതിച്ചുകിടക്കുന്നതു് കണ്ടുകൊണ്ടു അതിനെ രക്ഷിക്കാൻ പഴുതുകാണ്ടു പതിനേഴുദിവങ്ങളോളം രാപകലില്ലാതെ നിരാഹാരവ്രതനായി കാത്തുനില്ക്കുന്ന ആ നന്ദിയുള്ള മൃഗത്തെ കൊല്ലണമെന്നു് സ്ഥലവാസികളായ മനുഷ്യർ വിധിയെഴുതി.

അന്നു് വൈകിട്ടു കുറെ മനുഷ്യർ കല്ലുകളും കുറുവടികളുമായി പട്ടിയെ തല്ലിക്കൊല്ലാനായിവന്നു. കൂട്ടത്തിൽ ആലുംമൂട്ടിൽ ഔസേപ്പുമുണ്ടു്.

അതുകാം കൂട്ടമായി വരുന്നതുകണ്ടപ്പോൾ പട്ടി വളരെ ഉത്സാഹത്തോടെ ചാടി എഴുന്നേറ്റു വാലാട്ടി.

'ബ്ജറം' ഒറേവ്".

റോമിയുടെ പള്ളയ്ക്കുതന്നെ കുറിക്കകൊണ്ടു. ഉടനെതന്നെ പട്ടി തെറിച്ചുവീണു് ഉരുണ്ടുപോയി.

ഒരാാം മുന്നോട്ടാഞ്ഞു കയ്യിലിരുന്ന കൂന്തടികൊണ്ടു് പട്ടിയുടെ തലയ്ക്കൊരടി.

കരിക്കിൻകുട്ടി പൊട്ടിത്തെറിക്കുമ്പോാം ഉണ്ടാകുന്നതുപോലുള്ള ഒരു ശബ്ദം കേട്ടു.

റോമിയുടെ തലയ്ക്കടിച്ച ആ തലയില്ലാത്ത മനുഷ്യൻ ആലുംമൂട്ടിൽ ഔസേപ്പായിരുന്നു.

തലപൊട്ടി രക്തം പുറത്തേയ്ക്കു് ഒഴുകുകയാണു്. ഒരു കണ്ണു് വെളിയിലേയ്ക്കുവന്നു് ഒരുളങ്ങാപോലെ തള്ളിപ്പോയി.

അവിടെ കൂടിയിരുന്ന മനുഷ്യരെയെല്ലാം മറിയ്ക്കാൻപോകുന്ന ആ പട്ടി കുണ്ണുരുട്ടി നോക്കുന്നതുപോലെ തോന്നി.

വേദനയുടെ വീരോദ്രേകിയ ആക്രമണത്താലാവാം അതു് വാപൊളിച്ചു് ഞരങ്ങുന്നതു്.

ഒന്നിനുപുറകു് മറ്റൊന്നായി അനേകം കല്ലുകാം അവന്റെ പുറത്തു് വർഷിക്കുകയാണു്. ശരീരത്തിലുള്ള എല്ലാ ഭാഗങ്ങളിൽനിന്നും ചോര അണപൊട്ടിയതുപോലെ ഒഴുകുന്നുണ്ടു്.

തറയിൽ ചോര തളംകെട്ടിക്കിടക്കുന്നു. അതിൽ കാലുകാം ഇട്ടടിച്ചുകൊണ്ടു് റോമി പിടച്ചു.

ഒരു വല്ലാത്ത മണം ആ അന്തരീക്ഷത്തിനുണ്ടായിരുന്നു, ചൂടുള്ള മനുഷ്യരക്തത്തിന്റേതുപോലുള്ള ഒരു ഗന്ധം.

മനുഷ്യന്റേയും ശ്വാനന്റേയും രക്തത്തിനു് ഒരേമണമോ? ശരിയായിരിക്കാം. മനുഷ്യനും മൃഗവും ഒരേ ചോരയിൽനിന്നും രണ്ടു ചേരികളായി പിരിഞ്ഞവരാണു്.

മൃഗത്തിന്റെ ചോരയുള്ള മനുഷ്യർ മനുഷ്യരക്തമുള്ള ആ ശ്വാനനെ അതിന്റെ ജീവിതസായംഹ്നത്തിലാക്കിക്കൊണ്ടു് വലിഞ്ഞു.

മന്ദപുഴകിനിൽക്കുന്ന ഒരു തെങ്ങു് കടലിലോട്ടു് ചരിഞ്ഞുനിൽക്കുകയാണു്. അതിന്റെ ചുവട്ടിലാണു് റോമി കിടക്കുന്നതു്. ജീവൻ വേർപെടാൻ തയ്യാറെടുക്കുന്ന തകർന്ന ശരീരത്തോടെ.

പട്ടിയുടെ ശരീരത്തിലെ ശേഷിച്ച ജീവനായിരിയ്ക്കാം അപ്പോഴും ചോരയായി പുറത്തേയ്ക്കു പൊടിയ്ക്കൊണ്ടിരുന്നതു്. ചോരയുടെഒഴുക്കു് നിശ്ശേഷം നിലയ്ക്കുമ്പോാം ജീവനും പറിഞ്ഞുപോകും.

സൂര്യൻ മറഞ്ഞു. ആകാശത്തു് മഞ്ഞുമേഘങ്ങാം ആട്ടിൻകുട്ടികളെപ്പോലെ പരിഭ്രമിച്ചോടുന്നു. അതിനിടയിലൂടെ ആയിരമായിരം താരകാം കണ്ണിറുമ്മി ഇദ്ദയനീയകാഴ്ച കാണുകയാണു്.

റോമി നിശ്ശേഷം ജീവനറ്റവനായില്ല. അവന്റെ ശരീരത്തിലെ ശേഷിച്ച ജീവന്റെ ചലനമായിരിയ്ക്കാം അവനെ വലിച്ചിഴച്ചു് ആ വിടവിനടുത്തേയ്ക്കു് കൊണ്ടുവന്നതു്.

ജൂലിയുടെ ജീവിതാവസാനം കഴിച്ച ആ വിടവിന്റെ മുകളിൽവന്നു് തലമാത്രം താഴോട്ടിട്ടു് അവസാനമായി ആ ശ്വാനൻ ആ ഉരുളൻകല്ല കാംക്കിടയ്ക്കൂടെ നോക്കി.....

* * *

റോമിയെ കൊന്നസംഗതി മാർക്കോസറിഞ്ഞപ്പോാം അവനൊരു ഞെട്ടലുണ്ടായി. അവനറിയാതെതന്നെ രണ്ടുതുള്ളി ബാഷ്പം ചൊരിഞ്ഞതു് വിരിമാറിൽ തട്ടി പൊട്ടിത്തെറിച്ചു് പൂഴിമണ്ണിൽ വീണു.

ജൂലി മരിച്ചിട്ടു് പതിനേഴായി; പതിനെട്ടായി; ഇരുപതായി.

റോമിയെ കൊന്നിട്ടു് മൂന്നായി. പട്ടിയുടെ ജഡം കടൽപ്പുറത്തുകിടന്നു ചീഞ്ഞഴുകി; വല്ലാത്ത ദുർഗ്ഗന്ധം വമിക്കുന്നുമുണ്ടു്. അതു് കടലിൽനിന്നടിക്കുന്ന കുസൃതിക്കാറ്റു് ഇങ്ങും കരയിൽ കുടിലുകാംക്കടുത്തുവരെ കൊണ്ടുവന്നു.

വീണ്ടും ആളുകാം ഓരോന്നു പറയുവാൻ തുടങ്ങി.

"ഹൊയ്, എന്തൊരു നാറ്റം! സഹിയ്ക്കാൻ വയ്യാ."

"ഈ പട്ടിയുടെ ജഡം ഒന്നു കുഴിച്ചുമൂടിയ്ക്കൂടായോ?"

"ആ ശവം അങ്ങു് കടലിലേയ്ക്കു് തള്ളിയിട്ടാൽ മതി."

"പേപ്പട്ടിയുടെ ജഡമാ, വേഗം കുഴിച്ചുമൂടണം."

ഇപ്രകാരമുള്ള സംസാരങ്ങാം മാർക്കോസ്സിന്റെ ചെവിയിലുമെത്തി. മാർക്കോസുതന്നെ അതിനെ സംസ്കരിക്കുവാൻ തയ്യാറായി.

സംസ്കരിക്കുന്നതിലും നന്നു് അങ്ങു് കടലിൽ തള്ളിയിട്ടാൽ മതിയാവും എന്നു് ഒടുവിൽ അവൻ തീർച്ചപ്പെടുത്തി.

വേദനയോടെയാണു് മാർക്കോസു് റോമിയുടെ ജഡത്തിനടുത്തു് ചെന്നതു്. കൈവശമുണ്ടായിരുന്ന ഒടിഞ്ഞ പങ്കായക്കോലുകൊണ്ടു് പതുക്കെ നീക്കി വിടവിലേയ്ക്കിട്ടു.

ശവം താഴെ രണ്ടു് ഉരുളൻകല്ലുകാംക്കു് സമീപം ചെന്നുവീണു. മാർക്കോസു് കുറേനേരം കണ്ണുനീരിന്റെ കണ്ണാടിച്ചില്ലിലൂടെ താഴെചെന്നുവീണ പട്ടിയുടെ ശവശരീരം നോക്കിനിന്നു.

അലിവിൻറലയംഴി ഒരു അലയടിച്ചു് ആ ചീഞ്ഞുനാറിയ പട്ടിയുടെ ജഡത്തെ ആലിംഗനംചെയ്തു. വെള്ളം തിരിച്ചിറങ്ങിയപ്പോാം ആ രണ്ടു് ഉരുളൻകല്ലുകളിലിടയ്ക്കു് ഏതാനും വെള്ളത്തുള്ളികാം തെളിഞ്ഞുകാണപ്പെട്ടു; ഒരു ചെറുതലയോടിടൻറെ പ്രതീതി.

മുണ്ടുകുത്തിയുടുത്തു് പതുക്കെ കല്ലുകളിലൂടെ അവൻ ഇറങ്ങി ആ ഉരുളൻകല്ലുകാംക്കടുത്തുചെന്നു് സൂക്ഷിച്ചുനോക്കി.

"ഒരു അസ്ഥിപഞ്ജരം, വെള്ളിപോലെ വെളുത്തതു്. അരഭാഗത്തു് കറുത്തു് കരുവാളിച്ച അരഞ്ഞാണം. കഴുത്തിൽ അട്ടപ്പൊട്ടാറായ ഒരു കറുപ്പുചരടിൽ ഒരലുമിനിയം കുരിശുമുണ്ടു്."

തന്റെ കാണാതായ ഓമനമകളുടെ കഴുത്തിലും അതുപോലൊരു കുരിശുണ്ടായിരുന്നു!

അരയിൽ അവിടെ കണ്ടതുപോലുള്ള ഒരു കറുത്ത കരുവാളിച്ച അരഞ്ഞാണവും!!

★

(2-ംപേജിൽനിന്നുതുടർച്ച)

മടങ്ങുന്ന സമയം ദേവദേവിയും അവരുടെ സഹോദരിയായ മധുരവാണിയുംകൂടി വിപ്രനാരായണന്റെ ആശ്രമം സന്ദർശിച്ചു. ഈശ്വരധ്യാനത്തിൽ മുഴുകിയിരുന്ന വിപ്രനാരായണൻ ദേവദേവിയെ ആദരിച്ചില്ല. ദേവദേവിക്കു് വിപ്രനാരായണനോടു് പകയും പ്രതികാരബുദ്ധിയും ജനിച്ചു. രംഗനാഥദാസനെ തന്റെ ദാസനായിട്ടു മാറ്റുന്നതാണെന്നു ദേവദേവി ഒരു ഉഗ്രശപഥംചെയ്തു. ദേവദേവി ഒരു മുനികന്യകയുടെ വേഷം ധരിച്ചു. യാതൊരു ഗതിയുമില്ലാത്ത അബലയും അനാഥയുമാണെന്നു താനെന്നു കണ്ണുനീരോടുകൂടി വിപ്രനാരായണന്റെ ആശ്രമത്തിൽച്ചെന്നു് ദേവദേവി അഭയംതേടി. രംഗരാജൻ എന്ന തന്റെ ശിഷ്യന്റെ അപേക്ഷകളെ നിരസിച്ചുകൊണ്ടു് വിപ്രനാരായണൻ ദേവദേവിക്കു് അവിടെ താമസിക്കുന്നതിനു് അനുവദംനൽകി. ക്രമേണ രംഗരാജനു് ആശ്രമാന്തരീക്ഷം ദുഷിച്ചുവരുന്നതായി അനുഭവപ്പെട്ടുതുടങ്ങി. ശിഷ്യൻ ഗുരുവിനോടു യാത്രപറഞ്ഞു. ജനങ്ങാം വിപ്രനാരായണനും ദേവദേവിയുമായുള്ള അവിശുദ്ധമായ വേഴ്ചയെക്കുറിച്ചു പരിഹസിക്കുവാനും തുടങ്ങി. വിപ്രനാരായണൻ കോവിലിൽ പോകാതായി. ദേവദേവിയെത്തന്നെ വിപ്രനാരായണൻ ആരാധിക്കുവാൻ തുടങ്ങി. തന്റെ മാതാവിനെ കാണുന്നതിനു യാത്രതിരിച്ച ദേവദേവിയെ വിപ്രനാരായണനും അനുഗമിച്ചു. പണത്തെമാത്രം ഭരദേവതയായി കരുതിയിരുന്ന രംഗനായകിക്കു് തന്റെ മകാം ഒരു സന്യാസിയുടെ ഭാര്യാപദം സ്വീകരിച്ചതിൽ വെറുപ്പും വിദ്വേഷവുംതോന്നി. അവർ വിപ്രനാരായണനെ ഗൃഹത്തിൽനിന്നു് ബഹിഷ്കരിച്ചു. ദേവദേവിയുമായുള്ള വേർപാടു് വിപ്രനാരായണനു് ദുസ്സഹമായി. ഭഗവാൻ രംഗരാജന്റെ ശ്രീകോവിലിൽച്ചെന്നു് ക്ഷേത്രത്തിലെ സുവർണ്ണനിർമ്മിതമായ പൂജാപാത്രം എടുത്തു് രംഗനായകിക്കു സംഭാവനചെയ്യുവാൻ സുവർണ്ണപാത്രം മോഷ്ടിച്ചുകൊടുത്തുവിട്ടു എന്നു വിപ്രനാരായണനിൽ ആരോപിക്കപ്പെട്ടു. രാജാവു് വിപ്രനാരായണന്റെ കൈകളെ വെട്ടിക്കളയുന്നതിനു് ആജ്ഞാപിച്ചുകൊടുത്തുവിച്ചു. വിപ്രനാരായണന്റെ കൈകാം വെട്ടാനായി ഉയർത്തുവാാം അൽഭുതകരമായ വിധത്തിൽ പുഷ്പമാലയായി രൂപാന്തരപ്പെട്ടു. തുടർന്നു് വിപ്രനാരായണൻ ഒരു മാലയായി ശ്രീരംഗനാഥന്റെ ഗളത്തിൽ വിലയം പ്രാപിക്കുകയും

ചെയ്യു. ഭക്തശ്രേണിയായ ദേവദേവിയും പരമപദം പ്രാപിക്കുന്നതോടെ കഥയും പര്യവസാനിക്കുന്നു.

ഈ കഥയിൽ ആവശ്യമില്ലാത്ത ഒരൊറ്റരംഗംപോലും അവതരിപ്പിച്ചിട്ടില്ല. ഹാസ്യത്തിന്റെ പേരിലുള്ള യാതൊരു പേക്കൂത്തുകൊണ്ടും ചിത്രത്തിൽ സ്ഥാനം അനുവദിച്ചിട്ടുമില്ല. ഭക്തിപാരവശ്യത്തിൽ വിപ്രനാരായണൻ ദേവദേവിയുടെ പാദത്തിൽ കെട്ടിപുണരുന്നു. അവരിൽ ദൈവികരൂപം ദർശിക്കുന്നതും മഴയിൽനിന്നു് അവരുടെ ശരീരം കോരിയെടുത്തുകൊണ്ടു് ആശ്രമത്തിൽ പ്രവേശിക്കുന്ന രംഗവും കൈകൊണ്ടു തൊടിക്കുന്നതിനായി തുനിയുമ്പോൾ ശ്രീരംഗനാഥനെ ഭജിക്കുന്ന രംഗവും ഏതൊരു പ്രേക്ഷകനിലും ദൈവികചിന്തകൾ ഉണർത്താതിരിക്കയില്ല. പരിസരങ്ങൾ മനുഷ്യനിൽ സ്വാഭാവികമായ പരിവർത്തനങ്ങൾ സംജാതമാക്കുമെന്നാണു് ഈ കഥ സമർത്ഥിക്കുന്നതു്. മുക്തിക്കുള്ള മാർഗ്ഗത്തിൽ തടസ്സമുണ്ടാക്കുന്നതു് സ്ത്രീയാണെന്നും സ്ത്രീയാടു് അടുക്കരുതെന്നും സ്വാമിത്തോടു് അകലുകയാണു് ചെയ്യുന്നതെന്നും ഈ കഥ ഉദാഹരിക്കുന്നുണ്ടു്. സ്ത്രീ തന്റെ മനോരഥം സഫലമാക്കുന്നതിനുവേണ്ടി എന്തെല്ലാം ത്യാഗങ്ങളും അഭിമുഖീകരിക്കുന്നതിനും സന്നദ്ധയാകുമെന്നു് ഈ ചിത്രം സമർത്ഥിച്ചിട്ടുണ്ടു്. നിഷ്കളങ്കമായ പതിഭക്തിയും പ്രാർത്ഥനകളുംകൊണ്ടു് ദാസിക്കുപോലും ഈശ്വരസാക്ഷാൽക്കാരം സിദ്ധിക്കുമെന്നുള്ളതാണു് ഈ കഥ നൽകുന്ന സന്ദേശവും.

ഈ ചിത്രത്തിൽ അഭിനയത്തിൽ പ്രഥമസ്ഥാനം നൽകേണ്ടതു് ഭാനുമതിക്കാണു്. ഭാനുമതിയുടെ സ്വന്തം ചിത്രമായ ഈ ചിത്രത്തിൽ അവരുടെ കഴിവിന്റെ പരമാവധി പ്രയോഗിച്ചിരിക്കുന്നതിൽ അൽഭുതത്തിനു് അവകാശവുമില്ലല്ലോ. നാഗേശ്വരറാവു വിപ്രനാരായണനായി ജീവിച്ചിട്ടുണ്ടു്. രേലങ്കി (രംഗരാജൻ) മറ്റൊരു ചിത്രത്തിലും ഇതുമെച്ചമായ രീതിയിൽ അഭിനയിച്ചിട്ടുണ്ടെന്നും തോന്നുന്നില്ല. കോമളിത്തമൊന്നും പ്രകടിപ്പിക്കാതെ രേലങ്കി പാത്രസ്വഭാവമനുസരിച്ചു് അഭിനയിച്ചിട്ടുണ്ടു്. വി. ശിവറാം, സന്ധ്യാ, കുമാരിവിമല തുടങ്ങിയ നടീനടന്മാരും ഈ ചിത്രത്തിൽ അഭിനന്ദനാർഹമായവിധം അഭിനയിച്ചിട്ടുണ്ടു്.

ഈ ചിത്രത്തിലെ സംഭാഷണരചനയുമെച്ചമായിട്ടുണ്ടു്. ഭക്തിരസം വഴിഞ്ഞൊഴുകുന്ന ഇതിലെ ഗാനങ്ങളെല്ലാം കണ്ണുകളിൽ പീയൂഷവർഷം ചൊരിയുന്നവയാണു്. കണ്ണാടകസംഗീതമാത്രമാണു് ചിത്രത്തിൽ ശ്രവിക്കുവാൻ കഴിയുന്നതും. ഭാനുമതിയുടെ ഭരതനാട്യം മനോഹരമായിട്ടുണ്ടു്. അവൾക്കു നൽകിയിട്ടുള്ള "മേക്കപ്പും" സുന്ദരവും ആകർഷണീയവുമായിട്ടുണ്ടു്. കുറെമാറ സാങ്കേതികവശങ്ങളും ചിത്രത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നു. മായാഗ്രഹണം, ശബ്ദലേഖനം എഡിറ്റിംഗ് എന്നിവയെല്ലാം ഉന്നതമായ നിലവാരം സ്ഥാപിച്ചിട്ടുണ്ടു്. ഭാനുമതിയുടെ ഭർത്താവായ രാമകൃഷ്ണനാണു് ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നതു്. ഏറ്റവും വിഭിന്നമായ രീതിയിൽ ചിത്രത്തിന്റെ സംവിധാനം നിർവ്വഹിച്ചിട്ടുമുണ്ടു്. ഈ ചിത്രത്തിലെ അവസാനരംഗങ്ങൾ ഒരോന്നും രോമാഞ്ചമുണ്ടാക്കുകയാണു് കാണികളിൽ. ശ്രീരംഗനാഥന്റെ അനന്തശയനവും മറ്റും ഏറ്റവും ഭംഗിയായി ആവിഷ്കരിച്ചിട്ടുമുണ്ടു്. ഈ ചിത്രത്തിൽ കഥാപാത്രങ്ങൾ എണ്ണത്തിൽ കുറവാണു്. വിലയേറിയ സെറ്റിംഗുകളുണ്ടു് ചിത്രത്തിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നതും. ചുരുക്കത്തിൽ വിപ്രനാരായണന്റെ ഭക്തിരസദ്യോതകമായ കഥയും ചിത്രീകരണസാമർത്ഥ്യവും കായാഭിനയപാടവവും സംഗീതവും നൃത്തവും സിനിമാപ്രേമികളെ ആകർഷിക്കാതിരിക്കുകയില്ല. തമിഴിലെ പുരാണചിത്രങ്ങളുടെ മുൻപന്തിയിൽ ശോഭിക്കുന്ന ഒരു ഉൽകൃഷ്ടമായ ചലച്ചിത്രമാണു് വിപ്രനാരായണൻ.

★

പുതിയൊരു സംരംഭം

★

കൊള്ളലാഭമാത്രം കൊതിച്ചുകൊണ്ടു് ചലച്ചിത്രങ്ങൾ നിർമ്മിക്കുന്ന മുതലാളിമാരിൽനിന്നു് മലയാളചലച്ചിത്രം കുതറിമാറുന്നതിനു ഒരു പുതിയ സംരംഭം ആരംഭിച്ചിരിക്കുന്നു. കലാപ്രേമികളുടെയും കലാകാരന്മാരുടെയും കൈകളിലേക്കു് ചലച്ചിത്രനിർമ്മാണം കൈമാറാംചെയ്യപ്പെടുന്നപക്ഷം ഇന്നത്തെ ചലച്ചിത്ര നിർമ്മാണത്തിന്റെ നിലവാരം വളരെയധികം ഉയരുന്നതാണു്. ദുഷിച്ച പ്രവണതകൾ പലതും രംഗത്തുനിന്നു തിരോധാനം ചെയ്യുന്നതാണു്. മാനുഷികമൂല്യങ്ങൾക്കു മൻഗണനനൽകി സദാചാരത്തേയും സംസ്കാരത്തേയും പരിപോഷിപ്പിക്കുന്ന ഉത്തമചിത്രങ്ങൾ ഉടലെടുക്കുന്നതിനും അതു് മാർഗ്ഗദർശിയാകുന്നതാണു്. ദക്ഷിണേന്ത്യയിലെ സുപ്രസിദ്ധ നടനും നിർമ്മാതാവും സംവിധായകനുമായ നാഗേശ്വരറാവു വി. ശിവറാം, സന്ധ്യാ, കുമാരിവിമല തുടങ്ങിയ നടീനടന്മാരും ഈ ചിത്രത്തിൽ അഭിനന്ദനാർഹമായവിധം അഭിനയിച്ചിട്ടുണ്ടു്.

ഈ ചിത്രത്തിലെ സംഭാഷണരചനയുമെച്ചമായിട്ടുണ്ടു്. ഭക്തിരസം വഴിഞ്ഞൊഴുകുന്ന ഇതിലെ ഗാനങ്ങളെല്ലാം കണ്ണുകളിൽ പീയൂഷവർഷം ചൊരിയുന്നവയാണു്. കണ്ണാടകസംഗീതമാത്രമാണു് ചിത്രത്തിൽ ശ്രവിക്കുവാൻ കഴിയുന്നതും. ഭാനുമതിയുടെ ഭരതനാട്യം മനോഹരമായിട്ടുണ്ടു്. അവൾക്കു നൽകിയിട്ടുള്ള "മേക്കപ്പും" സുന്ദരവും ആകർഷണീയവുമായിട്ടുണ്ടു്. കുറെമാറ സാങ്കേതികവശങ്ങളും ചിത്രത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നു. മായാഗ്രഹണം, ശബ്ദലേഖനം എഡിറ്റിംഗ് എന്നിവയെല്ലാം ഒരു ചലച്ചിത്ര നിർമ്മാണക്കമ്പനി ആരംഭിച്ചിരിക്കുന്നു. കേരളാ കോവാപ്പറേറ്റീവ് സിനി സൊസൈറ്റി എന്നാണു് പ്രസ്തുത കമ്പനിയുടെ നാമധേയം. മിസ്സ്. കുമാരി, എസ്. പി. പിള്ള, ആലപ്പി വിൽസൺ തുടങ്ങിയ അഭിനേതാക്കളും കേരളത്തിലെ സാങ്കേതിക വിദഗ്ധന്മാരും ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കുന്നതിനു് ആത്മാർത്ഥമായ സഹകരണം നൽകുന്നുണ്ടു്. കഥാകൃത്തുക്കളും പിന്നണിഗായകരും ഗാനരചയിതാക്കളും അവരുടെ സഹായഹസ്തങ്ങളും നീട്ടിയിട്ടുണ്ടു്. ഏറ്റവും ചുരുങ്ങിയ ചിലവിൽ ഏറ്റവും മികച്ച ചിത്രങ്ങൾ നിർമ്മിക്കണമെന്നുള്ളതാണു് കോവാപ്പറേറ്റീവ് സിനിസൊസൈറ്റിയുടെ പ്രവർത്തനലക്ഷ്യം. പ്രസ്തുത സൊസൈറ്റി അവരുടെ പ്രഥമചിത്രമായ 'കെടാവിളക്കിന്റെ" ജോലികൾ ആരംഭിച്ചിട്ടുണ്ടു്. ശ്രീ: ആലപ്പുഴ പ്പെള്ളിയാണു് ചിത്രത്തിനു കഥയും സംഭാഷണങ്ങളും രചിച്ചിരിക്കുന്നതു്. ഏതാനും പഴയ താരങ്ങളും കുറെ പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ടു്. മലയാള ചലച്ചിത്രവേദിയിൽ കെടാവിളക്കു് പുതിയൊരു വെളിച്ചം വീശുന്നതിനു് ഇടയുണ്ടു്. ഈ പുതിയ സംരംഭത്തിനു് സിനിമാപ്രേമികളിൽനിന്നു് നിർലോഭമായ പ്രോത്സാഹനം ലഭിക്കുമെന്നും പ്രതീക്ഷിക്കാവുന്നതാണു്. കേരളാ കോവാപ്പറേറ്റീവു് സിനി സൊസൈറ്റി കലാമേന്മയുള്ള മലയാള ചലച്ചിത്രങ്ങൾ സുലഭമായി നിർമ്മിക്കുന്നതിനു് ഇടയാകട്ടെ. അങ്ങിനെ ആ പുതിയ സംരംഭം വിജയത്തിന്റെ വെന്നിക്കൊടി ഉയർത്തട്ടെ.

★

വാർത്തകൾ

★

ആലുവാ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചിരിക്കുന്ന കോവാപ്പറേറ്റീവ്സിനിമാസൊസൈറ്റി നമ്പർ 3555 ന്റെ പ്രഥമചിത്രമായ "കെടാവിളക്കിന്റെ" പ്രാരംഭജോലികൾ ആരംഭിച്ചിട്ടുണ്ടു്. മിസ് കുമാരി പ്രധാനഭാഗമഭിനയിക്കുന്ന ഈ ചിത്രത്തിന്റെ കഥയും സംഭാഷണവും രചിച്ചിരിക്കുന്നതു് ശ്രീ: ആലപ്പുഴപ്പെള്ളിയാണു്. അഭയദേവാണു് ഗാനങ്ങൾ രചിച്ചിരിക്കുന്നതു്. ശ്രീ: ദക്ഷിണാമൂർത്തിയും, ശ്രീ. പി. രാഘവനുമാണു് സംഗീതസംവിധാനം. എം. കെ. ആർ. നമ്പ്യാരാണു് ചിത്രം സംവിധാനംചെയ്യുന്നതു്.

* * *

ചന്ദ്രതാരാപിക്ചേഴ്സ് "രാരാരിച്ചൻ എന്ന പൗരൻ" എന്നൊരു മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം വാഹിനിസ്റ്റുഡിയോവിൽ ആരംഭിച്ചിട്ടുണ്ടു്. ഉദയഭാണു് (പി. സി. കുട്ടിക്കൃഷ്ണൻ) ഈ ചിത്രത്തിനു് കഥകെഴുതിയിരിക്കുന്നതു്. ഗാനരചനയും ചിത്രസംവിധാനവും ശ്രീ: പി. ഭാസ്കരൻ നിർവ്വഹിക്കുന്നു. ഏതാണ്ടെല്ലാം ഈ ചിത്രത്തിനു് മദ്രാസിലെ തന്നെ നല്ലൊരുപേർ സഹകരിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു. നിർമ്മാതാക്കൾ അതിനു് ഉദ്യമിക്കുമോ?

* * *

ചിറയിൻകീഴ് ഖദീജാപ്രൊഡക്ഷൻസിന്റെ പ്രഥമമലയാളസാമൂഹ്യചിത്രത്തിന്റെ ഗാനങ്ങളെല്ലാം മദ്രാസിലെ വാഹിനിസ്റ്റുഡിയോയിൽ റിക്കാർഡുചെയ്തുകഴിഞ്ഞു. ശ്രീ: വയലാർരാമവർമ്മയാണു് ഈ ചിത്രത്തിനു് ഗാനങ്ങളും രചിച്ചിരിക്കുന്നതു്. സംഗീതസംവിധാനം കെ. രാഘവനാണു്. എം. എൻ. വസന്തകുമാരി, ശാന്താ പി. നായർ, എ. എം. രാജാ തുടങ്ങിയവരാണു് പിന്നണിസംഗീതം പാടിയിരിക്കുന്നതു്: ശ്രീ. ജെ. ഡി. തോട്ടാനാണു് ചിത്രം സംവിധാനം ചെയ്യുന്നതു്. പ്രേംനസീറാണു് ഈ ചിത്രത്തിൽ നായകനായി അഭിനയിക്കുന്നതു്. ചിറയിൻകീഴ് ഖദീജാതിയേറ്ററിന്റെ ഉടമസ്ഥൻ മി: എം. എ. റഷീദാണു് ഈ ചിത്രത്തിന്റെ ഉടമസ്ഥനും നിർമ്മാതാവും.

* * *

ആലപ്പുഴ രാഘവകൃഷ്ണാഫിലിംസിന്റെ പുതിയ മലയാളചിത്രത്തിന്റെ നിർമ്മാണം മദ്രാസിൽ ആരംഭിച്ചിട്ടുണ്ടു്. ഈ ചിത്രത്തിൽ മലയാളത്തിലെ പ്രസിദ്ധതാരങ്ങളോടൊപ്പം തമിഴിലെ ഹാസ്യനടീനടന്മാരായ ടി. എ മധുരവും എൻ. എസ്. കൃഷ്ണനും അഭിനയിക്കുന്നതാണു്. കഥയും സംഭാഷണവും ഗാനങ്ങളും തിക്കുറിശ്ശി സുകുമാരൻനായരാണു്. ഈ ചിത്രാവതരിപ്പിച്ച ഒരു ബോക്സാഫീസ്ഹിറ്റായിരിക്കും.

* * *

കോഴിക്കോട്ടെ ഏതാനും കലാപ്രേമികളുടെ ഉത്സാഹത്തിൽ "കുട്ടപ്പൂക്കാരൻ" എന്നൊരു മലയാളചലച്ചിത്രം നിർമ്മിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ടു്. എസ്. കെ. പൊറ്റക്കാടാണു് ഈ ചിത്രത്തിനു് കഥയും സംഭാഷണങ്ങളും രചിച്ചിരിക്കുന്നതു്.

* * *

ചന്ദ്രതാരാപിക്ചേഴ്സ് "ബാല്യകാലസഖി" എന്ന ബഷീറിന്റെ നോവലിനെ ആസ്പദമാക്കി ഒരു മലയാളചിത്രം നിർമ്മിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ടു്. കായ്യാട്ടരാണു് ചിത്രം സംവിധാനംചെയ്യുന്നതു്.

* * *

പ്രസന്നാപിക്ചേഴ്സിന്റെ "അവർ ഉണരുന്നു" എന്ന ചിത്രത്തിന്റെ കഥയും സംഭാഷണവും എഴുതിയിരിക്കുന്നതു് ശ്രീ: മുതുകുളം രാഘവൻപിള്ളയാണു്. ഗാനങ്ങളും ശ്രീ: പാലാനാരായണൻനായരാണു് രചിച്ചിരിക്കുന്നതു്. പ്രേംനസീർ, മുതുകുളം, എസ്. പി. പിള്ള, കൊട്ടാരക്കര ശ്രീധരൻനായർ, ആറന്മുളപൊന്നമ്മ തുടങ്ങിയവരാണു് താരങ്ങൾ.

* * *

(ശേഷം 40-ാംപേജിൽ)



നാലുഡിറക്ടീവു് നോവലുകൾ

★

— വേളമാന്തുർജനാർദ്ദനൻപിള്ള —

മനുഷ്യരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭാവ്യവും ആയ ഒരു ഇതിവൃത്തത്തെ ആഖ്യാനംചെയ്തു് കാവ്യനേത്രതി ഉളവാക്കുന്ന ഒരു ഗദ്യഗ്രന്ഥമാണു് നോവൽ എന്ന സാമാന്യമായി പറയാം. സാഹിത്യസമ്പൽസമൃദ്ധമായ എല്ലാ ഭാഷകളുകളിലും ഇന്നു നോവൽ ഒരു പ്രമുഖസ്ഥാനം കൈകലാക്കിയിട്ടുണ്ടു്. പക്ഷേ, അക്കാര്യത്തിൽ മലയാളം അല്പം വ്യത്യസ്തമാണു്. നമ്മുടെ ഭാഷയിൽ നോവലുകളുടെ എണ്ണം കുറേയൊക്കെയുണ്ടെങ്കിലും എണ്ണപ്പെട്ട നോവലുകൾ ചുരുക്കമാണു്. നോവൽ പ്രസ്ഥാനമാണു് ഭാഷയിൽ മുമ്പേ വേരുന്നിയതെങ്കിലും അതിനതാക്കാം വേഗം തഴച്ചുവളർന്നതു് ചെറുകഥാപ്രസ്ഥാനമാണു്. നോവലുകളുടെ പല ശാഖകളും ഇനിയും വളരെ ശുഷ്കമായിട്ടാണിരിക്കുന്നതു്. അവയിൽ ഏറ്റവും ശോഷിച്ച ശാഖകളിൽ ഒന്നാണു് ഡിറക്ടീവുനോവലുകൾ. അതുകൊണ്ടു് അതിലേയ്ക്കു് നാലു പുതിയ സംഭാവനകൾ സമർപ്പണംചെയ്യാൻ സന്തോഷമുണ്ടു്.

വിചിത്രമോഷണം

ഗ്രന്ഥകർത്താ,
ബി. ജി. കുറുപ്പു്,
പ്രസാധകർ,
ശ്രീനരസിംഹവിലാസം
ബുക്ക്ഡിപ്പോ, തൃശൂർ. T. C. S.

മുപ്പതോളം നോവലുകളുടെ കർത്താവായ ശ്രീ. ബി. ജി. കുറുപ്പിന്റെ ഒരു പുതിയ കലാസൃഷ്ടിയാണു് വിചിത്രമോഷണം. ഈ പുസ്തകത്തിൽ വർണ്ണിക്കപ്പെടുന്ന മോഷണം വിചിത്രമാണോ എന്നു് പരിശോധിക്കുന്നതു് രസാവഹമായിരിക്കും.

അഭ്യസ്തവിദ്യനായ മോഹനൻ നിർദ്ധനനെങ്കിലും സ്നേഹസമ്പന്നനാണു്. മോഹനൻ ബാല്യകാലസഖിയായ വിലാസിനിയെ അകമഴിഞ്ഞു് സ്നേഹിച്ചിരുന്നു. അവളും അങ്ങോട്ടും സ്നേഹം നടിച്ചിരുന്നു. സുന്ദരിയും സമ്പന്നയുമായിരുന്നെങ്കിലും വിലാസിനിക്കു് സൗശീല്യം എന്നൊന്നില്ലാതെ പോയി. അവൾക്കു കൂടുതൽ പ്രേമം പണത്തോടായിരുന്നു. പണക്കൊതി മൂത്തു്, അവൾ മോഹനനെ മനഃപൂർവം മാറ്റിനിർത്തി, പട്ടികിഴവനെങ്കിലും പണക്കാരനായ ധീരേന്ദ്രനെ വിവാഹം കഴിച്ചു. പക്ഷേ ആ ദാമ്പത്യം അലസിപ്പിരിഞ്ഞു. വിലാസിനി മോഹനനെ വീണ്ടും പാട്ടിലാക്കാൻ കിണഞ്ഞുപരിശ്രമിച്ചു. അടുക്കുംതോറും ഒന്നും ഫലിക്കാതെ വന്നപ്പോൾ, അസൂയപ്രതികാരേച്ഛയായി മാറി. അങ്ങനെ ആ 'വിചിത്രമോഷണവും' നടന്നു.

മോഷണം വിചിത്രമാണെന്നു ഗ്രന്ഥകാരൻ വിചാരിക്കുന്നുണ്ടെങ്കിലും, വായനക്കാർക്കു് അങ്ങനെ തോന്നുകയില്ല. അഭ്യുദ്യോഗാരംഭത്തിന്റെ വിലയേറിയ ആഭരണങ്ങളും മോഷ്ടിച്ചതു വിലാസിനിയാണെന്നു തെളിയിക്കാൻ സി. ഐ. ഡി. സുപ്രധാനായ പ്രേമചന്ദ്രൻ അവലംബിക്കുന്ന മാർഗ്ഗം ബാലിശമാണു്. ആഭരണങ്ങളുടെകൂടിയും അല്പംതെയും വിലാസിനിയെ തൂക്കിനോക്കുന്നു! തൂക്കത്തിൽ കണ്ട വ്യത്യാസവും ആഭരണങ്ങളുടെ തൂക്കവും ഒത്തുവന്നതുകൊണ്ടു് (അതൊകാൽപവുണ്ടു്) മോഷ്ടിച്ചതു വിലാസിനിതന്നെയെന്നു സ്ഥാപിക്കുന്നതു് കുറേ കടന്ന കൈയാണു്. അവിടെ അസംഭാവ്യത തലപൊക്കുന്നതു കാണാം. സംഭ്രമജനകമായ സംഭവങ്ങൾ അൽഭുതരസം വളത്തുമാറു് വർണ്ണിച്ചു ഫലിപ്പിക്കാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടില്ല. ഈ നോവൽ ഒരു വിഭ്രമവിലയിലെ ലഘുവായ വായനയ്ക്കു കൊള്ളാം. നോവൽസാഹിത്യത്തിനു ഒരു മുതൽക്കൂട്ടാണെന്നു പറയാൻ നിവൃത്തിയില്ല.

അമ്പലക്കുന്നിലെ നിക്ഷേപം

ഗ്രന്ഥകർത്താ,
ബി. ജി. കുറുപ്പു്,
പ്രസാധകർ,
ശ്രീനരസിംഹവിലാസം
ബുക്ക്ഡിപ്പോ, തൃശൂർ; T. C. S.

ശ്രീ: ബി. ജി. കുറുപ്പിന്റെ മറ്റൊരു പുതിയ നോവലാണു് അമ്പലക്കുന്നിലെ നിക്ഷേപം. രവീന്ദ്രനാഥനും കൂട്ടുകാരുംകൂടി തെക്കേ ആഫ്രിക്കയിൽനിന്നു കടത്തിക്കൊണ്ടുപോന്ന സ്വർണ്ണക്കട്ടികളാണു് അമ്പലക്കുന്നിലെ നിക്ഷേപമായി വർണ്ണിക്കപ്പെട്ടിരുന്നതു്. സ്വർണ്ണം മുഴുവനും രവീന്ദ്രനാഥന്റെ സൂക്ഷിപ്പിലായിരുന്നു. അയാൾ അതിൽ ഏറിയപങ്കും സ്വന്തമാക്കിയശേഷം ബാക്കി അമ്പലക്കുന്നിലെ ശിവക്ഷേത്രസന്നിധിയിൽ കുഴിച്ചിട്ടു. അങ്ങനെയിരിക്കേയാണു് ആ പഴയ ശിവക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ തട്ടിനിരത്തിയിട്ടു്, അവിടെ സുരേഷ് ശാന്തിഭവനം പണികഴിപ്പിക്കുന്നതു്. സുരേഷിനെപ്പോലെയുള്ള ഒരുദർശസമ്പന്നൻ ആ ക്ഷേത്രസങ്കേതത്തെ ഭവനനിർമ്മാണത്തിനു നിരത്തെടുത്തു എന്ന കേട്ടാൽ ആസ്തിക്യബോധമുള്ളവർക്കു വിശ്വസിക്കുവാൻ പ്രയാസമാണു്.

നിധികൈവിട്ടുപോയ രവീന്ദ്രൻ, അതു കൈയ്യിലാക്കണമെന്നുള്ള വഴികൾ തലപുകഞ്ഞാലോചിച്ചുകൊണ്ടിരുന്നു. രവീന്ദ്രനാട്ടപിണങ്ങിപ്പിരിഞ്ഞ നിധിതേടി നടക്കുന്ന ആഭ്യുദയകാംക്ഷാഭാരിയാണു്, നിധിസൂക്ഷിപ്പുകാരനായ ഭൂതമെന്നറിയുമ്പോൾ വായനക്കാർക്കു വിസ്മയം തോന്നിയേക്കാം. അങ്ങനെ തോന്നേണ്ടതു് ഒരു ഡിറക്ടീവു് നോവലിനെസംബന്ധിച്ചിടത്തോളം ആവശ്യവുമാണു്. രവീന്ദ്രന്റെ സഹോദരഭാര്യയായ വിജയലക്ഷ്മിയും സുരേഷും തമ്മിലുള്ള പ്രണയകഥയ്ക്കു് അമ്പലക്കുന്നിലെ നിക്ഷേപവുമായി പറയത്തക്ക ബന്ധമൊന്നുമല്ല. പൊതുവേപറഞ്ഞാൽ കഥാഘടനയ്ക്കു് ദാർഢ്യമില്ല. പ്രക്ഷോഭജനകങ്ങളായ സംഭവങ്ങളെമാത്രം ആസ്പദമാക്കിയാണു് സാധാരണ ഡിറക്ടീവു് നോവലുകളിൽ ഇതിവൃത്തനിർമ്മിതി നടത്തുന്നതു്. അനേക്ഷണഹേതുവായ സംഭവവും അനേക്ഷണമാർഗ്ഗവും ഒന്നുപോലെ ക്ഷോഭജനകമായിരിക്കണം. ഈ പുസ്തകത്തെസംബന്ധിച്ചിടത്തോളം, ക്ഷോഭജനകമായ സംഭവങ്ങൾ ചുരുക്കമാണു്. ഉള്ളവയ്ക്കുതന്നെ പറയത്തക്ക ചമൽക്കാരവുമില്ല — നിഷ്ക്രീവങ്ങളായ കുറെ സംഭവങ്ങളുടെ പിറിമുറുക്കമില്ലാത്ത ആഖ്യാനമാല. മി. കുറുപ്പിന്റെ മറ്റു ചില കൃതികളിൽകാണുന്ന കലാനൈപുണിയും ഹൃദയംഗമതയും ഈ കൃതിയിൽ ഇല്ല.

എ. ബി. സി. കൊലപാതകങ്ങൾ

ഗ്രന്ഥകർത്താ
പ്രിൻസ്, തിരുവങ്കുളം
പ്രസാധകർ,
ശ്രീനരസിംഹവിലാസം
ബുക്ക്ഡിപ്പോ, തൃശൂർ. T. C. S.

പ്രിൻസ്, തിരുവങ്കുളത്തിന്റെ കൃതിയാണു് എ. ബി. സി. കൊലപാതകങ്ങൾ. കൊലപാതകം സി. വരെയല്ല ഡി. വരെ യുണ്ടെന്നറിയുമ്പോൾ വായനക്കാർ നെറ്റിചുളിച്ചേക്കാം. അമ്പരപ്പിക്കുന്ന നാലു കൊലപാതകങ്ങളുടെ പ്രക്ഷുബ്ധമായ ഒരന്തരീക്ഷമാണു് ഈ കൃതിയിൽ കാണുന്നതു്.

സുപ്രസിദ്ധ ഡിറക്ടീവായ മധുസൂദനനെ എ. ബി. സി. എന്ന കള്ളപ്പേരിൽ ഒരാൾ വെല്ലുവിളിക്കുന്നു. ഇന്നദിവസം ഇന്നസ്ഥലത്തു് എന്തെങ്കിലും സംഭവിക്കുമെന്നു് എ. ബി. സി. മധുസൂദനനെ മുൻകൂട്ടി അറിയിക്കും. എങ്കിലും, ഭാരുണമായ മൂന്നുകൊലപാതകങ്ങളും നടന്നിട്ടും ഘാതകനെ പിടികിട്ടുന്നില്ല. അവയെപ്പറ്റിയുള്ള അനേക്ഷണങ്ങളും തേഞ്ഞുമാഞ്ഞുപോയതെയുള്ളൂ. വധിക്കപ്പെടുന്ന ആളിന്റെ മൃതദേഹത്തിനു സമീപം ഒരു എ. ബി. സി. പുസ്തകം (റെയിൽവേ ഗൈഡു്) നിക്ഷേപിക്കപ്പെടുമെന്നുള്ളതു് ഇതിലെകൊലപാതകങ്ങളുടെ ഒരു പ്രത്യേകതയാണു്. പേരിന്റെ അക്ഷരമാലാക്രമമനുസരിച്ചാണു്. ആളുകളെ വധിക്കപ്പെടുന്നതു് എന്നുള്ളതും ശ്രദ്ധേയമാണു്. അങ്ങനെ, ആലുവായിലെ ആമിനയും, ബേപ്പൂരിലെ ഭാരതിയും ചേനാമംഗലത്തെ ചന്ദ്രശേഖരപിള്ളയും വധിക്കപ്പെടുന്നു. പക്ഷേ നാലാമത്തെ മുറ അല്പം തെറ്റിപ്പോയി. ദേവികുളത്തെ ദേവിയപ്പനാണു് കരിയാംസാണു് ഘാതകനു് ഇരയായിത്തീർന്നതു്. അതോടെ ഘാതകനെതിരായി തെളിവുകൾ ഒന്നൊന്നായി പൊഴിഞ്ഞുവീഴുന്നു. പ്ലാസ്റ്റിക് വ്യാപാരിയായ അത്തിപ്പഴ ബാലചന്ദ്രനെ പോലീസുകാർ എ. ബി. സി-യെന്നു കള്ളപ്പേരുകാരനാണെന്നു തെറ്റിദ്ധരിക്കുന്നു. മധുസൂദനന്റെ അനന്യസാധാരണമായ അനേക്ഷണപാടവം കൊണ്ടു്, കാര്യവാളി ആരാണെന്നു തെളിയുന്നു. കൊലപാതകി ചന്ദ്രശേഖരപിള്ളയുടെ അനന്തരവനായ വിക്രമനാണെന്നറിയുമ്പോൾ, അനുവാചകർ വിസ്മയസ്തബ്ധരായിപ്പോകും.

പ്രതിപാദ്യവിഷയീകരണത്തിൽ വൈവിധ്യവും വൈചിത്ര്യവും ഒക്കെതെളിഞ്ഞുകാണാം. എന്നാൽ പ്രതിപാദനരീതി ആകർഷകമായിട്ടില്ല. മധുസൂദനനെ വെല്ലുവിളിച്ച വിക്രമൻ കേമൻതന്നെ എങ്കിലും നിരപരാധികളെമാത്രമേ കൊല്ലൂ എന്നു് അയാൾക്കിത്ര നിർബന്ധമെന്താണു്? ഈ പുസ്തകം വായിച്ചാൽ, കൊലയും ഒരു വിനോദമാണോ എന്നു് സംശയം തോന്നിപ്പോകും. വിക്രമൻ അത്തിപ്പഴ ബാലചന്ദ്രനെ ദ്രോഹിക്കാൻ പുറപ്പെട്ടതിനും മതിയായ കാരണങ്ങളൊന്നുമില്ല. അയാളെ എ. ബി. സി. യാക്കാൻ എളുപ്പമുണ്ടെന്നായിരിക്കും ഗ്രന്ഥകർത്താവിന്റെ സമാധാനം!. ഏതായാലും കാര്യങ്ങളിങ്ങനെ ചിട്ടയൊപ്പിച്ചു മുന്നോട്ടുപോകുന്നതു കാണുമ്പോൾ, ഇതൊരു കഥയല്ലാവണ്ണിയുള്ള കഥയാണെന്നു വായനക്കാർക്കു തോന്നും. ഇല്ലാത്തതും പൊല്ലാത്തതുമായ കാര്യങ്ങൾ, ധാരാളം ഡിറക്ടീവു് നോവലുകളിൽ കാണും. പക്ഷേ അങ്ങനെ ഒരു പ്രതീതി വാ

യനക്കാരിൽ കടന്നുകൂടാൻ അനുവദിച്ചാൽ പിന്നെ ഡിറ്റെക്ഷൻ വകയില്ലാതെവരും. കുറുകലും പലതും ചൂണ്ടിക്കാണിക്കാമെങ്കിലും, ഈ കൃതി നമ്മുടെ നോവൽസാഹിത്യത്തിലെ ഡിറ്റക്ടീവു് ശൈലിയിലുള്ള ഒരു സംഭവനയാണെന്നുപറയാൻ മടിക്കേണ്ടതില്ല.

ഡയറിയിലെ രഹസ്യം

ഗ്രന്ഥകർത്താ,
പി. ഏ. പോളി
പ്രസാധകർ—ശ്രീ നരസിംഹ
വിലാസം ബുക്ക്ഡിപ്പോ
തുറവൂർ T. C. S.

ശ്രീ: പി. എ. പോളിന്റെ ഭവനത്തിൽ ശ്രവിക്കേണ്ടതാണു് ഡയറിയിലെ രഹസ്യം. ഡിറ്റക്ടീവു് നോവലുകളും ധാരാളം വായിച്ചു്, അവയിൽ കണ്ട അസാധാരണസംഭവങ്ങളെ അനുകരിക്കാൻ ശ്രമിച്ചതിന്റെ ഫലമായി കുറ്റകൃത്യങ്ങളിൽ തല്പരയായിത്തീരുന്ന ഒരു പെൺകുട്ടിയുടെ (കമല) ശോകാത്മകകഥയാണു് ഈ നോവലിൽ ആഖ്യാനംചെയ്തിരിക്കുന്നതു്.

ആക്ഷം സംശയം തോന്നാത്തവിധത്തിൽ കമല ആദ്യം മുത്തച്ഛനെ വിഷംകൊടുത്തു കൊല്ലുന്നു. പിന്നെ വേലക്കാരിയായ വേലമ്മയേയും. മരിച്ച വൃദ്ധന്റെ (വി. ജെ. രഘുറാം) രണ്ടാംഭാര്യയായിരുന്ന രജനി. കമലയുടെ ട്യൂഷൻമാസ്റ്ററായ ജയൻ രജനിയുടെ കാമുകനും. അവരുടെ പ്രേമലേഖനങ്ങൾ കണ്ടെടുത്ത പോലീസുകാർ, രഘുറാമിനെ വിഷം കൊടുത്തുകൊന്നതു് അവരാണെന്നു തീർച്ചയാക്കുന്നു.

രാജനും കമലയുടെ സഹോദരി സുമതിയും മെഡിക്കൽകോളേജിൽ സഹപാഠികളും അന്നേ പ്രേമബദ്ധരും ആയിരുന്നു. ഉപരിപഠനത്തിനു് ഇംഗ്ലണ്ടിലേക്കുപോയ രാജൻ, രണ്ടു വർഷത്തിനുശേഷം തിരിച്ചുവരുന്ന സന്ദർഭത്തിലാണു് കഥ തുടങ്ങുന്നതു്. നമ്മുടെ നോവലുകളിൽ പലതിനേറ്റും തുടക്കം ആകർഷകമല്ല. ഇതിലേതു നന്നായിട്ടുണ്ടെന്നു പറയുമ്പോൾ ചില നോവലെഴുത്തുകാർക്കു് അസൂയ തോന്നിയേക്കാം. പരിണാമഗുപ്തിയുടെ കാര്യത്തിൽ ശ്രീ. പോളി ദത്തശ്രദ്ധനാണെന്നു് ഒറ്റ നോട്ടത്തിൽ തന്നെ സഹൃദയന്മാർക്കു ബോദ്ധ്യമാവും.

കമലയുടെ ഡയറികണ്ടെടുത്തു—രഹസ്യങ്ങൾ പുറത്തുകൊണ്ടുവരുന്നതു് രാജനാണു്. എങ്കിലും, കൊലപാതകി കമലയാണെന്നു് അദ്ദേഹവും പ്രതീക്ഷിച്ചിരുന്നതല്ല. കുടുംബത്തെ അപമാനത്തിൽനിന്നു രക്ഷിക്കാൻ, സുമതിയുടെ വലിയമ്മാവി, ഒരു കത്തെഴുതിവച്ചിട്ടു്, കമലയെ ഒരു കിണറ്റിൽ തള്ളിയിട്ടു് അവരും പുറകേ ചാടി മരിച്ചു. രജനിയും ജയനും നിരപരാധികളാണെന്നു്

(ശേഷം 37-ംപേജിൽ)

ഇപ്പോൾ! തുഷാർ


ഇരട്ടിയായി പോഷണം വർദ്ധിപ്പിക്കപ്പെട്ടിരിക്കുന്നു!

നിങ്ങൾക്കു് ഇപ്പോൾ ലഭിക്കുന്ന തുഷാർ മുമ്പുണ്ടായിരുന്നതിൽനിന്നും രണ്ടു മടങ്ങിനും മേലായി വൈറമിൻ 'A' അടങ്ങിയിരിക്കുന്നു. മേലും തുഷാർ വൈറമിൻ 'D' ചേർത്തു പോഷിപ്പിക്കപ്പെട്ടതുകൊണ്ടു് നിങ്ങളുടെ കുമമായ ആഹാരത്തിൽ ഒരു വിലയേറിയ അംശമായിത്തീർന്നിരിക്കുന്നു.

ശാസ്ത്രീയമായി പാക്ചെയ്യപ്പെട്ടതു്:
നീണ്ടകാലം കേടുവരാതെയിരിക്കുന്നതിനും വൈറമിനുകളെ കുറവുവരാതെ സൂക്ഷിക്കുന്നതിനും.

കരസ്പർശം ഇല്ലാത്തതു്:
കാറോട്ടമില്ലാത്ത സീൽചെയ്ത ടിന്നുകളിൽ ലഭിക്കുന്നതാണു്. കേടുവരാതെയിരിക്കുന്നതിനു് ഉത്തരവാദമുള്ളതു്.






പശുവിൻനെയ്യ്
ഒരു ഔൺസിൽ
700 സ്വദേശ
യൂനിറ്റുകൾ

തുഷാർ
ഒരു ഔൺസിൽ
700 സ്വദേശ
യൂനിറ്റുകൾ

തുഷാർ നിങ്ങളുടെ ആഹാരത്തെ അധികപോഷണമുള്ളതാക്കിത്തീർക്കുന്നു എന്നു് ഓർമ്മിക്കുക!

ഇന്ത്യയിലെ മൂലധനംകൊണ്ടു് ഇന്ത്യയിലെ തൊഴിലാളികളാൽ തെന്നിന്ത്യയിലെ ഏറ്റവും വലിയ വനസ്പതി ഫാക്ടറിയിൽ തയ്യാർചെയ്യപ്പെട്ടതു്.

തുംഗഭദ്രാ ഇൻഡസ്ട്രീസ്, ക്ലിപ്തം, കർണ്ണൂൽ.



ലോകവൃത്താന്തഗതി

ഇന്ത്യാപ്രധാനമന്ത്രി ശ്രീ: നെഹ്റുവിന്റെ സോവിയറ്റ് റഷ്യൻപര്യടനം സോവിയറ്റ്-യൂണിയന്റെ വികസനസമ്പ്രദായങ്ങളും നേരിട്ടുകണ്ട് മനസ്സിലാക്കുവാനുള്ള ആത്മാർത്ഥമായ ഒരു സംരംഭമായിരുന്നു. ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമായി കെട്ടിപ്പടുക്കുവാൻ ഈ പര്യടനം നെഹ്റുവിനെ ഗണ്യമായതോതിൽ സഹായിക്കുന്നുണ്ട്. വിദേശികാധിപത്യം റഷ്യയിലെ മറ്റുള്ളവർക്കുപോലും പ്രവേശനം നിരോധിക്കപ്പെട്ടിരുന്ന അറാമിക്ക് എനർജിപ്ലാൻ, യുറാൽസ് പർവ്വതനിരകളിലെ വ്യവസായങ്ങളും നിർബാധം സന്ദർശിക്കുവാനുള്ള അസാധാരണ ബഹുമതി നെഹ്റുവിനു ലഭിച്ചു. സന്ദർശനങ്ങളുടെ ഒടുവിൽ ഇന്ത്യയും റഷ്യയും പഞ്ചശീലത്തെ അടിസ്ഥാനമാക്കി ലോകസമാധാനത്തിനുവേണ്ടി യത്നിക്കുന്നതിനും സാമ്പത്തികസാങ്കേതികസഹകരണം ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു. റഷ്യൻനേതാക്കന്മാരുമായുള്ള സംഭാഷണങ്ങളുടെ ഫലം ഒരു സംയുക്തകമ്മ്യൂണിക്കെയിൽ നൂഡെൽഹിയിലും മാസ്കോയിലുംനിന്നു ഏകകാലത്തു പ്രസിദ്ധീകരിക്കുകയുംചെയ്തു. അങ്ങനെ നെഹ്റുവിന്റെ രണ്ടാഴ്ചക്കാലത്തെ സോവിയറ്റ്പര്യടനം എത്രയും ചരിത്രപ്രധാനമായ സംഭവമായിരിക്കുന്നു. റഷ്യകഴിഞ്ഞ് പോളണ്ടും അനന്തരം ആസ്ട്രിയായും തുടർന്ന് യുഗോസ്ലേവ്യയും റോമും അദ്ദേഹം സന്ദർശിക്കുന്നുണ്ട്. ഇപ്രാവശ്യം ബ്രിട്ടന്റെ താമസിച്ചുള്ള ക്ഷണമനുസരിച്ച് ലണ്ടൻ സന്ദർശിക്കുമോയെന്നതു് സംശയാസ്പദമാണ്.

ഐക്യരാഷ്ട്രജനറൽ അസംബ്ലിയുടെ പത്താമത്തു വാർഷികദിനം സാൻഫ്രാൻസിസ്കോയിൽവച്ചാരംഭിച്ചു. പ്രസിഡന്റ് ഐസൻഹോവർ ചെയ്ത പ്രസംഗം ആയുധനിർമ്മാണമത്സരം ഒരോ രാജ്യവും കൈവെടിയേണ്ടതിന്റെ ആവശ്യകത ഉൽബോധിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. യുദ്ധക്കളത്തിലെ സംഘട്ടനങ്ങൾക്കപകരം സമാധാനപരമായ സംഭാഷണങ്ങൾകൊണ്ട് പ്രശ്നപരിഹാരം കാണുവാനാണ് ശ്രമിക്കേണ്ടതു്. സമാധാനത്തിന്റെ ആയുധങ്ങൾ നീതിയും സത്യവും അന്യോന്യധാരണയും പരസ്പരബഹുമാനവുമാണെന്ന് അദ്ദേഹം പ്രസ്താവിച്ചിരുന്നുണ്ട്. എന്നാൽ ലോകസമാധാനത്തിനുവേണ്ടി മാരകശക്തികൾ നടത്തുന്ന ശ്രമങ്ങളെ ആത്മാർത്ഥമില്ലാത്തവയെന്ന പൂർവ്വാപരവിരുദ്ധമായ അഭിപ്രായം അമേരിക്ക കൈവെടിയാതെകണ്ട് യഥാർത്ഥസമാധാനം കൈവരുത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. ചതുർശക്തിമേധാവികളുടെ കൂടിക്കാഴ്ച ജൂലൈ 18-ന് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതെങ്ങിനെയെങ്കിലും വിജയപ്രദമാക്കുവാൻ ശ്രമിക്കുന്നതിനുപകരം അത്യുഷ്കരമായ പ്രതീക്ഷകൾ ഇളക്കിവിട്ട് അതിനെ മുൻകൂട്ടി പരാജയപ്പെടുത്താൻ ശ്രമിക്കുന്നതു് ഉൽഭാശ്യകരമാണ്.

സാൻഫ്രാൻസിസ്കോയിൽ സമ്മേളിച്ചിരിക്കുന്ന അറുപതുരാഷ്ട്രങ്ങളുടെ പ്രതിനിധികളിൽ മുപ്പത്തൊന്നു പേരും ഓരോ രാജ്യത്തിന്റെ വിദേശകാര്യമന്ത്രിമാരാണ്. സാമ്പത്തികമുരടിപ്പു ശമിപ്പിക്കുവാനും ഫർമോസൻപ്രശ്നം പരിഹരിക്കുവാനുമുതകുന്ന ചർച്ചകളും അവിടെവച്ചു് നടത്താൻ കഴിയുന്നതാണ്. വി. കെ. കൃഷ്ണമേനോൻ, മൊളെറോവ്, ഹാരൾഡ്മാക്മിലൻ, പീനെ, ഡള്ളസ്സ്, ലെസ്റ്റർപിയേഴ്സൻ തുടങ്ങിയുള്ള നിരവധി ലോകരാജ്യതന്ത്രജ്ഞന്മാരും നയതന്ത്രജ്ഞന്മാരും സന്നിഹിതരായിട്ടുള്ള ഈ അവസരം കാര്യമായതരത്തിൽ വിനിയോഗിക്കുമെന്നുള്ളതിനു സംശയമില്ല.

തെക്കേഅമേരിക്കയിലെ അർജന്റീനയിൽ നടന്ന വിപ്ലവങ്ങൾ പ്രസിഡന്റ് പെരോണിന്റെ സുശക്തനടപടികൾമൂലം പരാജയപ്പെട്ടിരിക്കുന്നു. മതസഭയെ സ്റ്റേറ്റിന്റെ ഭരണത്തിനുകീഴിൽ കൊണ്ടുവരുവാൻ പെരോൺ ശ്രമിച്ചതാണ് വിപ്ലവത്തിനു കാരണമായതു്. വിപ്ലവകാരികൾ പിടിച്ചെടുത്ത പ്രദേശങ്ങൾ പെരോണിന്റെ സൈന്യം തിരിച്ചുപിടിച്ചു. വിപ്ലവകാരികളുടെ നേതാവായ ജനറൽ ലോനാർഡി പരാജയം സമ്മതിച്ചു് ഉറുഗ്വേയിലേക്കു പലായനം ചെയ്തു. വിപ്ലവകാരികളുടെ പക്ഷത്തുചേർന്ന നാവികസേനാധിപൻ അഡ്മിറൽ സാമോറ ആത്മഹത്യചെയ്തു. വിപ്ലവകാരികളുടെ പരാജയത്തിനുശേഷം പെരോൺ ഏകാധിപത്യം കൂടുതൽ ശക്തിപ്പെടുത്തുകയാണ്.



കുട്ടിച്ചേച്ചിയുടെ കത്ത്

പ്രിയപ്പെട്ട കൊച്ചനുജത്തി,
വിജയകുമാരി,
അനുജത്തിയുടെ സ്നേഹപൂർണ്ണമായ

കത്തു കിട്ടി. വായിച്ചു. നമ്മുടെ സഹോദരസഹോദരന്മാരിൽ എത്ര ദുർബ്ബലരെയും ഉപേക്ഷിക്കുമ്പോലെയും, അനുജത്തിയുടെ കൊച്ചുസോദരി രാധാഭായിയെപ്പോലെയും നമ്മുടെ സ്വന്തം നാടായ മലയാളക്കരയിൽനിന്നും എത്രയോ ദൂരത്തു് സ്ഥിതിചെയ്യുന്ന ന്യൂഡൽഹി, ആഗ്ര എന്നീ നഗരങ്ങൾ സന്ദർശിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുള്ള. അതുകൊണ്ടു അനുജത്തിയുടെ ഡൽഹി, ആഗ്ര സന്ദർശനത്തെ സംബന്ധിച്ചു സുദീർഘമായ ഒരു വിവരണലേഖനം തന്നാൽ അനുജത്തിക്കു എഴുതാമായിരുന്നല്ലൊ. അനുജത്തി സന്ദർശിച്ച സ്ഥലങ്ങളുടെ ചരിത്രപശ്ചാത്തലങ്ങളും പ്രസിദ്ധപ്പെട്ടുത്തുകയാണെങ്കിൽ സോദരിയുടെ വിവരണങ്ങളും വളരെയധികം വിശദമാകും. സോദരി എഴുതുമോ? അല്ലാ, എഴുതുകയില്ലേ? ചേച്ചി വിസ്തരിച്ചു ഒരു ലേഖനംതന്നെ പ്രതീക്ഷിക്കുന്നു, ചേച്ചിയെ അനുജത്തി ഇച്ഛാഭംഗപ്പെടുത്തുകയില്ലെന്നും വിശ്വസിക്കുന്നു.

അനുജത്തി എന്തോ തൊറിദ്ധരിച്ചിരിക്കുന്നു. ചേച്ചിയുടെ പൊന്നു സോദരക്കു് ചേച്ചിയുടെ പേരിൽ ഉണ്ടായിട്ടുള്ള സ്നേഹാധിക്യത്തെപ്പറ്റി ചേച്ചി ലവലേശം സംശയിച്ചിട്ടില്ലല്ലൊ. അനുജത്തി ഇപ്രകാരം തൊറിദ്ധരിക്കുവാനെന്താണാവോ കാരണം.

അതെ, അനുജത്തി വിജയം, ചേച്ചി വിശ്വപിതന്നെയാണു്. ചേച്ചിയുടെ വിവരണം ആവശ്യമുണ്ടോ? കവിളൊട്ടി, കണ്ണുകുഴിഞ്ഞുപോയി, തലനരച്ചു് പോരേ, ഇതാ സൗന്ദര്യം? ഇല്ലായില്ല. ചേച്ചിക്കു് ലവലേശം സൗന്ദര്യമില്ല, — ശരീരികമായ സൗന്ദര്യമില്ല, എന്നാൽ ചേച്ചിയുടെ ഹൃദയത്തിന്റെ സൗന്ദര്യം അസാധാരണമാണു്, അപരിമിതമാണു്. അതിൽ ചേച്ചി അഭിമാനിക്കുന്നു. കൃതാർത്ഥയടയുന്നു. ഈ ലോകത്തിൽ വേറെ എന്തുവേണ്ടു, ചേച്ചിക്കു ഉള്ളതുപോലെ സ്നേഹവാത്സല്യനിധികളും, സ്നേഹവാത്സല്യപാത്രങ്ങളുമായ ഇത്രയസംഖ്യം പൊന്നനുജത്തിമാരും അനുജന്മാരും! 3857 (തൊള്ളായിരത്തമ്പത്തേഴു) എന്നാണു് ജൂൺ 6-ാംതീയതിയിലെ ബാലപംക്തിയിൽ ചേച്ചിയുടെ സോദരരുടെ അംഗസംഖ്യ കണ്ടെന്നതു്! ഹാ! ചേച്ചിയുടെ ആനന്ദം!

വാത്സല്യംനിറഞ്ഞ ഹൃദയത്തോടെ
കുട്ടിച്ചേച്ചി.

കത്തുകൾ

കുട്ടികളേ,

എന്നിക്കൊരുമളി പറഞ്ഞി, അതെന്താണെന്നു പറയാം, കേട്ടോളൂ.

മന്നി പതിനൊന്നായി. 'ഫോർത്തുണി'നാണു് ഇൻറർവ്യൂ. പതിനാറാമൈൽ ദൂരം ഉണ്ടു്. സമയത്തെത്താനൊക്കുമോ? ങേ! ഏതായാലും പോകുതന്നെ. വീട്ടുകാരോടു് വിടയും വാങ്ങി പുറത്തേക്കിറങ്ങുമ്പോഴുണ്ടു് ഗേറ്റിലൊരുത്തൻ നില്ക്കുന്നു. ഒരൊറപ്പട്ടരു്! ഓ, ഭയങ്കരനം!!

എങ്കിലും ശകുനത്തിലൊന്നും അത്ര വിശ്വാസമില്ലാത്ത ഞാൻ അതു കാര്യമായിക്കരുതിയില്ല. ബസ്സ്റ്റാൻഡിലെത്തിയപ്പോൾ ആലപ്പുഴയ്ക്കുള്ള ബസ്സെല്ലാംതന്നെ പൊയ്ക്കഴിഞ്ഞിരുന്നു. ഇനി ഒരെണ്ണമുള്ളതു് പന്ത്രണ്ടുമണിക്കാണു്. അതുവരെ നില്ക്കുകതന്നെ! ബസ്സുവന്നു. ബസ്സിനകത്തേക്കുള്ള 'ഭഴക്കി'പ്പെട്ടു് അകത്തെത്തി. ഇരിക്കാൻ പറ്റിയില്ലെന്നേയുള്ളൂ. കമ്പിയിൽ പിടിച്ചുനില്ക്കുകതന്നെ രക്ഷ. വണ്ടി വിട്ടു. ചേർത്തല ഇരുപൂപാലത്തിൽ വണ്ടിയെത്തിയപ്പോൾ ഞാനൊന്നു ഭയപ്പെട്ടുപോയി. പേരു് "ഇരുമ്പുപാലം" എന്നാണെങ്കിലും പറയത്തക്ക ഉരുപ്പൊന്നും അതിനില്ല. പോരെങ്കിൽ പിളർന്നിരിക്കുകയുമാണു്. വല്ല അപകടവും വന്നുപിണഞ്ഞാലോ? ആലപ്പുഴയെത്തുന്നതുവരെ നില്ക്കുണമല്ലോ എന്നുകരുതി നില്ക്കുമ്പോഴാണു് എല്ലാവരും ഞെട്ടുമാറൊരുശബ്ദം! മുന്തിരുത്തിയേനേ, മുകളിൽ പിടിച്ചിട്ടില്ലായിരുന്നുവെങ്കിൽ! വണ്ടി ബ്രേക്കിട്ടതാണു്. അപ്പോൾ ശബ്ദം? ഡ്രൈവർ ഇറങ്ങിനോക്കി, റിംങ്ങ് തെറിച്ചതാണു്. ഫ്രണ്ട്വീൽ നിലംപറ്റിയിരിക്കുന്നു, റിംങ്ങ് അടുത്തുള്ള വേലിയിന്മേലും! യാത്രക്കാരെയെല്ലാംകൂടി 'റിഫണ്ടു' ചെയ്തു. അടുത്തുവന്ന ബസ്സിൽക്കയറി. ഇരിക്കാനൊരു സീറ്റുകിട്ടി. വണ്ടിയിലുകി. സഞ്ചരിച്ചുകൊണ്ടു് കാഴ്ചകൾ കാണാൻ എന്തു സുഖമാണെന്നോ.

പച്ചവിരിച്ച പാടങ്ങളും, അതിന്മദ്ധ്യത്തിലൂടെ റോഡു് നീണ്ടുകിടക്കുന്നു, വലിയൊരു പെരുമ്പാമ്പിനെപ്പോലെ. ഫലംനിറഞ്ഞുനില്ക്കുന്നതെങ്ങുകൾ കൈകളാട്ടി മന്ദമന്ദമെന്നു മാടിവിളിക്കുന്നു. വരിവരിയായിനിരന്നുനില്ക്കുന്ന 'ചെറുപുന്നകളും' കാറ്റാടിമരങ്ങളും, പടർന്നുപന്തലിച്ചുകിടക്കുന്ന കുമ്പാവിൻതോട്ടങ്ങളും, വനത്തിണകാര്യങ്ങളിൽനിന്നു ഒഴിച്ചുനിർത്തുവാൻ പൊരുൾ ശ്രമിച്ചുവരുവെ വിശേഷാൽ അവകാശത്തിനുവേണ്ടി മതസഭ കലഹിക്കുകയുണ്ടായതു്. ഈ കലഹമാണു് ഈ വിപ്ലവത്തിന്റെ അടിത്തട്ടിലുള്ള പരമാർത്ഥം. മതസഭയുടെ കയ്യടക്കം വസ്തുക്കളും മേലാൽ മറ്റുവസ്തുക്കളെപ്പോലെ കരംചുമത്തലിനു വിധേയമാകുന്നതാണു്. പുരോഗമനശക്തികൾക്കു് അതൊരു വിജയംതന്നെയാണു്.

ജൂൺ 20-ാംതീയതിനടന്ന സൂര്യഗ്രഹണമാണു് മറ്റൊരു വിശേഷസംഭവം. സിലോൺ കേന്ദ്രമാക്കി ലോകശാസ്ത്രജ്ഞന്മാർ നടത്തിക്കൊണ്ടിരുന്ന എല്ലാ ദർശനപരീക്ഷണങ്ങളും മേഘങ്ങളുടെ മൂടുകൊണ്ടു് പരാജയപ്പെടുകയാണുണ്ടായതു്. 1250-വർഷങ്ങളായി ഇത്രയും ദീർഘിച്ച ഒരു സൂര്യഗ്രഹണമുണ്ടായിട്ടില്ല. ഇനി 200-ൽപരം വർഷങ്ങൾക്കുശേഷമല്ലാതെ ഇങ്ങനെയൊന്നു സംഭവിക്കുവാനുമിടയില്ല. രാവിലെ ഏഴരമണിക്കുശേഷം ആരംഭിച്ച ഗ്രഹണം ഏകദേശം ഒൻപതരമണിവരെ നീണ്ടുനിന്നു. 7-20ന് സൂര്യന്റെ കാൽഭാഗം ഗ്രസിക്കപ്പെട്ടു. എട്ടടിച്ചു് അമ്പുമിനിട്ടായപ്പോൾ സിലോണിന്റെ ചില ഭാഗങ്ങളിൽ ആകാശംപെട്ടെന്നു അന്ധകാരമയമായി, പക്ഷികൾ സന്ധ്യയായെന്നുകരുതി കൂട്ടുകളിലേയ്ക്കു പറക്കുന്നതുകണ്ടു. 8-0ന് നല്ല ഇരുട്ടായി. ഗ്രഹണം പൂർത്തിയായി. ഗതാഗതങ്ങളെല്ലാം നിലച്ചു. ഓടിക്കൊണ്ടിരുന്ന കാറുകളും മറ്റും വഴികാണാൻ അവയുടെ ലൈറ്റുതേടേണ്ടിവന്നു. പലയിടത്തും ജനങ്ങൾ ഗ്രഹണസമയത്തു് തീർത്ഥസ്നാനം നടത്തി. ഗ്രഹണത്തിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി എന്തെങ്കിലും പറയാൻ ഇപ്പോൾ നിവൃത്തിയില്ല. സമഗ്രാനുസന്ധാനകർമ്മം വളർന്നുകഴിഞ്ഞാൽ ഒന്നോരണ്ടുകൂട്ടരും വിപ്ലവവും ക്ലേശങ്ങളും വർദ്ധിക്കുമെന്നു മറ്റൊരുകൂട്ടരും വാദിച്ചുവരുന്നു.

ഇൻഡ്യൻപ്രസിഡൻറ് രാജേന്ദ്രപ്രസാദ് റൈഞ്ചുകാരിൽ പര്യടനം നടത്തിവരുന്നു. ഇന്ത്യയിൽ പൊതുവേ വികസനപദ്ധതികളുടെ പ്രവർത്തനമാണു് കൂടുതൽ ശ്രദ്ധ അർഹിക്കുന്നതു്. പി. എസ്. പി-യിലെ ഭിന്നിപ്പു് ഗുരുതരമായിട്ടുണ്ടു്. ഡോ: ലോഹിയയും കൂട്ടരുംതന്നെ പുറംതള്ളപ്പെട്ടുമെന്നാണു് റിപ്പോർട്ടു്.

ഗോവാസമരം ഗോവാവിപ്ലവദിനമായ ജൂൺ 18-നുതന്നെയുടെ തുക്ഷമായ ഒരു രൂപമവലംബിച്ചിരിക്കയാണു്. നിരവധി സന്നദ്ധഭടർ ഇന്ത്യയിൽനിന്നു ഗോവാഅതിർത്തി ഭേദിച്ചു് സത്യഗ്രഹം നടത്തിയിരിക്കുന്നു. ഗോവാസ്വാതന്ത്ര്യസമരം ഉജ്ജ്വലമാക്കുകയും ചെയ്തിട്ടുണ്ടു്. ഇനിയും ധാരാളം ഇന്ത്യൻവാളന്റിയറന്മാർ സന്നദ്ധരായി നില്പുണ്ടു്. ഗോവ ഇന്ത്യയുടെ അവിഭാജ്യംശമാണു്. പോർട്ടുഗീസുകാർ ഇന്നല്ലെങ്കിൽ നാളെ വിരമിക്കേണ്ടിവരും.

ഇന്ത്യാ-പാക്കിസ്ഥാൻ പ്രധാനമന്ത്രിമാരുടെ ചർച്ചകളും ആഗസ്റ്റിൽ നടക്കുന്നതാണു്. പാകിസ്ഥാനിൽ കറാച്ചി സംബന്ധിയിലേയ്ക്കുള്ള തിരഞ്ഞെടുപ്പു നടന്നിരിക്കുന്നു. ലീഗിൽ സർവ്വപിളർപ്പുണ്ടായിരിക്കുന്നു.

പാകിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിലുള്ള പതാകയുദ്ധത്തിനു പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങളും സഫലീകൃതമാകാൻ സാധ്യതയുണ്ടു്.

മദ്ധ്യപൂർവ്വദേശത്തു് ആണവിരാജ്യങ്ങളുടെ ഒരുമാടി ഉണ്ടാക്കുവാനുള്ള ശ്രമങ്ങളും പുരോഗമിച്ചിട്ടുള്ളതായി ഇന്ത്യപ്പിൻ പറയുന്നു. ടർക്കിയും ഇറാക്കും തമ്മിലുള്ള ഉടമ്പടിയെ ഇന്ത്യപ്പിൻ ഇപ്പോഴും എതിർത്തുകൊണ്ടിരിക്കുന്നു. മൊറോക്കോയിലും അൾജീരിയയിലും ഭീകരമർദ്ദനങ്ങളും നടമാടുന്നു.

ദക്ഷിണവിയറ്റ്നാമിൽ ആഭ്യന്തരകലഹം തുടർന്നുവരുന്നു. ദക്ഷിണവിയറ്റ്നാമിൽ വർഗ്ഗവിവേചനനിയമങ്ങളും നടപ്പിലാക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ടു്.

ബ്രിട്ടീഷ്തീരത്തു മുങ്ങിയ സിഡൻ എന്ന അന്തർവാഹിനിയിലെ പതിമൂന്നുപേരും മരിച്ചതായി കരുതപ്പെടുന്നു. ഓയിൽവേപണിമുടക്കു തീർന്നതുകൊണ്ടു് ഇന്നി ഡക്കതൊഴിലാളി പണിമുടക്ക പരിഹരിക്കാൻ സംഭാഷണം നടന്നുവരുന്നു.

അമേരിക്ക സന്ദർശിച്ച പശ്ചിമജർമ്മൻ ചാൻസലർ ആഡിനാർയുടെപ്പിൽ തിരിച്ചെത്തിയിരിക്കുന്നു. ജർമ്മൻ പുനരായുധീകരണത്തെക്കുറിച്ചും മറ്റുമുള്ള അഭിപ്രായങ്ങളും സമാധാനസ്ഥാപനത്തിനുള്ള പ്രേരകമായിരിക്കുന്നില്ല.

സിംഗപ്പൂരിലെ പണിമുടക്കു തുടരുന്നു. മദ്രാസും റംഗൂണും തമ്മിലുള്ള യാത്രക്കപ്പൽസർവീസ് സിന്ധ്യാസ്റ്റീം കമ്പനി നിർത്തൽചെയ്തിരുന്നതിനാൽ വലിയ പ്രതിക്ഷേപം നിലവിലിരിക്കുന്നു. ജപ്പാനും റഷ്യയുംതമ്മിൽ നടന്നുവരുന്ന സംഭാഷണങ്ങളും മിക്കവാറും ഒരു സ്തംഭനാവസ്ഥയെപ്രാപിച്ചിരിക്കുന്നു.

ഇന്ത്യാസന്ദർശിക്കുവാനുള്ള നെഹ്റുവിന്റെ ക്ഷണം മാർഷൽ ബുൾഗാനിൻ സ്വീകരിച്ചിരിക്കുന്നു.

★

(34-ംപേജിൽനിന്നുതുടർച്ച)

അ കത്തിൽനിന്നാണ് വ്യക്തമാകുന്നത്.

ഒരു ഡിറക്ടീവ് നോവലെന്ന നിലയിൽ ഈ പുസ്തകത്തിലെ കഥയും കഥാഘടനയും നന്നായിട്ടുണ്ട്. രസംവിഷ്കരണവിഷയത്തിൽ ഗ്രന്ഥകർത്താവ് പൂർണ്ണമായി വിജയിച്ചിട്ടുണ്ടെന്നും പറഞ്ഞുകൂടാ. പ്രതിപാദനരീതി മെച്ചമെന്നു പറയാനില്ലെങ്കിലും തരക്കേടില്ല. നമ്മുടെ ഭാഷയിൽ വായിക്കാൻ കൊള്ളാവുന്ന ചുരുക്കം ചില ഡിറക്ടീവ് നോവലുകളുടെകൂട്ടത്തിൽ വളരെ പിന്നിലല്ലാത്ത ഒരു സ്ഥാനം ഈ 'ഡയറിയിലെ രഹസ്യ'ത്തിനു നൽകാം.



നെറ പ്രതീതിയുളവാക്കിക്കൊണ്ടുനിൽക്കുന്ന 'പുള്ളിമരങ്ങളും', അവയിൽ തൂങ്ങിക്കിടക്കുന്ന രസക്കൊടുക്കപോലുള്ള കായ്കളും തെന്നലിലാലോലമാടുന്ന തൂകുണക്ക എത്ര ആഹ്ലാദജനകമാണെന്നോ? കണ്ടറസിക്കാൻ പിന്നെ നമ്മില്ല, കണ്ണെത്താത്ത ദൂരംവരെ നീണ്ടുചരിക്കുന്ന പ്രയോജനശൂന്യമായ വൻമൈതാനങ്ങളും, അവയിലങ്ങിങ്ങായി പൊന്തിനിൽക്കുന്ന പാഴ്പ്പുല്ലുകളുമെഴിച്ച്. ഈ മണൽക്കാടുകളിലങ്ങുമിങ്ങുമുള്ള പട്ടിണിയുടെ അട്ടഹാസത്തിൽ അമർന്നുപായുകടിലും നമുക്ക് ചിന്തിക്കാൻ വകതരുന്നതാണ്. നീണ്ടനീണ്ട ഫാക്ടറികളും അവയിൽ പ്രഭാതംമുതൽ പ്രദോഷംവരെ വിശ്രമരഹിതരായി വേലചെയ്യുന്ന, നാടിനെ, പുരോഗതിയുടെ വഴിത്താരയിലൂടെ അനുനിമിഷം നയിക്കുന്ന "നാടിന്റെ നട്ടെല്ലുകൾ" തന്നെയാണ് തൊഴിലാളികൾ.

ഉയർന്നുയർന്നുപോകുന്ന കെട്ടിടങ്ങളുടെയും, പുകതുപ്പുന്ന വൻവ്യവസായശാലകളുടെയും ദ്രുതഗതിയിലോടുന്ന വാഹനങ്ങളുടെയും, വിവിധതരക്കാരുടെയും സമ്മോഹനസമ്മേളനരംഗമാണ്, ആലപ്പുഴ. നിരന്തരനില്ലുന്ന 'പ്രകൃതിവിശേ'കളുടെ തണലിലൂടെ അതിൽനിന്നുതിരുന്ന കാറ്റുമേറ്റ് കോളേജുകുണത്തിലെത്തിയപ്പോഴാണറിയുക മണിരണ്ടരയായെന്ന്, സമയം കഴിഞ്ഞെന്ന്.

അനുജൻ,
യശോധരൻ കെ. സി.

★

ഞങ്ങളുടെ ഡൽഹിയാത്ര

★

സമിതിയംഗങ്ങളെ,

ഞങ്ങൾ—ഞാനും എന്റെ സഹോദരിയും ബാലസമിതിയിലെ ഒരംഗം ആയ രാധാദേവിയുംസഹോദരനുമാണ്—പിതാവിന്റെ ഉദ്യോഗസ്ഥലമായ ഡൽഹിയിലേക്കു യാത്രതിരിച്ചതു് മാതാപിതാക്കന്മാരോടൊന്നിച്ചു താമസിച്ചു് ഉല്ലസിക്കുവാൻ ആയിരുന്നെങ്കിലും, സംവേദനക്ഷമമായ ഭ്രതകാലത്തെ സ്മരിപ്പിക്കുന്ന—ഡൽഹിയിലുള്ള—സ്ഥലങ്ങൾ സന്ദർശിക്കുക എന്നതായിരുന്നു മുഖ്യോദ്ദേശം.

ഡൽഹിയിൽ വന്നതിനുശേഷം ആദ്യമായി ഞങ്ങൾ കാണാൻപോയതു് കുട്ടബ്മീനാർ ആയിരുന്നു. അടിമവംശജനായ കുത്ബുദ്ദീൻ ഐബക് ആണു് ഇതിന്റെ പണി ആരംഭിച്ചതു്. ഞങ്ങൾ അതിന്റെ മുകളിൽ കയറി. കുട്ടബ്മീനാറിനു് 238 അടി ഉയരമുണ്ടു്. 379 പടികളും അതിനുണ്ടു്.

പിന്നീടു് ഞങ്ങൾ കാണാൻ പോയതു് ബിർളാമന്ദിർ ആയിരുന്നു. ഇതു് മലൻ ശ്യാംഭംസു ബിർലായാൽ 1938-ൽ നിർമ്മിക്കപ്പെട്ടു. ഇതാണു് ഡൽഹിയിലുള്ള, ഹിന്ദുക്കളുടെ ഏറ്റവും വലിയ ആരാധനാസ്ഥലം.

ഞങ്ങൾ വിശ്വവിശ്രുതമായ താജ്മഹൽ കാണുവാൻപോയി. അതിമനോഹരമായ ആ സ്മാരകം ആരെയും ആകർഷിക്കും.

പാർലമെന്റ് ഹൗസു്, റേഡിയോ സ്റ്റേഷൻ എന്നീസ്ഥലങ്ങളിലും ഞങ്ങൾപോയി. വൃത്താകൃതിയിൽ പണിയിക്കപ്പെട്ട അതിനു് ഏകദേശം അരമൈൽ വിസ്തീർണ്ണമുണ്ടു്.

റെഡ്ഫോർട്ട്, രാജഘട്ടു് (ഗാന്ധിജിയെ സംസ്കരിച്ചസ്ഥലം) എന്നീസ്ഥലങ്ങളും കാണുവാനും ഞങ്ങൾക്കു് ഭാഗ്യമുണ്ടായി. റെഡ്ഫോർട്ടു് ഷാജഹാൻ നിർമ്മിച്ചതാണു്. അവിടെ മയൂരസിംഹാസനം ഇരുന്ന സ്ഥലം ഒന്നു കാണേണ്ടതുതന്നെയാണു്. എത്ര മനോഹരം! ഇന്നും വലിയ കേടുപാടുകളൊന്നുമില്ലാതെ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും അന്നു് എത്ര മനോഹരമായിരുന്നിരിക്കണം. രാജഘട്ടു്, ഗാന്ധിജിയുടെ സമാധിസ്ഥലമാണു്. ആ സ്ഥലം പുഷ്പങ്ങൾകൊണ്ടു് അതിമനോഹരമായി അലങ്കരിച്ചിരുന്നു. ഞങ്ങൾ പുഷ്പങ്ങൾ വാങ്ങി സമാധിയുടെ കാല്ക്കൽ അർപ്പിച്ചു തൊഴുതു. അദ്ദേഹത്തിന്റെ സമാധിസ്ഥാനമെങ്കിലും കാണുവാനുള്ളഭാഗ്യം എനിക്കുണ്ടായല്ലോ എന്നു് ഞാൻ ആത്മസംതൃപ്തിക്കുകയാണു്. ഗാന്ധിജിയുടെ ശിരസ്സിന്റെ സ്ഥാനത്തു് അദ്ദേഹത്തിന്റെ അന്ത്യവാക്കുകളായ 'ഹേറാം' എന്നു എഴുതിവെച്ചിട്ടുണ്ടു്.

പിന്നീടു്, ലോകത്തിലേക്കും വലിയ മഹമ്മദീയ പള്ളികളിൽ ഒന്നായ 'ജുമ്മാമസ്ജിദ്', 1914-ലെ യുദ്ധത്തിൽ ഒരു നല്ല പങ്കുവഹിച്ച ഇൻഡ്യൻ സൈന്യത്തിന്റെ സ്മാരകമായി പണികഴിപ്പിച്ച ഇൻഡ്യാഗേറ്റ്, രാഷ്ട്രപതിഭവൻ, ഹുമയൂൺ കുടീരം, സഫ്ത്തർജംഗ് എന്നി സ്ഥലങ്ങളും ഞങ്ങൾ സന്ദർശിച്ചു.

അങ്ങനെ ഞങ്ങൾ ഡൽഹിയിലെ സുപ്രസിദ്ധ സ്ഥലങ്ങളിൽ മിക്കതുംകണ്ടു. സ്സൂപ്പർഫാക്ടറിയല്ലോ. നാട്ടിലേക്കു പോകുവാൻ സമയവും അടുത്തു. ഇനിയും പല സ്ഥലങ്ങളും കാണാൻ ആഗ്രഹമുണ്ടു്. പക്ഷേ, വിദ്യാർത്ഥിനികളായ ഞങ്ങൾക്കു് ആവശ്യംപോലെ സമയം ചിലവാക്കുവാൻ സാധിക്കുകയില്ലല്ലോ,

കൂട്ടിച്ചേർക്കും സമിതിയംഗങ്ങൾക്കും ഞങ്ങളുടെ വിനീതമായ നമസ്കാരം.

ജി. വിജയകുമാരീദേവി,
അം: നം: 2605

★

ആ രാവിന്റെ സ്വപ്നം

★

തെന്നലുലാവിത്തരുവിൻകൊമ്പിൽ
താരംകണ്ണുതുറന്നെത്തി.
വാനംപൊയ്കവെ സന്ധ്യപൂണ്ടു
വാരിധിപുഞ്ചിരി അലതല്ലി.
തിരയുടെ നേരിയ വ്യാമാരങ്ങളു
തരികളണഞ്ഞു കടൽവക്കിൽ
ശോകംമൂകനിശീഥിനികൊണ്ടു-
പകലിൽ താരകം, വാനികകളിൽ.
കേരതരുക്കൾ തെന്നലിലാടി
കേളിതുടങ്ങി ആ ഈറവിൽ.

ഇരുളിനാഭരണപെട്ടിയിടർന്ന
ഇരവിൻ പുഞ്ചിരി—പുഷ്പവനൻ.
സ്വപ്നതകാരുകളീണകംമീട്ടി
രാവിൻഗായികരപ്പോടി.
ഓടിച്ചെൻസമീൻലതകളെ
മുറിവിളിച്ചു വലവട്ടം.
കുളിരുകോരികോരിയകാറിൽലതകളും
വെളിവാക്കിതൻപ്രതിക്ഷേപം.

... ...

അങ്ങനെ രാവിൻനടനംകണ്ടു
തിങ്ങീമോദം മൽക്കരളിൽ!
സ്വർഗ്ഗംഭൂവിയും 'ആ രാവിൽ'-നവ
സപ്തപ്രകാശംകണ്ടു—ഇന്നംഞാനും.

രസികേന്ദ്രൻ, ശ്രായിക്കാട്ടു്,
(അംഗനമ്പർ 3788)

★

ചിരിക്കാൻമാത്രം

★

1, തുണിക്കടയിൽ തുണിവാങ്ങാൻ ചെന്ന വൃദ്ധനോടു്.

കച്ചവടക്കാരൻ:—എന്താ അമ്മാവാ, മല്ലിനാണോ വന്നതു്?

വൃദ്ധൻ—എന്തടാ തെണ്ടി നീ പറഞ്ഞതു്? ഈ വയസ്സുകാലത്തു് നിൻറടുത്തു് മല്ലിനു വരുന്നോ!

2, ഒരു കുട്ടി:—എടാബാലാ നീ പെൻസിൽ മോഷ്ടിക്കുമെങ്കിൽ പോലീസുവന്നു നിന്നെ പിടിച്ചു വണ്ടിൽ ഇട്ടോണ്ടുപോകും.

മറ്റൊരുകുട്ടി:—എന്നാൽ ഞാൻ മോഷ്ടിക്കാം. എനിക്കു വാനിൽ കയറാമല്ലോ?

ജി. രാമചന്ദ്രൻനായർ
(അം: നം: 3174)

★

ഞാൻ എന്റെ അപ്പൂപ്പനായി

★

ഞാൻ ഒരു വിധവയെ വിവാഹം ചെയ്തു. അവർക്കു പ്രായമായ ഒരു മകളുണ്ടായിരുന്നു. മകളെ എന്റെ അച്ഛൻ വിവാഹംചെയ്തു. അങ്ങനെ എന്റെ അച്ഛൻ എന്റെ മരുമകനായി. എന്റെ മകൾ അച്ഛന്റെ ഭാര്യയായപ്പോൾ എന്റെ അമ്മയുമായി.

എന്റെ ഭാര്യ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. അവൻ എന്റെ അച്ഛന്റെ മച്ചുനൻആയി. അദ്ദേഹത്തിന്റെ ഭാര്യാസഹോദരനാണല്ലോ അവൻ. അച്ഛന്റെ ഭാര്യാസഹോദരനാകയാൽ അവൻ എന്റെ മാതുലനുമായി.

അച്ഛന്റെ ഭാര്യയും ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. എന്റെ അച്ഛന്റെ മകൻ എന്റെ അനുജനാണു്. എന്റെ മകളുടെ മകനായതുകൊണ്ടു അവൻ എന്റെ പൗത്രനും ആയി.

അങ്ങനെ എന്റെ ഭാര്യ എന്റെ അമ്മുമ്മയായി — അമ്മയുടെ അമ്മ. ഞാൻ എന്റെ ഭാര്യയുടെ ഭർത്താവും പൗത്രനുമായി. എന്റെ അമ്മുമ്മയുടെ ഭർത്താവു അപ്പൂപ്പനാണല്ലോ. അതുകൊണ്ടു ഞാൻ എന്റെ സ്വന്തം അപ്പൂപ്പനായി. മഹ്മദൈദാൻ.



★

കാറിന്റെ ഉടമസ്ഥൻ ഡ്രൈവറോടു്:—കാറെന്താണു് ഓടാത്തതു്.

ഡ്രൈ:—പെട്രോളില്ല

ഉടമസ്ഥൻ:—എന്നാൽ തിരിച്ചുപോകാം.

കെ. കൃഷ്ണപ്രസാദു്
അം: നം: 3831
(വയസ്സു് 10)

★

1, ഗോറിൽനിവ്വുന്ന ആശു:—ഈ ടിക്കറ്റിനു് ഒരാൾമാത്രമെ പാട്ടുകച്ചേരി കേൾക്കുവാൻ പാടുള്ളു. നിങ്ങളുടെ ഭാര്യയെയുംകൂടി അകത്തുവിടാൻ സാധ്യമല്ല.

വന്നയാൾ:—അതു സാരമില്ല. ഇവിടെക്കു് കാതു കേൾക്കുകയില്ല.

2, ഒരു റയിൽവെസ്റ്റേഷനിൽ ഇങ്ങനെ ഒരു പരസ്യം പതിച്ചിരുന്നു. "ഇതിനുമുകളിൽ കാണുന്ന കമ്പിയിൽ തൊട്ടാലുടനെ മരണം നിശ്ചയം. ഇതനുസരിക്കാതെ തൊടുന്നവർക്കു് പിഴ രൂപാ 50."

(ഈ. സി. ജോസു്)
(അം: നം: 3836)

★

അംഗങ്ങളുടെ പേരുവിവരം

★


തുടർച്ച


3909 എം. രാധാകൃഷ്ണൻ, റോഡ് വുവില്ലാ, ഓലകെട്ടിയമ്പലം, (ചിത്രംവരപ്പ്.)
3910 പി. എസ്. കുമാർ, പത്മഭവനം, പായിപ്പാട്ട്, ഹരിപ്പാട്ട്, തീപ്പെട്ടിപടംശേഖരണം.
3911 ഏ. എൻ. ബാലചന്ദ്രൻപിള്ള, തുപ്പന്തിവീട്ട്, മണിപ്പുഴ, (ചെറുകഥ)
3912 എൻ. രാമചന്ദ്രൻപിള്ള, ആയ്മുട്ടവീട്ട്, മണിപ്പുഴ. (ചെറുകഥ)
3913 ആർ. ജയരാജലക്ഷ്മിഅമ്മ, പടിഞ്ഞാറെ കപ്പാഴം, പാലസ്സ് വാർഡ്, ആലപ്പുഴ (ചെറുകഥ)
3914 വി. എസ്സ്. ഭാസിഉണ്ണിത്താൻ, മാലയിൽവലിയവീട്ട്, വെളിയം, പൂയപ്പള്ളി (ചെറുകഥ)
3915 എൻ. രവികുമാർ, രാധാമന്ദിരം, ചിറ്റല്ലൂർവീട്ടിനുസമീപം, കവടിയാർ P. O. തിരുവനന്തപുരം (തീപ്പെട്ടിപടംശേഖരണം)
3916 എൻ. കെ. കേശവൻ, നടുതുണ്ടിയിൽവീട്ട്, കച്ചേരിക്കുസമീപം, ചെങ്ങന്നൂർ (കവിത)
3917 വി. ചന്ദ്രഹാസൻ, വയലിൽവീട്ട്, എളങ്കുന്നപ്പുഴ (തോട്ടപ്പണി)
3918 എം. എ. സോമനാഥൻനായർ, മുണ്ടപ്പള്ളിൽവീട്ട്, കലഞ്ഞൂർ (ചിത്രമെഴുത്ത്)
3919 സി. കെ. ഗോപാലകൃഷ്ണൻനായർ, ഐക്കിരേത്തുവീട്ട്, കുട്ടംപേരൂർ മാന്നാർ (സ്റ്റാമ്പുശേഖരണം)
3920 ആർ. രാഘവൻനായർ, മേലൂട്ടുവീട്ട്, വെളിയം, പൂയപ്പള്ളി (ചെറുകഥ)
3921 സി. ആർ. ഗോപാലൻനായർ, ശ്രീവിലാസംബംഗ്ലാവ്, ചവറാ (ചെറുകഥ)
3922 ആർ. രാജശേഖരൻനായർ, കമലവിലാസം. ബീച്ച് വാർഡ്, കൊല്ലം (ചെറുകഥ)
3923 ഉമയിഫാബീവി; നെടുമ്പത്തുവീട്ട്, പുത്തൻസങ്കേതം, തേവലക്കര, (ചെറുകഥ)
3924 ഫാത്തിമാബീവി, ടി ടി ടി
3925 എസ്സ്. ശ്രീകുമാരൻനായർ, പുളിയറക്കോണം, T. C. 389 ജഗതി തിരുവനന്തപുരം, തൈക്കാട്ടു P. O. (ചെറുകഥ)
3926 ആർ. ഗോപിനാഥൻനായർ, കുഴിവേലിൽപുത്തൻവീട്ട്, ഏഴംകുളം പാറക്കോട്ട് (ചെറുകഥ)
3927 വി. രാജശേഖരൻനായർ, വലിയധിളവീട്ട്, മെയിൻറോഡ്, ആറാങ്കൽ (ലേഖനം)
3928 എം. പി. ലോകനാഥ്, പുന്നശ്ശേരിൽ വേളൂർ, കോട്ടയം (ചിട്ടശേഖരിക്കൽ)
3929 പി. ആർ. രാജൻ രാജൻവില്യ, വേളൂർ, കോട്ടയം (തീപ്പെട്ടിപ്പടം ശേഖരണം.)
3930 എം. പരമേശ്വരൻപിള്ള, കാർത്തർപുത്തൻവീട്ട്, പെരുവേലിക്കര, പടി; കല്ലട (ചെറുകഥ)
3931 മോഹന, C/o എം. കെ. രാഘവൻപിള്ള, 12 വാട്ടർവർക്ക്സ് കോളനി, ആവഡിറോഡ്, കിൽപാക്ക് P. O. മദ്രാസ് 10 (നൃത്തം സിനിമാ)
3932 വി. രാഘുനാഥൻ, കായൽവാരത്തുപുത്തൻപറമ്പിൽ, ഇരുമ്പുപാലത്തിനുകിഴക്കുവശം, കൊല്ലം (ചെറുകഥ)
3933 ജി. രാജൻ, ഗോവിന്ദമന്ദിരം, ഹൈറോഡ്, ആലുവാ (ചെറുകഥ)
3934 ജി. സോമൻ ടി ടി ടി
3935 കെ. ആർ. ഭാസ്കരൻനായർ, നെടുവേലിൽവീട്ട്, കരുർ, അമ്പലപ്പുഴ (ചെറുകഥ)
3936 എൻ. എസ്സ്. ഗോപിനാഥൻനായർ, ലക്ഷ്മിമന്ദിരം, ആറുകാൽ, തിരുവനന്തപുരം (ചെറുകഥ)
3937 ജി. രവീന്ദ്രനാഥ്, മലയ്ക്കോണത്തു ഗോവിന്ദഭവൻ, പനയമുട്ടം, പച്ച P. O. (ചെറുകഥ)
3938 എം. ശാരദാദേവി, കാരുവള്ളിൽവീട്ട്, അയിത്തോട്ടുവാ, പടി:കല്ലട (ചെറുകഥ)
3939 പി. എൻ. രാമചന്ദ്രൻനായർ, C/o കാത്ത്യായനിവിലാസംഹോട്ടൽ ചുങ്കം, കോട്ടയം.
3940 ജി. ബാലകൃഷ്ണൻ, ശോകലം, ജഗതി, തിരുവനന്തപുരം, തൈക്കാട് P. O (തീപ്പെട്ടിപടംസൂക്ഷിക്കൽ)
3941 കെ. ജി. വേലായുധൻപിള്ള, വയലകത്തുവീട്ട്, ശൂരനാട്.
3942 സി. ആർ. ഗോപാലകൃഷ്ണപിള്ള, ചെങ്ങളത്തുവീട്ട്, കാരിച്ചാൽ, ഹരിപ്പാട്.
3943 കെ. പി. രാമചന്ദ്രൻപിള്ള, കുമ്പളത്തുവീട്ട്, ചേപ്പാട്കന്നിമേൽ, ചേപ്പാട് (ചെറുകഥ)
3944 കുമാരി രാധ, തെക്കേആലുംമൂട്ട്, കരവാളൂർ, പുനലൂർ, (ചെറുകഥ)
3945 പി. വി. ദേയൻ C/o ഠറി. കെ. പരമേശ്വരൻപിള്ള, ആമീൻ, ജില്ലാക്കോർട്ട്, മാവേലിക്കര (ചിത്രംവരപ്പ്)
3946 ബി. സുശീലാദേവി, പത്മവിലാസം, പന്മന, ചവറാ (ചെറുകഥ)
3947 കെ. ജി. ഗോപിനാഥൻനായർ, കൊച്ചുപാലക്കോട്ട്, കുറുപ്പുഴ, കോട്ടയം.
3948 എസ്സ്. വേണുഗോപാലൻനായർ, ഗൌരീവിലാസ്, ശാസ്തമംഗലം, തിരുവനന്തപുരം, (ചെറുകഥ)
3949 ഠറി. കെ. മാധവൻനായർ, മേപ്പള്ളിവീട്ട്, പേഴക്കോണം, തലയൽ, ബാലരാമപുരം (ചെറുകഥ)
3950 കെ. എൻ. ശങ്കരൻകുട്ടിനായർ, കോട്ടയ്ക്കത്തുവിളവീട്ട്, മാമ്പള്ളിക്കുന്നത്തുചേരി, ചാത്തന്നൂർ (ചിത്രമെഴുത്ത്.)
3951 എൻ. ഉണ്ണികൃഷ്ണപിള്ള; തന്നിക്കലഴികത്തുവീട്ട്, പ്രാക്കുളം, പെരിനാട്.
3952 കെ. എസ്സ്. ശ്രീധരശർമ്മ, വടശ്ശേരിമഠം, കുളക്കട, (സ്റ്റാമ്പ് ശേഖരണം)
3953 രകെ. എസ്സ്. കേശവൻപോറ്റി, മി ടി (ചിത്രമെഴുത്ത്)
3954 എസ്സ്. ദേവകിദേവി ടി ടി (സംഗീതം)
3955 എസ്സ്. ശ്രീദേവിദേവി, ടി ടി ടി
3956 പി, ജി. വിജയലക്ഷ്മിഅമ്മ, പുതുമനവീട്ടു, വെളിനല്ലൂർ, ഓയൂർ, (ചെറുകഥ)
3957 ഠറി. ഠറി. ഐഷാ, കളീക്കൽവീട്ട്, ആദിനാട്ടു, ക്ലാപ്പന, കരുനാഗപ്പള്ളി (ചിത്രമെഴുത്ത്)
3958 സി. ലക്ഷ്മികുമാരി C o ഡാക്ടർ എൻ. സി. നായർ, മെഡിക്കൽ ആഫീസർ, ഗവ: ആശുപത്രി, കോന്നി.
3959 സി. കൃഷ്ണകുമാർ, ടി ടി ടി
3960 വി. ഭാമോദരരാജു, ഇടപ്പള്ളിപാലസ്, ഇടപ്പള്ളി.
3961 വി. എസ്സ്. ഉണ്ണികൃഷ്ണൻവല്യത്താൻ, ശ്രീനിലയം, പന്തളം, (ചിത്രമെഴുത്ത്)
3962 കെ. കൃഷ്ണൻവല്യത്താൻ, വട്ടപ്പറമ്പ്, കീരിക്കാട്ട്, (ചിത്രമെഴുത്ത്)
3963 എം. സുശീലൻപിള്ള, തോട്ടത്തിൽവീട്ട്, കുരട്ടിക്കാട്ട്, മാന്നാർ, (ചെറുകഥ)
3964 കെ. ശാന്തകുമാരി ഭാർഗ്ഗവിഭവൻ, കരുകച്ചാൽ, (സംഗീതം)
3965 ആർ. രാമചന്ദ്രൻ ശ്രീവിലാസം, കരുകച്ചാൽ. (ചെറുകഥ.)
3565 ഠറി. കെ. രാധാകൃഷ്ണൻ തെങ്കോട്ടവീട്ട്, പെരുമ്പുഴ, കുണ്ടറ. ടി
3967 പി. ഠറി. രാധാമണി പുത്തത്തിൽവീട്ട്, കവിയൂർ.
3968 പി. ഠറി. കുസുമകുമാരി ടി ടി
3969 ജി. ഓമനക്കുട്ടൻപിള്ള പ്ലാവള്ളിയിൽവീട്ട്, കാപ്പിൽ, മേക്കുംമുറി; കൃഷ്ണപുരം P. O. ഓച്ചിറ.
3970 ചെള്ളത്തുറാജൻ 124 അയ്യാമുതലിത്തെരുവ്, ചിന്താതിരിപ്പേട്ട, P. O. മദ്രാസ്. (ചിത്രംവരയ്ക്കൽ)
3971 കെ. രാജഗോപാൽ കോഴിപ്പുറംവീട്ട്. P. O. ചെട്ടിപ്പടി(വഴി) പരപ്പനങ്ങാടി, (ചെറുകഥ)
3972 ബേബിച്ചൻപിള്ളറീട്ട്, കരിക്കോട്, മങ്ങാട്ട്, (കവിത)
3973 ബി. രാധാകൃഷ്ണൻനായർ കൃഷ്ണഭവൻ, കോട്ടയ്ക്കകം, വലിയകട, കൊല്ലം, (ചെറുകഥ)
3974 ഈ. പി. ജോജ്ജ് പുല്ലിടംപുഴവീട്ട്, കുമ്പളം, കുണ്ടറ. (ചെറുകഥ)
3975 ജി. ശ്രീധരൻനായർ മുളമൂട്ടിൽവീട്ട്, ചിറയിൻകീഴ്. (തിപ്പെട്ടിപടം ശേഖരണം)
3976 കെ. രവി മുല്ലശ്ശേരിൽവീട്ട്, പുതുക്കാട്ടമുറി, ചവറാ. ടി
3977 പി. പി. പിലിപ്പോസ് പടിക്കത്തമലയിൽവീട്ട്, കോടകുളഞ്ഞി, ആലാ, മാമ്പുറം.
3978 മുരളീധരൻപിള്ള കുരുനോല്ലിൽ, വള്ളികുന്നം, P. O. ഇലിപ്പക്കുളം (ചിത്രംവരപ്പ്)
3979 പി. കെ. നാരായണൻനമ്പി മന്ദിരം, പാലൂർ, കിള്ളിയൂർ-വിളവംകോട്, P. O. കരിങ്കൽ. (ചിത്രംഎഴുത്ത്)
3980 സി. വി. രാമചന്ദ്രൻ പ്ലാവറവീട്ട്, റയിൽവേസ്റ്റേഷനുസമീപം, ചിറയിൻകീഴ് (ഡ്രായിംഗ്)
3981 കെ. നാരായണൻനായർ മണിമലത്തുവീട്ട്, കരുവാറ്റാ.
3982 ആർ. രാമചന്ദ്രൻനായർ C/o കെ. പി. രാമകൃഷ്ണപിള്ള, സെക്രട്ടറി, തിരു-കൊച്ചിസ്റ്റോറ് കോവാപ്പറേറീവ് ബാങ്ക്ലാവ്, തിരുവനന്തപുരം.


തുടരും


★

ചേത്തലയിലെ ശ്രീനാരായണമെഡിക്കൽമിഷൻ ആശുപത്രി










പ്രശസ്തമായ രീതിയിൽ ആധുനികസജ്ജീകരണങ്ങളോടുകൂടി നടത്തപ്പെടുന്ന ചേത്തല ശ്രീനാരായണമെഡിക്കൽമിഷൻ ആശുപത്രി. ആശുപത്രിയുടെ ഗംഭീരമായ പ്രവേശനദ്വാരം (ആദ്യചിത്രം) മായിത്താ മിസ്സിസ് പദ്മനാഭൻ പണിയിച്ചതാണ്. ആശുപത്രിയുടെ മറ്റു ചില ഭാഗങ്ങളാണ് തുടർന്നുള്ള ചിത്രങ്ങളിൽ. ഒടുവിൽ കാണുന്നത് "സിസ്റ്റേഴ്സിന്റെ" വാസസ്ഥലം.


(ബോധാനന്ദസരസ്വതി)



താഴെ— ഡാക്ടർ ശങ്കരറാം B.Sc. M.B.B.S. ആണ് ആശുപത്രിയിലെ പ്രധാന ഡാക്ടർ. നാഗരുകോവിലിനടുത്തു പറകു എന്ന സ്ഥലത്തു ശ്രീരാമവിലാസംബംഗ്ലാവിൽ ശ്രീ: ആർ. രാമസ്വാമയ്യടെ പുത്രനായ ഇദ്ദേഹത്തിന് 29 വയസ്സുമാത്രമേ പ്രായമുള്ളൂ.



താഴെ— ഡാക്ടർ പങ്കജാക്ഷൻ L.I.M. ആണ് ആശുപത്രിയിലെ 'രണ്ടാമൻ.' പള്ളത്തുത്തി ശ്രീ: കൃഷ്ണൻ വൈദ്യരുടെ പുത്രനാണ് ഇദ്ദേഹം.



Regd. No. M. 2869.

MALAYALARAJYAM, Quilon.



സൌന്ദര്യത്തിന്റെ പ്രതിച്ഛായ

അഫ്ഘാൻ സ്നോ

പൌരസ്ത്യരാജ്യത്തെ
പ്രധാനസൌന്ദര്യവർദ്ധകക്രീം

പാട്ടൺവാലാ
സുഗന്ധദ്രവ്യൌഷധനിർമ്മാതാക്കൾ



പുതിയ മണമുള്ള അഫ്ഘാൻ സ്നോം
നീഷ്പ്രയാസം നിർമ്മലമായ സൌന്ദര്യത്തെ
നേടിത്തരുന്നു. തുക്കിനെ മൃദുലവും
പുഷ്പദള സമാനവുമാക്കി ദിവസം മുഴുവൻ
സംരക്ഷിക്കുന്നു.

EXP A2/55 E

H. O. തൊടുപുഴ. ഫോൺനമ്പർ: 36. Branch: കോട്ടയം ഫോൺനമ്പർ: 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ചു യൌവനം നിലനിൽക്കുന്നതിനു് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ചു് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ധന്വന്തരിപ്രകാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങൾ ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജ്ജശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽവിവരങ്ങൾക്കു് എഴുതുക:

ധന്വന്തരിവൈദ്യശാല, H O തൊടുപുഴ, തിരുവിതാംകൂർ

ബ്രാഞ്ചുകൾ:

1. ആലപ്പുഴ	10. കുത്താട്ടുകുളം	19. തക്കല	28. പന്തളം	36. മദ്രാസ്
2. ആലുവാ	11. കൊട്ടാരക്കര	20. തിരുവനന്തപുരം	29. ബാംഗ്ലൂർ	37. മാത്താണ്ഡം
3. ആറന്മുള	12. കൊച്ചി	21. തിരുവല്ലാ	30. പാലാ	38. മാവേലിക്കര
4. ഇടപ്പള്ളി	13. കൊല്ലം	22. തുമ്പമൺതൂർ	31. പിറവം	39 മുണ്ടക്കയം
5. ഈരാറ്റുപേട്ട	14. കോതമംഗലം	23. തൃശ്ശൂർ	32. പുനലൂർ	40. മൂവാറ്റുപുഴ
6. എറണാകുളം	15. കോഴിക്കോട്	24. നാഗർകോവിൽ	33. പൂഞ്ഞാർ	41. വാഴക്കുളം
7. കായംകുളം	16. കോട്ടയം	25. നെടുമങ്ങാട്	34. പെരുമ്പാവൂർ	42. വൈക്കം
8. കാഞ്ഞാർ	17. ചങ്ങനാശേരി	26. നെയ്യാറ്റുകര	35. പൊൻകുന്നം	43. കൊട്ടാങ്ങല്ലൂർ
9. കിളിമാനൂർ	18. ചേർത്തല	27. പറവൂർ		

(32-ംപേജിൽനിന്നുതുടർച്ച)

അസോഷിയേറ്റഡ് പ്രൊഡ്യൂസഴ്സിന്റെ നാലാമത്തെ മലയാളചിത്രത്തിന്റെ ജോലികളും കുറെയൊക്കെ പൂർത്തിയായിട്ടുണ്ടു്. കഥയും സംഭാഷണവും പൊൻകുന്നംവക്കിയാണു് എഴുതിയിരിക്കുന്നതു്. ഗാനങ്ങൾ രചിച്ചിരിക്കുന്നതു് അഭയദേവാണു്. പത്മിനി ഈ ചിത്രത്തിൽ നായികയായി അഭിനയിക്കുന്നതാണു്. വാഹിനി സ്റ്റുഡിയോയിലാണു് ചിത്രം നിർമ്മിക്കുന്നതു്. പക്ഷേ തെൻ ഇന്ത്യയിലെ പ്രമുഖ താരങ്ങളെ കൂട്ടി ചേർത്തു് ഒരു തമിഴ്ചിത്രം നിർമ്മിച്ചും

* * *

ലെന്താണെന്നുള്ള ഒരു ആലോചനയും നിർമ്മാതാക്കൾക്കു് ഇപ്പോൾ ഉണ്ടായിട്ടുണ്ടു്. തമിഴ്ചിത്രത്തിനാണോ മലയാളചിത്രത്തിനാണോ മുൻഗണന നൽകുന്നതെന്നു് ഖണ്ഡിതമായി അഭിപ്രായപ്പെടുന്നതിനു നിർവാഹമില്ല.

* * *

എക്സൽ പ്രൊഡക്ഷൻസിന്റെ സ്ഥാപകനായാഹരനാണു് എന്ന ചിത്രത്തിന്റെ നിർമ്മാണജോലികളും ആരംഭിച്ചിട്ടുണ്ടു്. ബി എസ്. സരോജം, പ്രേംനസീർ, തിക്കുറിശ്ശി, കൊട്ടാരക്കരശ്രീധരൻനായർ, എസ്സ്. പി. പിള്ള, കുമാരിതങ്കം, ബോബൻകുഞ്ചാക്കോ, അടൂർപങ്കജം തുടങ്ങിയവരാണു് ഈ ചിത്രത്തിൽ അഭിനയിക്കുന്നതു്. സംഭാഷണം തിക്കുറിശ്ശിയും ഗാനങ്ങൾ അഭയദേവും രചിച്ചിരിക്കുന്നു.

* * *

എക്സൽ പ്രൊഡക്ഷൻസ് "സംവിധ്രി" എന്ന പുരാണചിത്രത്തിന്റെ ജോലികളും ഉടനെ ആരംഭിക്കുന്നതാണു്. പ്രേംനസീർ, തിക്കുറിശ്ശി, എസ്. പി. പിള്ള, അടൂർപങ്കജം, ബോബൻകുഞ്ചാക്കോ, കുമാരിതങ്കം, പി. കെ. സരസ്വതി തുടങ്ങിയവരാണു് താരങ്ങൾ. സംഭാഷണങ്ങൾ തിക്കുറിശ്ശിയും ഗാനങ്ങൾ അഭയദേവുമാണു് രചിച്ചിരിക്കുന്നതു്.

* * *

ശ്രീ. പി. എ. തോമസിന്റെ "പരിതഃസ്ഥിതി" എന്ന മലയാളചലച്ചിത്രത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടു്.

* * *

കോട്ടയം സ്റ്റാർ തീയേറ്ററിൽവെച്ചു് ലളിതാപിക്ചേഴ്സ് എന്നപേരിൽ ഒരു പുതിയ ഫിലിംകമ്പനി ഉൽഘാടനംചെയ്തു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടു്.

—o—

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.